# കരയോഗ സൗഹൃദം


സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 13 | ലക്കം - 1 | ധനു - 1195 | ജനുവരി 2020





Radheyam
Guest House

Thekke Nada, Karakkad Road, Guruvayoor 680101

INAUGURATION ON FRIDAY 31ST JANUARY 2020 @ 10.00 a.m.

# എറണാകുളം കരയോഗത്തിന്റെ 95-ാമത് സ്ഥാപകദിന/കുടുംബസംഗമ ആഘോഷത്തിൽ നിന്ന്






















# ഉള്ളടക്കം

വാല്യം 13 | ലക്കം 1 | ജനുവരി 2020


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 7 |
| ബാലലോകം | 8 |
| രാഗപരിചയം | 9 |
| വാസ്തു | 10 |
| ഭാരതത്തിലെ ഋഷികവികൾ | 11 |
| ക്ഷേത്രങ്ങളിലൂടെ | 14 |
| മഹാഭാരതം | 18 |
| ഹരിസുധാലഹരി | 21 |
| ഇത് വെറുമൊരു സംഗമമല്ല ഹൃദയ സംഗമം | 22 |
| രാധോപനിഷത്ത് | 23 |
| ശാസ്ത്രത്തിന്റെ ചരിത്രം, ദർശനം - ഭാഗം 2 | 25 |
| പാതഞ്ജലയോഗ ദർശനം | 28 |
| അവനവനെ കണ്ടെത്തുക | 29 |
| ശബരിമല ശ്രീ ധർമ്മശാസ്താവ് (അയ്യപ്പസ്വാമി) | 32 |
| യൂണിവേഴ്സിറ്റികൾ എങ്ങനെ യൂണിവേഴ്സലാകുന്നു? | 35 |
| മൂത്രത്തിലെ അണുബാധ | 40 |
| മഴയും മണ്ണും മനുഷ്യരും | 42 |
| വിവേകാനന്ദന്റെ മൂന്നു സുപ്രധാന പ്രവചനങ്ങൾ | 45 |
| നമ്മിളിലെ എനർജിയും നമ്മൾ പ്രയോഗിക്കുന്ന എനർജിയും | 47 |
| ചായയിൽ ചാരാതെ! | 49 |
| ജ്യോതിഷത്തിലെ നിഴൽഗ്രഹങ്ങൾ | 51 |
| ചരമവാർഷികം | 54 |
| എറണാകുളം ശിവക്ഷേത്ര ഉത്സവം 2020 | 56 |
| വിളിക്കുന്നു നിങ്ങളെ ! | 58 |
| മാസഫലം | 59 |
| മാട്രിമോണിയൽ | 60-66 |


## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**


## എഡിറ്റോറിയൽ

# നമിക്കാം ഈ ജ്ഞാനതേജസിന് മുന്നിൽ.....

മലയാളത്തിന് വീണ്ടും ജ്ഞാനപീഠപുരസ്കാരം - അതും മഹാകവി അക്കിത്തത്തിലൂടെ. മലയാളകവിതയെ ഇഷ്ടപ്പെടുന്ന, മലയാള ഭാഷയെ സ്നേഹിക്കുന്ന സർവ്വരും സ്നേഹാദരങ്ങളോടെ സദാ ഓർക്കുന്ന എപ്പോഴും പറയുന്ന പേരാണ് അക്കിത്തം എന്ന അച്ച്യുതൻ നമ്പൂതിരിയുടേത്. 8-ാം വയസ്സിൽ തുടങ്ങിയ കാവ്യസപര്യ ഇന്ന് 93-ാം വയസ്സിലും അഭംഗുരം തുടരുകയാണ്. മലയാള ഭാഷയ്ക്ക് അദ്ദേഹം നല്കിയ സമഗ്രസംഭാവനകൾ കണക്കിലെടുത്താണ് ജ്ഞാനപീഠ പുരസ്കാര സമിതി അദ്ദേഹത്തെ ഈ വർഷത്തെ ജ്ഞാനപീഠ പുരസ്കാരത്തിന് തിരഞ്ഞെടുത്തത്. നീണ്ട 85 വർഷത്തെ കാവ്യാരാധനക്ക് വൈകി കിട്ടിയ അംഗീകാരം, - മലയാളത്തിന് ലഭിക്കുന്ന 6-ാമത് ജ്ഞാനപീഠ പുരസ്കാരവും. മഹാകവി ജി. ശങ്കരക്കുറുപ്പിൽ തുടങ്ങി എസ്.കെ. പൊറ്റക്കാടിലൂടെ, തകഴി ശിവശങ്കരപിള്ളയിലൂടെ, എം. ടി വാസുദേവൻനായരിലൂടെ, ഒ.എൻ. വി കുറുപ്പിലൂടെ ഇന്ന് അത് അക്കിത്തത്തിലെത്തി നില്ക്കുന്നു, അഭിമാനത്തോടെ ശിരസ്സുയർത്തി നില്ക്കുന്നു മലയാളവും.

അമ്മമലയാളത്തെ തന്റെ കാവ്യതപസ്യയിലൂടെ അഭിമാനത്തിന്റെ ഉത്തുംഗശൃംഗത്തിലെത്തിച്ച ഈ കാവ്യതപോധനൻ, പാലക്കാട് ജില്ലയിൽ കുമരനല്ലൂർ അക്കിത്തം മനയിൽ അക്കിത്തം വാസുദേവൻനമ്പൂതിരിയുടെയും ചേകൂർ പാർവ്വതി അന്തർജ്ജനത്തിന്റേയും മകനായി 1926 മാർച്ച് 18 നാണ് ഭൂജാതനായത്.

വി.ടി ഭട്ടതിരിപ്പാട് എം. ആർ. ബി, ഇടശ്ശേരി, ബാലാമണിയമ്മ,കുട്ടികൃഷ്ണമാരാർ തുടങ്ങിയ മഹാപ്രതിഭകളുമായുള്ള സഹവാസം അദ്ദേഹത്തിന്റെ കാവ്യചോദനയെ

ഔന്നത്യത്തിലേക്കെത്തിക്കുവാൻ ഏറെ സഹായകരമായി. സ്വസമുദായത്തിലടിഞ്ഞുകൂടിയിരുന്ന അനാചാരങ്ങളെ തുടച്ചു നീക്കുന്നതിനായി വി.ടി യോടും എം. ആർ. ബി യോടുമൊപ്പം ഏറെ പരിശ്രമിച്ച അദ്ദേഹം സാമൂഹ്യ പരിഷ്കരണത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പോരാട്ടത്തിൽ കവിതയെ തന്റെ ആയുധമായി ഉപയോഗിക്കുകയായിരുന്നു. ആദ്യകാലത്തുണ്ടായിരുന്ന ഇടുങ്ങിയ ഇടതുപക്ഷ ചിന്തകളിൽ നിന്നും സ്വയം മോചിതനായി അതി വിശാലമായ ആർഷസംസ്കാരസാഗരത്തിലേക്ക് ഊളിയിട്ടിറങ്ങുകയായിരുന്നു അദ്ദേഹം. അദ്വൈതത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ട്, ആർഷസംസ്കാരതത്ത്വങ്ങളിലൂന്നി നിന്ന്, പാരമ്പര്യാധിഷ്ഠിതമായ പാതയിലൂടെ സഞ്ചരിച്ച്, ഔന്നത്യത്തിന്റെ പടവുകൾ ഒന്നൊന്നായി ചവുട്ടി കയറുകയായിരുന്നു ഈ കവികുലഗുരു.

കേരളസാഹിത്യ അക്കാദമി അവാർഡ് (1972) കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് (1973) ഓടക്കുഴൽ അവാർഡ് (1973) റൈറ്റേഴ്സ് കോ ഓപ്പറേറ്റിവ് സൊസൈറ്റി അവാർഡ് (1975) ഉള്ളൂർ അവാർഡ് (1994) ആശാൻ പുരസ്കാരം(1994) സമഗ്ര സംഭാവനയ്ക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡ്, ബാലാമണിയമ്മ അവാർഡ്, സമസ്ത കേരള സാഹിത്യ പരിഷത്ത് അവാർഡ്(2008), വയലാർ അവാർഡ് (2012) ടാഗോർ അവാർഡ് (2012) തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾ നേടിയിട്ടുള്ള ഈ മഹാപ്രതിഭയെ 2017 ൽ രാജ്യം പത്മശ്രീ നല്കി ആദരിക്കുകയും ചെയ്തിട്ടുണ്ട്. ധർമ്മത്തിലുറച്ച് നിന്നുകൊണ്ട് സ്നേഹഗീതികൾ പാടിയ കർമ്മോത്സുകനായ കവിയാണ് അക്കിത്തം.

ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായി
ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവിലായിരം
സൗരമണ്ഡപം
ഒരു പുഞ്ചിരി ഞാൻ മറ്റുള്ളവർക്കായി
ചെലവാക്കവേ
ഹൃദയത്തിലുലാവുന്നു നിത്യനിർമ്മല
പൗർണ്ണമി

മറ്റുള്ളവരുടെ വേദനകളിൽ നാമും വേദനിക്കുകയും അവരുടെ സന്തോഷത്തിൽ നാമും സന്തോഷിക്കുകയും ചെയ്യുന്ന, ചെയ്യേണ്ട മനുഷ്യസ്നേഹത്തിന്റെ ബഹിർസ്ഫുരണമാണ് ആ വരികളിലുള്ളത്.

ഭാരതീയതയിൽ, ആർഷസംസ്കാരത്തിൽ, അദ്വൈത സിദ്ധാന്തത്തിൽ ഉറച്ച് നിന്ന്, മാറ്റത്തിന്റെ പേരിൽ ഭാഷയേയും കവിതയേയും വികൃതമാക്കുന്ന അത്യന്താധുനികരെ സൗമ്യമായി എതിർത്ത് തോല്പ്പിച്ച ആധുനിക മലയാളത്തിന്റെ കാവ്യാചാര്യനാണ് ശ്രീ. അക്കിത്തം കാലമെത്ര കഴിഞ്ഞാലും ആ കവിതകൾ നിലനില്ക്കും– അക്കിത്തം എന്ന കവിശ്രേഷ്ഠനും ജനഹൃദയങ്ങളിൽ ജീവിക്കും.

ആയിരം ദിനകരശോഭ ഒന്നിച്ചു പരന്നാലും
ആയതിൻ മീതേ നില്ക്കുമാജ്ഞാന
ജ്യോതിസ്സിൻ പ്രഭാപൂരം

അതെ മാനവീകതയ്ക്ക് മാറ്റുകൂട്ടുന്ന ഈടുറ്റ ശ്രേഷ്ഠമായ വരികളിലൂടെ മാനവജാതിക്ക് മാർഗ്ഗദർശനം കാട്ടിയ മഹാപ്രതിഭയാണദ്ദേഹം. നമിക്കാം ആ പ്രതിഭാവൈഭവത്തിനു മുമ്പിൽ :-

ജ്ഞാനപീഠം കരേറിയോരുജ്ജ്വല
ജ്ഞാനജ്യോതിസിൻ മുമ്പിൽ നമിച്ചിടാം.
..............................................................
നന്മയോലുന്ന ഭാഷയും ശൈലിയും
തിന്മയേൽക്കാത്തൊരാദർശശുദ്ധിയും
ചിന്മയമായ ധർമ്മവും ചേർന്നൊരാ
തന്മയകാവ്യവൈഭവത്തേയും നമിച്ചിടാം.

---

**രാജ്യസേവനം ചെയ്തു നശിച്ചവരാണ് നായന്മാർ.
ഈ നില മാറണം. രാജ്യസേവനം വേണ്ടെന്നു പറയുമ്പോൾ
രാഷ്ട്രീയം വേണ്ടെന്നല്ല. എല്ലാം വേണം, അമ്മയും പെങ്ങളും ഭാര്യയും
പട്ടിണി കിടക്കുമ്പോൾ കമ്മ്യൂണിസ്റ്റ് എന്നും, പി. എസ്. പി എന്നും,
കോൺഗ്രസ്സ് എന്നും പറഞ്ഞ് നടക്കുന്ന നായരോട് എനിക്കിഷ്ടമല്ല.
ഭാര്യയുടെ വയറു നിറച്ച് ആഹാരം കൊടുക്കാൻ കെൽപ്പുള്ള നായരെ
കാണുമ്പോൾ എനിക്കു സന്തോഷമാണ്.**

**– ഭാരതകേസരി മന്നത്തു പത്മനാഭൻ**







# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രിയ കരയോഗാംഗങ്ങളെ,

എറണാകുളം കരയോഗത്തിന്റെ രാധേയം ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. നവതി സ്മാരകമായി ഗുരുവായൂർ ക്ഷേത്രനഗരിയിൽ എറണാകുളം കരയോഗത്തിന്റെ ഒരു പ്രസ്ഥാനം ആരംഭിക്കുകയായി. 2020 ജനുവരി മാസം 31–ാം തീയതി വെള്ളിയാഴ്ച രാവിലെ 9.25 നും 11.00 നും ഇടയിലുള്ള ശുഭമുഹൂർത്തത്തിൽ പൊതുജനങ്ങൾക്കായി കരയോഗത്തിന്റെ മറ്റൊരു സേവന പാത തുറക്കുകയാണ്. സംപൂജ്യ സ്വാമി ചിദാനന്ദപുരി കുളത്തൂർ ആശ്രമം, കോഴിക്കോട്, ദീപപ്രോജ്ജ്വലനം നിർവ്വഹിക്കുന്നു. തദവസരത്തിൽ നടത്തുന്ന പൊതുസഭയുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട കൽക്കട്ട ഹൈക്കോടതി ചീഫ് ജസ്റ്റീസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ നിർവ്വഹിക്കും. മുഖ്യപ്രഭാഷണം ഛത്തിസ്ഗഡ് ഹൈക്കോടതി ചീഫ്ജസ്റ്റീസ് പി. ആർ രാമചന്ദ്രമേനോൻ നിർവ്വഹിക്കും. എം.പി, എം, എൽ, എ, മുൻസിപ്പൽ ചെയർമാൻ, ഗുരുവായൂർ ദേവസ്വം ചെയർമാൻ എന്നിവർക്കു പുറമെ മറ്റു രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക നേതാക്കന്മാരും യോഗത്തിൽ പങ്കെടുക്കും. ഉദ്ഘാടനം സംബന്ധിച്ച വിശദമായ ക്ഷണപത്രിക കരയോഗം അംഗങ്ങൾക്ക് തപാലിൽ പ്രത്യേകമായി അയയ്ക്കുന്നതായിരിക്കും. 2017 ഡിസംബർ മാസം 14 ാം തീയതി തറക്കല്ലിട്ട് നിർമ്മാണം ആരംഭിച്ച ഗസ്റ്റ്ഹൗസിന്റെ നിർമ്മാണ ജോലികൾ 778 ദിവസംകൊണ്ട് പൂർത്തിയാക്കുവാൻ കഴിഞ്ഞൂ എന്നുള്ളത് നമ്മളെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ്. ഏകദേശം 20 കോടി രൂപ മുതൽ മുടക്കി 33 ഡബിൾ റൂം, 3 സ്യൂട്ട് റൂം കൂടാതെ ഗുരുവായൂർ ക്ഷേത്രത്തിൽ വെച്ച് വിവാഹം, ചോറൂണ്, പിറന്നാൾ തുടങ്ങിയ മംഗളകർമ്മങ്ങളോടനുബന്ധിച്ച് നടത്തുന്ന സത്ക്കാരങ്ങൾക്കും മറ്റും ആവശ്യമായ സേവനവും രാധേയം ഗസ്റ്റ് ഹൗസിൽ നിന്നും ലഭിക്കുമെന്നുള്ളത് ഒരു പ്രത്യേകതയാണ്. മിതമായ നിരക്കിൽ ആധുനിക സൗകര്യങ്ങളും കാർപാർക്കിംഗ് ഉൾപ്പെടെയുള്ള സേവനങ്ങളും ലഭ്യമാക്കികൊണ്ട് ഗുരുവായൂർ ക്ഷേത്രദർശനത്തിനും മറ്റും വരുന്നവർക്ക് കരയോഗത്തിന്റെ രാധേയം ഗസ്റ്റ് ഹൗസ് തീർച്ചയായും ഉപകാരപ്രദമായിരിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. എല്ലാ കരയോഗാംഗങ്ങളും കരയോഗത്തിന്റെ അഭ്യൂദയകാംക്ഷികളും ഈ പുതിയ സംരംഭത്തിൽ സഹകരിക്കുകയും, നമ്മുടെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

കരയോഗത്തിന്റെ 95 ാമത് സ്ഥാപകദിനവും അതോടനുബന്ധിച്ച് കുടുംബസംഗമവും വിപുലമായ രീതിയിൽ ഡിസംബർ 25–ാം തീയതി ആഘോഷിക്കുവാൻ കഴിഞ്ഞു. രാവിലെ 5.00 മണി മുതൽ കരയോഗം വിഘ്നേശ്വര ക്ഷേത്രത്തിൽ പ്രത്യേക പൂജകളോടെ ആരംഭിച്ച്, കരയോഗാംഗങ്ങളുടെ വിവിധ കലാപരിപാടികൾ അയ്യപ്പൻ പാട്ട് എന്നിവയോടെ രാത്രി 9.00 മണിയോടെ പരിപാടികൾ സമാപിച്ചു. സ്ഥാപക ദിനത്തിലും കുടുംബ സംഗമത്തിലും പങ്കെടുത്ത എല്ലാവരോടും പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു.

എറണാകുളം കരയോഗത്തിന്റെ 33 ാ മത് ശ്രീമദ് ഭാഗവത സപ്താഹജ്ഞാനയജ്ഞം 2020 ഫെബ്രുവരി 16 മുതൽ 23 വരെ ടി.ഡി.എം. ഹാളിൽ നടത്തപ്പെടുന്നു. സപ്താഹത്തിന്റെ യജ്ഞാചാര്യൻ ഭാഗവതസൂരി ശ്രീ. അശോക് . ബി. കടവൂരും, സഹാചാര്യന്മാരായി ബ്രഹ്മശ്രീ. രാജേഷ് ഇളയത്, ശ്രീ അഭിലാഷ് കീഴൂട്ട് എന്നിവരുമാണ്. ശ്രീമദ് ഭാഗവത സപ്താഹത്തിലേക്ക് ഏവരേയും സാദരം ക്ഷണിച്ചു കൊള്ളുന്നു.

സംഗീത പരിപാടിയായ 'അകായിലെ സംഗീതം' ജനുവരി 19–ാം തീയതി ഞായറാഴ്ച വൈകുന്നേരം 4.30 ന് ടി.ഡി.എം കാവേരി ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ഫിലിംക്ലബ്ബിന്റെ ജനുവരി മാസ പരിപാടിയായി 26–ാം തീയതി ഞായറാഴ്ച വൈകുന്നേരം 5.00 മണിക്ക് 'ദാഹം' എന്ന സിനിമ ടി.ഡി.എം നർമ്മദ ഹാളിൽ പ്രദർശിപ്പിക്കുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസ കഥകളി ഡിസംബർ 28 –ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6.30 ന് ടി.ഡി.എം ഹാൾ ഗംഗയിൽ അവതരിപ്പിക്കുന്നതാണ്. കരയോഗത്തിന്റെ സഹകരണത്തോടെ നടത്തുന്ന ബീമിന്റെ പ്രതിമാസ പരിപാടി തിരുവനന്തപുരം സൗപർണ്ണിക അവതരിപ്പിക്കുന്ന നാടകം 'ഇതിഹാസം' ജനുവരി 29 –ാം തീയതി ബുധനാഴ്ച വൈകുന്നേരം 6.30 ന് ടി.ഡി.എം ഹാളിൽ നടക്കുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും പ്രതീക്ഷിച്ചു കൊള്ളുന്നു.

ജനറൽ സെക്രട്ടറി

## എറണാകുളം കരയോഗം

## 11.01.2020 മുതൽ 08.02.2020 വരെയുള്ള പരിപാടികൾ

| | | | | |
|---|---|---|---|---|
| 11.01.2020 | ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |
| 15.01.2020 | ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 17.01.2020 | വെള്ളി | 3.30 p.m. | : | സംസ്കൃത ക്ലാസ്സ് |
| 18.01.2020 | ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |
| 19.01.2020 | ഞായർ | 10.00 a.m. | : | പാർക്കിൻസൺസ് രോഗചികിത്സ (ആയുഷ്യം പോളിക്ലിനിക്) |
| | | 4.30 p.m. | : | അകായിലെ സംഗീതം း കെ. രാഘവന്റെ സംഗീതം |
| 22.01.2020 | ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 24.01.2020 | വെള്ളി | 3.30 p.m. | : | സംസ്കൃത ക്ലാസ്സ് |
| 25.01.2020 | ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |
| 26.01.2020 | ഞായർ | 5.00 p.m. | : | കരയോഗം ഫിലിംക്ലബ്ബ് း ദാഹം |
| 28.01.2020 | ചൊവ്വ | 6.30 p.m. | : | കരയോഗം കഥകളി ക്ലബ്ബ് - കഥകളി |
| 29.01.2020 | ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 31.01.2020 | വെള്ളി | 3.30 p.m. | : | സംസ്കൃത ക്ലാസ്സ് |
| 01.02.2020 | ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |
| 05.02.2020 | ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 07.02.2020 | വെള്ളി | 3.30 p.m. | : | സംസ്കൃത ക്ലാസ്സ് |
| 08.02.2020 | ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ. ആർ നമ്പ്യാർ) |

## വിമൺസ് ഫോറം 2020 ജനുവരി മാസത്തെ പരിപാടി

| തീയതി | പരിപാടി | അവതാരക | സമയം |
|---|---|---|---|
| 22.01.2020 | പ്രഭാഷണം | Dr. മേരി മെറ്റിൽഡ<br>റിട്ട. പ്രിൻസിപ്പാൾ<br>മഹാരാജാസ് കോളേജ്, എറണാകുളം | 3.30 pm |







# ബാല ലോകം

ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)

പ്രിയപ്പെട്ട കൂട്ടുകാരെ,

പുതു വർഷമായില്ലേ ? ഓരോ കൊല്ലവും കടന്നു പോവുമ്പോൾ ഓരോ വയസ്സും കൂടുകയാണെന്നു കൂട്ടുകാർക്കറിയാമല്ലോ ? അപ്പോൾ നിങ്ങൾ കൂടുതൽ വിവേകശാലികളും, ബുദ്ധിമാന്മാരുമാകണം കേട്ടോ. പുതിയ കാര്യങ്ങൾ പഠിക്കാനും മനസ്സിലാക്കാനും ശ്രദ്ധ വേണം. ഇന്നത്തെ ചുറ്റുപാടുകൾ പലപ്പോഴും അനുകൂലമായെന്നു വരില്ല. പക്ഷെ അതെല്ലാം മറി കടന്ന് ഒരു നല്ല വ്യക്തി ആയിരിക്കാൻ ശ്രമിക്കണം കൂട്ടുകാരെ. അവിടെയാണ് ജീവിതവിജയത്തിന്റെ നിലനിൽപ്. പല മഹാന്മാരും പല പ്രശ്നങ്ങളും മറികടന്നാണ് വലിയ നിലയിൽ എത്തുന്നത്. അവരുടെയെല്ലാം ജീവിത ചരിത്രം കൂട്ടുകാർ വായിക്കണം.

അനുകമ്പ എന്നൊരു വാക്ക് കൂട്ടുകാർ കേട്ടിട്ടുണ്ടോ? നാമെല്ലാവരും പാവങ്ങളോട് അനുകമ്പ ഉള്ളവരായിരിക്കും അല്ലെ? പക്ഷെ നമുക്ക് നാം തന്നെ വിശന്നിരിക്കുമ്പോൾ നമുക്ക് കിട്ടിയ ഭക്ഷണം മറ്റുള്ളവർക്ക് കൊടുക്കാനാവുമോ? സാധാരണഗതിയിൽ ഉണ്ടാവില്ല. പക്ഷെ മറ്റുള്ളവരോട് ദയ കാണിക്കുമ്പോൾ കരുണാമയനായ ദൈവം നമ്മോടു ഏറെ കൃപ ഉള്ളവനായിരിക്കും എന്ന് കൂട്ടുകാർക്കറിയാമോ?

ഒരു കഥ കേട്ടോളൂ. ഒരു വീട്ടിൽ ഒരമ്മയും മകളും ജീവിച്ചിരുന്നു. ഭക്ഷണത്തിനു വകയില്ലാതെ കഷ്ടപ്പെട്ടപ്പോൾ മകൾ ഭിക്ഷാടനത്തിനിറങ്ങി. ഒരു വീട്ടിൽ നിന്ന് രണ്ടു റൊട്ടിക്കഷ്ണം കിട്ടിയതും കൊണ്ട് വീട്ടിലേക്കു പോവുമ്പോൾ വഴിയിൽ വിശന്നു നിൽക്കുന്ന ഒരു നായ മകളുടെ പിറകെ കൂടി മകൾ ഒരു കഷ്ണം റൊട്ടി നായയ്ക്ക് കൊടുത്തു. വേഗത്തിൽ അമ്മയുടെ അടുത്തെത്താനായി ഓടി. വേഗം ആ അമ്മയും മകളും കൂടി കഴിക്കാനിരിക്കെ ഒരാൾ വീട്ടു വാതിൽക്കൽ എത്തി. അല്പം ഭക്ഷണം എനിക്കും കൂടി തരൂ. അയാൾ പറഞ്ഞു. അമ്മ പറഞ്ഞു, വിശപ്പിന്റെ രുചി നമുക്ക് നന്നായി അറിയാലോ? അതുകൊണ്ടു ആ റൊട്ടി അയാൾക്ക് കൊടുത്തേക്കൂ. മകൾ അല്പം സങ്കടത്തോടെ ആണെങ്കിലും അത് അയാൾക്ക് നൽകി. ഇവിടെയാണ് ദൈവത്തിന്റെ കനിവ് അവർക്ക് അത്ഭുതമായത്. ദൂരെ എവിടെയോ ഒരു വിവാഹകർമ്മം നടക്കുന്നുണ്ട് എന്നും വേണ്ടവരെല്ലാം വന്നു ഭക്ഷണം കഴിക്കണമെന്നും പറഞ്ഞ് ഒരാൾ ഇവരുടെ അടുത്ത് വന്നു. അമ്മ മകളോട് പറഞ്ഞു. ഇതാര് ദൈവദൂതനോ? എന്താണിങ്ങിനെ സംഭവിക്കാൻ? അമ്മയും മകളും അത്ഭുതപ്പെട്ടു. അവരെ കൂട്ടികൊണ്ടു പോകാൻ വിവാഹം നടക്കുന്ന സ്ഥലത്തു നിന്നു ആളെയും വിട്ടിരിക്കുന്നു. ഇതെന്തൊരത്ഭുതം. അമ്മയും മകളും അവരുടെ കൂടെ പോയി. അവിടെനിന്നു അവർക്ക് വയറു നിറയെ ഭക്ഷണവും പോരുമ്പോൾ ഒരു പണപ്പൊതിയും ലഭിച്ചു. വീട്ടിൽ വന്നു തുറന്നു നോക്കിയപ്പോൾ പണം മാത്രമല്ല കുറെ സ്വർണ്ണനാണയങ്ങളും അതിലുണ്ടാ യിരുന്നു. അമ്മയുടെയും മകളുടെയും കണ്ണുകൾ നിറഞ്ഞു. ദൈവമല്ലാതാര് ഇതിനു പുറകിൽ. അമ്മ മകളോടു പറഞ്ഞു. രണ്ടു പേരും പരസ്പരം കെട്ടിപ്പിടിച്ചു.

മണ്ണിനെ പരിലാളിച്ചാൽ
പൊന്നുതിർന്നു കുമിഞ്ഞിടും
ചവിട്ടാൻ മാത്രമല്ലല്ലോ
മണ്ണ് വിണ്ണുമതല്ലയോ
  വിതച്ചാൽ കൊയ്തു കൂട്ടീടാം
  വിളയിക്കാം സമൃദ്ധിയെ
  വിതക്കുന്നതു കൊയ്യാനെ
  വിധിയെന്നു ധരിക്കുക
ആലസ്യം കൊണ്ടു നേടീട്ടി
ല്ലാരുമൊന്നും ഇതേവരെ
അധ്വാന ശീലരോടൊത്തേ
വാഴ്വതൈശ്വര്യലക്ഷ്മിയും
  വളർന്നാവു നമുക്കൊപ്പം
  വിദ്യയും സമുദായവും
  കൃഷി, വാണിജ്യവും
  സാമ്പത്തികവും വ്യവസായവും
ഒരുമക്കുള്ളതാം സ്ഥാനം
ഒരുനാളും മറക്കൊല
ശിഥിലത്വച്ചിതൽ പറ്റം
ദ്രവിപ്പിക്കൊല്ല നമ്മളെ
  ശുചിത്വം പൂണ്ടു വാഴ്‌വോരിൽ
  വസിപ്പൂ ദൈവവാസന,
  കളങ്കപ്പെട്ടു പോകാതെ
  കാത്തു കൊള്ളുവിനേവരും

*(ശ്രീ എസ് രമേശൻനായരുടെ ഗുരുപൗർണമി എന്ന കാവ്യത്തിൽ നിന്ന്)*

# അറിയുന്ന ഒരു വിദ്യ

പറവൂർ
രാജഗോപാൽ.
ഫോൺ: 9847291483

ഒരു പൂച്ചയും കുറുക്കനും സ്നേഹിതരായിരുന്നു.കണ്ടുമുട്ടുമ്പൊഴൊക്കെ കുറുക്കൻ പൂച്ചയോടു പറയുമായിരുന്നു

എനിക്ക് എന്തെല്ലാം വിദ്യകൾ വശമുണ്ടെന്നോ....

അതുകോണ്ടല്ലേ ഞാൻ കൗശലക്കാരനെന്നു അറിയപ്പെടുന്നതുതന്നെ

കുറുക്കന്റെ പത്രാസ്സുവർത്തമാനങ്ങളൊക്കെ പൂച്ച വാ പൊളിച്ച് കേട്ടിരിക്കും തിരിച്ചൊന്നും പറയില്ല. ഒരിക്കൽ രണ്ടു പേരും സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു ആസമയം ഏതാനും നായ്ക്കൾ കുരക്കുന്നതു കേൾക്കായി.

വേട്ടപ്പട്ടികൾ തന്നെ. അവ ഇങ്ങോട്ടാവും വരുന്നത്

പൂച്ച പറഞ്ഞു

കുറുക്കൻ സമാധാനിച്ചു ഞാൻ രക്ഷപ്പെടും എനിക്ക് പലവിദ്യകളും അറിയാല്ലോ

പൂച്ച ശ്രദ്ധിക്കുകയായിരുന്നു . പേടിച്ച പൂച്ചയുടെ മുഖത്ത് നോക്കി കുറുക്കൻ ചോദിച്ചു.

അല്ല........നീഎന്ത് ചെയ്യാൻ പോകുന്നു

പൂച്ച വേഗം ഒരു മരത്തിൽ ഓടിക്കയറി. അതിന്റെ ചില്ലകൾക്കിടയിൽ ഒളിച്ചു

എനിക്കറിയാവുന്ന വിദ്യ ഇതാ! ചില്ലകൾക്കിടയിൽ നിന്നു പൂച്ച വിളിച്ചു പറഞ്ഞു

വേട്ടപ്പട്ടികൾ പാഞ്ഞു വരികയായിരുന്നു.കുറുക്കൻ ഓരോരോ വിദ്യകൾ ആലോചിച്ച് എന്ത് വേണമെന്നറിയാതെ കുഴഞ്ഞു അപ്പോഴേയ്ക്കും വേട്ടപ്പട്ടികൾ കുറുക്കനെ പിടികുടിയിരുന്നു

അറിയാത്ത വിദ്യകളെപ്പറ്റി വെറുതെ പറഞ്ഞിരിക്കുന്നതിലും എത്രയോ കേമമാണ് അറിയുന്ന ഒരു വിദ്യ പ്രയോഗിച്ചു നോക്കുന്നത്.

### എറണാകുളം കരയോഗം കഥകളി ക്ലബ്ബ്

## 62-ാമത് വാർഷികവും, 25-ാമത് 'എറണാകുളം കരയോഗം' കഥകളി അവാർഡ് ദാനവും

### അപേക്ഷകൾ ക്ഷണിക്കുന്നു

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 62-ാം വാർഷികത്തോടനുബന്ധിച്ച് കഥകളി കലാകാരൻമാർക്കുള്ള 25-ാമത് 'എറണാകുളം കരയോഗം കഥകളി അവാർഡു'കൾക്കുള്ള നാമനിർദ്ദേശം ക്ഷണിച്ചു കൊള്ളുന്നു. കളഹംസം (വേഷം), തൗര്യത്രികം (പാട്ട്), തൗര്യത്രികം (ചെണ്ട),തൗര്യത്രികം (മദ്ദളം), എന്നീ നാല് വിഭാഗങ്ങളിലും കൂടാതെ ചുട്ടി, അണിയറ എന്നിവയ്ക്കും അവാർഡുകൾ നല്കുന്നു. 62-ാം വാർഷിക ആഘോഷദിനത്തിൽ 2020 ഫെബ്രുവരി 25 ചൊവ്വാഴ്ച വൈകുന്നേരം 5.30 ന് നടക്കുന്ന പൊതുസമ്മേളനത്തിൽ വെച്ച് അവാർഡുകൾ വിതരണം ചെയ്യുന്നതായിരിക്കും.

പൊതുജനങ്ങൾക്ക് നാമനിർദ്ദേശം ചെയ്യാനുള്ള അവസാന തീയ്യതി ജനുവരി 15 ആയിരിക്കും. നാമനിർദ്ദേശങ്ങൾ അയയ്ക്കേണ്ട വിലാസം കൺവീനർ, എറണാകുളം കരയോഗം കഥകളി ക്ലബ്ബ്, ടി.ഡി.എം.ഹാൾ കോംപ്ലക്സ്, ഡി.എച്ച്.റോഡ്, കൊച്ചി-682016 .

കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 9847004827

എന്ന്,
ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം





രാഗപരിചയം

# ജയന്തശ്രീ

ഡോ. ജയലക്ഷ്മി നന്ദകുമാർ

20 -ാമത്തെ മേളകർത്താ രാഗമായ നഠഭൈരവിയുടെ ജന്യരാഗമാണ് ജയന്തശ്രീ. ഭക്തിരസം തുളുമ്പുന്ന പ്രസന്നമായ ഒരു രാഗമാണ് ഇത്.

ആരോഹണം : സ ഗ മ ധ നി സ

അവരോഹണം : സ നി ധ മ പ മ ഗ സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, സാധാരണ ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ശുദ്ധ ധൈവതം, കൈശികി നിഷാദം.

ആരോഹണത്തിൽ അഞ്ചുസ്വരങ്ങൾ ക്രമമായും അവരോഹണത്തിൽ ആറു സ്വരങ്ങൾ വക്രമായും വരുന്നതിനാൽ ജയന്തശ്രീ ഒരു ഔഡവ- വക്ര ഷാഡവ രാഗമാകുന്നു. അന്യസ്വരങ്ങൾ (സ്വന്തം മേളകർത്താ രാഗമായ നഠഭൈരവിയുടേതല്ലാത്ത സ്വരങ്ങൾ) വരാത്തതിനാൽ ഇതൊരു ഉപാംഗ രാഗമാണ്.

ത്യാഗരാജ കൃതികളിലൂടെയാണ് ഈ രാഗം സംഗീത ലോകത്ത് പ്രചാരം നേടിയത് എന്നത് വസ്തുതയാണ്. ഏതു സമയത്തും ആലപിച്ചാൽ ശോഭിക്കുന്ന സർവ്വകാലിക രാഗം കൂടിയാണിത്.

രിഷഭം ഈ രാഗത്തിൽ ഇല്ല. പെട്ടെന്നു കേൾക്കുമ്പോൾ ഹിന്ദോളത്തിന്റെ ഛായ തോന്നാമെങ്കിലും, ദീർഘമായി ആലപിക്കുന്ന ഗാന്ധാരവും പഞ്ചമവും ജയന്തശ്രീ രാഗത്തെ വ്യത്യസ്തമാക്കുന്നു. ചെറിയ രാഗമാണെങ്കിൽ കൂടി മൂന്നു സ്ഥായകളിലും സഞ്ചാരം ഉള്ള രാഗമാണിത്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. | മരുകേലറാ | ആദി | ത്യാഗരാജസ്വാമി |
| 2. | ശ്രീകരപാഹി | രൂപകം | മൈസൂർ വാസുദേവാചാർ |
| 3. | നൂത നിരന്തര | ഏക | വേദനായകം പിള്ള |
| 4. | നീരദസമനീല കൃഷ്ണാ | ആദി | ഊത്തുക്കാട് വെങ്കടസുബ്ബയ്യർ |

## ചലചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. | ആമുഖം കണ്ട നാൾ | യുവജനോത്സവം |
| 2. | സായം സന്ധ്യതൻ | ഈഗിൾ |
| 3. | കണിക്കൊന്നകൾ | ഒരു അഭിഭാഷകന്റെ കേസ് ഡയറി |

## ഒരാഴ്ച നീണ്ട കുട്ടികളുടെ നാടകക്കളരി

നാടകത്തിനോടു താല്പര്യമുള്ള അഞ്ചാം ക്ലാസ്സു മുതൽ പ്ലസ് ടൂ വരെയുള്ള കുട്ടികൾക്ക് നാടക രംഗത്തെ പ്രശസ്തർ പരിശീലനം നൽകുന്ന, ഒരാഴ്ച നീണ്ട നാടകകളരി എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ ആദ്യവാരം ടി. ഡി. എം. ഹാളിൽ നടത്തുന്നു. ലോകനാടകത്തെക്കുറിച്ചുള്ള പരിചയപ്പെടുത്തലും അഭിനയം, മേക്കപ്പ്, നാടക രചന എന്നിവയിൽ പരിശീലനവും കളരിയുടെ അവസാന ദിവസം കുട്ടികൾ പങ്കെടുക്കുന്ന നാടകാവതരണവും നടക്കുന്നതാണ്. രാവിലെ 10 മുതൽ വൈകുന്നേരം 5.00 മണി വരെയാണ് ക്ലാസ്സ്. കുട്ടികളുടെ അഭിനയാഭിരുചി പരിശോധിച്ച് ആയിരിക്കും ക്യാമ്പിന് തെരഞ്ഞെടുക്കുക. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.

ഫോൺ : 9895071101

# വാസ്തുശാസ്ത്രം



ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

ഇന്നലെ ഒരു വീട് പരിശോധിക്കുവാൻ പോകേണ്ടി വന്നു. തെക്കോട്ട് മുഖമുള്ള മനോഹരമായ വീട്. തെക്കു കിഴക്കാണ് ഗേറ്റ്, തെക്കു പടിഞ്ഞാറ് നല്ല ഗാർഡനും, ഒറ്റനോട്ടത്തിൽ നല്ല വീടാണ് യാതൊരു കുഴപ്പവുമില്ല.

വീടിന്റെ വടക്കു വശത്ത് വടക്കുകിഴക്കേ മൂലയിൽ വടക്കും, കിഴക്കും മതിലിനോട് ചേർന്ന് കുളിമുറിയും പട്ടിക്കൂടും ഉണ്ട്. അതോടെ വീടിന്റെ വടക്ക് കിഴക്ക് ഭാഗം മുറിഞ്ഞു പോയി. വീട്ടിലേക്കുള്ള എല്ലാ വിധ എനർജികളും തടസ്സപ്പെട്ടു പോയി. കഴിയുന്നതും വേഗത്തിൽ മകരമാസം 1ാം തീയതിക്കു മുൻപ് അത് പൊളിച്ചു കളയുവാൻ ഏർപ്പാട് ചെയ്തു. വടക്കു- കിഴക്കു മൂല പറമ്പായാലും, വീടായാലും, മുറിയായാലും വളരെ ശ്രദ്ധിക്കണം.

വീടിന്റെ അകത്ത് ഗ്രഹനാഥൻ കിടക്കുന്നത് വടക്ക് പടിഞ്ഞാറു ഭാഗത്താണ്. വടക്ക് ജനൽ ഉണ്ട്. പടിഞ്ഞാറ് അടഞ്ഞിരിക്കുന്നു. അവിടെ ടോയ്‌ലറ്റ് ആണ്. കേരളത്തിൽ പ്രായമായവർ(60 വയസ്സിനു മുകളിൽ) ഉറങ്ങാൻ കിടക്കേണ്ട മുറി വടക്കാണെങ്കിൽ പടിഞ്ഞാറും, വടക്കും ജനലുകൾ ഉള്ളതായിരിക്കണം. മുറികൾ പടിഞ്ഞാറ് തെക്കാണെങ്കിൽ തെക്കു നിന്നോ , പടിഞ്ഞാറു നിന്നോ ജനലുകൾ വേണം. തെക്കും, പടിഞ്ഞാറും ജനലുകൾ ഉണ്ടെങ്കിൽ വളരെ നല്ലത്. മുറിയിലേക്ക് കടക്കുന്ന വാതിൽ വടക്കു കിഴക്ക് മൂലയിലായിരിക്കണം. കിടപ്പുമുറി തെക്കു കിഴക്കാണെങ്കിൽ തെക്കോട്ടും കിഴക്കോട്ടും ജനൽ വേണം. യാതൊരു കാരണവശാലും പ്രായമായവർ, വടക്കു കിഴക്കുള്ള മുറിയിൽ കിടന്നുറങ്ങരുത്. കിടപ്പു മുറി വളരെ നിസ്സാരമായി കാണരുത്. കാരണം ദിവസത്തിൽ 24 മണിക്കൂറിൽ മൂന്നിൽ ഒരു ഭാഗം ഉറങ്ങുന്ന പക്ഷം, ജീവിതത്തിൽ മൊത്തം മൂന്നിൽ ഒരു ഭാഗം കിടപ്പുമുറിയിലാണ് നമ്മൾ ഒതുങ്ങി കഴിയുന്നത്. ആ മുറിയിൽ കൂടി തെക്കുപടിഞ്ഞാറൻ കാറ്റ് കടന്നു പോകണം.

മറ്റൊരു വീട്ടിൽ പോയപ്പോൾ അടുക്കള തെക്കു പടിഞ്ഞാറ് അല്ലെങ്കിൽ കന്നിമൂലയിലാണ്. വളരെ അധികം ആളുകൾ വന്ന് കന്നിമൂലയിൽ നിന്നും, അടുക്കള മാറ്റണമെന്ന് ആവശ്യപ്പെടുകയും, മാനസ്സികമായി അവരെ സമ്മർദ്ദത്തിലാ ക്കുകയും ചെയ്തു. ആ വീട്ടിൽ അടുക്കളയുടെ കിഴക്ക് ഊണു മുറിയാണ്. ഊണുമുറിയിൽ നിന്നും , കിഴക്കോട്ട് ധാരാളം ജനലുകൾ ഉണ്ട്. അടുക്കളയുടെ കിഴക്കേഭിത്തിയിൽ ഒരു ഗ്ലാസ്സ് ജനലുവെച്ചാൽ അവിടെത്തെ എല്ലാ പ്രശ്നങ്ങളും തീരുന്നതാണ്. പല വീടുകളിലും കിഴക്കോട്ടു തിരിഞ്ഞ് അടുപ്പു കത്തിക്കുന്നുണ്ടെങ്കിലും ഉദയം വരാത്ത അടുക്കള പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. എന്തു തന്നെയായാലും, അടുക്കളയുടെ കിഴക്ക് വശത്ത്, അല്ലെങ്കിൽ വടക്കു വശത്ത് ഒരു ജനാല വേണം. ഉത്തരായനത്തിൽ ഉദയം അടുക്കളയിലേക്ക് വരുന്നത് എല്ലാ തരത്തിലും വളരെ ഐശ്വര്യം ഉണ്ടാക്കുന്നതാണ്.

മറ്റൊരു വീട്ടിൽ ഗേറ്റ് തെക്ക് പടിഞ്ഞാറാണ്. അതു മാറ്റണമെന്ന് നാട്ടുകാരും, വീട്ടുകാരും നിർബന്ധം പിടിക്കുന്നു. 39 കൊല്ലമായി അവിടെ അവർ സുഖമായി ജീവിക്കുന്നു. ഗേറ്റ് മാറ്റേണ്ടതില്ലെന്ന് ഞാനും അഭിപ്രായപ്പെട്ടു. കാരണം

1. അവിടെ പറയത്തക്ക പ്രശ്നങ്ങൾ ഒന്നും തന്നെയില്ല.

2. യാതൊരു അസുഖങ്ങളും ഇല്ലെങ്കിൽ എന്തിനാണ് മരുന്ന് കഴിക്കുന്നത്. ആ വീടിന്റെ പറമ്പിന് വളരെ അധികം പ്രത്യേകതകളുണ്ട്. പടിഞ്ഞാറ് റോഡ്, വടക്കോട്ട് നല്ല ചെരിവായിരിക്കുന്നു. പറമ്പിന് അകത്തു കടന്നാൽ പടിഞ്ഞാറു നിന്നും വടക്കോട്ട് ചെരിവുള്ള ഭൂമിയാണ്. യാതൊരു കാരണവശാലും തെക്കു പടിഞ്ഞാറെ മൂലയിൽ കൂടി മഴവെള്ളം പുറത്തു പോകുന്നതല്ല. തെക്കോട്ടും, കിഴക്കോട്ടും നല്ല ചെരിവുള്ള ഭൂമിയിൽ കന്നിമൂലയിൽ ഗേറ്റ് വെക്കുന്നതിൽ യാതൊരു വക അപാകതകളും ഇല്ല. നാട്ടുകാർ എല്ലാവരും പറഞ്ഞാലും, കന്നിമൂലയിൽ നിന്നും ഗേറ്റ് മാറ്റേണ്ടതില്ലെന്നുള്ള ഉറപ്പ് കൊടുത്താണ് ഞാൻ പിരിഞ്ഞത്. പുറത്തുള്ളവരുടെ അഭിപ്രായങ്ങൾ മുറിവൈദ്യർ ആളെകൊല്ലും എന്ന പഴമൊഴിയാണ്.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**





തുടർച്ച



# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

### രമണമഹർഷി

ആധുനിക ഭാരതത്തിലെ പ്രശസ്ത ഗുരുക്കന്മാരിൽ രമണമഹർഷി മഹോന്നതമായ ഒരു സ്ഥാനമലങ്കരിക്കുന്നു. തമിഴ്നാട്ടിലെ മധുരൈയിൽ അരുപ്പുക്കോട്ടൈക്കു സമീപം തിരുച്ചുളി (തിരുച്ചുഴി)യാണ് രമണമഹർഷിയുടെ ജൻമഗ്രാമം.. ‘ആരുദ്രദർശനം’ എന്ന പുണ്യദിനത്തിൽ ഒരു ബ്രാഹ്മണകുടുംബത്തിൽ ജനനം! പരാശര പരമ്പരയിൽ പെട്ട സുന്ദരം അയ്യർ എന്ന വക്കീലായിരുന്നു പിതാവ്. മാതാവിന്റെ പേര് അഴകമ്മാൾ. പുണ്യദിനത്തിൽ അവതരിച്ച പുത്രന് അവർ വെങ്കട്ടരമണൻ എന്നു പേരിട്ടു. നാഗസ്വാമി, നാഗസുന്ദരം എന്നിവരായിരുന്നു സഹോദരന്മാർ. ഏക സഹോദരി അലമേലു!അസാമാന്യ ബുദ്ധി വൈഭവവും ഓർമ്മശക്തിയുമുണ്ടായിരുന്ന വെങ്കട്ടരമണൻ പഠനത്തിൽ എന്നും മുൻപന്തി യിൽ നിന്നു. വിദ്യാലയത്തിലെ ഏറ്റവും മിടുക്കനായ വിദ്യാർത്ഥി എന്ന നിലക്ക് അദ്ധ്യാപകരുടെ പ്രശംസക്കു പാത്രമായ വെങ്കട്ടരമണന്റെ സ്വഭാവത്തിൽ ബാല്യം മുതൽക്കുതന്നെ ചില പ്രത്യേകതകൾ പ്രകടമായിരുന്നു.പൊതുവെ ശാന്തശീലനായിരുന്ന വെങ്കട്ടരമണന്റെ നിദ്ര ഒരുതരം ഗാഢമായ അബോധാവസ്ഥക്കു തുല്യമായിരുന്നു. ഈ അവസ്ഥയിൽ മറ്റുകുട്ടികൾ ഉപദ്രവിച്ചാലോ, കൊതുക്, അട്ട തുടങ്ങിയ പ്രാണികൾ കടിച്ചാലോ രമണൻ അറിയുമായിരുന്നില്ല. ബാലനായ രമണന് കായികവിനോദങ്ങളിൽ വലിയ കമ്പമായിരുന്നു. കുട്ടികൾ ചേരിതിരിഞ്ഞു കളിക്കുമ്പോൾ രമണൻ അംഗമാകുന്ന ചേരിയെ എല്ലാപ്പോഴും വിജയം തുണച്ചുപോന്നു. ഈ പ്രത്യേകതമൂലം മറ്റുകുട്ടികൾ അദ്ദേഹത്തെ ‘തങ്കക്കൈ’ എന്ന ഓമനപ്പേർ വിളിച്ചു. തിരുച്ചുഴിയിലെ പാഠശാലയിൽ തമിഴായിരുന്നു അദ്ധ്യയനമാദ്ധ്യമം. വക്കീലായ പിതാവിന് മക്കളെ ഇംഗ്ലീഷ് ഭാഷ പഠിപ്പിച്ചേ തീരൂ എന്ന നിർബന്ധമുണ്ടായി. സഹോദരനായ സുബ്ബയ്യർക്കൊപ്പം അദ്ദേഹം രമണനെയും സഹോദരങ്ങ ളെയും ദിണ്ഡുക്കൽ എന്ന സ്ഥലത്തേക്കയച്ചു. അവിടെ ഇംഗ്ലീഷ് മാദ്ധ്യമത്തിൽ വിവിധ വിഷയങ്ങൾ പഠിപ്പിക്കുന്ന ഒരു സ്കൂളിൽ രമണനും സഹോദരങ്ങൾക്കും പ്രവേശനം ലഭിച്ചു. 1891-ൽ സുബ്ബയ്യർക്ക് ദിണ്ഡുക്കലിൽ നിന്ന് മധുരൈക്കു സ്ഥലം മാറ്റമായി. വെങ്കട്ടരമണനും സഹോദരന്മാരും ചെറിയച്ഛനോടൊപ്പം മധുരൈയി ലെത്തി. തൊട്ടടുത്തവർഷം തന്റെ നാൽപത്തി രണ്ടാമത്തെ വയസ്സിൽ സുന്ദരം അയ്യർ നിര്യാതനായി. അന്തിമദർശനത്തിനായി പിതാവിന്റെ മൃതശരീരത്തിനരികിലിരിക്കവേ രമണന്റെ അന്തരംഗം ചിന്തകളാൽ അസ്വസ്ഥമായി. ‘ശരീരം ഇതാ ഇവിടെ നിശ്ചേഷ്ടമായി കിടക്കുന്നു. അതിനകത്തു ചൈതന്യമായി വിളങ്ങിക്കൊണ്ടിരുന്ന ‘അഹം’ എവിടെ?’ എന്നതായി രമണന്റെ ചിന്ത. ഇത് ഒരാത്മാന്വേഷണത്തിനു വഴിവെച്ചു.പിതാവിന്റെ മരണശേഷം രമണനും സഹോദരനും അമേരിക്കൻ മിഷൻ സ്കൂളിൽ പഠനം തുടർന്നു. ഇക്കാലത്ത് വൃദ്ധനായ ഒരു ബന്ധു വീട്ടിലെത്തി. സംഭാഷണത്തിനിടെ താൻ അരുണാചലത്തിൽ നിന്നാണു വരുന്നത് എന്ന് അദ്ദേഹം പറഞ്ഞു. അരുണാചലം എന്നു കേട്ടതും രമണന്റെ ഹൃദയത്തിൽ വിവരണാതീതമായ ഒരു ചലനമുണ്ടായി. അരുണാചലം എവിടെയാണെന്നറിയാൻ മനസ്സു വെമ്പി. തിരുവണ്ണാമലൈയിലാണ് എന്ന് വൃദ്ധ ബന്ധു മറുപടിയും നൽകി. ഏതാനും ദിവസങ്ങൾ കഴിഞ്ഞു. രമണൻ ചേക്കിഴരുടെ പെരിയ പുരാണം എന്ന ഗ്രന്ഥം (അറുപത്തിമൂന്നു ശൈവനായനാർമാരുടെ ജീവചരിത്രം) സമ്പൂർണ്ണമായും വായിച്ചുതീർത്തു. ഇതിൽനിന്നും വലുതായ പ്രചോ

ദനമുൾക്കൊണ്ട അദ്ദേഹം മധുരൈയിലെ മീനാക്ഷി ക്ഷേത്രത്തിൽ സ്ഥിരം സന്ദർശകനായി. അക്കാലത്ത് ജ്യേഷ്ഠനായ നാഗസ്വാമി കോളേജ് വിദ്യാർത്ഥിയായിരുന്നു. ഒരുനാൾ  ഫീസടക്കാൻ അദ്ദേഹം രമണനെ ചുമതലപ്പെടുത്തി. ഈ ആവശ്യത്തിലേക്കായി അനുജന്റെ കൈവശം അഞ്ചു രൂപ ഏൽപിക്കുകയും ചെയ്തു. രമണന് അന്ന് പതിനാറുവയസ്സാണു പ്രായം! ആത്മാന്വേഷണത്തിനുള്ള ഉൾവിളിയുണ്ടായ സമയം! ജ്യേഷ്ഠൻ ഏൽപിച്ച അഞ്ചുരൂപയിൽ നിന്നു മൂന്നു രൂപ രമണൻ എടുത്തു. ബാക്കി രണ്ടുരൂപയും ഒരു ക്ഷമാപണക്കുറിപ്പും മേശപ്പുറത്തു വെച്ചതിനുശേഷം അദ്ദേഹം തന്റെ യാത്ര തുടങ്ങി. ട്രെയിനിലായിരുന്നു യാത്ര!തിരുവണ്ണാമലൈയിൽ എത്തിയ ഉടനെ നേരെ അരുണാചലേശ്വരന്റെ ക്ഷേത്രത്തിലെത്തി. ഗോപുരം കടന്ന് അകത്തേക്കു പ്രവേശിച്ച രമണൻ ഭക്തിമൂലം ഏതാണ്ട് ഉന്മാദാവസ്ഥയിലായി. അദ്ദേഹം ശ്രീകോവിലിനകത്തേക്ക് ഓടിക്കയറി ശിവലിംഗത്തെ കെട്ടിപ്പിടിച്ചു. ശിവലിംഗത്തിന്റെ സ്വർശന മാത്രയിൽ തന്റെ ആത്മാന്വേഷണത്തിനു മറുപടികിട്ടി യതറിഞ്ഞു. ആദ്യനാളുകളിൽ ക്ഷേത്രത്തിലെ ആയിരംകാൽ മണ്ഡപത്തിൽ തന്നെ കഴിച്ചുകൂട്ടിയ രമണൻ പിന്നീട് പാതാളലിംഗം പ്രതിഷ്ഠിച്ചിരുന്ന ഭൂഗർഭ അറയിലേക്കു മാറി. ഇവിടെ കുറേനാൾ  ഏകാന്തധ്യാനത്തിലിരുന്നു. ഉറുമ്പുകളും പ്രാണികളും ശരീരമാകെ കടിച്ചു പുണ്ണാക്കിയതൊന്നും അദ്ദേഹം അറിഞ്ഞതേയില്ല. ആറാഴ്ചകൾ കടന്നുപോയി. ഇതിനിടെ പരിസരവാസിയായ ശേഷാദ്രിസ്വാമി എന്ന സന്യാസി യദൃച്ഛയാ അതുവഴി വന്നു. ഗുഹയിൽ ധ്യാനനിരതനായി ഇരിക്കുന്ന യുവാവിനെക്കണ്ട് അമ്പരന്നുപോയ അദ്ദേഹം അല്പപ്രാണനായി കാണപ്പെട്ട യോഗിയെ വിളിച്ചുണർത്തി. കുളിപ്പിച്ചു ഭക്ഷണം നൽകി. ശേഷാദ്രി സ്വാമിയോടൊപ്പം രമണൻ  സുബ്രഹ്മണ്യ ക്ഷേത്രത്തിൽ തങ്ങി. വീണ്ടും അദ്ദേഹം ധ്യാനാവസ്ഥയിലിരുന്നു. ഈ അവസ്ഥയിൽ ശേഷാദ്രിസ്വാമി ഊട്ടിയതും ശരീരശുദ്ധിവരുത്തിയതുമൊന്നും രമണൻ അറിഞ്ഞതേയില്ല. ഇപ്രകാരം ആറുമാസം കടന്നുപോയി. രമണൻ തിരുവണ്ണാമലൈ യിൽനിന്ന് ഒരുനാഴികമാറി സ്ഥിതിചെയ്യുന്ന ഗുരുമൂർത്തം ക്ഷേത്രത്തിലെത്തി. തിരുവണ്ണാമലൈയിൽ നിന്നു വന്ന യുവയോഗിയെ കാണാൻ പഴനിസ്വാമി എന്ന ഒരു സന്യാസി ഗുരുമൂർത്തം ക്ഷേത്രത്തി ലെത്തി. ആദ്യത്തെ കൂടിക്കാഴ്ചയിൽ തന്നെ രമണന്റെ ആദ്ധ്യാത്മിക പ്രഭാവം പഴനിസ്വാമിയെ സ്വാധീനിച്ചു. ആ നിമിഷംമുതൽ പഴനിസ്വാമി രമണന്റെ അനുയായിയും സന്തതസഹചാരിയു മായിത്തീർന്നു. വിരൂപാക്ഷഗുഹയിലേക്കു മാറിയപ്പോഴും അവിടെ നിന്നു സ്കന്ധാശ്രമം ഗുഹയിലേക്കു മാറിയപ്പോഴുമെല്ലാം ഒരു നിഴൽപോലെ കൂടെ നിന്ന് പഴനിസ്വാമി ഗുരുവിനെ പരിരക്ഷിച്ചു. നിത്യവും ഭിക്ഷയെടുത്ത് അന്നം കൊണ്ടുവന്ന്, അതുപാകം ചെയ്ത് ഗുരുവിന്റെയും തന്റെയും വിശപ്പടക്കി.

1898-ൽ രമണൻ ഗുരുമൂർത്തം ക്ഷേത്രത്തോടു ചേർന്നുള്ള മാന്തോപ്പിലേക്കു താമസം മാറി. അപ്പോഴേക്കും രമണൻ തികച്ചും മൗനിയായിക്കഴിഞ്ഞിരുന്നു. ഏകാന്തധ്യാനവും മൗനപ്രാർത്ഥനയുമായി അദ്ദേഹം ചുറ്റുപാടുകളെ തീർത്തും വിസ്മരിച്ചു കൊണ്ടുള്ള ഒരു തപസ്സിൽ മുഴുകി. ഉറുമ്പുകളുടെ ആക്രമണം അദ്ദേഹം അറിഞ്ഞതുപോലുമില്ല. മൗനയോഗിയെക്കുറിച്ചു കേട്ടവർ കേട്ടവർ മാന്തോപ്പിലേക്കു പ്രവഹിച്ചു. പലരും അദ്ദേഹത്തിനു ഭിക്ഷയർപ്പിച്ചു.  ചിലർ അദ്ദേഹത്തിനു ചുറ്റുമിരുന്ന് കീർത്തനങ്ങളാലപിച്ചു. ഭക്തരുടെ ഉത്സാഹത്തിൽ യോഗിയുടെ ഇരിപ്പിടത്തിനു ചുറ്റും ഒരു മുളവേലി ഉയർന്നു. അനുയായികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവന്നു.

ഇതിനിടെ നാട്ടിൽ വിവരമറിഞ്ഞു. മാതുലനായ നെല്ലിയപ്പയ്യർ തിരുവണ്ണാ മലൈയിലേക്കു കുതിച്ചു. അനന്തരവന്റെ മെലിഞ്ഞുണങ്ങിയ ശരീരവും മൗനപ്രകൃതവും കണ്ടു മനംനൊന്ത മാതുലൻ തന്റെയൊപ്പം നാട്ടിലേക്കു മടങ്ങാൻ രമണനെ നിർബന്ധിച്ചു. രമണനാകട്ടെ ഒരിമപോലും ചലിപ്പിക്കാതെ തന്റെ ഏകാന്തധ്യാനം തുടർന്നു. നിർബന്ധിച്ചതു കൊണ്ടു കാര്യമില്ലെന്നു മനസ്സിലായ നെല്ലിയപ്പയ്യർ നിരാശനായി മടങ്ങി. ഏതാനും നാൾ കഴിഞ്ഞപ്പോൾ രമണൻ അരുണാചലത്തിന്റെ ചെരുവുകളിലുള്ള പാവലക്കുന്നു ശിവക്ഷേത്രത്തിലേക്കു മാറി. പക്ഷെ അതു കൊണ്ടും പ്രയോജനമുണ്ടായില്ല. ഒന്നുരണ്ടു മാസങ്ങൾക്കകം അമ്മയും സഹോദരനായ നാഗസ്വാമിയും പാവലക്കുന്നിലെത്തി. പുത്രന്റെ പട്ടിണിക്കോലം കണ്ട് അമ്മ വാവിട്ടു കരഞ്ഞു. അനുയായികളോട് ആവലാതി പറഞ്ഞു. തന്റെ കൂടെ നാട്ടിലേക്കു മടങ്ങിയേ തീരു എന്ന് അവർ മകനെ നിർബന്ധിച്ചു.  തീരെ നിവൃത്തിയില്ലാതെ വന്നപ്പോൾ രമണൻ ഒരു കടലാസെടുത്ത് അതിൽ ഇപ്രകാരം കുറിച്ചു. 'അമ്മയുടെ മകൻ ഇപ്പോൾ സർവ്വസംഗപരിത്യാഗിയാണ്. ലൗകിക വ്യാപാരങ്ങളിൽ എനിക്കശേഷം താൽപര്യമില്ല.  ആരു ശ്രമിച്ചാലും എത്ര ശ്രമിച്ചാലും വിധിയെ വെല്ലാനാവില്ലല്ലോ. അതിനാൽ ദയവുചെയ്ത് എന്നെ സ്വതന്ത്ര നായിരിക്കാൻ അനുവദിക്കണം.!' കുറിപ്പുവായിച്ച് അമ്മ വീണ്ടും കണ്ണീരൊഴുക്കി. എന്നിട്ടും രമണൻ മൗനം ഭഞ്ജിച്ചില്ല. നിരാശ യോടെ മാതാവ് നാട്ടിലേക്കു മടങ്ങി.

രമണൻ മലഞ്ചെരിവിനോടു വിടപറഞ്ഞ് നേരെ മലകയറി. തുടർന്ന് അരുണാചല ത്തിനുമേലായി സ്ഥിരവാസം. ആദ്യം സദ്ഗുരുഗുഹയിലും പിന്നീട് ഗുരുനമ:ശിവായ ഗുഹയിലും താമസിച്ചശേഷം വിരൂപാക്ഷ ഗുഹയി ലേക്കുമാറി. നാട്ടിൽ പ്ലേഗ് പടർന്നു പിടിച്ചപ്പോൾ ആറുമാസത്തേക്ക് പച്ചൈയമ്മൻ കോവിലിൽ താമസിച്ചതൊഴിച്ചാൽ നീണ്ട പതിനേഴുവർഷക്കാലം അദ്ദേഹം വിരൂപാക്ഷഗുഹയിൽ തന്നെ കഴിച്ചുകൂട്ടി.





ഇതിനിടെ അദ്ദേഹം രമണമഹർഷി എന്നറിയപ്പെടാൻ തുടങ്ങിയിരുന്നു.എ.ഡി. 1902 ൽ ശിവപ്രകാശം എന്നു പേരുള്ള ഒരു സർക്കാരുദ്യോഗസ്ഥൻ യുവാവായ രമണമഹർഷിയെ സമീപിച്ചു. പരമാത്മ-ജീവാത്മാ ബന്ധത്തെ സംബന്ധിച്ചുള്ള പതിനാലു ചോദ്യങ്ങൾക്കുള്ള ഉത്തരം തേടിയാണ് അദ്ദേഹം എത്തിയത്. ഇതിനോടകം മൗനം വെടിഞ്ഞിരുന്ന രമണമഹർഷി ഈ പതിനാലു ചോദ്യങ്ങൾക്കും പ്രസക്തമായ മറുപടികൾ നൽകി. ആത്മാന്വേഷണത്തെ അധികരിച്ചുള്ള ഈ മറുപടികളാണ് രമണമഹർഷിയുടെ പ്രഥമോപദേശം. 'നാൻ യാർ' എന്ന പേരിൽ തമിഴിലും 'ഹു ആം ഐ' എന്ന പേരിൽ ഇംഗ്ലീഷിലും ഈ ഉപദേശങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു.

ദിവസം ചെല്ലുംതോറും രമണമഹർഷിയുടെ പ്രശസ്തി ഏറിയേറിവന്നു. 1907-ൽ  പണ്ഡിതവരേണ്യനായ കാവ്യകാന്തശ്രീ ഗണപതിശാസ്ത്രി അരുണാചലത്തിലെത്തി രമണമഹർഷിയെ കണ്ടുവന്ദിക്കുകയും ഉപദേശങ്ങൾ ശ്രവിക്കയും ചെയ്തു. ഈ അഭിമുഖത്തിനൊടുവിൽ അദ്ദേഹം രമണമഹർഷിയെ ഭഗവാൻ ശ്രീ രമണമഹർഷി എന്നു സംബോധനചെയ്തു. അന്നു മുതൽ വെങ്കട്ടരമണൻ എന്ന യുവയോഗി ഭഗവാൻ ശ്രീ രമണമഹർഷി എന്ന ദിവ്യനാമത്തിൽ അറിയപ്പെട്ടു.

ബ്രിട്ടീഷുകാരായ അനവധിപേർ രമണമഹർഷിയുടെ അനുയായികളായി. അദ്ദേഹത്തിന്റെ സുഭാഷിതങ്ങൾക്കായി അവർ മുടങ്ങാതെ അരുണാചലം സന്ദർശിച്ചു.

1916-ൽ മാതാവായ അളഗമ്മാളും സഹോദരനായ നാഗസുന്ദരവും തിരുവണ്ണാമലൈയിലെത്തി സന്യാസജീവിതം നയിക്കാൻ തുടങ്ങി. രമണ മഹർഷിയുടെ ആശ്രമത്തിലെ ചുമതലകൾ അവർ ഏറ്റെടുത്തു. അടുക്കളയിലെ കാര്യങ്ങൾക്കെല്ലാം മാതാവ് മേൽ നോട്ടം വഹിച്ചു. സഹോദരനായ നാഗസുന്ദരം ചിന്നസ്വാമി എന്നറിയപ്പെട്ടു. ഈ കാലഘട്ടത്തിലാണ് രമണമഹർഷി 'അരുണാചലമാഹാത്മ്യം' എന്ന കൃതി രചിച്ചത്. 1922-ൽ മാതാവ് ശയ്യാവലംബിയായിത്തീർന്നു. രമണമഹർഷി മാതാവിന്റെ അരികിൽനിന്നു മാറിയില്ല. പുത്രന്റെ ശുശ്രൂഷകളനുഭവിച്ച് ശാന്തചിത്തയായി അളഗമ്മാൾ ഈശ്വരപാദം പൂകി. രമണമഹർഷി മാതാവിനെ സമാധിയടക്കി ആ സ്ഥാനത്ത് ഒരു ശിവലിംഗം പ്രതിഷ്ഠിച്ചു. ഇവിടെ ശിവപെരുമാൾ മാതൃഭൂതേശ്വരൻ എന്നറിയപ്പെട്ടു. ഈ സ്ഥാനത്ത് പിന്നീട് ഒരാശ്രമമുയർന്നു. ഈ ആശ്രമം രമണാശ്രമം എന്നറിയപ്പെട്ടു. ചുരുങ്ങിയകാലംകൊണ്ട് ആശ്രമം വളർന്നു. അനുയായികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായി. ലോകമെമ്പാടും രമണമഹർഷിക്ക് ശിഷ്യന്മാരുണ്ടായി. 1934-ൽ രമണമഹർഷിയെ സന്ദർശിച്ച പോൾബ്രണ്ടൻ ഇന്ത്യയുടെ ആദ്ധ്യാത്മികാചാര്യൻ എന്നാണ് അദ്ദേഹത്തെ ആദരപൂർവ്വം വിശേഷിപ്പിച്ചത്.

ഹെൻറി കാർടിയർ ബ്രെസ്സൺ എന്ന ഫ്രഞ്ച് ഫോട്ടോഗ്രാഫർ, രമണാശ്രമത്തിൽ വെച്ചു തനിക്കുണ്ടായ ആത്മീയദർശനത്തെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്.

പരമഹംസയോഗാനന്ദ, സോമർസെറ്റ്മോം, മെർസിഡെസ് ഡി അകോസ്റ്റ, ആർതർ ഒസ്ബോർൺ തുടങ്ങിയ ഒട്ടേറെ പ്രമുഖർ രമണാശ്രമത്തിലെ നിത്യസന്ദർശകരായിരുന്നു. മൗനപ്രാർത്ഥന, ഏകാന്തധ്യാനം, ഉപവാസം മുതലായ ചര്യകളിലൂന്നിയ സന്യാസജീവിതത്തിലൂടെ രമണമഹർഷി അതീന്ദ്രിയ ലോകത്തെ ആത്മീയ സത്യങ്ങളെ സ്വാംശീകരിച്ചു. 1940-കളിൽ രമണമഹർഷിയുടെ ഏറ്റവുമടുത്ത അനുയായികളായ എച്ചമ്മ, മാധവസ്വാമി, രാമനാഥ ബ്രഹ്മചാരി, മുതലിയാർ മുത്തശ്ശി, ലക്ഷ്മി തുടങ്ങിയവർ ഓരോരുത്തരായി ഇഹലോകവാസം വെടിഞ്ഞു. നാൽപതുകളുടെ ഉത്തരാർദ്ധത്തിൽ രമണാശ്രമം 'മൗണ്ടൻപാത്ത്' എന്ന ഒരു മാസിക പ്രസിദ്ധീകരിച്ചു. ഇതിന്റെ പ്രഥമ എഡിറ്റർ ആർതർ ഒസ്ബോർൺ എന്ന വിദേശിയായിരുന്നു.വിധിവിഹിതം ആർക്കാണു ലംഘിക്കാനാവുക! രമണമഹർഷി ക്യാൻസർബാധിതനായി. ശസ്ത്രക്രിയകൾ ക്കൊന്നും അദ്ദേഹത്തെ സുഖപ്പെടുത്താ നായില്ല. സ്വന്തം ദിവ്യശക്തി സാധകമാക്കി രോഗം സുഖപ്പെടുത്തണമെന്ന് അനുയായി കൾ അഭ്യർത്ഥിച്ചു. 'ശരീരത്തെ ചൊല്ലി ഇത്രത്തോളം വ്യാകുലപ്പെടരുത്' എന്നായിരുന്നു രമണമഹർഷിയുടെ മറുപടി. രോഗം അനുദിനം വഷളായിക്കൊണ്ടിരുന്നു. 1950 ഏപ്രിൽ പതിനാലാം തീയതി! രമണ മഹർഷി തീർത്തും അവശനായി. അനുയായികൾ അദ്ദേഹത്തിനു ചുററുമിരുന്ന് 'അരുണാചലശിവ' എന്ന നാമം ജപിക്കാൻ  തുടങ്ങി. അതുകേൾക്കെ അദ്ദേഹത്തിന്റെ മുഖത്ത് അതിദിവ്യമായ ഒരു തേജസ്സു കാണപ്പെട്ടു. കണ്ണിൽ നിന്ന് ധാരധാരയായി കണ്ണീർ പ്രവാഹം തുടങ്ങി. ശിഷ്യനായ സ്വാമി സത്യാനന്ദ, ഗുരുവിന് ഇഞ്ചിയിട്ടു തിളപ്പിച്ച വെള്ളം നൽകി. അല്പം കഴിഞ്ഞപ്പോൾ രമണമഹർഷിക്ക് ശ്വാസതടസ്സം അനുഭവപ്പെട്ടു. ശിഷ്യന്മാർ ഗുരുവിന് കൃത്രിമ ശ്വാസോച്ഛ്വാസം നൽകാനുള്ള ഏർപ്പാടുകൾ ചെയ്തു. എന്നാൽ അദ്ദേഹം വഴങ്ങിയില്ല. സമയം ഇഴഞ്ഞുനീങ്ങി. ആശ്രമത്തിനകത്തും പരിസരത്തും പഞ്ചാക്ഷരമന്ത്രം മുഴങ്ങി. സൂര്യാസ്തമനം പതിവിലും നേരത്തെയായി. രാത്രി എട്ടേമുക്കാലോടെ, സ്വദേശികളും വിദേശികളുമടക്കം ലക്ഷക്കണക്കിന് ആരാധകരെ തന്റെ അതിവിശിഷ്ടമായ വ്യക്തിത്വംകൊണ്ട് ആകർഷിച്ച ഭഗവാൻ ശ്രീ രമണമഹർഷി സ്വർഗം പൂകി. ആറുപതിറ്റാണ്ടുകൾക്കു ശേഷവും അദ്ദേഹത്തിന്റെ ദർശനങ്ങൾ മനുഷ്യമനസ്സുകൾക്ക് പ്രചോദനവും ആശ്വാസവും പകരുന്നു.

***ശ്രീമതി. ശ്രീകുമാരി രാമചന്ദ്രന്റെ 'ഭാരതത്തിലെ ഋഷികവികൾ' എന്ന ലേഖന പരമ്പര പുസ്തക രൂപത്തിൽ മാതൃഭൂമി ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.***

ക്ഷേത്രങ്ങളിലൂടെ - തുടർച്ച

# ശ്രീ യജ്ഞേശ്വരം ക്ഷേത്രം



ഇന്ദിരാഭായി (ഫോൺ: 80785 52892)

ഭാരതത്തിന്റെ സംസ്കാരം യജ്ഞ സംസ്കാരമാണ്. ലോകത്തിനു മുഴുവൻ ശരിയായ മാർഗ്ഗ ദർശനം നൽകുവാൻ കഴിവുള്ള മഹനീയ സംസ്കാരമാണ് ഭാരതീയ സംസ്കാരം. ഓരോ ഭാരതീയനും യജ്ഞസംസ്കാരത്തിന്റെ കണ്ണികളുമാണ്. കണ്ണിനുമുന്നിൽ കാണുന്നതും കണ്ണുകെട്ടിമറക്കപ്പെട്ടതുമായ നിരവധി കാഴ്ചകൾ കൊണ്ട് നിറഞ്ഞ ഒരു സാംസ്കാരിക ചരിത്ര പശ്ചാത്തലമാണ് നമ്മുടേത്. യജ്ഞഭൂമിയാണ് ഭാരതം. കാഴ്ചകളുടെ സമൃദ്ധിയാണ് ഭാരതഭൂമിയുടെ സൗന്ദര്യം. ഋഷീശ്വരന്മാരുടെ മഹായജ്ഞങ്ങളാൽ പവിത്രമാക്കപ്പെട്ട ഭാരതഭൂമി പുണ്യഭൂമി തന്നെയാണ്.യജ്ഞം എന്നു കേൾക്കുമ്പോൾ തന്നെ ഭക്തിയുടെ ഒരു സ്പർശം നമുക്കനുഭവപ്പെടും. പ്രപഞ്ചതാളക്രമങ്ങളുടെ നിയന്ത്രണത്തിന് യജ്ഞസംസ്കാരം അനിവാര്യമാണ്. വേദങ്ങളുടേയും ഉപനിഷത്തുക്കളുടേയും ശാസ്ത്രീയസത്യങ്ങളും സനാതന സംസ്കാരത്തിന്റെ പവിത്രതയും സംയോജിപ്പിച്ചാണ് ക്ഷേത്രാചാരങ്ങളും ആരാധനക്രമങ്ങളും ഉണ്ടാക്കിയിട്ടുള്ളത്. തലമുറകളായി നമുക്ക് പകർന്ന് കിട്ടിയിട്ടുള്ള പല ആചാരങ്ങളും വിശ്വാസങ്ങളും വെറും സങ്കല്പങ്ങൾ മാത്രമല്ല അവയ്ക്ക് ശാസ്ത്രീയ അടിത്തറയും ഉള്ളവയാണ് എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

വൈജ്ഞാനിക ശാസ്ത്രശാഖകളിൽ അഗ്രഗണ്യരായിരുന്ന ഒൻപതുപേർ വിക്രമാദിത്യ മഹാരാജാവിന്റെ രാജസദസ്സിലുണ്ടായിരുന്നു. വിക്രമാദിത്യ രാജസദസ്സിനെ അലങ്കരിച്ചിരുന്ന ഇവരെ നവരത്നങ്ങൾ എന്നു വിളിച്ചിരുന്നു.നവരത്നങ്ങളിൽ ഒരാളായിരുന്നു വരരുചി, വിക്രമാദിത്യ മഹാരാജാവിന്റെ അർദ്ധസഹോദരനും വൈയാകരണനും ജ്യോതിശാസ്ത്രപണ്ഡിതനുമായിരുന്നു. ജ്യോതിശാസ്ത്രപണ്ഡിതനായിരുന്ന വരരുചി തന്റെ ഭാവിഫലം മനസ്സിലാക്കിയിരുന്നു. തനിക്ക് അംഗീകരിക്കാൻ താല്പര്യമില്ലാത്ത പലതും തന്റെ ജീവിതത്തിൽ സംഭവിക്കും എന്ന് മനസ്സിലാക്കിയ വരരുചി അവയിൽ നിന്ന് രക്ഷനേടുവാനും തന്റെ ജാതകഫലത്തെ തിരുത്തുവാനും പലവിധ ശ്രമങ്ങളും നടത്തുകയും ചെയ്തു. വിധിയെന്ന ഓമനപ്പേരിൽ നാം പറയപ്പെടുന്ന ജാതകഫലത്തെ എത്ര പണ്ഡിതനായാലും മാറ്റിയെഴുതാൻ സാധ്യമല്ല. അതനുഭവിച്ചു തന്നെ ജീവിച്ചേ മതിയാകു എന്ന പരമാർത്ഥം വരരുചിക്ക് അംഗീകരിക്കേണ്ടി വന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലൂടെ അത് തെളിയിക്കപ്പെടുകയും ചെയ്തു. വരരുചിയുടെ ജാതക ഫലമായി ഭാരതപ്പുഴയുടെ തീരങ്ങൾക്ക് സ്വന്തമായി ഒരു സംസ്കാരം തന്നെ ഉണ്ടാവുകയും ചെയ്തു വരരുചിയുടേയും പഞ്ചമിയുടേയും കഥകൾ നിളയുടെ തീരങ്ങൾ അടയാളങ്ങൾ സഹിതം ഇന്നും ഓർമ്മയിൽ സൂക്ഷിക്കുന്നു. നിളാതീരങ്ങളിൽ വേരുകളുള്ള ഈ കഥകളെ ലോകം പന്തിരുകുല ചരിത്ര കഥകളായി അറിയപ്പെടുന്നു. ഒരു നാടിന്റെ സംസ്കാരത്തെ തന്നെ മാറ്റിമറിച്ച കഥകളിലെ പഞ്ചമിയും വരരുചിയും അവരുടെ പന്ത്രണ്ട് മക്കളും അവരിലൂടെ അവരുടെ പിൻഗാമികളും ചരിത്രത്തിന്റെ ഭാഗമായി ഇന്നും ജീവിക്കുന്നു. നേരിന്റെ പാതകളിലുള്ള കാഴ്ചകളിൽ നിന്നും മുഖം തിരിക്കലിന്റെ ചില കാഴ്ചകൾ എത്ര മായിക്കാൻ ശ്രമിച്ചാലും സാധിക്കാതെ അവശേഷിക്കും അങ്ങനെയുള്ള ചില കാഴ്ചകൾ ചരിത്രത്തിന്റെ ശ്രേഷ്ഠമായ പാരമ്പര്യത്തെ വരച്ചുകാട്ടുന്നവയാണ്.കാലത്തിന്റെ കയ്യൊപ്പുകളായ കാഴ്ചകൾ എന്നു നമുക്കവയെ വിശേഷിപ്പിക്കാം. വരരുചിയുടേയും പഞ്ചമിയുടേയും പന്ത്രണ്ടു മക്കളിൽ പ്രഥമപുത്രനായിരുന്ന ബ്രഹ്മദത്തൻ. വരരുചിയുടെ കല്പനപ്രകാരം പഞ്ചമി നിളാനദീതീരത്തുപേക്ഷിച്ച ശിശുവിനെ വേമഞ്ചേരിമനയിലെ അന്തർജ്ജനം എടുത്ത് വളർത്തി.വളരെ ചെറുപ്രായത്തിൽ തന്നെ ആ കുട്ടിയിൽ ഒരു ദിവ്യതേജസ്സ് പ്രകടമായിരുന്നു. കാഞ്ചീപുരത്തുനിന്നും വേദാദ്ധ്യയനം പൂർത്തിയാക്കിയ ബ്രഹ്മദത്തൻ വൈദിക സംസ്കാരത്തെ തിരികെ കൊണ്ടുവരുവാൻ നേതൃത്വം നൽകുകയും ചെയ്തു.





കേരളത്തിന്റെ യജ്ഞസംസ്കാരം ഹരിശ്രീകുറിച്ച മനയാണ്, ബ്രഹ്മദത്തനെന്ന അഗ്നിഹോത്രിയുടെ ഇല്ലമായ വേമഞ്ചേരിമന.

ബുദ്ധജൈനസംസ്കാരങ്ങളുടെ വ്യാപനം മൂലം യജ്ഞസംസ്കാരം ഇല്ലാതായകാലത്തായിരുന്നു അഗ്നിഹോത്രി യജ്ഞസംസ്കാരത്തെ പുനരുദ്ധരിക്കുവാൻ നിശ്ചയിച്ചത്. യജ്ഞസംസ്കാരത്തിന്റെ തിരിച്ചുവരവിന്റെ കഥകളുറങ്ങുന്ന ഒരു പുണ്യഭൂമിയാണ് യജ്ഞേശ്വരം. സത്യത്തിന്റെ കഥകളെ എഴുതിച്ചേർക്കാൻ ഭക്തിയും സംസ്കാരവും സംസ്കൃതിയും നിറഞ്ഞ ഒരു പാരമ്പര്യത്തെ വരച്ചുകാട്ടുന്ന നേർകാഴ്ചയാണ് യജ്ഞേശ്വരം. ഒരു മനുഷ്യായുസ്സിന്റെ വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽ 34 വയസ്സിനുള്ളിൽ പ്രപഞ്ചത്തിലെ സകല ചരാചരങ്ങൾക്കുമായി ഒരു മഹത്തായ സംസ്കാരത്തെ പ്രദാനം ചെയ്ത പുണ്യാത്മാവായിരുന്നു ബ്രഹ്മദത്തനെന്ന അഗ്നിഹോത്രി. അദ്ദേഹം നൽകിയ യജ്ഞസംസ്കാരത്തിന്റെ മൂല്യങ്ങൾ വിലമതിക്കാനാവാത്തവയാണ്. യജ്ഞസംസ്കാര ചരിത്രസ്മരണകളുടെ ഇന്നും ജീവിക്കുന്ന ചില പ്രതീകങ്ങളാണ് യജ്ഞേശ്വരത്തെ പവിത്രതയെ കാത്തു രക്ഷിക്കുന്നത്. പൂർവ്വികരായ പുണ്യാത്മാക്കളുടെ അനുഗ്രഹത്താൽ അവയൊക്കെ പാടെ നശിക്കാതെ ഇന്നും നില്ക്കുന്നു എന്നു തന്നെ പറയാം. ജീവിതത്തിൽ കഷ്ടപ്പാടുകളും ദുരിതങ്ങളും ഉണ്ടാകുമ്പോൾ കാലക്കേടെന്നും കഷ്ടകാലമെന്നും ശനിദശയെന്നും ഒക്കെ മനുഷ്യർ പറയാറുണ്ട്. അതുപോലെ കഷ്ടകാലം ബാധിച്ച പല ക്ഷേത്രങ്ങളേയും പല സ്ഥലങ്ങളിലും കാണാറുണ്ട്. ഇങ്ങനെയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന മനുഷ്യരും വളരെയധികം കഷ്ടപ്പെടുന്നതായി കാണാം. പൂർവ്വികരായ മഹാത്മാക്കൾ മനുഷ്യനന്മക്കായി നൽകിയിട്ടുള്ള ആചാരാനുഷ്ഠാനങ്ങളെ കാത്തുസൂക്ഷിച്ചാൽ മാത്രമേ ഇത്തരം വിപത്തുക്കളിൽ നിന്നും മോചനം നേടാൻ കഴിയുകയുള്ളു.

യജ്ഞസംസ്കാരം ഇല്ലാതായകാലത്ത് അഗ്നിഹോത്രി 100 യാഗങ്ങൾ നടത്തുവാൻ നിശ്ചയിച്ചു. നൂറുയാഗങ്ങൾ നടത്തുന്ന പുരുഷൻ ഇന്ദ്രപദത്തിനർഹനാകും എന്നാണ് വിശ്വാസം. 32 നമ്പൂതിരിമനകളിൽ 7 മനക്കാർ മാത്രമാണ് യജ്ഞം നടത്തുന്നതിന് അഗ്നിഹോത്രിയോട് സഹകരിച്ചിരുന്നത്. അഗ്നിഹോത്രി യാഗങ്ങൾ ആരംഭിച്ചു. 99–ാം യാഗം നടക്കുന്ന സമയം ദേവേന്ദ്രൻ അഗ്നിഹോത്രിയുടെ യാഗശാലയിലെത്തി 100–ാം യാഗത്തിൽ നിന്നും പിന്തിരിയണമെന്ന് അഗ്നിഗോത്രിയോടാവശ്യപ്പെട്ടു. താൻ യാഗം നടത്തുന്നത് ഇന്ദ്രപദത്തിന് വേണ്ടിയല്ലെന്നും യജ്ഞസംസ്കാരത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടിയാണെന്നും അതിനാൽ യജ്ഞം നടത്താതിരിക്കാൻ സാധിക്കില്ല എന്നും അഗ്നിഹോത്രി ദേവേന്ദ്രനെ അറിയിച്ചു. 100-ാം യാഗത്തിൽ നിന്നും പിന്മാറിയാലും 100 യാഗങ്ങളുടെ ഫലം നൽകാമെന്നും ദേവേന്ദ്രൻ അരുളിചെയ്തു. 99-ാം യാഗം സമാപിക്കുന്ന ദിവസം ദേവേന്ദ്രൻ ആവശ്യപ്പെട്ടിട്ടും യാഗത്തിൽ നിന്നും പിൻമാറാതിരുന്ന അഗ്നിഹോത്രിയുടെ യാഗാഗ്നിയിൽ മഹാവിഷ്ണുവും പരമശിവനും പ്രത്യക്ഷപ്പെട്ടു. അഗ്നിഹോത്രി തന്റെ യാഗം മുടക്കരുതേ എന്ന് ഭഗവാനോടപേക്ഷിച്ചു. ഭഗവാൻ മഹാവിഷ്ണു 100-ാം യാഗം നടത്താതെ തന്നെ 100 യാഗങ്ങളുടെ ഫലം ലഭിക്കുമെന്ന് അഗ്നിഹോത്രിയെ അനുഗ്രഹിച്ചു. 100 യാഗങ്ങളുടെ ഫലം തനിക്കു മാത്രമല്ല തന്നോടൊപ്പംസഹകരിച്ച 7 മനകളിലുള്ളവർക്കും അവരുടെ പിൻഗാമികൾക്കും നൽകണമെന്ന് അഗ്നിഹോത്രി ഭഗവാനോടപേക്ഷിക്കുകയും ഭഗവാൻ അദ്ദേഹത്തിന്റെ അപേക്ഷ അംഗീകരിക്കുകയും അദ്ദേഹത്തെ അനുഗ്രഹിക്കുകയും ചെയ്തു. 100-ാം യാഗത്തിൽ നിന്നും പിൻതിരിയേണ്ടി വന്നതിനാൽ അഗ്നിഹോത്രിക്കും 7 മനക്കാർക്കും മാറ്റ്യേൻ എന്ന സ്ഥാനപ്പേരും ഉണ്ടായി. ഒന്നുകുറയെ 100 യാഗം ചെയ്തയാൾ എന്ന അർത്ഥത്തിൽ ഏകോതശതാകതു എന്ന ബിരുദവും അദ്ദേഹം നേടി..അഗ്നിഹോത്രിയോടൊപ്പം യാഗത്തിൽ സഹകരിച്ച 7 മനക്കാർക്കാണ് ഇന്നും സോമയാഗം നടത്തുവാൻ അവകാശമുള്ളത്.

അഗ്നിഹോത്രിയുടെ യാഗശാലയിൽ ഭഗവാൻ മഹാവിഷ്ണു പ്രത്യക്ഷപ്പെട്ട സമയം യാഗശാലയിൽ നിന്നും അധികം ദൂരത്തല്ലാതെ നിൽക്കുന്ന ഒരു ആൽമരത്തിന്റെ മുകളിൽ ഉപനയനം കഴിഞ്ഞ ഒരു ചെറിയകുട്ടി പ്രത്യക്ഷപ്പെട്ടു. ആൽമരത്തിൽ നിന്നും താഴെയിറങ്ങുവാൻ ആളുകൾ പറഞ്ഞിട്ടും ആ ഉണ്ണി കൂട്ടാക്കിയില്ല. യാഗം കഴിയുവോളം മരക്കൊമ്പിൽ തന്നെ ഇരുന്നു യാഗം വീക്ഷിച്ചുകൊണ്ടിരുന്നു. യാഗം കഴിഞ്ഞതും ഉണ്ണി അപ്രത്യക്ഷനാകുകയും ചെയ്തു. ഉണ്ണിനമ്പൂതിരിയുടെ വേഷത്തിൽ ആൽമരക്കൊമ്പിലിരുന്ന് യാഗം വീക്ഷിച്ചിരുന്നത് ദേവേന്ദ്രനായിരുന്നു അഗ്നിഹോത്രിയുടെ യാഗശാലക്കടുത്തായി വിശാലമായ പാടത്തിന്റെ നടുവിൽ ഒരു ചെറിയ ആൽമരം ഇന്നും കാണാം. ഈ ആൽമരത്തിന് ഒരു പ്രത്യേക ഭംഗിയാണ്. വളരെയധികം പ്രായമുണ്ടെങ്കിലും ഈ ആൽമരത്തിന് പ്രായത്തിനനുസരിച്ചുള്ള വളർച്ചയില്ല. ദേവേന്ദ്രൻ ഉണ്ണിനമ്പൂതിരിയുടെ വേഷത്തിൽ ഈ ആൽമര

ക്കൊമ്പിലിരുന്നാണ് യാഗം വീക്ഷിച്ചത് എന്നാണ് വിശ്വാസം. ഉണ്ണി വന്നിരുന്ന ആൽ ഇന്നും ഉണ്ണിയാലായി തന്നെ നില്ക്കുന്നു. ഇത് ഉണ്ണിയാൽ എന്ന് അറിയപ്പെടുന്നു.

അഗ്നിഹോത്രിയുടെ യജ്ഞശാലയാണ് യജ്ഞേശ്വരം എന്നറിയപ്പെടുന്നത്. അഗ്നിഹോത്രി 99 യാഗങ്ങൾ നടത്തുകയും അദ്ദേഹവും അദ്ദേഹത്തോടൊപ്പം സഹകരിച്ച 7 മനയിലുള്ളവരും അവരുടെ പിൻഗാമികളും 100 യാഗങ്ങളുടെ ഫലം നേടുകയും ചെയ്തു. യജ്ഞേശ്വരമെന്ന പവിത്രമായ യജ്ഞഭൂമിയെ നമുക്കൊന്നു കണ്ടു നോക്കാം. യജ്ഞേശ്വരം ക്ഷേത്രം ഇവിടെ സ്ഥാപിതമാകുന്നതിന് കാരണക്കാരനായ അഗ്നിഹോത്രിയെന്ന ആ പുണ്യാത്മാവിന്റെ തൃപാദങ്ങളെ മനസ്സാ സ്മരിച്ചുകൊണ്ട് നമുക്ക് യജ്ഞേശ്വരം ക്ഷേത്രാങ്കണത്തിലേക്കു കടക്കാം. പാലക്കാടുജില്ലയിലെ തൃത്താലയിൽ വെള്ളിയാങ്കല്ല് എന്ന സ്ഥലത്തു സ്ഥിതി ചെയ്യുന്ന ഒരു ശിവവിഷ്ണുക്ഷേത്രമാണ് യജ്ഞേശ്വരം. അഗ്നിഹോത്രിയുടെ യാഗാഗ്നിയിൽ പ്രത്യക്ഷപ്പെട്ട വിഷ്ണു ചൈതന്യവും ശിവചൈതന്യവുമാണ് ഇവിടെ കുടികൊള്ളുന്നത്. കാടുപിടിച്ച് കിടക്കുന്ന വിശാലമായ പറമ്പിനു നടുവിൽ യജ്ഞേശ്വരം ക്ഷേത്രം സ്ഥിതിചെയ്യുന്നു. യഥേഷ്ടം പടർന്നു പന്തലിച്ചു കിടക്കുന്ന കാടിനെ തഴുകി വേണം യജ്ഞേശ്വരം ക്ഷേത്രാങ്കണത്തിലേക്കു കടക്കുവാൻ. ക്ഷേത്രാങ്കണത്തിലെത്തിയാൽ ബലിക്കല്ലാണ് ആദ്യം കാണുക. ഈ ബലിക്കല്ലിന് ബലിക്കൽപ്പുര ഇല്ല. സാധാരണയായി പലക്ഷേത്രങ്ങളിലും പല വലുപ്പത്തിലുമുള്ള ബലിക്കല്ലുകൾ കാണാറുണ്ട്. എന്നാൽ ഇവിടെ കാണുന്ന ബലിക്കല്ലിന് വലിപ്പം കുറവാണ് എങ്കിലും വളരെയധികം പ്രത്യേകതകളും അസാധാരണ ഭംഗിയുമുള്ള ശില്പവേലകളാൽ അലംകൃതവുമാണ്. ഈ ബലിക്കല്ലിന്റെ നാലുവശങ്ങളിലും തട്ടിയാൽ നാലുതരം ശബ്ദങ്ങളാണ് ഉണ്ടാവുക. ഒരോ വശത്തും തട്ടുമ്പോൾ ഒരോ തരം ലോഹങ്ങളിൽ തട്ടുമ്പോഴുള്ള ശബ്ദമാണ് ഉണ്ടാകുന്നത്. ഇത് യജ്ഞേശ്വരം ക്ഷേത്രത്തിലെ ബലിക്കല്ലിന്റെ മാത്രം പ്രത്യേകതയാണ്.

ബലിക്കല്ലിനെ വന്ദിച്ച് നാലമ്പലത്തിലേക്കു കടക്കാം.കിഴക്കോട്ട് ദർശനമായി സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രത്തിന് കിഴക്കുവശത്ത് രണ്ടും പടിഞ്ഞാറു ഒന്നുമായി മൂന്നു പ്രവേശന കവാടങ്ങളുണ്ട്. ഈ പ്രവേശനകവാടങ്ങളുടെ മേൽക്കൂരകളിൽ ഒടിഞ്ഞ പട്ടിക കോലുകളും പൊട്ടിയ ഓടുകളുമാണ് കാണുന്നത്. നാലമ്പലത്തിന്റെ മേൽക്കൂരയുടെ പല ഭാഗങ്ങളും പൊട്ടിപൊളിഞ്ഞ ചെങ്കൽ ഭിത്തികളും, മഴപെയ്താൽ വെള്ളം അകത്തുതന്നെ വീഴുന്ന മേൽക്കൂരകളും സമ്പന്നതയുടേയും ദാരിദ്ര്യത്തിന്റെയും രണ്ട് മുഖങ്ങളായി നമുക്കിവിടെകാണാം ഒരു കാലത്ത് സമ്പന്നതയുടെ നിറകുടമായിരുന്ന യജ്ഞേശ്വരം ക്ഷേത്രം ഇന്ന് സന്ധ്യാദീപത്തിനു പോലും വഴികാണാതെ വലയുന്നു. നിളയുടെ നീരിനാൽ നിത്യാഭിഷേകം സ്വീകരിച്ചുകൊണ്ട് നിലകൊള്ളുന്ന ഈ ക്ഷേത്രം ഇന്ന് നിത്യപൂജാദ്രവ്യങ്ങൾക്കു പോലും ബുദ്ധിമുട്ടുന്നു. ഇടക്കാലത്ത് ക്ഷേത്രത്തിലെ പൂജാരിമാർ അവരുടെ സ്വന്തം ചിലവിൽ നിത്യ ദീപം തെളിയിക്കുകയും പൂജാദികൾ നടത്തുകയും ചെയ്തിരുന്നു. പിന്നീട് പൂജാദികൾ ഒരു നേരം മാത്രമായി ചുരുങ്ങുകയും ചെയ്തിരുന്നു അതിനു ശേഷം ഒരു നേരം പോലും പൂജയില്ലാതെ ക്ഷേത്രം അടച്ചിടുകയും ചെയ്തിരുന്നു.. ഇപ്പോൾ നിത്യവും ക്ഷേത്രനടതുറന്ന് ദീപം തെളിയിക്കാറുണ്ട്, പൂജാദികളും നടക്കുന്നുണ്ട് എന്നതു വിശ്വാസികളെ സംബന്ധിച്ച് അല്പം ആശ്വാസത്തിനു വക നൽകുന്നു. ഈ ക്ഷേത്രം മലബാർ ദേവസ്വത്തിന്റെ ഭരണത്തിൻ കീഴിലാണ്. ആയിരത്തിനാനൂറിലേറെ വർഷങ്ങളുടെ പഴക്കമുള്ള ക്ഷേത്രമാണ് യജ്ഞേശ്വരം ക്ഷേത്രം. പഴമയുടെ പ്രത്യേക ശില്പഭംഗിയോടുകൂടിയ സാമാന്യം ഉയർന്ന വട്ട ശ്രീകോവിലുകളിൽ പരമശിവനും മഹാവിഷ്ണുവും കിഴക്കോട്ട് ദർശനമായി കുടികൊള്ളുന്നു. രണ്ട് ശ്രീകോവിലുകൾക്കു മുമ്പിലും ചെറിയ നമസ്ക്കാരമണ്ഡപങ്ങളുമുണ്ട്. പരമശിവനും മഹാവിഷ്ണുവും സാന്നിദ്ധ്യമരുളുന്നതിനാൽ ഈ ക്ഷേത്രത്തിൽ അർദ്ധ പ്രദിക്ഷണമല്ല പൂർണ്ണ പ്രദക്ഷിണമാണ് പതിവ്. ശ്രീകോവിലുകളുടെ മേൽക്കൂരകൾ സിമന്റു കൊണ്ട് വാർത്തതായാണ് ഇന്ന് കാണുന്നത്. ഗണപതി, ദക്ഷിണാമൂർത്തി, മുക്കുതല ഭഗവതി, നാഗരാജാവ് എന്നീ ഉപദേവതാപ്രതിഷ്ഠകളും ഇവിടെയുണ്ട്.

കേരളത്തിലെ ക്ഷേത്രങ്ങളിൽ ബ്രഹ്മകലശവും പരികലശവും നടത്തുമ്പോൾ ആവശ്യമായ ഒരു മുഖ്യദ്രവ്യമാണ് ഈ ക്ഷേത്ര ഭൂമിയിലെ മണ്ണ്. അഗ്നിഹോത്രിയുടെ യാഗശാലയിലെ പവിത്രമായ മണ്ണ് എന്ന് സങ്കല്പം. ഈ ക്ഷേത്രത്തിന്റെ തെക്കുഭാഗത്തായി ഒരു പടുകുറ്റൻ ആൽമരം നിൽക്കുന്നുണ്ട്. യാഗാവശ്യങ്ങൾക്കായി അഗ്നിഹോത്രി നട്ടുപിടിപ്പിച്ച ആൽമരമാണിത് എന്നു വിശ്വസിക്കുന്നു. ഇത് യജ്ഞാഗ്നിവഹം എന്നാണറിയപ്പെടുന്നത്. ഒരു ആന ഈ ആൽമരത്തിനടുത്തു നിന്നാൽ മറുവശത്തുനില്ക്കുന്നവർക്ക് കാണാൻ സാധിക്കുമായിരുന്നില്ല എന്നാണ് പഴമക്കാരുടെ ഭാഷ്യം. ഇന്ന് അത്രയൊന്നും ഇല്ല എങ്കിലും പ്രതാപം കൈവിടാതെപിടിച്ചു നില്ക്കുന്നു. ശിഖരങ്ങൾ ഒടിഞ്ഞും ഇത്തിക്കണ്ണികളും മറ്റു പാഴ്ച്ചെടികളും ഈ ആൽമരത്തെ ചുറ്റും വളഞ്ഞിരിക്കുന്നു. ഇന്നും സോമയാഗങ്ങൾക്കു അരണി കടഞ്ഞു അഗ്നിജ്വലിപ്പിക്കുവാൻ ഈ ആൽമരത്തിന്റെ കൊമ്പ് അനിവാര്യമാണ്. ആചാരപരമായ ചടങ്ങുകളോടു കൂടിയാണ് ഇന്നും അത് ഇവിടെ നിന്നും കൊണ്ടു പോകുന്നത്.

ഭക്തിയുടെ നിർവൃതിയെ പുണർന്നിരുന്നതും അന്തരീക്ഷവും മൺതരിയും പോലും മന്ത്രധ്വനികളുരുവിട്ടിരുന്നതുമായ യജ്ഞശാലയിൽ സ്ഥിതി ചെയ്യുന്നതും ഒരു പുണ്യകാലത്തിന്റെ പൂർവ്വചരിത്രസ്മൃതികളെ അയവിറക്കിക്കൊണ്ടു നിലകൊള്ളുന്നതുമായ യജ്ഞേശ്വരം ക്ഷേത്രം ഉത്സവമില്ലാത്ത ക്ഷേത്രമാണ്. സാധാരണ ക്ഷേത്രദർശനങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഭക്തജനങ്ങൾ യജ്ഞേശ്വരം ക്ഷേത്രത്തിൽ നിന്നും ദർശനം കഴിഞ്ഞ് മടങ്ങുമ്പോൾ ഭഗവാനേ ഈ തിരുനടയിലെ ദീപങ്ങൾ കരിന്തിരികത്താതെ പ്രഭയോടുകൂടി ശോഭിക്കേണമേ ഇവിടെ വീണ്ടും നിറദീപങ്ങൾ തെളിയേണമേ പഴയ കാലപ്രതാപം തിരികെയെത്തേണമേ എന്നാവും പ്രാർത്ഥിക്കുക ഇന്നല്ലെങ്കിൽ നാളെ ഒരു നല്ല കാലം വരും പോയകാലപ്രതാപവും ഐശ്വര്യവും തിരികെയെത്തും എന്നു നമുക്കും പ്രതീക്ഷിക്കാം.

മന്ത്രധ്വനികളെ മാറോടു ചേർത്ത യജ്ഞേശ്വരമെന്ന അഗ്നിഹോത്രിയുടെ യാഗശാലയിൽ കുടികൊള്ളുന്ന മഹാദേവന്റെയും വിഷ്ണുഭഗവാന്റെയും തൃപ്പാദങ്ങളിൽ ഈ അക്ഷര പൂക്കളെ പൂജാപുഷ്പങ്ങളായി ഭക്തിപൂർവ്വം സമർപ്പിക്കുന്നു.

## എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം
## 2020 ജനുവരി/ഫെബ്രുവരി മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി/ അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 16.1.2020 | ഇ.സി.എഫ് ന്റെ 1050 -ാമത് യോഗത്തിന്റെ പ്രത്യേക പരിപാടികൾ | | | 1050 |
| 23.1.2020 | | ഡോ. ജി. മാധവൻ നായർ | പ്രശ്നോത്തരി<br>പരിസ്ഥിതി<br>മലയാള സാഹിത്യം<br>ഗാന്ധിയൻ വിചാരം | 1051 |
| 30.1.2020 | | എ.ആർ പണിക്കർ | പ്രകൃതിയും മനുഷ്യ സമുദായവും | 1052 |
| 6.2.2020 | | എം. ആർ. രാജേന്ദ്രൻ നായർ | ഇന്ത്യ - ഇന്നലെ. ഇന്ന് നാളെ | 1053 |

മിനിക്കഥ

# ആലോചിച്ചാൽ

ഉണ്ണി വാരിയത്ത്. ഫോൺ : 09867179480

ജീവിതവും മരണവും തമ്മിൽത്തല്ലുകയായിരുന്നു-ഞാനാണ് സത്യം ജീവിതം പറഞ്ഞു


അല്ല, ഞാനാണ് മരണം പ്രതിവചിച്ചുഎങ്കിൽ, നീ വിരൂപമായൊരു സത്യമാണ്, ജീവിതം തുടർന്നു

അപ്പോൾ നീയോ? മനോഹരമായൊരു നുണയാണ്

മരണം ഏറ്റുപിടിച്ചു

എന്തായാലും രണ്ടും പരസ്പര പൂരകങ്ങളാണല്ലോ.

ജീവിതത്തെയും മരണത്തെയുമാണ് ഉദ്ദേശിച്ചത്. അല്ലാതെ, സത്യത്തെയും നുണയെയുമല്ല. ആലോചിച്ചാൽ മനസ്സിലാകാവുന്നതേയുള്ളു.



# ഖാണ്ഡവ ദഹനം

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

ബ്രഹ്മാവിന്റെ ഉപദേശത്താൽ അഗ്നി അർജ്ജുനനേയും ശ്രീകൃഷ്ണനേയും സമീപിച്ചു വിവരങ്ങൾ പറഞ്ഞു. വിവരം ധരിച്ച അർജ്ജുനൻ തന്റെ കയ്യിൽ അളവറ്റ ആയുധങ്ങളുണ്ടെന്നും ഇന്ദ്രനോടുപോലും യുദ്ധം ചെയ്യാൻ തയ്യാറാണെന്നും മറ്റും പറഞ്ഞു. പക്ഷെ തന്റെ കൈവശം ഇപ്പോൾ അത്തരത്തിൽ ആയുധങ്ങളില്ല. തനിക്കു വേണ്ട ആയുധങ്ങളേക്കുറിച്ച് അർജ്ജുനൻ പറഞ്ഞു. വായുവേഗത്തിലുള്ള വെള്ളക്കുതിരകൾ തുടങ്ങി ഗാണ്ഡീവം മുതൽ ഉള്ള ആയുധങ്ങളും വേണം. അഗ്നി വരുണനെ ധ്യാനിച്ചു. അഗ്നി അദ്ദേഹത്തോട് കൃഷ്ണനും അർജ്ജുനനും വേണ്ട ആയുധങ്ങൾ നൽകാനപേക്ഷിച്ചു. ഉടൻ തന്നെ ഗാണ്ഡീവവും വെള്ളക്കുതിരകളെ പൂട്ടിയ രഥവും മറ്റായുധങ്ങളും കൊടുത്തു. പ്രജാപതിയുടെ വളരെ നാളത്തെ തപസ്യയുടെ ഫലമായി ഉണ്ടാക്കിയവയായതുകൊണ്ട് അവയെല്ലാംതന്നെ മിന്നിത്തിളങ്ങിയവയായിരുന്നു. ഹനുമാന്റെ ചിഹ്നമുള്ള കൊടിക്കൂറയോടുകൂടിയ രഥവും മറ്റും വിജയത്തിന്റെ നാന്ദി കുറിച്ചു. ഗാണ്ഡീവം അർജ്ജുനനെ സന്തോഷിപ്പിച്ചു. ശ്രീകൃഷ്ണന്റെ സുദർശനചക്രം ശത്രുസംഹാരത്തിനു ശേഷം തിരികെ കൃഷ്ണന്റെ കയ്യിൽതന്നെ വന്നുചേരുമെന്നൊക്കെ അഗ്നി പറയുന്നുണ്ട്. വരുണൻ ദൈത്യന്മാരെ കൊല്ലാനും മറ്റുമായി ഇടിമുഴക്കം പോലെയുള്ള ശബ്ദമുണ്ടാക്കുന്ന കൗമോദകി എന്ന ആയുധവും കൃഷ്ണനു കൊടുത്തു. കൃഷ്ണൻ പറഞ്ഞു, ഞങ്ങൾ ആയുധങ്ങളാൽ ശക്തരാണ്. തക്ഷകനെ രക്ഷിക്കാനെത്തുന്ന ഇന്ദ്രനോടുപോലും യുദ്ധം ചെയ്യാം. തന്റെ ഗാണ്ഡീവവും കൃഷ്ണന്റെ ചക്രവും കൂടി ചേർന്നാൽ ശത്രുനാശം നിശ്ചയമായിരിക്കുമെന്നും അർജ്ജുനൻ പറഞ്ഞു. അഗ്നിയോട് ഖാണ്ഡവ വനം ഭക്ഷിച്ചു തുടങ്ങാനും പറഞ്ഞു. വനം മുഴുവൻ കത്തി. ജന്തുക്കൾ എല്ലാം തന്നെ അഗ്നിക്കിക്കിരയായി. രക്ഷപ്പെടാൻ തുടങ്ങിയവയൊക്കെത്തന്നെ അമ്പുകളാൽ കീറിമുറിക്കപ്പെട്ടു. ദേവന്മാർ ഭയന്ന് ഇന്ദ്രനെ അഭയം പ്രാപിച്ചു. വൈശമ്പായൻ പറയുന്നു:

തച്ഛ്രുത്വാ വൃത്തഹാ തേഭ്യഃ
സ്വയമേവാൻവവേക്ഷ്യ ച
ഖാണ്ഡവസ്യ വിമോക്ഷാർത്ഥം പ്രയയൗ
ഹരിവാഹനഃ

ഈ ശബ്ദങ്ങളും അഗ്നിയുടെ പ്രവർത്തിയും കണ്ട് ഇന്ദ്രൻ അഗ്നിയിൽനിന്ന് ജീവജാലങ്ങളെ രക്ഷിക്കാൻ പുറപ്പെട്ടു. ഇന്ദ്രൻ ഭയങ്കരമായ മഴ പെയ്യിച്ചു. പക്ഷെ തീ കത്തിക്കൊണ്ടിരുന്നു. ഇന്ദ്രൻ കോപാകുലനായി മഴക്ക് ശക്തി കൂട്ടി. ലോകാവസാനമോ എന്നു തോന്നിപ്പിക്കുന്ന തരത്തിലുള്ള മത്സരം. അർജ്ജുനന്റെ ശരങ്ങളാൽ ആർക്കും രക്ഷയില്ലാതായി. ഈ സമയം തക്ഷകനവിടെയില്ലായിരുന്നു. തക്ഷകൻ കുരുക്ഷേത്രത്തിലായിരുന്നു. പക്ഷെ തക്ഷകന്റെ മകൻ അശ്വസേനൻ അവിടെയുണ്ടായിരുന്നു. തക്ഷകന്റെ ഭാര്യ മകന്റെ തലയും വാലും വിഴുങ്ങി ആകാശത്തേക്കു പറക്കാൻ ശ്രമിച്ചു. ഇതു കണ്ട അർജ്ജുനൻ തുടരെ തുടരെ അമ്പുകളെയ്തു. പക്ഷെ ഇന്ദ്രൻ സ്നേഹിതന്റെ മകനെ രക്ഷിക്കാൻ ശ്രമിച്ചു. ശക്തമായ കാറ്റിലൂടെ അശ്വസേനയെ രക്ഷിച്ചു. സർപ്പങ്ങൾ കബളിപ്പിച്ചു എന്ന ധാരണയിൽ അർജ്ജുനൻ നാഗങ്ങളെ ശപിച്ചു. നാഗങ്ങൾക്ക് ഒരിക്കലും പേരോ പദവിയോ ലഭിക്കില്ലാ എന്നതായിരുന്നു ശാപം. അർജ്ജുനൻ കോപാകുലനായി. അമ്പുകൊണ്ട് മേഘങ്ങൾ തന്നെ സൃഷ്ടിച്ചു. ഇന്ദ്രനോടു യുദ്ധവും പ്രഖ്യാപിച്ചു.

അങ്ങനെ യുദ്ധം കൊടുമ്പിരി കൊണ്ടു. നാഗങ്ങളെല്ലാം നശിച്ചു. പരസ്പരം ഇന്ദ്രനും അർജ്ജുനനും ഏറ്റുമുട്ടി. കൃഷ്ണന്റെ സുദർശനചക്രം എടുത്തപ്പോൾ മേഘങ്ങൾ നശിച്ചു. അപ്പോൾ കേട്ട ഒരശരീരി, തക്ഷകൻ രക്ഷപെട്ടെന്നും കൃഷ്ണാർജ്ജുനന്മാരെ ഇന്ദ്രന് തോൽപ്പിക്കാൻ സാധിക്കില്ലായെന്നുമായിരുന്നു. ഇതറിഞ്ഞ ഇന്ദ്രൻ ക്ഷമ ചോദിച്ചു. അർജ്ജുനനെ അനുഗ്രഹിച്ച് അവിടം വിട്ടു.

അങ്ങനെ അഗ്നി വനം മുഴുവൻ ദഹിപ്പിച്ചു. ആ സമയം തക്ഷകന്റെ ഗുഹയിൽ ഒളിച്ചിരുന്ന മയൻ പുറത്തുവന്നു. കൃഷ്ണൻ സുദർശനചക്രമെടുത്തു. പക്ഷെ അവൻ അർജ്ജുനന്റെ കാൽക്കൽ വീണതുകാരണം രക്ഷപ്പെട്ടു. തക്ഷകപുത്രനായ അശ്വസേനനും, മയനും ശാർങ്ങപക്ഷികളും രക്ഷപ്പെട്ടു.

വൈശമ്പായനോട് ജനമേജയൻ എന്തുകൊണ്ടാണ് ഈ ശാർങ്ങപക്ഷികൾ രക്ഷപ്പെട്ടതെന്നു ചോദിച്ചതിനുത്തരമായി കഥ പറയാൻ തുടങ്ങി. അതാണ് മന്ദപാല ചര ിത്രം. പണ്ടു മന്ദപാലനെന്നു പേരായ ഒരു മുനിവര്യനുണ്ടായിരുന്നു. അദ്ദേഹം ധർമ്മിഷ്ഠനും ജ്ഞാനിയുമായിരുന്നു. ആത്മനിയന്ത്രണ ത്തിലൂടെയുള്ള അദ്ദേഹത്തിന്റെ ജീവിതം വിജയകരമായിരുന്നു. സമാധിക്കുശേഷം സ്വർഗ്ഗലോകത്തിനു പകരം പിതൃലോകത്തിലെത്തി. അദ്ദേഹം യമരാജാവിനോട് തന്റെ പുണ്യജീവിതത്തിന് ഫലമായി എന്തുകൊണ്ട് സ്വർഗ്ഗം ലഭിച്ചില്ല എന്നു ചോദിച്ചു. ദേവതകൾ മറുപടി പറഞ്ഞെതിങ്ങനെയാണ്. മനുഷ്യൻ മൂന്നു കടങ്ങളോടുകൂടി ജനിക്കുന്നു. ഒന്ന് ബ്രഹ്മാജ്ഞനം, രണ്ട് ദൈവഭയം, മൂന്ന് പുത്രലാഭം. ഇതിൽ ആദ്യത്തെ രണ്ടും അങ്ങയുടെ കർമ്മങ്ങളിൽ കൂടി പ്രാപ്തനായി. പക്ഷെ അങ്ങക്ക് പുത്രന്മാരില്ലാത്തതിനാൽ മൂന്നാമത്തെ കടം നിൽക്കും. പുത്രൻ അച്ഛനെ കടത്തിൽ നിന്നും രക്ഷിക്കും. ഇതുകേട്ട മന്ദപാലൻ കുറച്ചുകാലംകൊണ്ട് കൂടുതൽ പുത്രന്മാരുണ്ടാകുന്നതെങ്ങനെയെന്നു ചിന്തിച്ചു. അദ്ദേഹത്തിന്റെ ജ്ഞാനംകൊണ്ട് പക്ഷികൾക്കാണിതു സാധിക്കുന്നതെന്നു മനസിലായി. അങ്ങനെ ഗാർങ്ങപക്ഷിയായി ജനിച്ചു. ജരിത പെൺപക്ഷിയുമായി ചേർന്ന് 4 പുത്രന്മാരും ലപിത എന്ന മറ്റൊരു പെൺപക്ഷിയെ സ്വീകരിച്ച് ഖാണ്ഡവവനത്തിൽ താമസമാരംഭിക്കുകയും ചെയ്തു. ഖാണ്ഡവദഹനമറിഞ്ഞ മന്ദപാലൻ അഗ്നിദേവനെ കണ്ട് വിവരം ധരിപ്പിച്ചു. തന്റെ കുഞ്ഞുങ്ങളെ രക്ഷപ്പെടുത്താനപേക്ഷിച്ചു. അഗ്നി വരുന്നതുകണ്ട് ജരിത ഭയന്നു. കുഞ്ഞുങ്ങളോട് അച്ഛനെ കുറ്റപ്പെടുത്തി സംസാരിച്ചു. പക്ഷെ കുട്ടികൾ അമ്മയോട് രക്ഷപ്പെടാനും അമ്മയോട് വീണ്ടും കുട്ടികൾ ജനിക്കാൻ അച്ഛനെ സഹായിക്കാനും പറഞ്ഞു. ജരിത കുട്ടികളെ ഒരു പൊത്തിലൊളിപ്പിക്കാൻ ശ്രമിച്ചു. പൊത്തിലുള്ള എലിയിൽനിന്നുള്ള മരണത്തേക്കാൾ വലുത് അഗ്നിയിലൂടെയുള്ള മരണമാണെന്നു കുഞ്ഞുങ്ങൾ പറഞ്ഞു. ജരിത അവിടെനിന്നും പോയി. തീ അടുത്തു വരുന്നതു കുഞ്ഞുങ്ങൾ കണ്ടു. ബുദ്ധിമാനായ മനുഷ്യൻ മരണത്തിലും ഉണർന്നു പ്രവർത്തിക്കും. ചഞ്ചല മനസുള്ളവർ ഭയക്കും. അവന് മോക്ഷവും ലഭിക്കില്ല. ഇങ്ങനെ ഓരോന്നു പറഞ്ഞ് കുഞ്ഞുങ്ങൾ അഗ്നിദേവനെ സ്തുതിച്ചു. അഗ്നിദേവൻ സന്തുഷ്ടനായി. അവരെ രക്ഷിച്ചു. മന്ദപാലൻ വിവരമറിയാതെ സങ്കടം സഹിക്കാതെ അലഞ്ഞു. ജരിത തീ അണഞ്ഞതിനുശേഷം തിരികെ വന്നു. കുഞ്ഞുങ്ങളെ കണ്ടു സന്തുഷ്ടയായി. മന്ദപാലനും അവിടെയെത്തി. അവരു തമ്മിൽ ചില തർക്കങ്ങളുണ്ടായി. പുത്രന്മാർ വന്ന് തൊഴുത് അനുഗ്രഹം വാങ്ങി. മന്ദപാലൻ താൻ അഗ്നിയോട് യാചിച്ചിരുന്ന കാര്യം പറഞ്ഞു.അഗ്നിഭഗവാൻ തണുത്തു. ഇന്ദ്രൻ വന്നു കൃഷ്ണാർജ്ജുനന്മാരോട് സംസാരിച്ചു. ഇന്ദ്രൻ ആയുധങ്ങൾ അർജ്ജുനനു നൽകി. കൃഷ്ണാർജ്ജുനന്മാരുടെ ബന്ധം നീണ്ടു നിൽക്കുന്ന അനന്ത മായതാണെന്നു കൃഷ്ണൻ പറഞ്ഞു. അഗ്നിയുടെ വിശപ്പടങ്ങി. അങ്ങനെ ഭയാനകമായ 21 ദിവസം ഖാണ്ഡവദഹനം നടന്നു.

കൃഷ്ണാർജ്ജുനന്മാർ അതിനുശേഷം സന്തോഷവാന്മാരായി യമുനാ തീരത്തിലേക്കു പോയി. ഇവിടെയുള്ള ചരിത്രമെന്നു പറയുന്നത് വ്യാസമഹർഷി 228 അദ്ധ്യായങ്ങളിലായി ഉൾക്കൊള്ളിച്ച ഭാഗങ്ങൾ ആദി പർവ്വമായി വൈശമ്പായൻ ജനമേജയനു പറഞ്ഞു കൊടുത്തതിന്റെ ചുരുങ്ങിയ ഭാഗമാണ്. മഹാഭാരതകഥ ഇന്നത്തെ അത്യാധുനിക ചിന്ത മാത്രം ഉൾക്കൊള്ളുന്ന ഒരു വ്യക്തിക്ക് അത്ഭുതം നിറഞ്ഞതായിരിക്കും. ജീവിതം ഇന്ദ്രിയപരമായി മാത്രം കാണുന്നവന് മറ്റൊന്നും കാണാൻ കഴിയില്ല. സൂക്ഷ്മമായി ജീവിതത്തെ നിരീക്ഷിച്ചാൽ ഒരു നദിയിൽ, സമുദ്രത്തിലുണ്ടാകുന്ന തിരമാലപോലെ അങ്ങനെ ഉയർന്നും താഴ്ന്നും ശാന്തമായും ചിലപ്പോൾ ഭയാനകമായും മാറും. ഇതു വെറും തിരയാണെന്നും നാം കടലാണെന്നും മനസിലാക്കുമ്പോൾ സാക്ഷാത്കാരം ലഭിക്കും. മഹാഭാരതവർണ്ണന നിത്യജീവിത ചരിത്രമാണ്. അവിടെ നിയമങ്ങളുണ്ട്. അംഗീകാരവും ലംഘനവുമുണ്ട്. ധർമ്മമുണ്ട് അധർമ്മവുമുണ്ട്. ഉപകഥകളാൽ നിറഞ്ഞ ഭാരതകഥ ഒരു നീണ്ട ഒഴുക്കാണെന്നു പറയാൻ കഴിയില്ല. ചുഴികളും തിരമാലകളും ജലജീവികളും മനുഷ്യരും ഒക്കെക്കൂടി കലർന്നതാണ്. ഇവിടെ ചരിത്രമുണ്ട്.

സംസ്കാരമുണ്ട്, അനുഭൂതിയുണ്ട്, വൈരാഗ്യമുണ്ട്, ആജ്ഞാപാലനവും ലംഘനവുമുണ്ട്.

ചുരുക്കത്തിൽ ഇത്രയുമെങ്കിലും ധാരണയോടുകൂടിയാണെങ്കിൽ മാത്രമേ ഇനി സഭാപർവ്വത്തിലേക്ക് കടക്കുവാൻ സാധിക്കുകയുള്ളൂ. അധർമ്മം എങ്ങനെ? പകയെങ്ങനെ, സ്ത്രീയേയും മാതാവിനേയും സംരക്ഷിക്കേണ്ട ചുമതലയിൽ സംഭവിക്കുന്ന അപാകതകൾ, ഇത്തരം അപാകതകൾ കുലദ്രോഹമായി നാശമായി സംഭവിക്കുന്ന ചരിത്രം ഇവയൊക്കെയാണ് അടുത്ത സഭാപർവ്വത്തിൽ വിവരിക്കപ്പെടുന്നത്.

## സഭാപർവ്വം

സഭാപർവ്വം തുടങ്ങുന്നത് മയൻ അർജ്ജുനന്റേയും കൃഷ്ണന്റേയും കാൽക്കൽ വീണു നമസ്കരിക്കുകയെന്നതോടുകൂടിയാണ്. അഗ്നിയിൽ നിന്നും കൃഷ്ണകോപത്തിൽ നിന്നും രക്ഷിച്ച അങ്ങക്കെന്തു ഞാൻ ചെയ്തുതരണമെന്ന ചോദിച്ച മയനോട് ഞാൻ നിങ്ങളോടെങ്ങനെ പെരുമാറിയോ അതേപോലെ തിരിച്ചും പെരുമാറിയാൽ മതിയെന്നു പറഞ്ഞു. താൻ ഒരു ശില്പിയാണെന്നും വിശ്വകർമ്മജനാണെന്നും തനിക്കെന്തെങ്കിലും ചെയ്തേ മതിയാകൂ എന്നും മയൻ പറഞ്ഞു. ജീവൻ രക്ഷിച്ചെങ്കിൽ മയൻ കൃഷ്ണനു വേണ്ടി എന്തെങ്കിലും ചെയ്യുമെന്നു പറഞ്ഞു. ഇതു കേട്ട കൃഷ്ണൻ താൻ ജഗന്നിയന്താവാണെന്ന സത്യം പെട്ടെന്നോർമ്മിച്ച് ഇങ്ങനെ പറഞ്ഞു. മയൻ സാധിക്കുമെങ്കിൽ യുധിഷ്ഠിരന് ഒരു വലിയ സഭാമന്ദിരം നിർമ്മിച്ചുകൊടുക്കൂ എന്ന്. ഇതുപോലെ ഒരു ഹാൾ ലോകത്തിലാർക്കും പണിയാൻ കഴിയരുതെന്നും പറഞ്ഞു. മയൻ സന്തുഷ്ടനായി. കൃഷ്ണനും അർജ്ജുനനും മയനും ഒരുമിച്ച് യുധിഷ്ഠിരനെ കണ്ടു. യുധിഷ്ഠിരൻ സസന്തോഷം സ്വീകരിച്ചു. അങ്ങനെ പാണ്ഡവരുടേയും കൃഷ്ണന്റേയും ആഗ്രഹപ്രകാരം മയൻ പണികൾ ആരംഭിച്ചു. കൃഷ്ണൻ ഖാണ്ഡവപ്രസ്തത്തിൽ സന്തോഷകരമായ ദിനങ്ങൾ ചിലവഴിച്ചശേഷം ദ്വാരകയിലേക്കു പോയി. ബ്രാഹ്മണരേയും മറ്റും സമ്മാനങ്ങൾ നൽകി ആദരിച്ചു. ഷൈബ, സുഗ്രീവ എന്ന തന്റെ കുതിരകളെ പൂട്ടിയ സ്വർണ്ണാങ്കിതമായ രഥത്തിൽ കയറി യുധിഷ്ഠിരനും ഭീമനും അർജ്ജുനനും മറ്റുള്ളവരും അനുഗമിച്ചു. യാത്ര പറയുമ്പോൾ പാർത്ഥനും കൃഷ്ണനും ആലിംഗനം ചെയ്തു. മറ്റുള്ളവരേയും വണങ്ങി കൃഷ്ണൻ യാത്രയായി.

മയൻ താൻ സൂക്ഷിച്ചുവെച്ചിരുന്ന രത്നക്കല്ലുകളുമായി തിരികെ വരാമെന്നു പറഞ്ഞു. അവിടെ ദാനവരാജാവ് സൂക്ഷിച്ചുവെച്ചിരിക്കുന്ന ശക്തമായ ഒരായുധം കൊണ്ടുവരാമെന്നും അത് അർജ്ജുനന് ഗാണ്ഡീവംപോലെ ഭീമന് ശക്തമായ ഒരായുധമായിരിക്കുമെന്നും പറഞ്ഞു. ഇങ്ങനെയെല്ലാം പറഞ്ഞ് മയൻ മൈനാകപർവ്വതത്തെ ലക്ഷ്യമാക്കി നടന്നുപോയി. ദാനവരാജാവിന്റെ പക്കലുള്ള ശേഖരങ്ങളുമായി മയൻ തിരികെ വന്ന് ലോകോത്തരമായ മന്ദിരം പണി തുടങ്ങി. 8000 രാക്ഷസന്മാരെ കിങ്കരന്മാരായി നിർത്തി. ഇതിൽ രത്നങ്ങളും കല്ലുകളും ഒക്കെ പതിച്ച അതി സുന്ദരമായ കുളം ഉണ്ടാക്കി. ശില്പചാതുര്യം വിളിച്ചോതുന്ന ജലാശയത്തിൽ ഉള്ള പുഷ്പങ്ങളും മറ്റും അവർണ്ണനീയമാണ്. തെളിഞ്ഞ ജലത്തിൽ കളിക്കുന്ന മത്സ്യങ്ങളും ആമകളും അതിമനോഹരമായ ദൃശ്യമായിരുന്നു. അവിടെവന്ന പലരും ഈ കുളത്തെ കണ്ടു. കുളമവിടെയില്ലയെന്ന തോന്നലിൽ പലരും നടന്നു, വെള്ളത്തിൽ വീണു. പൂന്തോട്ടത്തിൽനിന്നും ത്രസിപ്പിക്കുന്ന മണം പരന്നിരുന്നു. പല സ്ഥലത്തും കുളങ്ങളിൽ അരയന്നങ്ങൾ ഉണ്ടായിരുന്നു. അവിടെ വളരുന്ന താമരയുടെയും മറ്റും ഗന്ധം പരിസരമാകെ നിറഞ്ഞു നിന്നിരുന്നു. അങ്ങനെ 14 മാസം കൊണ്ട് മയൻ ആ മന്ദിരം പണി പൂർത്തിയാക്കി ധർമ്മരാജാവിനു നൽകി. എല്ലാ പൗരമുഖ്യരും കുടുംബാംഗങ്ങളും അതിമനോഹരമായ ഈ മന്ദിരം സന്ദർശിക്കാനെത്തി.

പാണ്ഡുപുത്രന്മാർ ആ മന്ദിരത്തിൽ വിരാജിച്ചിരുന്ന ഒരുനാൾ നാരദമഹർഷി അവിടെയെത്തി. സഹോദരങ്ങളോടൊപ്പം യുധിഷ്ഠിരൻ എഴുന്നേറ്റ് അർഘ്യം നടത്തി പൂജിച്ചു. യുധിഷ്ഠിരന്റെ യഥാവിധിയിലുള്ള ആതിഥ്യസൽക്കാരത്തിൽ നാരദർ സംതൃപ്തനായി.

(തുടരും)

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;
0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ





# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ ഫോൺ : 9895981809

**ശ്ലോകം –45**

ഫുല്ലാബ്ജേ മധുവാസ്വദിച്ചഖില
വിദ്യാബോധനം ചെയ്തുകൊ–
ണ്ടുല്ലാസത്തൊടനാഹതത്തിലതുലാമോദം
വസിച്ചീടുവോർ
സല്ലാവണ്യനികേതയാംരമയുമെന്നാചാര്യനാം
വിഷ്ണുവും
ചൊല്ലാർന്നീടിനഹംസയുഗ്മ മഖില
ജ്ഞാനത്തെയും നൽകുമേ

**ശ്ലോകാർത്ഥം :**

വിടരുന്ന താമരയിൽ തേൻ നുകർന്ന് എല്ലാ വിദ്യകളും പഠിച്ചുകൊണ്ട് അനാഹത ചക്രത്തിൽ താരതമ്യമില്ലാത്ത സന്തോഷത്തോടുകൂടി വസിക്കുന്നവരായ, നല്ല ഭംഗിയുടെ ഉറവിടമായ ലക്ഷ്മിയും എന്റെ ആചാര്യനായ വിഷ്ണുവും, പ്രസിദ്ധരായ രണ്ടു ഹംസങ്ങൾ, എല്ലാ അറിവും തരും.

**വ്യാഖ്യാ :**

മൂലാധാരം മുതൽ സഹസ്രാരം വരെയുള്ള ഏഴു ചക്രങ്ങളിലും ഒരു സാധകൻ ഗുരുവിന്റെയും ഗുരുപത്നിയുടെയും പാദങ്ങൾ, വെളുത്തതും ചുവന്നതുമായി ധ്യാനിക്കുന്നു. മുൻപത്തെ ശ്ലോകങ്ങളിൽ ആജ്ഞാചക്രവും, വിശുദ്ധിചക്രവും വിവരിച്ചു. ഇവിടെ ഹൃദയകമലമാകുന്ന അനാഹത ചക്രത്തിന്റെ വിശേഷം പറയുന്നു. ഹൃദയകമലമദ്ധ്യേ ദീപ്തമദ്വൈതസാരം പ്രണവമയമതർക്യം യോഗിഭിർധ്യാനഗമ്യം ഹരിഗുരുശിവയോഗം സർവ്വഭൂതാന്തരസ്ഥം സകൃദപിമനസാ തദ്ധ്യായതേ യ: സ: മുക്ത : ഹൃദയത്തിലെ അനാഹതചക്രത്തിൽ അദ്വൈതസാരമാണ് ദീപ്തമായിരിക്കുന്നത്. അത് പ്രണവമയവും യോഗികളാൽ ധ്യാനത്തിൽ ചൊല്ലാവുന്നതുമായ വിഷ്ണു, ശിവ, ഗുരുയോഗമാണ്. അങ്ങനെയുള്ള വിടരുന്ന താമരയായ ഹൃദയത്താമരയിൽ, അനാഹതത്തിൽ, പ്രണവജ്ഞാനമാകുന്ന തേൻ നുകർന്നു കൊണ്ട്, യാതൊന്നിനു സമമാണോ മറ്റൊരാനന്ദമില്ലാത്തത് അങ്ങനെയുള്ള ബ്രഹ്മാനന്ദരൂപമായി വസിക്കുന്നവരാണ് ഏറ്റവും മഹത്തായ സൗന്ദര്യത്തിന്റെ ഉറവിടമായ രമയും എന്റെ ഗുരുനാഥനായ വിഷ്ണുവും, അവർ പ്രസിദ്ധമായ ഹംസയുഗ്മമാണ്. ഹം സ : എന്നും സ: ഹം എന്നും പ്രസിദ്ധമായ രണ്ട് ഹംസങ്ങൾ ആ പ്രണവജ്ഞാനമാകുന്ന മഹാജ്ഞാനം നൽകുന്നു. (ഭക്തർക്ക് എന്നു വ്യംഗ്യം.) ഇവിടെ താമരയിലെ തേൻ നുകരുന്ന ഹംസം പാലും വെള്ളവും ചേർന്ന് മിശ്രിതത്തിൽ നിന്ന് വെള്ളം ചേർന്ന മിശ്രിതത്തിൽ നിന്ന് വെള്ളം നീക്കി, പാൽ മാത്രം കുടിക്കാൻ ശക്തനാണ്. അജ്ഞാനത്തെ നീക്കി ജ്ഞാനത്തെ നൽകുന്ന ആ ഹംസവിദ്യ ഗുരുമുഖത്തുനിന്നും അറിയേണ്ടതാണ്.

## വിശേഷ ദിവസങ്ങൾ

### 2020 ജനുവരി 16 ഫെബ്രുവരി 15 വരെ

| | | |
|---|---|---|
| ജനുവരി | 16 | വിവേകാനന്ദ ജയന്തി, മാട്ടുപൊങ്കൽ |
| | 21 | മകരചൊവ്വ |
| | 23 | നേതാജി ജയന്തി |
| | 26 | റിപ്പബ്ലിക് ദിനം |
| | 27 | പൊന്നേത്ത് കാവ് ഭഗവതിക്ഷേത്രത്തിൽ താലപ്പൊലി കൊടിയേറ്റ് |
| | 30 | ഗാന്ധി സ്മരണദിനം, എറണാകുളം ശ്രീമഹാദേവക്ഷേത്രം കൊടിയേറ്റ് |
| ഫെബ്രുവരി | 2 | പൊന്നേത്ത് കാവ് ഭഗവതിക്ഷേത്രത്തിൽ ആറാട്ട്, തൂക്കം |
| | 6 | എറണാകുളം ശ്രീമഹാദേവക്ഷേത്രം ആറാട്ട് |
| | 7 | വളഞ്ഞമ്പലം ദേവീക്ഷേത്രം കൊടിയേറ്റ് |
| | 8 | തൈപ്പൂയ്യം, പഴനി രഥോത്സവം |
| | 14 | വളഞ്ഞമ്പലം ക്ഷേത്രത്തിൽ ആറാട്ട് |
| | 15 | തൃപ്പൂണിത്തുറ ക്ഷേത്രം കൊടിയേറ്റ് |

# ഇത് വെറുമൊരു സംഗമമല്ല ഹൃദയ സംഗമം

രവികുറ്റിക്കാട്

ധനുമാസ രാവ് വിരിച്ച തണുപ്പിന്റെ മേലാപ്പിനടിയിൽ ഉറങ്ങുന്ന നഗരം ഈയിടെ ഉണരുന്നത് നേരം പുലർന്ന ശേഷം, വൈകിയാണെങ്കിലും കുടുംബ സംഗമത്തിന് അരങ്ങൊരുക്കുന്ന എറണാകുളം കരയോഗ മന്ദിരം മാത്രം വെളുപ്പിനെ ഉണർന്നു. ഡിസംബർ 25 കരയോഗത്തിന് എന്നും അങ്ങനെയാണ്. മഹാപ്രസ്ഥാനം തുടങ്ങിയിട്ട് 95 വർഷം. സ്ഥാപകദിനം ഇന്നേവരെ ഭാഗം വെയ്ക്കാത്ത വലിയൊരു കൂട്ടുകുടുംബത്തിലെ കൈകുഞ്ഞു മുതൽ വൃദ്ധജനങ്ങൾ വരെ ഒത്തുകൂടുന്ന സുദിനവും കൂടിയാണിത്. വർഷത്തിലൊരിക്കൽ നടക്കുന്ന ഈ സംഗമം തലമുറകൾ മറന്നുള്ള ഹൃദയസംഗമവും കൂടിയാണ്. ഇവർക്കെന്തെല്ലാം കഥിക്കാനുണ്ട്.

പുലർച്ചെ അഞ്ചു മണിയോടെ കരയോഗക്ഷേത്രസന്നിധിയിൽ ഗണപതിഹോമത്തോടെ തുടക്കം അഷ്ടദ്രവ്യ ഗണപതിഹോമം, സുദർശനഹോമം, നവകം പഞ്ചഗവ്യം ആചാരങ്ങൾക്കനുസൃതമായി കൃത്യമായി നടക്കുന്നു. തൊട്ടരികിലെ എറണാകുളത്തപ്പനെ വണങ്ങി എത്തുന്ന കുടുംബാംഗങ്ങൾ ഹോമകർമ്മങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നു. ഇതിനിടയിൽ കരയോഗത്തിന്റെ അടുക്കളയിൽ പ്രാതലിന്റെ ഒരുക്കങ്ങൾ പൂർത്തിയാകുന്നു.അംഗങ്ങൾ ഒറ്റയ്ക്കും കൂട്ടമായും ഹാളിലേയ്ക്കു എത്തിക്കൊണ്ടിരുന്നു. പൂമുഖത്തും വരാന്തയിലും പരിചയം പുതുക്കലും ക്ഷേമാന്വേഷണങ്ങളും തമാശകളും കഥകളുമായി തലമുറകളുടെ വരവറിയിക്കുകയായി.

രജിസ്ട്രേഷനും ഹാളിലെ ഇരിപ്പിടങ്ങളും വേദിയും സജ്ജമായതോടെ തിരക്ക് വർദ്ധിക്കുന്നു. സമയനിഷ്ഠയിൽ വിട്ടുവീഴ്ചയില്ലാത്ത പ്രസിഡന്റും ജനറൽ സെക്രട്ടറിയും ഭാരവാഹികളും മുൻനിരയിൽ സ്ഥാനം പിടിക്കുന്നതോടെ കുടുംബയോഗത്തിന് തിരി തെളിഞ്ഞു. പൂർവ്വസൂരികളായ പതിമൂന്നുപേർക്ക് സ്മരണാഞ്ജലി അർപ്പിക്കലാണ് ആദ്യ ചടങ്ങ് അവരുടെ ചിത്രങ്ങൾക്കു മുന്നിൽ പുഷ്പാർച്ചന നിരവധി ചരിത്ര മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ച മെയിൻ ഹാളിലാണ് (ഗംഗ) കുടുംബയോഗം. മാടക്കാപ്പിള്ളി ബാലകൃഷ്ണൻ ഇടയ്ക്ക കൊട്ടിപാടിയ എറണാകുളത്തപ്പനെ സ്തുതിക്കുന്ന സോപാന സംഗീതത്തോടെ ചടങ്ങ് തുടങ്ങി. കരയോഗാംഗങ്ങളുടെ മക്കളുടെ, നാളെയുടെ കലാപ്രതിഭകളായി മാറാൻ പോകുന്നവരുടെ പാട്ടുകളും നൃത്തനൃത്യങ്ങളും അരങ്ങ് കൊഴുപ്പിക്കുമ്പോൾ മുതുമുത്തശ്ശന്മാരടക്കം താളംപിടിച്ചും കൈകൊട്ടിയും പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. ഇതിനിടയിൽ മുത്തശ്ശിമാരുടെ വില്ലടിച്ചാൻ പാട്ട്. മഹാഭാരതത്തിലെ ഭഗവദ്ദൂത് തന്നെ കഥാസന്ദർഭം. ഇടയ്ക്കൊരു ഗാനാലാപനം. സഭാകമ്പം മാറിയ കൊച്ചുകുട്ടികൾ വരെ തങ്ങളുടെ കലാവിരുത് പ്രകാശിച്ചപ്പോൾ സദസ്സിന് വിസ്മയം. ക്ലാസ്സിക്കൽ കലകൾക്കിടയിലൊരു ഹാസ്യനാടകം. കുടുംബത്തിലെ മുതിർന്നാംഗങ്ങൾ ചെറുപ്പത്തിൽ നാടകവേദികളിൽ തട്ടുപൊളിപ്പൻ അഭിനേതാക്കളായിരുന്നുവെന്ന് തെളിയിക്കുന്ന നാടകം സദസ്സ് രസിച്ചാസ്വദിച്ചു കഥകളി കലാകാരികൂടിയായ കരയോഗം ഭരണസമിതി അംഗം ശ്രീമതി ശശികല നെടുങ്ങാടിയുടെ അർത്ഥനാരീശ്വര സങ്കല്പത്തിന്റെ ഭാവാഭിനയം വേദിയിലെ കലാപരിപാടികളിൽ പ്രേക്ഷകരുടെ പ്രശംസപിടിച്ചുപറ്റിയ വേറിട്ട ഉദാത്ത കലാസൃഷ്ടിയായി. ഉച്ചയ്ക്ക് ഭക്ഷണത്തിന് പിരിയും മുമ്പെ ജനറൽ സെക്രട്ടറി പി. രാമചന്ദ്ര (വേണു) ന്റെ രണ്ട് വാചകങ്ങൾ പുതുവർഷത്തിൽ തന്നെ കരയോഗം ഗുരുവായുരിൽ അതിഥിമന്ദിരം തുറക്കും. പറഞ്ഞ വാക്ക് അതേപടി നിറവേറ്റുന്നു ഇത് ഞങ്ങളുടെ മിടുക്കല്ല എറണാകുളത്തപ്പന്റെയും ഗുരുവായൂരപ്പന്റെയും അനുഗ്രഹം. മറ്റൊരു പദ്ധതിയും ഉടനെ അംഗങ്ങളുടെ വീട്ടുപടിക്കലേയ്ക്ക് മൊബൈൽ ആശുപത്രിയെത്തുന്നു, ഡോക്ടറും നഴ്സ്സുമാരും പരിശോധനായന്ത്രങ്ങൾ ഉൾപ്പടെ ആംബുലൻസ് എത്തുന്ന സംവിധാനം. ഇതോടെ കരയോഗത്തിന്റെ പോളിക്ലീനിക്ക് സുസജ്ജമായി, രക്തപരിശോധനയും വിലകുറച്ച് മരുന്നു ലഭിക്കുന്ന മെഡിക്കൽ ഷോപ്പും മൊബൈൽ മെഡിക്കൽ സൗകര്യവും ലഭിക്കുന്ന നഗരത്തിലെ ഏകസ്ഥാപനമെന്ന ബഹുമതി നമ്മൾ നേടുന്നു. ഈ വാക്കുകൾ പൂർത്തിയാക്കും മുമ്പേ ഹാളിൽ ഉയർന്ന നീണ്ട കരഘോഷം സേവനം ജീവിത സാഫല്യമെന്ന പ്രസ്ഥാനത്തിന്റെ മാറ്റൊലി.

ഉച്ചയ്ക്ക് പതിവ് കുടുംബ സംഗമത്തിന് വ്യത്യസ്ഥമായി സംഗീതത്തിൽ താല്പര്യമുള്ളവരുടെയും സംഗീതലോകത്ത് പ്രാഗത്ഭ്യം തെളിയിച്ചവരുടെയും സംഗീതവിരുന്നായ 'ഗാനാമൃതം' നടന്നപ്പോൾ പലരും ഉച്ചയുറക്കത്തിനായി വീടുകളിലേയ്ക്കുള്ള യാത്ര റദ്ദാക്കി സദസ്സിനുമുമ്പിലിരിക്കാൻ തിരക്കുകൂട്ടുകയായിരുന്നു. പലരും പാടി കേട്ടതും കേൾക്കാത്തതുമായ ഗാനങ്ങൾ അതീവഹൃദ്യമായി തന്നെ അവതരിപ്പിച്ചു എല്ലാവരും സദസ്സിന്റെ പ്രശംസ പിടിച്ചുപറ്റി പിന്നീട് പതിവു തംബോലയും ലക്കിനറുക്കെടുപ്പും സമ്മാനവിതരണവും സന്ധ്യയ്ക്ക് അയ്യപ്പൻപാട്ട് കേട്ട് അത്താഴം കഴിച്ച് മടങ്ങുമ്പോൾ പലരും സംസാരിച്ചത് അടുത്തവർഷം (2020) കുടുംബസംഗമം നടക്കുമ്പോൾ തങ്ങളുടെ വക എന്തു വ്യത്യസ്ഥമായ പരിപാടിയാണ് വേദിയിൽ അവതരിപ്പിക്കേണ്ടത് എന്നതിനെക്കുറിച്ചായിരുന്നു.





# രാധോപനിഷത്ത്

പ്രൊഫസർ അംബുജാക്ഷി. പി. ഫോൺ : 9447577652

ആർഷഭാരതത്തിന്റെവിജ്ഞാനശാഖയാണ് വേദങ്ങൾ . ഓരോ വേദത്തിനും സംഹിതകളും (ബ്രാഹ്മണങ്ങൾ) ആരണ്യകങ്ങളും ഉപനിഷത്തു ക്കളും ഉണ്ട്. അതിനുപുറമെ വേദാംഗങ്ങളായി ശിക്ഷ, കല്പം , വ്യാകരണം, നിരുക്തം, ജ്യോതിഷം, ഛന്ദസ്സ് എന്നിങ്ങനെ ആറു ശാസ്ത്രങ്ങളും വേദങ്ങളുടെ ജ്ഞാനകാണ്ഡമാണ് വേദാന്തം അല്ലെങ്കിൽ ഉപനിഷത്. കർമ്മകാണ്ഡങ്ങളും ജ്ഞാനകാണ്ഡങ്ങളും അവയോടൊട്ടിച്ചേർന്നു നില്ക്കുന്ന പുരാണേ തിഹാസങ്ങളും കൂടിച്ചേരുന്നിടമാണ്. ഭാരതീയ സംസ്കൃതിയുടെ പ്രഭവസ്ഥാനം.

ഉപനിഷത്ത് എന്ന വാക്കിന് പല അർത്ഥങ്ങളുണ്ട്. ഉപ+നി+ സദ് നോട് ക്വിപ് പ്രത്യയം ചേർന്നാണ് ഉപനിഷത്ത് എന്ന വാക്കുണ്ടാകുന്നത്. ഉപനിഷദ്യതേ (പ്രാപ്യതേ ബ്രഹ്മവിദ്യാ) അനയാ ഇതി - ഇതിനാൽ ബ്രഹ്മവിദ്യ നേടുന്നു എന്നാണ് ഒരർത്ഥം. ഉപ+(ഉപഗമ്യ) നി (നിശ്ചയേന) സദ് (വിശിരണം - ശിഥിലീകരണം) എന്ന് മറ്റൊരു അർത്ഥമുണ്ട്. ശിഥിലീകരണം കൊണ്ട് അവിദ്യയെ നശിപ്പിച്ച് മുമുക്ഷുക്കളെ ബ്രഹ്മത്തിലേക്ക് നയിക്കുന്നു എന്ന് സാരം. അനുഷ്ഠാനസരണിയിൽ നിന്ന് മാറി ചിന്തിക്കാനും വിജ്ഞാനസരണിയിലൂടെ നീങ്ങാനും ഉപനിഷത്തുക്കൾ സഹായിക്കുന്നു. ധൈഷണിക വികാസത്തെ പരിപോഷിക്കുന്ന ഉപനിഷത്തുക്കളുടെ സംഖ്യയെപ്പറ്റി വിഭിന്നാഭിപ്രായങ്ങൾ ഉണ്ട്. നാലു വേദങ്ങൾക്കും കൂടി 1180 ഉപനിഷത്തുക്കൾ ഉണ്ടെന്ന് ഒരഭിപ്രായമുണ്ട്. ശ്രീരാമഹനുമദ്സംവാദരൂപേണയുള്ള മുക്തികോപനിഷത്തിൽ 108 ഉപനിഷത്തുക്കളുടെ പേര് പറയുന്നുണ്ട്. വിദേഹമുക്തി ആഗ്രഹിക്കുന്നവർ ആ 108 ഉപനിഷ ത്തുക്കൾ പഠിക്കണം എന്നാണ് ശ്രീരാമൻ പറയുന്നത്.

കൃപയാ വദ മേ രാമ
യേന മുക്തോ ഭവാമ്യഹം -
മുക്തികോപനിഷത് 1-6

അതിനുത്തരമായി ശ്രീരാമൻ പറയുന്നു

വേദാന്തേ സുപ്രതിഷ്ഠോ ഹം
വേദാന്തം സമുപാശ്രയ
മുക്തികോപനിഷത് 1-7

മുമുക്ഷുക്കൾക്ക് മുക്തിക്കായി മാണ്ഡൂകോപനിഷത്ത് ഒന്നു മാത്രം മതി എന്ന് ഭഗവാൻ പറയുന്നുണ്ട്. അതുകൊണ്ട് ജ്ഞാനം ലഭിച്ചില്ലെങ്കിൽ ദശോപനിഷത്തുക്കൾ, എന്നിട്ടും മതിയായില്ലെങ്കിൽ ദ്വാത്രിംശത് (മുപ്പത്തിരണ്ട്) ഉപനിഷത്തുക്കൾ എന്നിങ്ങനെയാണ് ഹനുമാന്റെ സംശയങ്ങൾ ശ്രീരാമൻ നിവാരണം ചെയ്യുന്നത്. ഒടുവിൽ അദ്ദേഹം ഇങ്ങനെ അവസാനിപ്പിക്കുന്നു.

വിദേഹമുക്താ ഇച്ഛാചേത്
അഷ്ടോത്തര ശതം പഠ
താസാം ക്രമം സശാന്തിം ച
ശ്രുണു വക്ഷ്യാമി തത്ത്വത ഃ
മുക്തികം ഃ 1 -29

മുക്തികത്തിൽ പറഞ്ഞിട്ടുള്ള 108 ഉപനിഷത്തുക്കളുടെ കൂട്ടത്തിൽ പരാമർശമില്ലെങ്കിലും നാലുവേദങ്ങളിലും രാധോപനിഷത്ത് ,രാധികോപ നിഷത്ത് എന്നിങ്ങനെയുള്ള പേരുകളിൽ ഈ ഉപനിഷത്തിനെക്കുറിച്ച് പരാമർശമുണ്ട്. ഡോ. എൻ പി ഉണ്ണി എന്ന പണ്ഡിതവര്യന്റെ 108 ഉപനിഷത് (ഉപനിഷത് പ്രപഞ്ചം) എന്ന ഗ്രന്ഥത്തിൽ 85-ാ മത്തെ ഉപനിഷത്തായാണ് രാധോപനിഷത്ത് പരാമർശിക്കപ്പെട്ടിട്ടുള്ളത്.

'ഓം പൂർണമദ ഃ പൂർണമിദം'

എന്ന ശാന്തിമന്ത്രത്തോടെയാണ് ഇതിന്റെ ആരംഭം. ആരാണ് രാധ? എന്താണ് ഭഗവാന്റെ ഹൃദയത്തിൽ രാധയുടെ സ്ഥാനം? ഈ ചോദ്യങ്ങൾക്കുള്ളൊരു ഉത്തരമായാണ് ഈ ചെറിയ ഉപനിഷത്തിനെ നാം കാണേണ്ടത്. കേവലം നാലു ഖണ്ഡികകളിലൊതുങ്ങുന്ന ഈ ചെറിയ ഉപനിഷത്തിൽ രാധയെ വർണിക്കുന്നത് ഇപ്രകാരമാണ്.

രാധാ രാസേശ്വരീ രമ്യാകൃഷ്ണാ മന്ത്രാധി
ദേവതാ
സർവാദ്യാ സർവവന്ദ്യാ ച
വൃന്ദാവന വിഹാരിണീ
വൃന്ദാരാധ്യാ രമാ ശേഷഗോപീമണ്ഡല
പൂജിതാ
സത്യാ സത്യപരാ സത്യഭാമാ ശ്രീകൃഷ്ണവല്ലഭാ
വൃഷഭാനുസുതാ ഗോപീ
മൂലപ്രകൃതിരീശ്വരീ

ഗന്ധർവാ രാധികാരമ്യാ
രുക്മിണി പരമേശ്വരീ
പരാത്പരതരാ പൂർണാ
പൂർണചന്ദ്രനിഭാനനാ
ഭുക്തിമുക്തി പ്രദാ നിത്യ
ഭവവ്യാധി വിനാശിനീ

ഈ നാമങ്ങൾ ചൊല്ലുന്നവർ ജീവന്മുക്തന്മാരായി ഭവിക്കുന്നു. രാധയുടെ സന്ധിനീശക്തി ഐശ്വര്യത്തിന് കാരണ മാകുന്നു. ജ്ഞാനശക്തി അവിദ്യയെ അകറ്റുന്നു. ക്രിയാശക്തി തന്നെയാണ് ഭഗവാന്റെ ലീലാവിലാസങ്ങൾ. ഈ ഉപനിഷത്തു വായിക്കുന്നയാൾ വ്രതപൂർണനും പരി ശുദ്ധനുമായിത്തീരുന്നു. അയാളുടെ ദൃഷ്ടി പതിയുന്നേടം മുഴുവൻ പരിശുദ്ധമാകുന്നു എന്ന ഫലസിദ്ധിയോടെയാണ് ഈ ഉപനിഷത് സമാപിക്കുന്നത്.

ഭഗവാനും ഭക്തനും ഒന്നായിത്തീരുന്നു. എന്ന പരമാർത്ഥം വിളിച്ചോതുന്നു ഈ വേദാന്തം. രാധയും കൃഷ്ണനും പരസ്പരം ആരാധിക്കുന്നു. വൃന്ദയാൽ ആരാധിക്കപ്പെടുന്ന വൃന്ദാവന വാസിയാണ് ശ്രീകൃഷ്ണൻ. അദ്ദേഹം ഏകമാത്ര സർവേശ്വരനും സമസ്തജഗത്തുക്കളുടേയും സ്വാമിയുമാണ്. ആഹ്ലാദിനീ, സന്ധിനീ, ജ്ഞാനേഛാ, ക്രീയാശക്തി എന്നിവയാണ് കൃഷ്ണന്റെ ശക്തികൾ. അവയിൽ പരമപ്രധാനമായ ആഹ്ലാദിനീ ശക്തിയാണ് രാധയുടെ ശക്തിയും. കൃഷ്ണന് ഏറ്റവും പ്രിയപ്പെട്ടവളാണ് രാധ. രാധിക, ഗന്ധർവ എന്നൊക്കെ അറിയപ്പെടുന്ന അവൾ ലക്ഷ്മിയുടെ അവതാരം തന്നെയാണ്. എല്ലാ ഗോപികളും കൃഷ്ണന്റെ മഹിഷികൾ തന്നെയാണ്. എന്നാൽ രാധ സർവ്വേശ്വരിയും കൃഷ്ണപ്രാണാധിക പ്രിയയുമാണ്. നാലു വേദങ്ങളും രാധയെ സ്തുതിക്കുന്നു.

"ഓം വാങ് മേ മനസി പ്രതിഷ്ഠിതം"

എന്ന ശാന്തി മന്ത്രത്തോടെ തുടങ്ങുന്ന രാധികോപനിഷത്തിലും രാധയുടെ മാഹാത്മ്യം തന്നെയാണ് പാടുന്നത്. സർവവിദ്യാ, സനാതനീ എന്നൊക്കെ വിശേഷിപ്പിക്കുന്ന രാധാദേവി ആരാധിക്കുന്നവർക്ക് "സകലം കരതലാവകലിതം" ആണ്. രാധയെ അവഗണിച്ച് കൃഷ്ണനെ മാത്രം ആരാധിക്കുന്നവർ പമ്പര വിഡ്ഢികളാണെന്നും ഉപനിഷത് സമർത്ഥിക്കുന്നു.

| എറണാകുളം കരയോഗം - **ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2019 ഡിസംബർ മാസത്തിൽ സംഭാവന നൽകിയവർ** | |
|---|---|
| 1. ശ്രീമതി. ശാരദ ജഗദീഷ്, ശരണ്യ, ചിറ്റൂർ റോഡ്, കൊച്ചി –682304 | 1,00,000/- |
| 2. ശ്രീമതി . ദീപ്തി എൻ, മംഗളേന്ദു, പ്രിയദർശിനി നഗർ, കോന്തുരുത്തി, തേവര | 25,000/- |
| 3. ശ്രീ. ജെ. രാജശേഖരൻ നായർ, വിശാഖം 32/1386, എ.1, പൈപ്പ്ലൈൻ റോഡ് പാലാരിവട്ടം. പി. ഒ, കൊച്ചി - 682025 | 20,000/- |
| 4. ശ്രീ. പനമ്പിള്ളി മാധവ മേനോൻ, കൊച്ചിൻ ഹൗസ്, കാരിക്കാമുറി ക്രോസ്സ് റോഡ് എറണാകുളം | 10,000/- |
| 5. ശ്രീ. വി. രാധാകൃഷ്ണൻ, ദേവീകൃപ, ഹൗസ് നമ്പർ 36, പനോരമ നഗർ, മരട് | 10,000/- |
| 6. ശ്രീമതി.പ്രസന്ന വേണുഗോപാൽ, 5 ബി, ജെ. എം. പാരഡൈസ്, പാലാരിവട്ടം, കൊച്ചി - 682025 | 10,000/- |
| 7. ശ്രീ. കെ. കൃഷ്ണകുമാർ, 107, ഗോവിന്ദ് അപ്പാർട്ട്മെന്റ്, കളത്തിൽ പറമ്പിൽ റോഡ്, കൊച്ചി - 682016 | 10,000/ |
| 8. ശ്രീ. അജയകുമാർ, എൻ, തുഷാര, 14/379 എ, തൃപ്പൂണിത്തുറ | 9,000/- |
| 9. ശ്രീ. ലക്ഷ്മി നാരായണ സേതുമാധവൻ, കൊടക്കാട്ട് ഹൗസ്, കാരിക്കാമുറി ക്രോസ് റോഡ്, കൊച്ചി –682011 | 6,000/- |
| 10. ശ്രീമതി. പ്രീതി എം. സുരമ്യ, കരിയർ സ്റ്റേഷൻ റോഡ്, എറണാകുളം | 5,000/- |
| 11. ശ്രീമതി. തങ്കം രാഘവൻകുട്ടി, ചൈതന്യ, വി. ആർ. എം. റോഡ്, രവിപുരം, കൊച്ചി–16 | 5,000/- |
| 12. ശ്രീ. കെ. സി. അശോക് കുമാർ, 1 ഡി, സ്റ്റാർ പാരഡൈസ്, കടവന്ത്ര | 5,000/- |





# ശാസ്ത്രത്തിന്റെ ചരിത്രം, ദർശനം - ഭാഗം 2

**സി. രാമചന്ദ്രൻ. ഫോൺ : 9995820684**

## ചിന്തിക്കുന്ന മനുഷ്യൻ പ്രപഞ്ചത്തിൽ

മനുഷ്യരാശിയുടെ ഇന്നത്തെ ശാസ്ത്രീയ അറിവിന്റെ വെളിച്ചത്തിൽ നിന്നുകൊണ്ട് ഇന്നു നോക്കുമ്പോൾ നാം അറിയുന്ന പ്രപഞ്ചത്തിന്റെ പ്രായം ഏതാണ്ട് 1350 കോടി വർഷങ്ങളാണ്. സൂര്യനും സൗരയൂഥവുമുണ്ടാകുന്നത് 500 കോടി വർഷങ്ങൾക്കു മുൻപാണ്, ഭൂമിയുടെ പ്രായം 400 കോടി വർഷങ്ങളും. ഭൂമിയിൽ ഏകകോശ ജീവിയായ ബാക്ടീരിയ പോലെ ഒന്ന് ഒരു പ്രാചീന ദ്രാവകക്കുഴമ്പിൽ രൂപമെടുത്തിട്ട് 350 കോടി വർഷങ്ങളായി. തുടർന്നങ്ങോട്ടുള്ള ജൈവ പരി ണാമത്തിന്റെ രൂപരേഖ പരിശോധിക്കുമ്പോൾ ബഹുകോശജീവികളും ജെല്ലി മത്സ്യങ്ങളും മറ്റും പ്രത്യക്ഷപ്പെട്ടത് 35 കോടി വർഷങ്ങൾക്കു മുൻപാണ്. കടൽ ഉരഗങ്ങളുണ്ടായിട്ട് 36 കോടി വർഷങ്ങളായി. 25 കോടി വർഷങ്ങൾക്കു മുൻപുണ്ടായ കാലത്തിന്റെ തിരിച്ചടിയിൽ അന്നു നിലവിലുണ്ടായിരുന്നതിന്റെ പകുതിയിലേറെ ജീവികൾ അന്യം നിന്നു പോയി. ദിനോസറുകളുടെ പ്രായം 20 കോടിയും കടലാമകളുടെയും മുതലകളുടെയും പ്രായം 10 കോടിയുമാണ്. 6 കോടി വർഷങ്ങൾക്കു മുൻപ് ദിനോസറുകൾ അപ്രത്യക്ഷമാകുകയും ആദിമകുരങ്ങുകൾ പ്രത്യക്ഷപ്പെടുകയും ചെയ്തു. പിന്നീടാണ് കുതിരകളും പുല്ലും തിന്നുന്ന സസ്തിനികളുമുണ്ടാകുന്നത്. രണ്ടു കാലിൽ നടക്കുന്ന മനുഷ്യക്കുരങ്ങിനുശേഷം മനുഷ്യന്റെ പൂർവ്വികന്മാരുണ്ടായത് ഇരുപതുലക്ഷം വർഷങ്ങൾക്കു മുൻപാണ്. 70000 വർഷങ്ങൾക്കു മുൻപുണ്ടായ ബൗദ്ധിക വിപ്ലവമാണ് മനുഷ്യനെ മനുഷ്യനാക്കിയത്. പ്രപഞ്ചത്തിന്റെ പ്രായം 25 മണിക്കൂറുകളായി ചുരുക്കി സ്കെയിൽ ചെയ്താൽ മനുഷ്യനുണ്ടായിട്ട് ഒരു മിനിറ്റേ ആകുന്നുള്ളൂ. പ്രപഞ്ചത്തിൽ മനുഷ്യൻ പുതിയ ജീവിയാണ്. ഈ അന്വേഷണത്തിന് ഫിസിക്സ്, അസ്ട്രോ ഫിസിക്സ്, ജീവശാസ്ത്രം, നരവംശശാസ്ത്രം, പുരാവസ്തു ശാസ്ത്രം, ചരിത്ര ഗവേഷണം തുടങ്ങിയ വിജ്ഞാന മേഖലകളും അന്വേഷണ രീതികളുമാണ് സഹായകമാകുന്നത്. അന്വേഷണ രീതി യുക്തി ഭദ്രവും വസ്തു നിഷ്ഠവും ക്രമവൽകൃതവു മായിരിക്കണം. തെളിവുകൾക്ക് തൊണ്ടി, സാഹചര്യം, സാക്ഷി, ഫോറൻസിക് തുടങ്ങിയ ശാസ്ത്രീയതയെയാണ് ആശ്രയിക്കുക. വസ്തുവിന്റെ കാലപ്പഴക്കം തീരുമാനിക്കുന്നതിന് കാർബൺ ഡേറ്റിങ്ങ്, അർദ്ധായുസ്സ് തുടങ്ങിയെ നവീനമാർഗ്ഗങ്ങളാണ് അവലംബിക്കുന്നത്.

എഴുപതിനായിരം വർഷങ്ങൾക്കു മുൻപ് ഭാഷ ഉരുത്തിരിഞ്ഞു പരിണമിച്ചതിനുശേഷമുണ്ടായ രണ്ടാം വൈജ്ഞാനിക വിപ്ലവം പതിനായിരം വർഷങ്ങൾക്കപ്പുറമുള്ള കൃഷിയുടെ കണ്ടു പിടിത്തത്തോടെയാണ്. മൃഗങ്ങളെ മേയ്ക്കുവാനും അവയുടെ പേശീബലം കൂടി അദ്ധ്വാനത്തിന് ഉപയോഗപ്പെടുത്തുവാനും കഴിഞ്ഞു. അതിനു സഹായകമാംവണ്ണം കാറ്റും, ഒഴുക്കും, സൂര്യപ്രകാശവും കൂടി ഉപയോഗപ്പെടുത്തി ആയാസം കുറച്ചു. ഉത്തോലകങ്ങളും കപ്പികളും ചക്രങ്ങളും വീണ്ടുമതു ലളിതമാക്കി.

അഞ്ഞൂറു വർഷം മുൻപ് മാത്രമുണ്ടായ മൂന്നാം വൈജ്ഞാനിക വിപ്ലവമാണ് ലോകത്തെ ഇന്നത്തെ രീതിയിൽ മാറ്റി മറിച്ചത്. ഫോസിൽ ഇന്ധനങ്ങളുടെയും വെടിമരുന്നിന്റെയും വരവ് ഊർജ്ജവിപ്ലവത്തിനും വ്യാവസായിക വിപ്ലവത്തിനും ഇടയാക്കി. ലോകത്തിന്റെ മുഖഛായ തന്നെ മാറി. ഇതോടൊപ്പം തന്നെ പ്രപഞ്ചചിത്രവും മാറി. അതുവരെ പ്രപഞ്ചകേന്ദ്രത്തിലായിരുന്ന ഭൂമിയെ അവിടെനിന്നും മാറ്റി പ്രതിഷ്ഠിച്ച കോപ്പർ നിക്കസ് പകരം സൂര്യനെയാണവിടെ പ്രതിഷ്ഠിച്ചത്.

സൂര്യൻ ഒരു നക്ഷത്രമായിട്ടും ചന്ദ്രൻ ഒരു ഉപഗ്രഹമായിട്ടും മാറിയതോടെ ഗ്രഹങ്ങളുടെ എണ്ണം അഞ്ചായി. എന്നാൽ ഭൂമിയും ഒരു ഗ്രഹമാണെന്നു തിരിച്ചറിഞ്ഞതോടെ ഗ്രഹങ്ങളുടെ എണ്ണം ആറായി. പിന്നീട് ടെലസ്കോപ്പുകൾ വികസിച്ചതോടെ യുറാനസ്, നെപ്ട്യൂൺ എന്നീ ഗ്രഹങ്ങൾ കൂടെ കണ്ടെത്തി. അങ്ങളെ ഗ്രഹങ്ങളുടെ എണ്ണം ഒൻപതായി. ഇന്നും അറിവുകളോടു മുഖം തിരിഞ്ഞു നിൽക്കുന്നവരുടെ എണ്ണം നമ്മെ അത്ഭുതപ്പെടുത്തും. ചിരപുരാതന ശീലങ്ങളിൽ നിന്നും വിശ്വാസങ്ങളിൽ നിന്നും മോചിതമാകുന്നതിന് മുൻപ് തങ്ങൾക്കു തെറ്റു പറ്റിയിരുന്നു എന്ന് അംഗീകരിക്കലും അത് അഭിമാനക്കുറവുമാണെന്നാണവർ കരുതുന്നത്. സ്വയം പരിഷ്കരിക്കപ്പെടുന്നതിൽ നിന്നും പിറകോട്ടു വലിയുന്ന കാഴ്ച.

പുരാവസ്തു ഗവേഷണവും അതിനോടനുബന്ധിച്ച ഖനനങ്ങളും മണ്ണിൽ മറഞ്ഞും പുതഞ്ഞും കിടക്കുന്ന പലതും പുറത്തെടുക്കുന്നുണ്ട്. തൊണ്ടിമുതലുകളുടെ പ്രായവും പഴക്കവും കണ്ടെത്തുന്നതിനും ശാസ്ത്രീയമായ പദ്ധതികളുണ്ട്. അങ്ങിനെയാണ് മൺമറഞ്ഞു പോയ ജീവിവംശങ്ങളുടെ ഫോസിലുകളിലൂടെ അവയുടെ ജീവിത പശ്ചാത്തലവും അവസ്ഥയും വിലയിരുത്തപ്പെടുന്നത്. ഡി. എൻ. എ യുടെ കണ്ടു പിടുത്തത്തോടെ സൂഷ്മമായ അന്വേഷണങ്ങളും പരിശോധനകളും പൂർവ്വാധികം കുറ്റമറ്റതായി മാറിയിട്ടുണ്ട്.

60 ലക്ഷം വർഷങ്ങൾക്കു മുൻപുണ്ടായിരുന്ന ഒരു കുരങ്ങു വർഗ്ഗം രണ്ടായി പിരിഞ്ഞ് ഒന്ന് ചിമ്പൻസിയും മറ്റൊന്ന് മനുഷ്യപൂർവികവാനരനുമായി. മനുഷ്യപൂർവികന്റെ പിൻകാല പരിണാമമാണ് ശിലായുഗ മനുഷ്യനിലേക്കെത്തിയത്. ഇരുപതു ലക്ഷം വർഷങ്ങൾക്കു മുൻപുണ്ടായിരുന്ന ശിലായുഗ മനുഷ്യൻ പലതായി ചിതറി പലയിടത്തേക്കു കുടിയേറി. ആഫ്രിക്കയിൽ നിന്ന് അത് യൂറോപ്പിലേക്കും ഏഷ്യയിലേക്കും വ്യാപിച്ചു. അഞ്ചുലക്ഷം വർഷങ്ങൾക്കു മുൻപ് നിയാന്തർതാൽ എന്ന മനുഷ്യമങ്കിയായി അലഞ്ഞ ഈ വംശത്തിന് ബുദ്ധിശക്തിയിൽ ചിമ്പൻസിയേക്കാളുമോ ബബൂണിനെക്കാളുമോ ഒന്നും ഔന്നത്യമുണ്ടായിരുന്നില്ല. എങ്കിലും ഈ വംശമാണ് പടിപടിയായി പിരണമിച്ച് അഞ്ചു ലക്ഷം വർഷങ്ങൾക്കുശേഷം ചന്ദ്രനിൽ കാലുകുത്തി കൊടി നാട്ടിയത്. ഈ വംശത്തെയാണ് ശാസ്ത്രലോകം ഹോമോ (മനുഷ്യൻ) സാപിയൻ (ചിന്തിക്കുന്നവൻ) എന്ന പേര് നൽകി വർഗ്ഗീകരിച്ചത്.

ഒരു ജീവിവംശം ഒരു ജൈവകുടുംബത്തിൽ പെടുന്നു. മാർജ്ജാര വംശത്തിൽ പൂച്ചയും ചീറ്റയും കടുവയും പെടും. ശുനക വംശത്തിൽ ചെന്നായും നായും കുറുക്കനുമെല്ലാം പെടും. ഓരോ കുടുംബവും ഒരു പൊതുപൂർവ്വിക വംശത്തിൽ നിന്ന് പരിണാമപരമായി പിരിഞ്ഞു വേർപെട്ടതാണ്. കുരങ്ങും ചിമ്പാൻസിയും ഉറാങ്ങുട്ടാനും പെടുന്ന ഒരു പൂർവ്വ ജൈവകുടുംബത്തിൽ നിന്നും പിരിഞ്ഞു വേർപ്പെട്ടു വന്ന ഒരു വംശമാണ് ഹോമോസാപിയൻസ്. പരിണാമവുമായി ഒരു ബന്ധവുമല്ലാതെ പൊട്ടി വീണ ഒരു വംശമായി മനുഷ്യനെ കാണുവാനാണ് സാധാരണ മനുഷ്യൻ ഇഷ്ടപ്പെടുന്നത്. കാരണം വാലില്ലാ കുരങ്ങിൽ നിന്നും പരിണമിച്ചതാണ്. എന്നോ, പ്രസ്തുത കുടുംബത്തിലെ അംഗമാണെന്നോ കരുതുന്നത് ഒരു കുറച്ചിലാണെന്നതുപോലെയാണ്. എന്നാൽ പ്രസ്തുത കുടുംബത്തിലെ ഒരു മുതുമുത്തശ്ശിയുടെ പല പെൺമക്കളിൽ ഒന്നിൽ നിന്നതാണ് മനുഷ്യവംശമായ ഹോമോസാപിയൻസ് രൂപാന്തരപ്പെട്ടതെന്നു കരുതാം. അവരാണ് അണുക്കളെ വിഘടിപ്പിക്കുകയും, ചൊവ്വയിലേക്ക് കുതിക്കുകയും ജനിതക രഹസ്യം പരസ്യമാക്കുകയും കമ്പ്യൂട്ടറുകൾ കൈകാര്യം ചെയ്യുകയും ചരിത്രമെഴുതുകയും ചെയ്യുന്നത്.








പാലേലി നാരായണൻ നമ്പൂതിരി രചിച്ച

**ഹ്രസ്വഭാഗവതം**

**ശ്രീമദ് ഭാഗവതത്തിന്റെ പൂട്ട് തുറക്കാനുള്ള താക്കോൽ**

വേദവ്യാസാകൃതമായ ശ്രീമദ് ഭാഗവതത്തിൽ ആകെ 335 അധ്യായം ഉണ്ട്. ഇതിലെ ഓരോ അധ്യായത്തേയും ഓരോ ശ്ലോകമാക്കി ഇതിൽ സംഗ്രഹിച്ചിരിയ്ക്കുന്നു. കൂടാതെ ആരംഭത്തിൽ ഒരു പ്രണാമശ്ലോകവും. അങ്ങനെ ഒട്ടാകെ 336 സംസ്കൃതശ്ലോകങ്ങൾ അടങ്ങുന്ന കൃതിയാണ് ഹ്രസ്വഭാഗവതം.

***ഭാഗവത, നാരായണീയ സമിതികൾക്ക് ആകർഷക നിരക്ക്***

**മുഖവില 75/– രൂപ, ഇപ്പോൾ 60/– രൂപ മാത്രം.**

**2020 മാർച്ച് 22 മുതൽ ഏപ്രിൽ 5 വരെ**

**നേപ്പാൾ യാത്ര**

ട്രെയിൻ (3rd A/C), ഭക്ഷണം, താമസം
ഉൾപ്പടെ സീനിയർ സീറ്റിസൺ 31,000/-

**2020 മെയ് 5 മുതൽ 21 വരെ**

**കാശി രാമേശ്വരം & ബേലൂർ മഠം തീർത്ഥാടനം**

കാശി വിശ്വനാഥക്ഷേത്രം, ശ്രീഅന്നപൂർണ്ണദേവി ക്ഷേത്രം, കാലഭൈരവ ക്ഷേത്രം, മണികർണ്ണിക, സങ്കടമോചൻ ക്ഷേത്രം, അയോദ്ധ്യ, സരയൂ, ഗയാശ്രാദ്ധം, രാമേശ്വരം, ബേലൂർ മഠം, ദക്ഷിണേശ്വരം, കമാർപൂക്കൂർ, കോസിപ്പൂർഗാർഡൻ, ജയറാംവാടി, ഭദ്രകാളി ക്ഷേത്രം (കാളിഘട്ട്), സ്വാമി വിവേകാനന്ദന്റെ ജന്മഗൃഹം

ട്രെയിൻ (3rd A/C) ഭക്ഷണം, താമസം ഉൾപ്പടെ
സീനിയർ സീറ്റിസൺ 29,000/-

**2020 ഒക്ടോബർ 1 മുതൽ 17 വരെ**

**ഹിമാലയ തീർത്ഥയാത്ര**

**കേദാർനാഥ്, ബദരീനാഥ്, യമുനോത്രി, ഗംഗോത്രി,**
ഹരിദ്വാർ, ഋഷികേശ്, ബാർക്കോട്ട്, ഹനുമാൻചട്ടി, ഉത്തരകാശി, ഗൗരികുണ്ഡ്, ത്രിയുഗനാരായണക്ഷേത്രം, രുദ്രപ്രയാഗ്, കർണ്ണപ്രയാഗ്, നന്ദപ്രയാഗ്, മാനാവ്യാസ ഗുഹ, ജ്യോതിർമഠം, ദേവപ്രയാഗ്, വസിഷ്ഠഗുഹ, ജോഷിമഠം, വ്യാസഗുഹ

യാത്രാനിരക്ക് – 29,000/– (സീനിയർ സിറ്റീസൺ)
(3 A/c ട്രെയിൻ ) യാത്ര, ഭക്ഷണം, താമസം ഉൾപ്പടെ

**GURUKRIPA** *A Journey For Peace & Life*
3rd Floor, Pottekkatt Building, Near Paramekkavu Temple,
Round East, Thrissur - 680 001 E-mail : gurukripatelevision@gmail.com
**Ph : 9400124048, 9288603419**

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

യഥാഭിമത ധ്യാനാദ് വാ – 1–30 ഇഷ്ടമായതിനെ ധ്യാനിച്ചാലും (മനസ്സ് സ്ഥിരമാവും) ഇഷ്ട വസ്തുവിനെ ധ്യാനിച്ചാലും മനസ്സ് സ്ഥിരമാവും എന്നർത്ഥമെടുക്കാം. സൂര്യചന്ദ്രാദികളായ ബാഹ്യ വസ്തുക്കളെയോ ആന്തരമായ നാഡീചക്രാദികളിലോ മനസ്സുറപ്പിക്കാമെന്ന് ഭോജവൃത്തി. വിഷ്ണു, ശിവൻ മുതലായ മൂർത്തികളെയും ധ്യേയവസ്തുവാക്കാം എന്ന് ഭാവാഗണേശൻ. ഒന്നിൽ മനസ്സു കേന്ദ്രീകൃതമായാൽ അത് മറ്റിടങ്ങളിലും സംഭവിക്കും.

'മൈത്രീ കരുണാ......' എന്ന 33 സൂത്രം മുതൽ ഈ 39 വരെയുള്ള സൂത്രങ്ങൾ മനസ്സിന്റെ സ്ഥിതി നിബന്ധനത്തിനും മന: പ്രസാദത്തിനും ഉള്ള ഉപായങ്ങളെയാണ് പറഞ്ഞത്. ഈ സൂത്രത്തോടെയാണ് അത് സമാപിക്കുന്നത്. 'വാ' (അതുകൊണ്ടോ) എന്ന പദം എല്ലാറ്റിലും ആവർത്തിക്കുന്നു. അതുകൊണ്ട് ഈ ഏഴെണ്ണത്തിനും പരികർമ്മമെന്ന പേരുണ്ട്. ചിത്തസംസ്കാരത്തിനുതകുന്നവ എന്ന അർത്ഥത്തിലാണ് പരികർമ്മ സംജ്ഞ.

എന്തിനേറെ പറയുന്നു. ശാസ്ത്രത്തിൽ പറയപ്പെട്ട ഏതെങ്കിലും ദേവന്റെ രൂപം ധ്യാനിച്ചു കൊള്ളുക. ആ ധ്യാനം കൊണ്ട് മനസ്സ് അചഞ്ചലവും ഏകാഗ്രവുമായിക്കൊള്ളും. എന്ന് സദാശിവ ബ്രഹ്മേന്ദ്രൻ യോഗവ്യാസൻ ഈ സൂത്രത്തിന് രണ്ടു വാചകമേ ഭാഷ്യമായി കൊടുത്തിട്ടുള്ളൂ. അതുപോലെ മറ്റു ഭാഷ്യാകാരന്മാരും. ചിലർ കഴിഞ്ഞ ഏഴു സൂത്രങ്ങളിൽ പറഞ്ഞവയിൽ ഇഷ്ടമുള്ളത് എന്നു വ്യാഖ്യാനിക്കുന്നു.

എന്നാൽ ഓഷോ ഇതിനെ താല്പര്യപൂർവ്വം വ്യാഖ്യാനിച്ചിട്ടുണ്ട്. നിന്റെ പ്രിയപ്പെട്ടവളുടെ കണ്ണിൽ നോക്കുക, അതിനെ ധ്യാനിക്കുക.

മത പണ്ഡിതന്മാർ ഇതിനെ വിമർശിക്കും. ഇവയൊക്കെ വഴി തെറ്റിക്കുന്നവയാണെന്നു പറയും. ദൈവത്തെ ധ്യാനിച്ചാൽ മതിയെന്നു പറയും.

നാം ധ്യാനിക്കുന്ന വസ്തുവിന് ക്രമത്തിൽ ഒരു വൈശിഷ്ട്യം ഉണ്ടായിത്തീരും. അത് ആ വസ്തുവിന്റെ ഗുണമല്ല. ധ്യാനത്തിലൂടെ നാം നമ്മുടെ ഉള്ളിൽ നിന്നു കൊടുക്കുന്ന ശക്തിയാണ്. ധ്യാനമാണ് അതിനെ പാവനമാക്കുന്നത്. പാറയെ ധ്യാനിച്ചോളൂ. പാറ പാവനമാകും. ഒരു ബുദ്ധ സന്യാസിയായിരുന്ന നാഗാർജുനൻ ഒരു ഗ്രാമത്തിലൂടെ സഞ്ചരിക്കുകയായിരുന്നു. ഒരു ഗ്രാമീണൻ അദ്ദേഹത്തിൽ ആകൃഷ്ടനായി. താങ്കൾ ദരിദ്രന്റെ വേഷത്തിൽ നടക്കുന്ന ഒരു ചക്രവർത്തിയെപ്പോലുണ്ട്. എനിക്കും അതുപോലാവണം. പക്ഷെ ഒരു തടസ്സമുണ്ട്. എനിക്ക് ഒരു പശുവുണ്ട്. അതിനെ ഉപേക്ഷിക്കാൻ വയ്യ. ഞാൻ അതിനെ അത്രയും സ്നേഹിക്കുന്നു. അയാൾക്ക് ഭാര്യയും മക്കളുമില്ല.

'ഞാൻ പറയുന്നത് മണ്ടത്തരമാണോ'.

ഒരിക്കലുമല്ല നാഗാർജ്ജുനൻ പറഞ്ഞു. നീ എങ്ങും പോകണ്ട.പശുവിനെ ധ്യാനബിന്ദുവാക്കുക. ധ്യാനവും സ്നേഹവും തമ്മിൽ ഭിന്നത അരുത്. അവ തമ്മിൻ മത്സരിച്ചാൽ ധ്യാനമാണ് സഹിക്കേണ്ടിവരിക. സ്നേഹമാണ് മനോഹരം. സ്നേഹച്ചിറകിൽ പറന്നാലെ ധ്യാനപദം പ്രാപ്യമാവൂ. സ്നേഹത്തെ വാഹനമാക്കണം. അതാണ് പതഞ്ജലി പറഞ്ഞത്. 'നിനക്ക് ഇഷ്ടപ്പെട്ടതിനെ ധ്യാനിക്കുക'. ഇന്ന് ഒരു പൂവായിരിക്കും ഇഷ്ടം, നാളെ ഒരു ശിശു, മറ്റന്നാൾ ചന്ദ്രൻ, അതിൽ പ്രശ്നമില്ല. ലോകത്തിലുള്ളതെല്ലാം സുന്ദരമാണ്. ഇഷ്ടമായതിന്റെ പുറത്തേറി ധ്യാനത്തിലേക്ക് കുതിക്കുക.

ഒരാളുടെ സുന്ദരിയായ ഭാര്യ മരിച്ചു പോയി. അവളുടെ ഓർമ വിട്ടുമാറുന്നില്ല. അവൻ ഒരു സിദ്ധനെ സമീപിച്ചു. അദ്ദേഹം അവന് മന്ത്രം ഉപദേശിച്ചു. അത് ജപിച്ചു കൊണ്ട് വർഷങ്ങൾ ധ്യാനിച്ചു. പക്ഷെ എപ്പോഴും ഭാര്യയുടെ രൂപം കടന്നു വരും. അയാൾ ഓഷോയെ സമീപിച്ചു. ഓഷോ പറഞ്ഞു. നീ ഒരു മണ്ടനാണ്. ഈ മന്ത്രത്തിന്റെ ആവശ്യമില്ല. ഭാര്യയുടെ പേരു ജപിക്കുക. അവളുടെ ഫോട്ടോ വെച്ചു ധ്യാനിക്കുക.

'അങ്ങെന്താണ് പറയുന്നത് ? അവൾ ധ്യാനത്തിനു തടസ്സമാണ്'.

'അതേ, ആ തടസ്സത്തെ ധ്യാന വിഷയമാക്കുക. എന്തിനു തർക്കം?' ആ യുവാവിന് അത് വളരെ ഗുണകരമായി. മനസ്സു ശാന്തമായി.





# അവനവനെ കണ്ടെത്തുക

യു.എസ്. രവീന്ദ്രൻ. ഫോൺ : 9496120978

നമ്മളുടെ ജീവിതത്തിന്റെ ഉദ്ദേശ്യം എന്താണെന്നറിയണമെങ്കിൽ അവനവനെ കണ്ടെത്താനുള്ള മാനസികമായ യാത്ര, യാത്രകൾ കൂടിയേ തീരൂ. ലാറ്റിനമേരിക്കൻ എഴുത്തുകാരനായ പൗലോ കൊയ്‌ലോ അദ്ദേഹത്തിന്റെ ആൽകെമിസ്റ്റ് എന്ന പ്രസിദ്ധമായ പുസ്തകത്തിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്. 'ചിലപ്പോൾ ഒരു യോദ്ധാവിന് ഒരേ സമയം രണ്ടു ജീവിതങ്ങളാണ് നയിക്കുന്നത് എന്നു തോന്നാറുണ്ട്. ഇപ്പോൾ ജീവിച്ചു കൊണ്ടിരിക്കുന്ന ജീവിതം ഒന്ന് , വാസ്തവത്തിൽ ജീവിക്കാൻ ആഗ്രഹിച്ച ജീവിതം രണ്ട് (മനസ്സിൽ)'. ക്രമേണ ആ യോദ്ധാവിന്റെ സ്വപ്നങ്ങൾ ദൈനംദിന ജീവിതത്തെ ഏറ്റെടുക്കുന്നു. അദ്ദേഹം ആഗ്രഹിച്ച ജീവിതം ഏറ്റെടുക്കാൻ അയാൾ മാനസികമായി തയ്യാറായിരിക്കുന്നു എന്ന് തിരിച്ചറിയുന്നു. രണ്ടു ജീവിതങ്ങളും കൂടി ചേർന്ന് ഒന്നാകുന്നു. ഇതിന് കുറച്ചു ധൈര്യം മാത്രം മതി.

ഒരാളുടെ പുരോഗതിക്കും ജീവിത വിജയത്തിനും എന്തെല്ലാമാണ് വേണ്ടത് ? ആത്മപുരോഗതിയുടെ അടിസ്ഥാനം അവനവനെ സ്വയം മനസ്സിലാക്കുക എന്നതാണ്. ഒരാളെ വേറൊരാളോട് താരതമ്യം ചെയ്യുന്നതിനേക്കാൾ നല്ലത് സ്വന്തം കഴിവിനെപ്പറ്റിയും പരിമിതികളെപ്പറ്റിയും വ്യക്തമായ അറിവുണ്ടായിരിക്കുക എന്നതാണ്.

നമ്മളെ നമ്മളോടു തന്നെ താരതമ്യം ചെയ്യുന്നതിന് നമ്മളെ നമ്മൾ സ്വയം മനസ്സിലാക്കണം. എന്നിലുള്ള പ്രവണതകൾ, വാസനകൾ എന്താണ്? എനിക്ക് എന്താണ് ഇഷ്ടം? എനിക്ക് ഇഷ്ടമില്ലാത്തത് എന്താണ്? ഭാവിയിൽ ഞാൻ ആരാകണം? ഈ ചെറിയ ചെറിയ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനുള്ള ശ്രമം വിജയത്തിലേക്കുള്ള യാത്ര എളുപ്പമാക്കും. ഈ അന്വേഷണങ്ങളാണ് സ്വയം കണ്ടെത്താനുള്ള യാത്രയുടെ ആദ്യത്തെ കാൽ വെയ്പ്പ്.

പ്രത്യേക സന്ദർഭങ്ങളിൽ ഭാര്യ ഭർത്താവിനും ഭർത്താവ് ഭാര്യയ്ക്കും, സുഹൃത്തുക്കൾ പരസ്പരവും, സമ്മാനങ്ങൾ കൈമാറുക എന്നത് എല്ലാവർക്കും സന്തോഷമുള്ള കാര്യമാണല്ലോ. ഒരു ദിവസം രമ്യ ഭർത്താവ് ഗോപുവിനോട് പറഞ്ഞു. 'ചേട്ടാ ഞാൻ ഇന്നലെ ഒരു സ്വപ്നം കണ്ടു. നമ്മുടെ വിവാഹവാർഷികം പ്രമാണിച്ച് ചേട്ടൻ എനിക്കൊരു ഡയ്മണ്ട് നെക്ലേസ് സമ്മാനം തന്നെന്ന്'. മനസ്സിലുള്ള ആഗ്രഹം സ്വപ്ന രൂപേണ രമ്യയുടെ മനസ്സിൽ ഉദിച്ചതാകാം. 'ശരി ഇന്നു വൈകിട്ട് കാണാം'. എന്നു പറഞ്ഞു കൊണ്ട് ഗോപു ഓഫീസിലേക്ക് പോകുകയും ചെയ്തു. അന്ന് വൈകിട്ട് ഓഫീസിൽ നിന്നും വന്നപ്പോൾ വളരെ ഭംഗിയായി വർണ്ണ കടലാസിൽ പൊതിഞ്ഞ് റിബൺകൊണ്ടു കെട്ടിയ ഒരു പൊതി ഗോപു രമ്യയ്ക്ക് കൊടുത്തു. ഇത് ഞാൻ സ്വപ്നം കണ്ട ഡയ്മണ്ട് നെക്ലേസ് തന്നെ. രമ്യ മനസ്സിൽ വിചാരിച്ചു. ഉദ്വേഗപൂർവ്വം പാക്കറ്റ് തുറന്നു. 'സ്വപ്നങ്ങളുടെ വ്യാഖ്യാനങ്ങൾ' എന്ന ഒരു പുസ്തകമായിരുന്നു അത്. ചിലപ്പോൾ നമ്മൾക്ക് തോന്നാറുണ്ട് സമ്മാനങ്ങൾ നൽകുമ്പോൾ അത് വർണ്ണ കടലാസിൽ പൊതിഞ്ഞ് മനോഹരമായി റിബൺകൊണ്ട് കെട്ടിമുറുക്കിയിട്ടൊക്കെയാകും പായ്ക്കറ്റ്. സ്നേഹമുള്ള വർക്ക് സമ്മാനം നൽകുമ്പോൾ ഇത്രയൊക്കെ കെട്ടി മുറുക്കേണ്ട ആവശ്യമുണ്ടോ? ഒരു ഉദ്വേഗത സൃഷ്ടിക്കേണ്ട ആവശ്യമുണ്ടോ? എന്നാൽ ആ ഉദ്വേഗതക്കും ഒരു പ്രത്യേക സന്തോഷമുണ്ട്. സമ്മാനം കിട്ടുന്നവർക്കും കൊടുക്കുന്നവർക്കും.

ഇതുപോലെ നമ്മൾ ഓരോരുത്തർക്കും അവനവന്റെ തലത്തിൽ പ്രത്യേകതയുള്ള കഴിവും സാമർത്ഥ്യവും വാസനയും ദൈവം സമ്മാനമായി പൊതിഞ്ഞു നൽകിയിട്ടുണ്ട്. ഈ ഗുണങ്ങളെ ജനിച്ച അന്നു മുതൽ ദൈവം തുറന്നു കാണിച്ചാൽ ജീവിത യാത്രയിൽ ഉദ്വേഗതകൾ ഉണ്ടാവുകയില്ല. എല്ലാം ദൈവം നല്ല വർണ്ണകടലാസിൽ പൊതിഞ്ഞ് റിബൺകൊണ്ട് കെട്ടി നമ്മുടെ ഉള്ളിൽ നിക്ഷേപി

ച്ചിരിക്കുന്നു. അത് തുറന്ന് സമ്മാനം കണ്ടുപിടിച്ച് സന്തോഷിക്കാൻ ചാൻസ് തരാൻ വേണ്ടിയാണ്, ഓരോ കെട്ടുകളുമഴിച്ച് വർണ്ണക്കടലാസുകൾ തുറന്ന് ആ സമ്മാനം കണ്ടുപിടിച്ചു കഴിയുമ്പോൾ എന്തെന്നില്ലാത്ത സന്തോഷവും സംതൃപ്തിയുമാണ് നമ്മൾക്കുണ്ടാകുക. ഇത് ജീവിതയാത്രയിൽ ഒറ്റ പ്രാവശ്യം സംഭവിക്കുന്ന സന്ദർഭമല്ല. സ്വയം തിരിച്ചറിഞ്ഞാൽ ജീവിതം മുന്നോട്ടു പോകുന്തോറും പുതിയ പുതിയ നേട്ടങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കും.

ജന്മദിനാഘോഷങ്ങളുടെ ഭാഗമായി കുട്ടികളുടെ ഇടയിൽ ചില കളികൾ കളിക്കാറുണ്ട്. ഒരു വലിയ സമ്മാനം നടുക്കും അതിനെ പൊതിഞ്ഞ് പല പല ആവരണങ്ങളായി ചെറിയ ചെറിയ സമ്മാനങ്ങൾ ഓരോ ആവരണങ്ങൾക്കിടയിലും വച്ച് വർണ്ണക്കടലാസ് കൊണ്ട് പൊതിഞ്ഞ് വലിയ പൊതിയുണ്ടാക്കും. മ്യൂസിക് തുടങ്ങുമ്പോൾ കുട്ടികൾ വട്ടത്തിൽ നിന്ന് കൊണ്ട് ഈ വലിയ പൊതിക്കൈമാറിക്കൊണ്ടേ യിരിക്കുന്നു. മ്യൂസിക് നിൽക്കുമ്പോൾ പൊതി ആരുടെ കയ്യിലാണോ ആ കുട്ടിക്ക് ഒന്നാമത്തെ ആവരണം തുറന്ന് ആദ്യത്തെ ചെറിയ സമ്മാനം എടുക്കാവുന്നതാണ്. വീണ്ടും മ്യൂസിക് തുടങ്ങുമ്പോൾ കളിയും തുടരുന്നു. മ്യൂസിക്കിനനുസരിച്ച് ഓരോരോ ആവരണങ്ങൾ തുറക്കുമ്പോൾ ഓരോരുത്തർക്കും സമ്മാനം കിട്ടുന്നു. കളി പുരോഗമിച്ച് അവസാനത്തെ ആവരണവും തുറന്ന് വലിയ സമ്മാനം അവസാനത്തെ കുട്ടിക്ക് കിട്ടുന്നു. ഈ കളിയും അവനവനെ കണ്ടെത്തുന്ന പ്രക്രിയയും തമ്മിൽ ബന്ധമുണ്ടോ? യഥാർത്ഥത്തിൽ നമ്മളുടെ കഴിവ് കണ്ടെത്തുന്നതിന് മുൻപ് പല പല ആവരണങ്ങളും തുറക്കേണ്ടതുണ്ട്. മനസ്സിന്റെ ഓരോ ഓരോ ആവരണങ്ങൾ തുറക്കുമ്പോഴും ചെറിയ ചെറിയ സമ്മാനങ്ങൾ കിട്ടിക്കൊണ്ടേ യിരിക്കുന്നു. ഒരിക്കൽ തുടങ്ങിക്കഴിഞ്ഞാൽ ആ വലിയ സമ്മാനം – സ്വയം കണ്ടെത്തൽ. കിട്ടാൻ അധികം കാത്തിരിക്കേണ്ട ആവശ്യമില്ല. ജീവിതയാത്രയിലെ ഈ കളി വളരെ ഉദ്വേഗജനകമാണ്. ഓരാ പടവുകൾ കയറുമ്പോഴും സംതൃപ്തിയും കിട്ടിക്കൊണ്ടേയിരിക്കും.

കുറച്ചു വർഷങ്ങൾക്കു മുൻപാണ്. മകന്റെ പിറന്നാൾ ആഘോഷത്തിന്റെ ഭാഗമായി സുഹൃത്തിന്റെ ക്ഷണം കിട്ടി അദ്ദേഹത്തിന്റെ വീട്ടിൽ പോയതാണ്. സുഹൃത്ത് എഞ്ചിനിയറും ഭാര്യ ഡോക്ടറുമാണ്. അവിടെ ചെന്ന് കുറച്ചു കഴിഞ്ഞപ്പോൾ പ്ലസ് ടൂ പരീക്ഷ എഴുതി റിസൾട്ട് അറിഞ്ഞ സന്തോഷത്തിൽ ചിരിച്ചുകൊണ്ട് കോണിപ്പടി ഇറങ്ങി വന്ന രാഹുൽ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു. ഞങ്ങൾ അങ്കിളിനെ കാത്തിരിക്കുകയായിരുന്നു. രാഹുലിന് 93% മാർക്കുണ്ടല്ലേ. കൺഗ്രാജുലേഷൻസ്. തുടർന്ന് എന്തു പഠിക്കാനാണുദ്ദേശിക്കുന്നത്? സംശയലേശമെന്യേ രാഹുൽ പറഞ്ഞു. എനിക്ക് കോമേഴ്സ് ഇഷ്ടമാണ്. കോമേഴ്സിൽ ബിരുദം നേടാൻ ആഗ്രഹിക്കുന്നു. 93 ശതമാനം മാർക്കു കിട്ടിയ രാഹുൽ തുടർന്ന് എഞ്ചിനിയിറിങ്ങിനോ മെഡിസിനോ പഠിക്കണം എന്ന് പറയുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. കോമേഴ്സ് പഠിച്ചതിനുശേഷം ഹോട്ടൽ മാനേജ്മെന്റ് കാറ്ററിങ്ങ് കോഴ്സുകൾ പഠിച്ച് സ്വന്തം ഹോട്ടൽ തുടങ്ങണമെന്നാണ് എന്റെ ആഗ്രഹം. രാഹുൽ സ്വന്തം പ്ലാൻ വിശദമാക്കി. 'അച്ഛനേപ്പോലെ എഞ്ചിനിയറാകാമല്ലോ; അമ്മയേപ്പോലെ ഡോക്ടറാകാമല്ലോ. രാഹുലിന് നല്ല മാർക്കുണ്ടല്ലോ' ഞാൻ പറഞ്ഞു. 'അതൊന്നും എനിക്കു വേണ്ട എനിക്ക് ഇഷ്ടമുള്ള ജോലിയാണ് ഞാൻ പറഞ്ഞത്. ഒരു ഷെഫ് ആയതുകൊണ്ട് പണം ഉണ്ടാക്കാൻ സാധിക്കുകയില്ല. എന്നാൽ ഇഷ്ടപ്പെട്ട ജോലി ചെയ്യുമ്പോൾ അത് പണത്തേക്കാൾ വലുതാണ്. ഇതിനിടയിൽ രാഹുലിന്റെ അമ്മ ബ്ലൂബെറി കേക്ക് കൊണ്ടു വന്നു'. 'ഇത് രാഹുൽ ഉണ്ടാക്കിയതാണ്. അവന് താല്പര്യമുള്ള കാര്യം കുക്കിംഗ് തന്നെ. അതുകൊണ്ട് ഞങ്ങൾക്ക് നല്ല കറികളും ഡസർട്ടും ദിവസവും ആസ്വദിക്കാം'.

ഇന്ന് ഭൂരിഭാഗം വിദ്യാർത്ഥികളും അവർക്കിഷ്ടമില്ലാത്ത വിഷയങ്ങൾ പഠിക്കുന്നു. ഇഷ്ടമില്ലാത്ത ജോലി ചെയ്യുന്നു. ഇന്ന് രാഹുലിന് സ്വന്തമായി അഞ്ച് ഹോട്ടലുകൾ ഉണ്ട്.

രാഹുലിനേപ്പോലെ എല്ലാവർക്കും അവനവന്റെ ജീവിതോദ്ദേശ്യം കണ്ടു പിടിക്കേണ്ടതുണ്ട്. ഇതിന് മനശാസ്ത്രപരമായ പല വഴികളുണ്ട്. ജാപ്പനീസ് ഉപയോഗിക്കുന്ന ഒരു മോഡലാണ് 'ഇക്കിഗായ്.' ഈ പദത്തിന് കൃത്യമായ ഒരു ഇംഗ്ലീഷ് / മലയാളം തർജ്ജമയില്ല. ജീവിക്കുവാനുള്ള കാരണമെന്നോ, ജീവിതോദ്ദേശം എന്നോ ഒക്കെ അർത്ഥം വരാവുന്ന ഒരു വാക്കാണത്. ഈ വാക്ക് ലോകത്തിൽ ഏറ്റവും കൂടുതൽ മുതിർന്ന പൗരന്മാരുള്ള ജപ്പാനിൽ നിന്നാണ് വരുന്നത്. ഒക്കിനാവ എന്ന ദ്വീപിലെ ശരാശരി ആയുസ്സ് പുരുഷന്മാർക്ക് 78 ഉം സ്ത്രീകൾക്ക് 88 ഉം ആണത്രേ. ഇക്കിഗായ് എന്ന വാക്കിലെ 'ഗായ്' എന്ന ഭാഗത്തിന്റെ അർത്ഥം Shell (കക്ക, ശംഖ്)





എന്നാണ്. എ.ഡി. 794–1185 കാലഘട്ടങ്ങളിൽ ഏറ്റവും വിലപിടിപ്പുള്ള വസ്തുക്കളിൽ ഒന്നായിരുന്നു കക്ക, ശംഖ് എന്നിവയൊക്കെ. അതുകൊണ്ട് ഇക്കിഗായ് എന്ന പദത്തിന് വലിയ വിലപിടിപ്പുള്ള ജീവിതം എന്ന അർത്ഥം പറയാം. ഈ സമ്പ്രദായ പ്രകാരം ഒരാൾക്ക് തന്റെ ജീവിതോദ്ദേശ്യം കണ്ടുപിടിക്കാൻ നാലു ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയാൽ മതി.

1. നിങ്ങൾ എന്താണ് ഇഷ്ടപ്പെടുന്നത്.
2. നിങ്ങൾക്ക് ഏതു മേഖലയിലാണ് നന്നായി പ്രവർത്തിക്കുവാൻ കഴിയുക
3. ലോകത്തിന് എന്താണാവശ്യം
4. നിങ്ങൾക്ക് ഇപ്പോൾ കിട്ടുന്ന പ്രതിഫലം എന്തിനുള്ളതാണ്?

ഇഷ്ടമുള്ളത് തിരഞ്ഞെടുക്കുമ്പോൾ അതിൽ രണ്ടു ഘടകങ്ങൾ ഉണ്ടാകും. ഒന്ന് ഒരു പ്രവർത്തിയോട് അതീവ തല്പരത. രണ്ട് അതിന്റെ ദൗത്യം. ഈ പ്രവർത്തി ചെയ്യുന്നതു കൊണ്ട് സമ്പൂർണ്ണത തോന്നിയേക്കാം. സന്തോഷം തോന്നിയേക്കാം. എന്നാൽ സാമ്പത്തികമായി മെച്ചമുണ്ടാകണമെന്നില്ല.

നന്നായി പ്രവർത്തിക്കാൻ സമർത്ഥതയുള്ള മേഖല തിരഞ്ഞെടുക്കുമ്പോൾ ഇഷ്ടമുള്ള ജോലി സമർത്ഥതയോടെ കൈകാര്യം ചെയ്യാൻ കഴിഞ്ഞേക്കാം.ഉദ്യോഗവും ആകാം, മനസ്സിന് തൃപ്തിയും തോന്നിയേക്കാം. എന്നാൽ ഫലത്തിൽ അതുകൊണ്ട് പ്രത്യേകിച്ച് ഒരു ഗുണവുമില്ല എന്ന തോന്നലുണ്ടാക്കി യേക്കാം.

ലോകത്തിന് എന്താണാവശ്യമെന്നും എന്റെ ദൗത്യം അതാണെന്നും ചിന്തിച്ചേക്കാം. അതിനനുസൃതമായ ജോലിയും ചെയ്യാം. എന്നാൽ ഇവിടെയും സാമ്പത്തികമായി മെച്ചമുണ്ടാകണമെന്നില്ല.ഉത്സാഹവും തൃപ്തിയും ഉണ്ടായേക്കാം. എന്നാൽ സംതൃപ്തി ഉണ്ടാകണമെന്നില്ല. ഒരു അനശ്ചിതത്വം അലട്ടിക്കൊണ്ടിരിക്കും.

ഇപ്പോൾ ജോലിക്കു കിട്ടുന്ന പ്രതിഫലംകൊണ്ട് സൗകര്യപ്രദമായി ജീവിതം മുന്നോട്ട് കൊണ്ടു പോകാം. എന്നാൽ പലപ്പോഴും ഒരു ശൂന്യത അനുഭവപ്പെട്ടേക്കാം. നേരത്തേ സൂചിപ്പിച്ചപോലെ ഒരനശ്ചിതത്വവും തോന്നിയേക്കാം. നമ്മൾ എല്ലാവരും മേൽ പറഞ്ഞ നാല് വിഭാഗത്തിൽ ഏതെങ്കിലും വിഭാഗത്തിൽ പെട്ടവരാണ്. എന്നാൽ എല്ലാ ന്യൂനതകളും ഒഴിവാക്കിക്കൊണ്ട് സന്തുലിതാവസ്ഥയിലുള്ള ജീവിതമാണ് ഇക്കിഗായ് ലക്ഷ്യമിടുന്നത്. രാഹുലിനേപ്പോലെ താല്പര്യമില്ലാത്തവർ എഞ്ചിനിയറോ ഡോക്ടറോ ആകാത്തതു കൊണ്ട് ലോകത്തിന് ഒന്നും സംഭവിക്കാൻ പോകുന്നില്ല. അവനവന്റെ സംതൃപ്തിയാണ് ഏറ്റവും വലുത്. നമ്മുടെ ജോലി മറ്റുള്ളവരുടെ കണ്ണിൽ എത്ര നിസ്സാരമെന്നു തോന്നിയാലും.

വേറൊരു സുഹൃത്തിനെ പരിചയപ്പെടാം. പേര് മോഹൻ. ഐടി കമ്പിനിയിലാണ് ജോലി. നല്ല വിലപിടിപ്പുള്ള ബ്രാൻഡ് വസ്ത്രങ്ങൾ ധരിച്ച് ഒഴിവുദിവസങ്ങളിൽ ബോംബേയിലെ ഷോപ്പുകളിൽ സമയം കളയുന്നു. എനിക്ക് പരിസ്ഥിതി പരിപാലനത്തിൽ താല്പര്യമുണ്ട്. പക്ഷേ അത് സാമ്പത്തിക നേട്ടമൊന്നും ഉണ്ടാക്കുകയില്ലല്ലോ. മോഹൻ പറയാറുണ്ട്. ഞാൻ ഉപദേശിക്കും. താല്പര്യമുള്ളത് ചെയ്യാൻ ജോലി ഉപേക്ഷിക്കണ മെന്നില്ല. നമ്മുടെ ചിലവുകൾക്കെല്ലാം പണം കിട്ടുന്നത് ജോലിയിൽ നിന്നാണ്. ജോലിയെ ഇഷ്ടപ്പെടുക, ആത്മാർത്ഥമായി ചെയ്യുക. ആഴ്ചാവസാനങ്ങളിൽ ഷോപ്പുകളിൽ ചിലവഴിച്ച് സമയം കളയുന്നതിനു പകരം പരിസ്ഥിതി സംഘടനകളുമായി ബന്ധപ്പെടുക. സൗകര്യം കിട്ടുമ്പോൾ ഏതെങ്കിലും വനങ്ങളോ പുഴകളോ സന്ദർശിക്കുക. പരിസ്ഥിതി പരിപാലനത്തിനുള്ള വഴികൾ താനേ ഉരുത്തിരിഞ്ഞു വരും. നമ്മുടെ "ഇക്കിഗായ്ക്കുവേണ്ടി കണക്കു കൂട്ടിയ ത്യാഗങ്ങൾ എടുക്കേണ്ടി വരും. നമ്മുടെ ചിലവുകൾക്കുള്ള വഴിയും ഇഷ്ടമുള്ള പ്രവർത്തിയും സംബന്ധിപ്പിക്കാൻ ശ്രമിക്കുമ്പോൾ സ്വയം കണ്ടെത്തലിന്റെ ആദ്യപടിയായി. നമ്മൾ നമ്മളെ കണ്ടെത്താൻ ശ്രമിക്കുക. നമുക്ക് അർത്ഥവത്താണെന്ന് തോന്നുന്നത് ചെയ്യാൻ സമയം കണ്ടെത്തുക. നമ്മുടെ ജീവിതോദ്ദേശ്യം എന്താണെന്ന് കണ്ടുപിടിക്കൽ വളരെ ഉദ്വേഗജനകമാണ്. ഒരു സമ്മാനപൊതി തുറക്കുന്നതുപോലെ. ജീവിതോദ്ദേശ്യം കണ്ടുപിടിക്കൽ ഒരു യാത്രയാണ്, ഒരു സംഭവമല്ല. സ്വയം ചോദിച്ചുകൊണ്ടിരിക്കുക. എന്താണെനിക്കിഷ്ടം? ഞാൻ എന്തിനാണ് സമർത്ഥൻ? ലോകത്തിന് എന്താണാവശ്യം? എനിക്ക് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന പ്രതിഫലങ്ങൾ എന്തിനുള്ളതാണ്? പ്രായമായവരാണെങ്കിൽ ഇനി ചെയ്യാനുള്ളത് താല്പര്യത്തോടും സ്നേഹത്തോടും ചെയ്യുക. സ്വയം കണ്ടെത്തിയാൽ ജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകും.

# ശബരിമല ശ്രീ ധർമ്മശാസ്താവ് (അയ്യപ്പസ്വാമി)

കല്പകം സോമരാജൻ ഫോൺ : 9895453072

ആദ്യകാലത്ത് ആദിദ്രാവിഡരുടേയും പിന്നീട് ഗോത്രവിത്യാസങ്ങളില്ലാതെ എല്ലാ ഹിന്ദുക്കളുടെയും ആരാധനാമൂർത്തിയായി മാറുകയും ചെയ്ത ഭഗവത് ശക്തിയാണ് ശ്രീ അയ്യപ്പൻ അഥവാ ധർമ്മശാസ്താവ്. പ്രധാനമായും ദക്ഷിണേന്ത്യയിലാണ് ശ്രീധർമ്മശാസ്താവിനെ ആരാധിക്കപ്പെടുന്നത്. 'അയ്യ' എന്ന പദം ആദിദ്രാവിഡർ അയ്യപ്പനെ അഭിസംബോധന ചെയ്യുവാനായി ഉപയോഗിച്ചിരുന്നു എന്ന് ഗവേഷകർ അഭിപ്രായപ്പെടുന്നു. അയ്യൻ എന്നത് പാലി ഭാഷയിലെ അയ്യ ശബ്ദത്തിന്റെ തത്ഭാവമാണത്രെ. ശ്രേഷ്ഠൻ എന്നാണ് ഈ പദത്തിനർത്ഥം. സംസ്കൃതത്തിലെ 'ആര്യ' എന്ന പദത്തിന് സമാനമായി പാലിഭാഷാ പദമാണ് 'അയ്യ' എന്നത്. ഇതാണ് ദ്രാവിഡ രീതിയിൽ അയ്യനും കാലാന്തരത്തിൽ അയ്യപ്പനും ആയത് എന്ന് സിദ്ധാന്തികൾ അവകാശപ്പെടുന്നു.

മഹത്തായ ജീവിതത്ത്വങ്ങൾ മനുഷ്യരെ പഠിപ്പിക്കുന്നതിനായി മാനവനായി അവതരിച്ച് അവതാരോദ്ദേശം സാധിച്ച് സർവ്വസാക്ഷാത്കാരം നേടിയ പന്തളരാജകുമാരൻ ശ്രീ അയ്യപ്പൻ ശ്രീധർമ്മശാസ്താവിൽ വിലയം പ്രാപിക്കുന്നു എന്ന് അഭിജ്ഞമതം. അയ്യപ്പൻ എന്ന പേര് വിഷ്ണു എന്നർത്ഥം വരുന്ന 'അയ്യ' എന്ന വാക്കും ശിവൻ എന്ന് അർത്ഥം വരുന്ന അപ്പ എന്ന വാക്കും ഏകോപിച്ചുണ്ടായതെന്ന് ഐതിഹ്യം. ശൈവവൈഷ്ണവ ശക്തി സമ്മിളിതമായ ഈ ശക്തി സ്വരൂപത്തെ ആരാധിച്ചാൽ സർവ ദുരിതങ്ങളിൽ നിന്നും മുക്തിയും മോക്ഷവും ലഭിക്കുമെന്ന് വിശ്വാസം. പന്തളമന്നന് വനത്തിൽ നിന്നു ലഭിക്കുന്ന കുഞ്ഞിനെ രാജാവ് ആഹ്ലാദത്തോടെ കൈയ്യപ്പൻ എന്നു വിളിച്ച് ലാളിക്കുകയും ഈ വിളി അയ്യപ്പനായി മാറി എന്നും ചരിത്രസ്പർശമുള്ള ഐതിഹ്യം. തന്റെ അവതാരോദ്ദേശനിർവ്വഹണത്തിനു ശേഷം പന്തളരാജകുമാരൻ ശബരിമല ശ്രീധർമ്മശാസ്താവിൽ വിലയം പ്രാപിച്ച് മോക്ഷപ്രാപ്തനായി എന്നൊരു വിശ്വാസം വേറെയും കാണുന്നു. ശബരിമല ക്ഷേത്രം ആദിവാസി ദ്രാവിഡ ഗോത്രങ്ങളുടെ ക്ഷേത്രമായിരുന്നു. അയ്യപ്പസ്വാമിയുടെ ശാസ്താപ്രാപ്തിക്കുശേഷം ഹൈന്ദവക്ഷേത്രമായും മാറി എന്നും പറയപ്പെടുന്നു. ശാസ്താവ് അഥവാ ചാത്തപ്പൻ ആദിവാസഗോത്രക്കാരുടെ ആരാധനമൂർത്തിയായിരുന്നു എന്ന് പ്രബലമായൊരൈതിഹ്യവും ഉണ്ട്. ഏതായാലും ജാതിമതഭേദമെന്യേ ആചാരാനുഷ്ഠാനങ്ങളോടെ എല്ലാ ജനങ്ങൾക്കും പ്രവേശനം നൽകുന്ന ലോകത്തിലെ തന്നെ ഏക ക്ഷേത്രമാണ് ശ്രീ അയ്യപ്പസ്വാമിയുടേത്. ഇവിടെ പത്തു വയസ്സിനും അൻപതു വയസ്സിനും ഇടയിൽ പ്രായമുള്ള സ്ത്രീകൾ പ്രവേശിക്കരുത് എന്നാണ് സിദ്ധാന്തിച്ചിരിക്കുന്നത്. കഴിഞ്ഞ മണ്ഡലക്കാലം വരെ ഈ രീതി അങ്ങനെ തന്നെ തുടർന്നു പോന്നു. എന്നാൽ ഇപ്പോൾ ഇതിനെ ചോദ്യം ചെയ്തതിനാലുള്ള പ്രശ്നങ്ങൾ നിലനില്ക്കുന്നുണ്ട്. നമ്മുടെ സ്വന്തം അയ്യപ്പസ്വാമിയെ കുറിച്ച് കൂടുതൽ പറയാതെ മറ്റു ചില കാര്യങ്ങൾ പറയുവാൻ ഉദ്ദേശിക്കുന്നു.

മലയാളത്തിന്റെ രക്ഷക്കായി കിഴക്കൻ മലയോര മേഖലയിൽ അഞ്ചിടത്തായി പരശുരാമൻ അഞ്ച് അയ്യപ്പൻമാരെ പ്രതിഷ്ഠിച്ചിട്ടുണ്ട് എന്ന് പഴമക്കാർ പറഞ്ഞിരിക്കുന്നു. ശബരിമലയോളം തന്നെ ഭക്തിയും പ്രാധാന്യവും ഈ നാലു ക്ഷേത്രങ്ങൾക്കുമുണ്ട് എന്നാണ് ഭക്തരുടെ വിശ്വാസം. അയ്യപ്പനെന്നാൽ ശബരിമലയും ശബരിമലയെന്നാൽ അയ്യപ്പസ്വാമിയുമാണ് മലയാളിക്ക്. ലോകമെമ്പാടുമുള്ള അയ്യപ്പഭക്തന്മാർക്കും മറിച്ചൊരഭിപ്രായമില്ല. എന്നാൽ ശബരിമല അല്ലാതെയും പ്രാധാന്യത്തോടെ നിലക്കൊള്ളുന്ന മറ്റു നാല് ധർമ്മശാസ്താക്ഷേത്രങ്ങൾ കൂടി കേരളത്തിന്റെ കിഴക്കൻ മേഖലയിൽ മലയടിവാരങ്ങളിൽ ചേർന്ന് നിലകൊള്ളുന്നു. ശ്രീ അയ്യപ്പസ്വാമിയുടെ ജീവിതചക്രത്തിന്റെ വിവിധ ഭാവങ്ങളെ പ്രതിനിധാനം ചെയ്തുള്ള പ്രതിഷ്ഠകളാണ് ഇതെല്ലാം. ഈ ക്ഷേത്രനാമങ്ങൾ നമുക്കു സുപരിചിതങ്ങൾ തന്നെയാണ്. ഈ ക്ഷേത്രങ്ങളുടെ പ്രാധാന്യത്തെപ്പറ്റി ചിന്തിക്കാം. കുളത്തുപ്പുഴ ശാസ്താക്ഷേത്രം, ആര്യങ്കാവ് ധർമ്മശാസ്താക്ഷേത്രം, അച്ചൻകോവിൽ ശാസ്താക്ഷേത്രം, പൊന്നമ്പലമേട് ശാസ്താക്ഷേത്രം എന്നിവയാണ് ഈ നാലുശാസ്താക്ഷേത്രങ്ങൾ.





ശബരിമല ശ്രീധർമ്മശാസ്താക്ഷേത്രവും ചേർത്ത് പഞ്ചശാസ്താക്ഷേത്രങ്ങൾ എന്നും ഇവ അറിയപ്പെടുന്നു. ഇതിലൊന്നും പെടാതെ ആറാട്ടുപുഴ ക്ഷേത്രം, ഇളംകുളം ധർമ്മശാസ്താക്ഷേത്രം, ഉമ്പർ നാട് ശ്രീധർമ്മ ശാസ്താക്ഷേത്രം തുടങ്ങി ഈ ശ്രേണിയിൽ അനേകമനേകം ക്ഷേത്രങ്ങൾ വേറെയുണ്ട്.

ശ്രീ അയ്യപ്പ സ്വാമിയുടെ വ്യത്യസ്ഥമായ സങ്കല്പമാണ് ഓരോ ക്ഷേത്രത്തിലെയും പ്രതിഷ്ഠായ്ക്കാധാരമായി കാണുന്നത്. കുളത്തുപ്പുഴ ശാസ്താക്ഷേത്രത്തിൽ ബാലകനായ അയ്യപ്പസ്വാമിയെയാണ് പ്രതിഷ്ഠിച്ചാരാധിക്കുന്നത്. ആര്യങ്കാവിൽ യുവാവായ അയ്യപ്പസ്വാമിയാണ് എന്നു സങ്കല്പം. അച്ചൻകോവിലിൽ കുടുംബസ്ഥനായ സ്വാമിയാണ് പ്രതിഷ്ഠ എന്നു സങ്കല്പം. നാലാമത്തെ പ്രതിഷ്ഠക്ക് പ്രത്യേക സങ്കല്പം കാണുന്നില്ല. അഞ്ചാമത്തേത് സന്യാസ സങ്കല്പത്തിലുള്ള സാക്ഷാൽ അയ്യപ്പൻ തന്നെ.

**കുളത്തുപ്പുഴ ശാസ്താക്ഷേത്രം** – പരശുരാമനാൽ പ്രതിഷ്ഠിക്കപ്പെട്ട ഈ ക്ഷേത്രം കൊല്ലം ജില്ലയിൽ പുനലൂരിനടുത്ത് കുളത്തുപ്പുഴയിലാണ് സ്ഥിതി ചെയ്യുന്നത്. ശാസ്താവിനെ ബാലകരൂപത്തിൽ പ്രതിഷ്ഠിച്ചാരാധിക്കുന്നു എന്ന പ്രത്യേകത ഈ ക്ഷേത്രത്തിനുണ്ട്. കുളത്തുപ്പുഴയിൽ കല്ലടയാറിന്റെ തീരത്ത് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നു. ഈ ക്ഷേത്രപരിസരത്തിന്റെ മനോഹാരിത വർണ്ണനാതീതമാണ്. കല്ലടയാറിന്റെ ഉത്ഭവസ്ഥാനം. കിലുകിലാ കിന്നാരം പറഞ്ഞ് കുലുങ്ങി ചിരിച്ച് പാറക്കൂട്ടങ്ങൾക്കിടയിൽ നിന്നും ഒളിഞ്ഞും തെളിഞ്ഞും ഇറങ്ങി വരുന്ന കുഞ്ഞു നീർച്ചാലുകൾ. അവയ്ക്ക് ഒളിച്ചു കളിക്കാനോ എന്നു തോന്നുമാറ് അവിടവിടെ ഉയർന്നുനില്ക്കുന്ന ചെറുപാറകൾ. ഈ പാറകൾക്കു ചുറ്റും തളംകെട്ടുന്ന അച്ഛസ്പടിക ജലചുറ്റുകൾ. വർണ്ണനാതീതമായ അനുഭവ കാഴ്ച. ഈ ജലസ്രോതസ്സുകൾ ഒന്നു ചേർന്ന് ചെറുനദിരൂപം കൊള്ളുന്നു. ഈ ക്ഷേത്രക്കടവിൽ നിർബാധം നീന്തിക്കളിക്കുന്ന മത്സ്യക്കൂട്ടങ്ങൾ. അവയെ നമുക്കു തൊട്ടു തലോടാം. വല്ല കടലയോ അരിയോ മറ്റോ ഇട്ടുകൊടുത്താൽ അവ കൂട്ടത്തോടെ വന്ന് അതെല്ലാം കൊത്തി വിഴുങ്ങുന്നത് നല്ലൊരനുഭവക്കാഴ്ചയാണ്. ഈ മത്സ്യങ്ങളെ പിടിക്കുവാൻ പാടില്ല. തിരുമക്കൾ എന്ന പേരിലാണ് ഇവ അറിയപ്പെടുന്നത്. മീനൂട്ടാണ് ഇവിടുത്തെ പ്രധാന വഴിപാട്.

**ആര്യങ്കാവ് ശ്രീധർമ്മശാസ്താക്ഷേത്രം** – പഞ്ചയ്യപ്പക്ഷേത്രങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണിത്. കൊല്ലം തിരുമംഗലം ദേശീയ പാതക്കരുകിൽ ആര്യങ്കാവ് ശ്രീധർമ്മശാസ്താക്ഷേത്രം സ്ഥിതി ചെയ്യുന്നു. റോഡിന്റെ നിരപ്പിൽ നിന്നും ഏകദേശം 35 അടിയോളം താഴ്ചയിൽ സ്ഥിതി ചെയ്യുന്ന വിശേഷമായ നിർമ്മിതിയാണ് ക്ഷേത്രത്തിന്റേത്. കൗമാരക്കാരനായ ശാസ്താവിനെയാണ് ഈ ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നത് എന്ന് വിശ്വാസം. ഈ ക്ഷേത്രത്തിൽ അയ്യപ്പന്റെ കാവൽ ദൈവങ്ങളായ കറുപ്പസ്വാമിയേയും കറുപ്പായി അമ്മയേയും പ്രതിഷ്ഠിച്ചിട്ടുണ്ട്. തമിഴ് ആചാരങ്ങളും മലയാള ആചാരങ്ങളും ഈ ക്ഷേത്രത്തിൽ പുലർത്തി പോരുന്നു. നാലമ്പലത്തിനകത്ത് മലയാള ആചാരപ്രകാരവും ഉത്സവത്തിന് തമിഴ് ആചാരപ്രകാരവും ചടങ്ങുകൾ നടത്തുന്നു. ഇവിടെ നാലമ്പലത്തിനകത്ത് പത്തിനും അൻപതിനും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്ക് പ്രവേശനം അനുവദിച്ചിട്ടില്ല.

**അച്ചൻകോവിൽ ക്ഷേത്രം** – പരശുരാമപ്രതിഷ്ഠിതമായ പഞ്ചയ്യപ്പ ക്ഷേത്രങ്ങളിൽ പ്രാധാന്യമുള്ള ഒന്നാണ് അച്ചൻ കോവിൽ ശ്രീധർമ്മശാസ്താ ക്ഷേത്രം. കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ അച്ചൻ കോവിലിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഗ്രഹസ്ഥാശ്രമിയായ ശ്രീധർമ്മശാസ്താവാണ് ഇവിടുത്തെ പ്രതിഷ്ഠ. പൂർണ്ണ, പുഷ്കല എന്നീ പത്നീമാരോടൊപ്പം അയ്യപ്പൻ ഇവിടെ വാണരുളുന്നു എന്ന് വിശ്വാസം. ഗ്രഹസ്ഥാശ്രമിയായ അയ്യപ്പസ്വാമിയെ ദർശിക്കുവാനാണ് ഇവിടെ ഭക്തർ എത്തുന്നത്. അച്ചൻകോവിൽ ശാസ്താവ് വിഷഹാരി എന്ന നിലയിലാണ് ഭക്തർക്കിടയിൽ അറിയപ്പെടുന്നത്. വിഷമേറ്റു വരുന്നവർക്ക് എല്ലായ്പ്പോഴും ഇവിടെ ചികിത്സ ലഭ്യമാണ്. വിഷദംശനമേറ്റു വന്നാൽ എപ്പോഴായാലും കിഴക്കേ ഗോപുരനടയിലെ മണിയടിച്ച് സഹായം തേടാം. ഇവിടുത്തെ ശാസ്താവിന്റെ തൃക്കൈയിൽ സൂക്ഷിച്ചിരിക്കുന്ന ചന്ദനം തീർത്ഥത്തിൽ ചാലിച്ചാണ് ഔഷധം തയ്യാറാക്കുന്നത്. രാത്രിയിലെ അത്താഴപൂജക്കുശേഷം ആവശ്യമുള്ളപ്പോൾ നട തുറക്കുന്ന ക്ഷേത്രങ്ങളിൽ ഒന്നാണിത്.

**പൊന്നമ്പലമേട് ക്ഷേത്രം** – ശബരിമല ക്ഷേത്രത്തോടു ചേർന്ന് സ്ഥിതി ചെയ്യുന്ന ശാസ്താക്ഷേത്രമാണിത്. സ്വർണ്ണ ക്ഷേത്രത്തിന്റെ മല എന്നാണ് ഈ വാക്ക് സൂചിപ്പിക്കുന്നത്. പ്രസിദ്ധമായ മകരവിളക്ക് തെളിയുന്നതിവിടെയാണ്. മകരവിളക്ക് തെളിയുന്നതിനെ ആസ്പദമാക്കി അനേകം ഊഹാപോഹങ്ങളും ഐതിഹ്യങ്ങളും പ്രചാരത്തിലുണ്ടെങ്കിലും എല്ലാ മകരസംക്രമത്തിനും മുടങ്ങാതെ ഈ അത്ഭുതം അവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നു.

***ശബരിമല ശ്രീധർമ്മശാസ്താക്ഷേത്രം*** – കേരളത്തിലെ എന്നല്ല ലോകത്തിലെ തന്നെ ഏറ്റവും

പ്രശസ്തമായ അയ്യപ്പക്ഷേത്രമാണ് ശബരിമല ശ്രീധർമ്മശാസ്താക്ഷേത്രം. പെരിയാർ കടുവ സംരക്ഷണ സങ്കേതത്തിനുള്ളിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. പതിനെട്ടു മലകൾക്കു നടുവിലായി ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നു. തീർത്ഥാടന കാലത്ത് ലോകത്തിൽ തന്നെ ഏറ്റവും അധികം തീർത്ഥാടകർ എത്തിച്ചേരുന്ന പുണ്യസങ്കേതം. സമുദ്രനിരപ്പിൽ നിന്ന് ഏതാണ്ട് 1500 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പുണ്യസ്ഥാനം.

ആരേശ്വരം അല്ലെങ്കിൽ ചെറിയ ശബരിമല അല്ലെങ്കിൽ സ്ത്രീകളുടെ ശബരിമല എന്നു പ്രസിദ്ധമായൊരു ക്ഷേത്രമുണ്ട്. ഈ സ്ഥലത്തിനു തന്നെ ഈ പേരാണ് ലഭിച്ചിരിക്കുന്നത്. അയ്യപ്പസ്വാമിയെ കൂടാതെ ശിവൻ, പാർവ്വതി, ഗണപതി, സുബ്രഹ്മണ്യൻ, വിഷ്ണു എന്നിങ്ങനെ ആറുദേവതകളുടെ സാന്നിദ്ധ്യം ഇവിടെയുണ്ട്. ആയതിനാൽ ഇവിടം ആരേശ്വരം എന്ന പേരിൽ പ്രസിദ്ധമായി. പ്രധാന മൂർത്തിയായ ശ്രീധർമ്മശാസ്താവിനെ പ്രാർത്ഥിച്ചാൽ ശനിദോഷം ഉൾപ്പടെ എല്ലാ ഗ്രഹദോഷങ്ങളും അകന്ന് പോകുമെന്ന് വിശ്വാസം.

**പറകൊട്ടിപ്പാട്ട് –** ശബരിമല സന്നിധാനത്ത് നടന്നു വരുന്ന ഒരാചാരമാണ് പറകൊട്ടിപ്പാട്ട്. ഇതിനു പിന്നിലുള്ള ഐതിഹ്യത്തെ കുറിച്ചു ചിന്തിക്കാം. ഒരു സമയത്ത് മഹാവിഷ്ണുവിന് ശനിബാധ ഉണ്ടാകുന്നു. ഭഗവാനും ഗ്രഹദോഷം എന്നു ചുരുക്കം. പക്ഷെ അതിന്റെ ഫലം അനുഭവിക്കുന്നതോ ഭഗവാനേക്കാളേറെ ഭൂലോകവാസികളാണ്. അതാണ് കഷ്ടാൽ കഷ്ടതരം. എല്ലാ ദുരന്തഫലങ്ങളും അനുഭവപ്പെടുവാൻ തുടങ്ങി. വരൾച്ച, പേമാരി, കൊടുങ്കാറ്റ്, പ്രളയം എന്നു വേണ്ട ഇനിയും എന്തു ദുരന്തമാണ് വരുവാൻ പോകുന്നത് എന്ന് ഭയാക്രാന്തരായി ചിന്തിച്ച് ജനാവലി കഷ്ടത്തിലായി. ദൈവങ്ങൾക്കും മനുഷ്യർക്കും ജീവിതം അത്യന്തം ദുസ്സഹമായി തീർന്നു. ഇതിനൊരു പരിഹാരം കാണണമല്ലോ എന്ന ചിന്തയിൽ ദേവഗണങ്ങൾ തങ്ങളുടെ സൃഷ്ടാവായ ബ്രഹ്മാവിനെ തന്നെ ശരണം പ്രാപിക്കുന്നു. എന്നാൽ ശനിദോഷപരിഹാരം തന്നാൽ സാധ്യമല്ല എന്നു മനസ്സിലാക്കിയ ബ്രഹ്മദേവൻ ദേവഗണങ്ങളോടൊത്ത് ശ്രീമഹാദേവനെ അഭയം പ്രാപിക്കുന്നു. ദിവ്യദൃഷ്ടിയിൽ കാര്യം മനസ്സിലാക്കിയ മഹാദേവൻ വേണ്ടത് ചെയ്ത് പ്രശ്നപരിഹാരം ഉണ്ടാക്കി തരാം എന്ന് ആശ്വസിപ്പിച്ച് ദേവന്മാരെ യാത്രയാക്കുന്നു. അതിനുശേഷം ഭഗവാൻ വേഷഭൂഷാദികളെല്ലാം ഉപേക്ഷിച്ച് വേടരൂപം ധരിക്കുന്നു. ഉമാമഹേശ്വരിയും ഗണപതിയും സുബ്രഹ്മണ്യനും വേടരൂപം ധരിക്കുന്നു. അങ്ങനെ കൈയ്യിൽ ഉടുക്കുമായി ഈ വേടകുടുംബം വൈകുണ്ഠനാഥ സവിധത്തിൽ എത്തുന്നു. പാലാഴി വാസി ഇവരെ സസന്തോഷം സ്വീകരിക്കുന്നു. വേടകുടുംബമാകട്ടെ പാലാഴിനാഥനെ അംഗപ്രത്യംഗം കേശാദിപാദം ഉടുക്കു കൊട്ടി സ്തുതിച്ചു പാടുന്നു. ശനിദോഷബാധയിൽ നിന്ന് വിമുക്തനായ മഹാവിഷ്ണു അതീവ സന്തുഷ്ടനായി പാരിതോഷികം നൽകുവാൻ ഒരുങ്ങുന്നു. ഈ സമയം മഹാദേവനും ദേവിയും പുത്രന്മാരും വേഷഭൂഷാദികളോടെ വേഷം പകരുന്നു. വിഷ്ണു ഭഗവാൻ അതീവ സന്തുഷ്ടനായി അവരെ സസന്തോഷം യാത്രയാക്കുന്നു. ഈ വേടകുടുംബത്തിന്റെ പിൻതുടർച്ചക്കാരാണ് ഇവിടെ ഇന്നുള്ള വേടവംശജർ എന്നു വിശ്വസിക്കുന്നു. ശബരിമലയിൽ പറകൊട്ടിപ്പാടി ദോഷപരിഹാരം വരുത്തുവാനുള്ള അവകാശം ഇവർക്കാണ്. പന്തളരാജകുമാരൻ അയ്യപ്പന് ഗ്രഹപകർച്ചകൊണ്ട് അസ്വാരസ്യങ്ങൾ ഉണ്ടായ സമയത്ത് ഈ വേട സമുദായക്കാർ പറകൊട്ടിപ്പാടി ദോഷപരിഹാരം വരുത്തിയതായി പറയപ്പെടുന്നു. അങ്ങനെ ശ്രീ അയ്യപ്പസ്വാമിയുടെ ആസ്ഥാനത്ത് ശബരിമല സന്നിധാനത്ത് പറകൊട്ടിപ്പാടുന്നതിനുള്ള അവകാശം ഇവർക്ക് ലഭിക്കുന്നു. ഈ ആചാരം ഇന്നും നിലനില്ക്കുന്നു. ആദികാലത്ത് ഇവർക്കുള്ള സ്ഥാനം ഭഗവാന്റെ പതിനെട്ടാം പടിക്ക് താഴെയായിരുന്നു. ഇപ്പോൾ ഇവർക്കുള്ള സ്ഥാനം മാളികപ്പുറം ക്ഷേത്രത്തിനു സമീപമാണ്. ദോഷപരിഹാരാർത്ഥം അനേക ഭക്തർ പറകൊട്ടിപ്പാട്ടു വഴിപാടു നടത്തുന്നു.

*'സ്വാമിയേ ശരണമയ്യപ്പ'*


**എറണാകുളം**
**കരയോഗാംഗത്വം എടുക്കൂ**
**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

**94 വർഷത്തെ സേവനപാരമ്പര്യമുള്ള എറണാകുളം കരയോഗത്തിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള എല്ലാ നായർ സമുദായാംഗങ്ങൾക്കും കരയോഗം നിയമാവലിയ്ക്ക് വിധേയമായി അംഗത്വം ലഭിക്കുന്നതാണ്.**
**ഈ അവസരം പ്രയോജനപ്പെടുത്തുക.**
***കൂടുതൽ വിവരങ്ങൾക്ക്: 0484 2361160***
Email: ekmkgm@gmail.com






# യൂണിവേഴ്സിറ്റികൾ എങ്ങനെ യൂണിവേഴ്സലാകുന്നു ?

**ഡോ. പത്മനാഭൻ**

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെയാണല്ലോ യൂണിവേഴ്സിറ്റികൾ എന്ന ഗണത്തിൽ പെടുത്തു ന്നത്. പ്രാഥമിക ബിരുദവും ബിരുദാനന്തര ബിരുദവും ഗവേഷണത്തിൽ നിന്നു ലഭിക്കുന്ന ബിരുദവും നൽകുന്ന സ്ഥാപനങ്ങളെ യൂണിവേഴ്സിറ്റികളെന്നും അഥവാ സർവകലാശാലകളെന്നും വിളിക്കപ്പെടുന്നു. ഈ ഒരു ഘടന പുലർത്തുന്ന സ്ഥാപനങ്ങൾ ലോകത്തിലെ മിക്ക രാജ്യങ്ങളിലും സർവ്വസാധാരണമാണ്. അതുകൊണ്ട് ഒരു രാജ്യത്തു നിന്നു മറ്റൊരു രാജ്യത്തുപോയി ബിരുദം നേടുകയെന്നത് യൂണിവേഴ്സലായ സമ്പ്രദായമാണ്. അത്തരം ബിരുദങ്ങൾ പ്രത്യേക മാനദണ്ഡങ്ങൾ അനുസരിച്ച് ഒട്ടു മിക്ക രാജ്യങ്ങളും അന്യോന്യം അംഗീകരിക്കുന്നു. അതേ സമയം ചില രാജ്യങ്ങളിലെ ബിരുദങ്ങൾ അതിന്റെ വ്യാപ്തതയുടേയും ഘടനയുടെയും ന്യൂനതകൾ ചൂണ്ടി കാണിച്ച് മറ്റു ചില രാജ്യങ്ങൾ അംഗീകരിക്കപ്പെടാതെ വരുന്നു. അങ്ങനെ വരുമ്പോൾ അത്തരം ബിരുദങ്ങൾ നൽകിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ യൂണിവേഴ്സൽ അല്ലാതായിത്തീരുന്നു. അത്തരം സ്ഥാപനങ്ങളിലെ ബിരുദങ്ങളുടെ ഗുണനിലവാരം ചോദ്യം ചെയ്യപ്പെടുന്നു. ട്രാൻസ്ഫെറബിൾ അഥവാ മറ്റെങ്ങും അംഗീകാരം ഇല്ലാത്തവയായി തീരുന്നു. ഇതിന്റെ കാരണങ്ങൾ പരിശോധിച്ചാൽ ആദ്യം മുന്നിൽ വരുന്നത് ബിരുദങ്ങളിലും ബിരുദാനന്തര ബിരുദങ്ങളിലും ഗവേഷണ ഘടകമില്ലായ്മയുടെ പോരായ്മ തന്നെയാണ്. ഇന്ത്യ ഉൾപ്പടെ ചില രാജ്യങ്ങളിൽ ബിരുദാനന്തര ബിരുദംപോലും Course Work കൂടി മാത്രം പൂർത്തീകരിക്കുന്നവയാണ്. ഒരു ഗവേഷണ പ്രൊജക്ട് അഥവാ Mini Dessertation ഇല്ലാത്ത ബിരുദാനന്തരം യൂണിവേഴ്സലാകില്ല, ഒട്ടു മിക്ക രാജ്യങ്ങളും അംഗീകരിക്കുകയുമില്ല. സാക്ഷരതയിൽ വലിയ നേട്ടം കൈവരിച്ച കേരളവും ബിരുദാനന്തര ബിരുദത്തിനു ഇത്തരം കുറുക്കുവഴി ഉപയോഗിച്ച് വർഷങ്ങളോളം ബിരുദദാനം നടത്തിപ്പോന്നു. ഒരു പക്ഷെ 1999–2000 കാലഘട്ടത്തിലായിരിക്കാം പോസ്റ്റുഗ്രാഡുവേഷന് പ്രൊജക്ട് ഘടകം കൂട്ടിച്ചേർത്തത്. അതുവരെ നൽകിയിരുന്ന കേരളത്തിലെ സർവ്വകലാശാലകളുടെ ബിരുദാനന്തര ബിരുദങ്ങൾ ഇന്നും ഒരു ദുരന്ത കഥയായി നിലകൊള്ളുന്നു. പ്രൊജക്ട് ഘടകത്തിനു പകരം ഒരു "Viva Voce" യെന്ന ഒരു കുറുക്കു വഴി ഉപയോഗിച്ചിരുന്നു. മേൽപ്പറഞ്ഞ ബിരുദാനന്തര ബിരുദങ്ങളിലെ പോരായ്മകളുടെ പരിണത ഫലങ്ങൾ അത്യന്തം ദൂരവ്യാപകമായിരുന്നു. നമ്മുടെ മാസ്റ്റേഴ്സ് ഡിഗ്രി അഥവാ എം. എ, എം.എസ്.സി ബിരുദങ്ങൾ ഇംഗ്ലണ്ട് , അമേരിക്ക, കാനഡ, ദക്ഷിണാഫ്രിക്ക, ജർമ്മനി എന്നിങ്ങനെ പല രാജ്യങ്ങളും അവരുടെ ഹോണേഴ്സ് ബിരുദത്തിനു തുല്യമാക്കി തരം താഴ്ത്തി. അവരുടെ സർവ്വകലാശാലകളിലൊക്കെ ഹോണേഴ്സ് ബിരുദം മൂന്നു വർഷത്തെ ആദ്യ ബിരുദത്തിനുശേഷം ഒരു വർഷം കൂടി പഠിച്ചാൽ മാത്രം കിട്ടുന്നതാണ്. അതിനുശേഷം ഒരു വർഷം ഗവേഷണം നടത്തി ലഭിക്കുന്നതാണ് എം.എ, എം.എസ്. സി, എം. കോം മുതലായവ. കേരളത്തിലെ സർവ്വകലാശാലകളുടെ നെടും തൂണുകൾ പ്രൈവറ്റ് + ഗവൺമെന്റ് കോളേജുകളാണ്. ഈ പറഞ്ഞ സ്ഥാപനങ്ങളിൽ ലോകോത്തര നിലവാരമുള്ള ഗവേഷണ കേന്ദ്രങ്ങൾ വിരളം തന്നെ. മുകളിൽ സൂചിപ്പിച്ച വിദ്യാഭ്യാസഘടന നമ്മുടെ ബിരുദങ്ങളെ മറ്റു രാജ്യങ്ങളിലെ ബിരുദങ്ങളുമായി താരതമ്യം ചെയ്യാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു.

തുടക്കം മുതലേ ഒട്ടുമിക്ക രാജ്യങ്ങളിലും 10 വർഷത്തെ ബേസിക് സ്കൂൾ വിദ്യാഭ്യാസം തുടർന്ന് രണ്ടു വർഷത്തെ സീനിയർ സെക്കന്ററി, അതിനുശേഷം മൂന്നു വർഷത്തെ ഡിഗ്രി, തുടർന്ന് ഒരു വർഷത്തെ ഓണേഴ്സ് ഡിഗ്രി അതിനുശേഷം ഒരു

വർഷത്തെ ഗവേഷണ മാസ്റ്റേഴ്സ് ബിരുദാനന്തര ബിരുദം, അതു കഴിഞ്ഞ് ഗവേഷണത്തിൽ നിന്നു മാത്രം ലഭിക്കുന്ന ഡോക്ടറേറ്റ് അഥവാ പി.എച്ച്. ഡി – ഈ ഘടനയാണ് ബഹുഭൂരിപക്ഷം രാജ്യങ്ങളിലും അനുകരിച്ചു പോരുന്നത്. ഈ യൂണിവേഴ്സൽ ഘടന ഉപയോഗിച്ചാണ് എല്ലാ വർഷവും ലോകരാജ്യങ്ങളിലെ സർവ്വകലാശാലകളെ (യൂണിവേഴ്സിറ്റികളെ) ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ താരതമ്യപ്പെടുത്തി ഓരോ സ്ഥാപനത്തിനും സ്ഥാനം നൽകി ലോകറാങ്കിങ്ങ് പട്ടിക തയ്യാറാക്കുന്നത്. വർഷങ്ങളായി നടത്തുന്ന റാങ്കിങ്ങിലേക്ക് ഉറ്റുനോക്കുകയാണ് രാജ്യങ്ങളും അവരുടെ സ്ഥാപനങ്ങളും. പേരുകേട്ട റാങ്കിംങ് ഏജൻസികൾ QS ( Quacquarelli Symonds) World Rankings, THE (Times Higher Education) with Thomas Reuters, Academic Ranking of world Universities (ARWU) BRICS (Brazil, Russia, India, China, South Africa) Rankings എന്നിവയാണ്. ഓരോ സ്ഥാപനങ്ങളും ഈ പ്രമുഖ ഏജൻസികൾ വർഷം തോറും പുറപ്പെടുവിക്കുന്ന Rankings സ്ഥാനത്തിലേക്ക് ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നു. കാരണം ലോകത്തിലെ സർവ്വകലാശാലകളുടെ ലിസ്റ്റിൽ ഒരു പ്രമുഖസ്ഥാനം ലഭിക്കുന്നത് ഓരോ സ്ഥാപനത്തിനും ആ സ്ഥാപനം പ്രതിനിധീകരിക്കുന്ന രാജ്യത്തിനും മുതൽക്കൂട്ടു തന്നെയാണ്.

മേൽപ്പറഞ്ഞ ലോകോത്തര ഏജൻസികൾ ലോകത്തെമ്പാടുമുള്ള സർവ്വകലാശാലകളെ റാങ്ക് ചെയ്യാൻ ഉപയോഗിക്കുന്ന മാനദണ്ഡങ്ങൾ താഴെവിവരിക്കുന്ന 35 ഘടകങ്ങളുപയോഗിച്ചാണ് എല്ലാ വർഷവും നടത്തിപ്പോരുന്നത്. അന്താരാഷ്ട്ര റാങ്കിങ്ങിൽ സ്ഥാനം നേടി സർവ്വകലാശാലകൾ യൂണിവേഴ്സലാക ണമെങ്കിൽ വേണ്ടതായ മാനദണ്ഡങ്ങൾ ഓരോ വർഷവും :-

1. ഗവേഷണത്തിന്റെ മികവ്

അന്തർദ്ദേശിയ ജേർണലുകളിൽ എത്ര പ്രബന്ധങ്ങൾ?

ശാസ്ത്രമേഖലയിൽ ഏറ്റവും അത്യുന്നതമായ Nature, Scientific American, Spectrum എന്നിവയിൽ എത്ര പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു?

2. എത്രപേർ നോബേൽ പ്രൈസിന് ശുപാർശ ചെയ്യപ്പെട്ടു ?

3. നോബേൽ ജേതാവ് ജോലി ചെയ്ത് ഗവേഷണം ചെയ്തിട്ടുണ്ടോ ?

4. എത്ര യൂണിറ്റ് നാഷണൽ ജേർണലുകളിലുള്ള പ്രബന്ധങ്ങൾ

5. എത്ര യൂണിറ്റ്, ഇന്റർനാഷണൽ ജേർണലുകളിലുള്ളവ.

6. എത്ര ഗവേഷണപ്രൊജക്ടുകൾ രാജ്യാന്തര തദ്ദേശിയ അംഗീകാരം നേടി

7. എത്ര ഗവേഷണ വിദ്യാർത്ഥികൾ

8. എത്ര ഗവേഷണ ലീഡർമാർ

9. എത്ര രാജ്യാന്തര ഗവേഷകർ സ്ഥാപനത്തിലുണ്ട്?

10. എത്ര പോസ്റ്റുഗ്രാഡ്യേറ്റ് വിദ്യാർത്ഥികൾ

11. എത്ര മികവു തെളിയിച്ച അക്കാഡമിക് സ്റ്റാഫ്

12. എത്ര ഗവേഷണ ഗ്രാന്റ്

13. എത്ര പേറ്റൻസികൾ ലഭിച്ചു?

14. ഗ്രാജുവേഷൻ റേറ്റ് ,വിജയ ശതമാനം / വിജയം നേടാനെടുക്കുന്ന സമയ ദൈർഘ്യം

15. എത്ര ഗവേഷണ പി. എച്ച്. ഡി.കൾ?

16. നൂതന പ്രൊഡക്ട് മാർക്കറ്റിലിറക്കിയോ?

17. എത്ര വരുമാനവും ലാഭവും ഉണ്ടാക്കുന്നു?

18. വിദ്യാർത്ഥികളുടെ, സമൂഹത്തിന്റെ, സ്റ്റാഫിന്റെ അഭിപ്രായ സർവ്വെ ഫലങ്ങൾ.

19. പൂർവ്വവിദ്യാർത്ഥി സംഘടനകളുടെ സഹകരണം, അംഗീകാരം

20. പ്രവർത്തി ദിവസങ്ങൾ എത്രയെണ്ണം നഷ്ടപ്പെട്ടു?

21. കേരളത്തിനു പ്രത്യേകമായി വരുന്ന ഘടകങ്ങൾ!

സ്ഥാപനത്തിലെ അന്തരീക്ഷം പഠനത്തിനും ഗവേഷണത്തിനും ഉതകുന്നതാണോ അതോ കലുഷിതമാണോ ?

22. എത്ര സിംമ്പോസിയം, സെമിനാർ, പബ്ലിക് അവൈർനസ് മീറ്റീംഗ് നടത്തി.

23. Quantified Strain on academia due to abnormal events activities

24. Reputation index as measured by prominent industries, media experts, eminent academics & researchers

25. International students ratio to national (local) students ratio

26. International staff ratio to national (local) staff ratio

27. Staff to student ratio

28. Citations per staff ഓരോ അക്കാദമിക് സ്റ്റാഫിന്റെ പ്രബന്ധങ്ങൾ എത്ര ഗവേഷകർ റെഫറൻസ് നടത്തി?

29. പാസ്സായി വരുന്ന വിദ്യാർത്ഥികളുടെ മികവിനെപ്പറ്റി ജോലി നൽകാൻ സാധ്യതയുള്ള സ്ഥാപനങ്ങളുടെ വിലയിരുത്തൽ സൂചിക എത്രയാണ്.?

30. പാസ്സായി വരുന്ന വിദ്യാർത്ഥികളുടെ മികവിന് ജോലി കൊടുക്കാൻ സാധ്യതയുള്ള കമ്പനികളുടെയും സ്ഥാപനങ്ങളുടെയും റേറ്റിംഗ് എത്ര വലുതാണ്?

31. സർവ്വകലാശാലയുടെ പഠന രീതിയും അടിസ്ഥാന ബിരുദങ്ങളുടെ സിലബസ്സും ഗവേഷണത്തിനുള്ള സൗകര്യങ്ങളും ലബോറട്ടറികളും ലോകത്തിലെ മറ്റേതു സർവ്വകലാശാലകളോടും കിടപിടിക്കുന്ന തരത്തിലാണോ?

32. പാരമ്പര്യത്തിന്റെ സാക്ഷിപത്രങ്ങൾ എത്ര മാത്രം മഹിമ അർഹിക്കുന്നതാണ്.

33. വിദ്യാഭ്യാസരംഗത്തുള്ള വിദഗ്ദ്ധരുടെ അഭിപ്രായ സർവ്വെകൾ സർവ്വകലാശാലക്ക് എത്രമാത്രം അനുകൂലമാണ് ?

34. പിൽകാല റേറ്റിംഗ് അനുസരിച്ച് സ്ഥാപനം മുൻപന്തിയിലാണോ?

35. സർവ്വകലാശാല സംസ്ഥാനത്തെ ഏറ്റവും Preferred സ്ഥാപനമാണോ?

2020 അദ്ധ്യയന കാലത്തേക്ക് പ്രവേശനത്തിനു ശ്രമിക്കുന്ന വിദ്യാർത്ഥികൾക്കും, കൂടാതെ ഗവേഷകർക്കും വേണ്ടി ലോകത്തിലെ സർവ്വകലാശാലകളെ മേൽപ്പറഞ്ഞ QS, THE, ARWU തുടങ്ങിയ ഏജൻസികൾ റാങ്കിങ്ങ് ഒക്ടോബർ- നവംബർ ൽ നടത്തിക്കഴിഞ്ഞു.

2020 ലേക്കുള്ള റാങ്കിങ്ങ് ലിസ്റ്റു ഒന്നു പരിശോധിച്ചു നോക്കാം.

മൊത്തത്തിൽ 1002 യൂണിവേഴ്സിറ്റികളാണ് റാങ്ക് ചെയ്യപ്പെട്ടിരിക്കുന്നത്. റാങ്കിങ്ങിൽ സ്ഥാനം നേടാൻ പറ്റിയ പരിതസ്ഥിതികളോ യോഗ്യതകളോ ഇല്ലാത്ത പേരിനുമാത്രം യൂണിവേഴ്സിറ്റി എന്നു വിളിക്കാവുന്ന സ്ഥാപനങ്ങൾ ഈ ലിസ്റ്റിൽ പെട്ടിട്ടില്ല, മാനദണ്ഡങ്ങൾ അനുസരിച്ച് അതിനുള്ള അർഹതയുമില്ല.

കേരളത്തിലെ സർവ്വകലാശാലകളിൽ ഒന്നുപോലും ഈ 1002 പേരുകളിൽ ഇടം നേടിയിട്ടില്ലാ എന്നുള്ളത് മുകളിൽ വിവരിച്ച മാനദണ്ഡങ്ങൾ അനുസരിച്ച് ആരേയും അത്ഭുതപ്പെടുത്താനിടയില്ല. സാക്ഷരതയിലും വിദ്യാഭ്യാസ മേഖലയിലും ഇന്ത്യയിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന സംസ്ഥാനമാണെന്ന് നമ്മൾ ഘോഷിക്കുമ്പോളും ഒരൊറ്റ സ്ഥാപനം മാത്രമാണ് ഈ 1002 ൽ ഇടം നേടിയിട്ടുള്ളത്. അത് 801-1000 എന്ന ബ്രാക്കറ്റിൽ (ഗ്രൂപ്പിൽ) അമൃത വിശ്വവിദ്യാപീഠം യൂണിവേഴ്സിറ്റി മാത്രമാണ്. അതിന്റെ കാരണങ്ങൾ രണ്ടാണ്. അമൃതയൂണിവേഴ്സിറ്റിക്ക് കേരളത്തിലും പുറത്തു മറ്റു സംസ്ഥാനത്തും ക്യാമ്പസുകളുണ്ട്. കൂടാതെ മെഡിക്കൽ ഡിപ്പാർട്ടുമെന്റുകളിൽ വിദേശത്തു പഠിച്ചവരും ഗവേഷണങ്ങൾ നടത്തി പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു പരിചയമുള്ള ചുരുക്കം ഡോക്ടർമാരും ഗവേഷകരും ജോർണലുകളിൽ പ്രബന്ധം പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആ സ്ഥാപനത്തിന്റെ മറ്റൊരു മഹാഭാഗ്യം ആത്മീയ തയിൽ അധിഷ്ഠിതമായ സ്ഥാപനമായതുകൊണ്ട് വിദ്യാർത്ഥികളുടെ രാഷ്ട്രീയ സമരങ്ങളോ നശീകരണത്തിൽ ആനന്ദം കൊള്ളുന്ന അക്രമ രാഷ്ട്രീയത്തിന്റെ അതിപ്രസരമോ ഇല്ലാതെ പോകുന്നതുകൊണ്ടായിരിക്കാം. ഏതായാലും ആ പ്രബുദ്ധ സ്ഥാപനത്തിന് അഭിനന്ദനമരുളുന്നു. കേരളത്തിലെ മറ്റു പല സർവ്വകലാശാലകളും ബിരുദാനന്തരബിരുദം നൽകുന്ന കോളേജുകളും രാഷ്ട്രീയ പാർട്ടികളുടെ ചട്ടുകങ്ങളായി മാറിയിട്ട് കാലമേറെയായി. കേരളത്തിൽ ജനായത്ത ഭരണം എന്നു മുതൽ ആരംഭിച്ചുവോ അന്നുമുതൽ രാഷ്ട്രീയക്കളരികളായി മാറിക്കഴിഞ്ഞിരരിക്കുന്നു ഇവ. വിലയേറിയ അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടുത്തി കക്ഷിരാഷ്ട്രീയം വളരാൻ വേണ്ടി പഠനത്തേയും ഗവേഷണത്തേയും പിന്നിലേക്കു തള്ളി അക്രമങ്ങളും അഴിമതിയും കൊടികുത്തി വാഴുമ്പോൾ സയിന്റിസ്റ്റുകളും സാങ്കേതിക വിദഗ്ദ്ധരും നിസ്സഹായരായി, രാജ്യത്തെ ഇതിലും കൂടുതൽ മുന്നോട്ടു നയിക്കാൻ പറ്റാത്ത നിഷ്ക്രിയമായ അന്തരീക്ഷവും അരാജകത്വവും അനുദിനം കണ്ട് മനംമടുത്ത് വീർപ്പുമുട്ടി അദ്ധ്യയന വർഷങ്ങൾ തള്ളി നീക്കുന്നു.

ഒരു കാലത്ത് ലോകത്തിലെ ഏറ്റവും അരാജകത്വമുള്ളതും മോശവുമായി രാജ്യം ഏതെന്നു ചോദിച്ചാൽ Haiti എന്നു പറഞ്ഞിരുന്നതുപോലെ ഇന്ന് വിദ്യാഭ്യാസ മേഖലയെ കലുഷിതമാക്കി കശാപ്പു ചെയ്യുന്ന രീതിയിലേക്ക് കേരളത്തിലെ ഉന്നത വിദ്യാഭ്യാസം അധ:പതിക്കുകയാണോയെന്ന് വിമർശകർ ചോദിച്ചാൽ ഉത്തരം മുട്ടുന്ന സ്ഥിതി വിശേഷത്തിലെത്തി നിൽക്കുന്നു ഏവരും. പ്രിൻസിപ്പലിന്റെ കസേര കത്തിക്കുന്നത് ആ സ്ഥാനത്തിരിക്കുന്ന മഹത്വ്യക്തിയെ ഇല്ലായ്മ ചെയ്യുന്നതിന്റെ പ്രതീകാത്മകമായ പ്രവർത്തിയാണെന്ന് വാദിക്കുന്നവർ

ധാരാളം മാർക്കു ദാനവും അദാലത്തും മറ്റു രാജ്യങ്ങളിൽ കേട്ടു കേൾവിപോലുമില്ലാത്തതിനാൽ ഇത്തരം നടപടികൾ നമ്മുടെ സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസത്തെ പരിഹാസപാത്രമാക്കി മാറ്റാൻ മാത്രമേ സഹായിക്കൂ.

മറ്റു മിക്ക രാജ്യങ്ങളിലും ഫാക്കൽറ്റി ബോർഡ്, സെനറ്റ്, കൗൺസിൽ എന്നീ ഘടനകളാണുള്ളത്. സെനറ്റ് സർവ്വകലാശാലയിലെ ഏറ്റവും സീനിയോറിട്ടി ഉള്ളവരും, ഡിപ്പാർട്ടുമെന്റുകളുടെ മേധാവികളും, റെജിസ്ട്രാർ, ഡെപ്യൂട്ടി വൈസ്ചാൻസലർമാർ, വൈസ്ചാൻസലർ അടങ്ങുന്ന ഉന്നതാധികാര ബോഡി അക്കാദമിക് കാര്യങ്ങളിൽ തീരുമാനമെടുക്കുന്നു. ഈ തീരുമാനങ്ങൾ കൗൺസിലിന്റെ അംഗീകാരത്തിനു പോകുന്നു. സർവ്വകലാശാലകൾ മറ്റു രാജ്യങ്ങളിൽ ഓട്ടോണമസ് ആയതിനാൽ സർക്കാർ കൈകടത്താറില്ല. എല്ലാ വിദ്യാർത്ഥികളുടെയും പരീക്ഷാ പേപ്പറുകൾ (ഉത്തരക്കടലാസ്സുകൾ) ഡിപ്പാർട്ടുമെന്റൽ മേധാവി, ഡീൻ എന്നിവരിൽ കൂടി കടന്നുപോകുമ്പോൾ ബോർഡർ Case കൾ മാത്രം വീണ്ടും പരിശോധിച്ച് എന്തെങ്കിലും മാർക്ക് കൂടി കൊടുത്താൽ ജയിക്കാൻ അർഹതയുണ്ടോയെന്ന് കൂലങ്കഷമായി ചർച്ച ചെയ്തു പരിശോധിച്ചേ മോഡറേഷൻ നൽകൂ. രോഗകാരണങ്ങൾക്കു മാത്രമാണ് അത്തരം മോഡറേഷൻ നടപടി. ഇത് അക്കാദമിക് കാര്യമായതുകൊണ്ട് സർക്കാർ ഇത്തരം കാര്യങ്ങളിൽ ഇടപെടാവുന്ന വ്യവസ്ഥ ഒരിക്കലും സ്റ്റാറ്റ്യൂട്ടുകളിൽ ഉണ്ടാകുകയുമില്ല. വീണ്ടും പരീക്ഷ എഴുതി പാസ്സാകാൻ സർവ്വകലാ ശാലകളിൽ നിയമമുണ്ടെങ്കിൽ മാത്രമാണ് പുനർ ചർച്ചകൾ പോലും സർക്കാരിന്റെ ഇടപെടൽ കൂടാതെ നടത്തുന്നത്. രാഷ്ട്രീയ പ്രവർത്തനങ്ങൾ നടത്താൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേദിയായതിനാൽ കേരള ത്തിന്റെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാവി തകർച്ചയിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരി ക്കുന്നുവെന്ന് ലേഖനങ്ങൾ സൂചിപ്പിക്കുന്നു. ഇങ്ങിനെയുള്ള ദയനീയ അവസ്ഥയിലാണ് കക്ഷിരാഷ്ട്രീയം പഠനവിഷയമാക്കാൻ കേരള സർക്കാർ ആലോചിക്കുന്നുവെന്ന വാർത്ത കേൾക്കുന്നത്. ഇത് ശരിയാണെങ്കിൽ വിദ്യാഭ്യാസ മേഖലയിൽ അപകടം ക്ഷണിച്ചു വരുത്തുകയാണെന്ന് വിദ്യാഭ്യാസ പ്രമുഖർ പറയും.

ലോകറാങ്കിങ്ങിൽ ഇന്ത്യയിലെ പ്രാവീണ്യമുള്ള സ്ഥാപനങ്ങൾ അവയുടെ സ്ഥാനങ്ങൾ പിടിച്ചുയർത്താൻ കഠിനപ്രയത്നം നടത്തുന്നതായി കഴിഞ്ഞ കുറെ വർഷങ്ങളിലെ റാങ്കിങ്ങിൽ ലഭിച്ച സ്ഥാനങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

**ലോകത്തിലെ മികവുറ്റ യൂണിവേഴ്സിറ്റികൾ/ അവയുടെ സ്ഥാനങ്ങളും**

1. എം.ഐ.ടി. മസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റൂട്ട് ഓഫ് ടെക്നോളജി, അമേരിക്ക ഈ സ്ഥാപനത്തിൽ നിന്നാണ് അമേരിക്കയുടെ സ്പേസ് ടെക്നോ ളജി ഉടലെടുത്ത് മനുഷ്യനെ ചന്ദ്രനിൽ ഇറക്കി തിരിച്ചു കൊണ്ടു വന്നത്. ഈ വർഷം സാമ്പത്തിക നോബൽ സമ്മാനം ലഭിച്ച ഇന്ത്യക്കാരൻ അഭിജിത് ചാറ്റർജി ഈ സ്ഥാപനത്തിൽ ഫ്രഞ്ചുകാരിയായ ഭാര്യയുമൊരുമിച്ചു ജോലി ചെയ്യുന്നു.

2. സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി, അമേരിക്ക

3. ഹാർവാർഡ് യൂണിവേഴ്സിറ്റി അമേരിക്ക

4. ഓക്സ്ഫോർഡ് യൂണിവെഴ്സിറ്റി യു.കെ

5. കാലിഫോർണിയ ഇൻസ്റ്റിറ്റൂട്ട് ഓഫ് ടെക്നോളജി, യു. എസ്

6. Swiss ഫെഡറൽ ഇൻസ്റ്റിറ്റൂട്ട് ഓഫ് ടെക്നോളജി, സ്വിറ്റ്സർലണ്ട്

7. യൂണിവേഴ്സിറ്റി ഓഫ് കേംബ്രിഡ്ജ് , യു.കെ

8. യൂണിവേഴ്സിറ്റി കോളേജ്, ലണ്ടൻ, യു. കെ

............................................................................................

............................................................................................

11. ന്യാങ്ങ് ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, സിംഗപ്പൂർ

12. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് സിംഗപ്പൂർ

............................................................................................

............................................................................................

152. ഇന്ത്യൻ ഇൻസ്റ്റിറ്റൂട്ട് ഓഫ് ടെക്നോളജി ഐ.ഐ.ടി ബോംബെ, ഇൻഡ്യ

182. ഇന്ത്യൻ ഇൻസ്റ്റിറ്റൂട്ട് ഓഫ് ടെക്നോളജി ഐ.ഐ.ടി ഡൽഹി, ഇൻഡ്യ

184. ഇന്ത്യൻ ഇൻസ്റ്റിറ്റൂട്ട് ഓഫ് സയൻസ്, ബാംഗ്ലൂർ, ഇൻഡ്യ

............................................................................................

601-650. യൂണിവേഴ്സിറ്റി ഓഫ് ഹൈദ്രബാദ്, സൗത്ത് ആഫ്രിക്ക

651-700. ജാദവ്പൂർ യൂണിവേഴ്സിറ്റി , ഇൻഡ്യ

701-750. മണിപ്പാൽ അക്കാദമി ഓഫ് ഹയർ എഡ്യൂക്കേഷൻ, ഇൻഡ്യ.

751-800. അണ്ണായൂണിവേഴ്സിറ്റി, ഇൻഡ്യ, ജമിയ





മില്ലാ ഇസ്ലാമിയ, ഇൻഡ്യ, ഒ.പി. ജിൻഡാൽ ഗ്ലോബൽ യൂണിവേഴ്സിറ്റി, ഇൻഡ്യ,

801-1000. അലിഗർ മുസ്ലീം യൂണിവേഴ്സിറ്റി,ഇൻഡ്യ, അമൃത വിശ്വവിദ്യാപീഠം യൂണിവേഴ്സിറ്റി ഇൻഡ്യ, ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി, ഇൻഡ്യ, ബിർള ഇൻസ്റ്റിറ്റൂട്ട് ഓഫ് ടെക്നോളജി, ഇൻഡ്യ, സാവിത്രി ഭായി ഫുലേ പൂന യൂണിവേഴ്സിറ്റി, ഇൻഡ്യ, തപാർ ഇൻസ്റ്റിറ്റൂട്ട് ഓഫ് എൻജിനിയിറിംഗ് & ടെക്നോളജി ഇന്ത്യ, യൂണിവേഴ്സിറ്റി ഓഫ് കൽക്കട്ട, ഇന്ത്യ, യൂണിവേഴ്സിറ്റി ഓഫ് മുംബായ്, ഇന്ത്യ, വെല്ലൂർ ഇൻസ്റ്റിറ്റൂട്ട് ഓഫ് ടെക്നോളജി, ഇന്ത്യ

ഈ ലിസ്റ്റിൽ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി (ജെ. എൻ. യു) ഇല്ലാ എന്നുള്ളത് വലിയ അത്ഭുതം ഉളവാക്കുന്നില്ല. കാരണം അത് കനയ്യ കുമാറിനെപ്പോലുള്ളവർ കാരണം ഒരു രാഷ്ട്രീയ കളരിയായ യൂണിവേഴ്സിറ്റി ആയി മാറിയിരിക്കണം. ഉന്നത വിദ്യാഭ്യാസവും രാഷ്ട്രീയവും കൂട്ടിക്കുഴച്ചാൽ വിദ്യാഭ്യാസത്തിന്റെ മികവ് കൂപ്പുകുത്തുമെന്നുള്ളത് ഒരു ദു:ഖസത്യമായി നിലക്കൊള്ളുന്നു.

മുകളിൽ കാണുന്ന യൂണിവേഴ്സിറ്റികളുടെ ലിസ്റ്റിൽ ഇന്ത്യയിലെ സ്ഥാപനങ്ങൾ കഴിഞ്ഞ അഞ്ചു വർഷമായി ക്രമേണ ഉയർന്ന റാങ്കു കരസ്ഥമാക്കിത്തുടങ്ങിയിരിക്കുന്നു. അഞ്ചു വർഷം മുമ്പ് ഇന്ത്യൻ ഇൻസ്റ്റിറ്റൂട്ട് ഓഫ് സയൻസ് മാത്രമായിരുന്നു ആദ്യത്തെ 150 സ്ഥാപനങ്ങളിൽ ഇടം പിടിച്ചത്. മറ്റെല്ലാ യൂണിവേഴ്സിറ്റികളും 200- ാം സ്ഥാനത്തിൽ താഴെ ആയിരുന്നു. ഒട്ടുമിക്ക സ്ഥാപനങ്ങളും 400-500 സ്ഥാനപരിധിയിലായിരുന്നു. എന്നാൽ ഈ കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് ഇന്ത്യയിലെ എല്ലാ ഇൻസ്റ്റിറ്റൂട്ട് ഓഫ് ടെക്നോളജി സ്ഥാപനങ്ങളും ഗവേഷണത്തിൽ കുതിച്ചുയർന്ന് അവയുടെ റാങ്കുകൾ 150 നും 300 നും ഇടയിലേക്ക് ഉയർന്നു വന്നു. ഇത് അഭിമാനകരമായ നേട്ടം തന്നെ. എന്നാല് കേരളത്തിലെ കുസാറ്റും ഐ.ഐ.ടി മാതിരി യൂണിവേഴ്സിറ്റി ഓഫ്ടെക്നോളജി ആണ്. പക്ഷെ കുസാറ്റ് 800-1000 ത്തിനുമിടയ്ക്കുള്ള റാങ്കിലെങ്ങും എത്തിച്ചേർന്നിട്ടില്ലായെന്നത് ഒരപവാദമായി തീർന്നിരിക്കുന്നു. ലോകത്തിലെ വിദഗ്ദ്ധരടങ്ങിയ ഈ റാങ്കിങ്ങ് പ്രക്രിയയിൽ നിന്നുയർന്നു വരുന്ന ഒരു സന്തോഷകരമായ കാര്യം ഇന്ത്യയുടെ ഗവേഷണ മേഖല ഉണർവ് പ്രാപിച്ചു വരുന്നു. അത് ഐ.ഐ.ടികളിലെ ഗവേഷണത്തിൽ നിന്നു കിട്ടുന്ന പ്രബന്ധങ്ങളും കണ്ടുപിടുത്തങ്ങളുമാണെന്ന കാര്യം അഭിമാനകരം തന്നെയാണ്. ഗവേഷണത്തിൽ നിന്ന് കണ്ടുപിടുത്തങ്ങളും പേറ്റൻസിയും വർദ്ധിച്ച് "മേക്ക് ഇൻ ഇന്ത്യ) ഒരു യാഥാർത്ഥ്യമായി മാറിക്കൊണ്ടിരിക്കുന്നുവെന്നത് അഭിമാനകരമായ വസ്തുതയാണ്. ഇന്ത്യ സയൻസ് ആൻഡ് ടെക്നോളജിയിൽ കുതിപ്പു തുടരാൻ കേന്ദ്രസർക്കാർ കുറെ വർഷങ്ങളായി അഭിനന്ദനീയമായ ഗവേഷണ ഫണ്ടുകൾ വർദ്ധിപ്പിക്കുന്ന പ്രവണത പ്രശംസനീയം തന്നെ. ലോകത്തിലെ മികച്ച ജേർണലുകളിൽ ഇന്ത്യയിൽ നിന്നുള്ള ഗവേഷണ പ്രബന്ധങ്ങൾ അനുദിനം വർദ്ധിച്ചു കൊണ്ടേയിരിക്കണം. സ്കൂൾ ലെവൽ മുതൽ ഗവേഷണങ്ങളിൽ വിദ്യാർത്ഥികളെ ആകർഷകരാക്കാൻ വേണ്ടിയാണ് ഗവേഷണത്തിനു താൽപ്പര്യം കാണിക്കാനുതകുന്ന 'അടൽ ടിങ്കറിങ്ങ്' ലബോറട്ടറികൾ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ കേന്ദ്രഗവൺ മെന്റിന്റെ ഫണ്ടു മുഖേന കഴിഞ്ഞ മൂന്നു വർഷമായി പ്രവർത്തിച്ചുപോരുന്നത്. ഗവേഷണത്തിനു കൂടുതൽ പ്രാമുഖ്യം കൊടുത്താണ് അമേരിക്ക, റഷ്യ, ചൈന, ജപ്പാൻ, ജർമ്മനി, ബ്രിട്ടൻ എന്നീ രാജ്യങ്ങൾ വ്യാവസായിക, സാമ്പത്തിക ശക്തികളായി നിലനിൽക്കുന്നത്. ഇന്ത്യ നാലാമത്തെ സ്ഥാനത്താണ് സാമ്പത്തിക ശക്തിയായി ഉടനെ എത്താൻ പോകുന്നത്. അതിനു വിദ്യാഭ്യാസ മേഖലയെ ഉണർത്തിയെടുക്കൂ, ഉയർത്തിയെടുക്കൂ.... കോളേജുകളും സർവ്വകലാശാലകളും രാഷ്ട്രീയ പഠനങ്ങൾക്കും കലാപങ്ങൾ സൃഷ്ടിക്കാനുള്ള വേദികളാക്കി മാറ്റാനുള്ള ആശയങ്ങൾ രാജ്യപുരോഗതിക്കു വിലങ്ങു തടിയാകും. അങ്ങനെ വന്നാൽ ജനങ്ങൾക്കു ഉപകാരപ്രദമായ ആരോഗ്യ ഇൻഷുറൻസുകൾ, വാർദ്ധക്യ പെൻഷൻ, അഗതികൾക്കു ധനസഹായങ്ങൾ തുടങ്ങിയ സാമൂഹിക പരിഷ്കരണങ്ങൾ എന്നിവക്ക് വേഗം കൂട്ടാൻ സാധിക്കാതെ വരും.

## നായർ സ്ത്രീസമാജം 2020 ജനുവരി മാസ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| 21.01.2020 ചൊവ്വാഴ്ച | സോഷ്യൽ ഈവനിങ് | 4.00 P.M. |

# മൂത്രത്തിലെ അണുബാധ

ഡോ. ദേവീദാസ് വെള്ളോടി . ഫോൺ : 9747480903

ഒരാണായി പിറന്നാൽ മതിയായിരുന്നു. സ്വസ്ഥമായി എവിടെ വേണമെങ്കിലും ഇത്തിരി സ്ഥലം ലഭിച്ചാൽ മൂത്രമൊഴിക്കാമായിരുന്നു. ഇത്തരത്തിൽ ചിലപ്പോഴെങ്കിലും ചിന്തിക്കാത്ത സഹോദരിമാർ കുറയും. വാസ്തവമാണ്, സ്ത്രീകൾക്ക് യാത്രയിൽ ഏറ്റവുമധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് മൂത്രമൊഴിക്കാനുള്ള സൗകര്യമില്ലായ്മയാണ്. ബാഗ്ലൂരിലേക്കും ചെന്നൈയിലേക്കും ബസ്സിൽ യാത്ര ചെയ്തവർക്കറിയാം, രാത്രി ബസ്സ് എവിടെയെങ്കിലും നിർത്തും, രാവിലെ സൗകര്യമില്ലെങ്കിലും മൂത്രമൊഴിച്ചേ പറ്റൂ. സ്ത്രീകൾക്കായി പ്രത്യേക സൗകര്യങ്ങളൊന്നുമില്ല. ഏകദേശം അഞ്ഞൂറിനും അറുനൂറിനും ഇടയ്ക്കാണ് രാത്രിയിൽ സ്പെഷ്യൽ ബസ്സുകൾ പോകുന്നത്. എല്ലാറ്റിലും ഗതിയിതു തന്നെ. ഇനി ഈ വിഷയത്തിലും കോടതി ഇടപെടേണ്ടി വരും. പൗരാവകാശങ്ങളിൽ ഒന്നാണ് യാത്രയിലോ പൊതുസ്ഥലത്തോ ശൗചാലയങ്ങൾ ലഭിക്കണമെന്നത്. പക്ഷെ ആര് കേൾക്കാൻ. എല്ലാം വിധയാണെന്നുള്ള ചിന്ത മാറ്റി നികുതിദായകരുടെ അവകാശങ്ങൾക്കായി ഉണരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഡയപ്പർ ഉപയോഗിച്ച് രാത്രി യാത്ര ചെയ്യുന്ന സ്ത്രീകൾ വിരളമല്ല. ഇത്രയും ആമുഖമായി പറഞ്ഞത് സ്ത്രീകൾക്കാണ് ഏറ്റവും കൂടുതൽ മൂത്രത്തിൽ അണുബാധ കാണുന്നത് എന്നതിനാലും ഇതിന് പ്രധാന കാരണം കൃത്യമായി മൂത്രമൊഴിക്കാത്തതിനാലും ശുചിത്വക്കുറവിനാലുമാണ് എന്നതിനാലുമാണ്. കൗമാരപ്രായമായ പെൺകുട്ടികളിൽ മൂന്നിൽ ഒരാൾക്ക് മൂത്രത്തിൽ അണുബാധയുള്ളതായി പഠനങ്ങൾ പറയുന്നു. ആവശ്യത്തിന് വെള്ളം കുടിക്കാതിരിക്കുക, ശുചിത്വക്കുറവ് , മൂത്രം ഒഴിക്കാതെ കുറെ സമയം പിടിച്ചു നിർത്തുക എന്നിവയെല്ലാം കാലക്രമേണ മൂത്രത്തിൽ അണുബാധയുണ്ടാക്കും. ശുചിത്വമില്ലാതെ ലൈംഗിക ബന്ധത്തിൽ ഇടപെടുന്നതും അണുബാധയ്ക്ക് കാരണമാകുന്നു.

**നല്ലവണ്ണം വെള്ളം കുടിച്ചാൽ മൂത്രത്തിൽ അണുബാധയില്ലാതാകുമോ ?**

മൂത്രത്തിൽ പഴുപ്പ് എന്നു പറയുമ്പോൾ തന്നെ രോഗികൾ പറയുന്ന ഒരു കാര്യമാണ്. ഞാൻ നല്ലവണ്ണം വെള്ളം കുടിക്കുന്നുണ്ട് എന്ന്. മൂത്രത്തിൽ അണുബാധയുള്ളവർക്കെല്ലാം മൂത്രത്തിൽ പഴുപ്പ് ഉണ്ടാകണമെന്നില്ല. പുരുഷന്മാരിലും ഉണ്ടാകാറുണ്ട്. മൂത്രത്തിൽ അണുബാധയുണ്ടായി അത് നിയന്ത്രിക്കാതെയും ചികിത്സിക്കാതെമിരുന്നാൽ അണുബാധ വർദ്ധിച്ച് മൂത്രത്തിൽ പഴുപ്പ് കാണുന്നതാണ്.

**കാരണങ്ങൾ :**

ഇ- കോളി ബാക്ടീരിയയാണ് സാധാരണ മൂത്രത്തിൽ അണുബാധ ഉണ്ടാക്കുന്നത്. Proteus, Klebsiella, Pseudomonas എന്നീ ബാക്ടീരിയകളും അണുബാധ ഉണ്ടാക്കാറുണ്ട്. സാധാരണ മൂത്രം അണുവിമുക്തമാണ്. ഏതെങ്കിലും കാരണത്താൽ മൂത്രനാളത്തിലോ മൂത്രസഞ്ചിയിലോ (Bladder) അണുക്കൾ എത്തി അണുബാധയുണ്ടാകുന്നതിനെയാണ് യൂറിനറി ട്രാക്റ്റ് ഇൻഫെക്ടൻ എന്ന് (UTI) പറയുന്നത്.

സ്ത്രീകളിലാണ് കൂടുതലായി മൂത്രത്തിൽ അണബാധ വരുന്നതെന്ന് പറഞ്ഞുവല്ലോ. അതിന് ചില കാരണങ്ങൾ കൂടിയുണ്ട്. സ്ത്രീക്ക് മൂത്രനാളത്തിന് നീളം കുറവാണ്. കൂടാതെ മൂത്രനാളത്തിന് വളരെയടുത്തു തന്നെ യോനീ നാളവും മലദ്വാരവും ഉള്ളതും അണുസംക്രമണത്തിന് എളുപ്പമാകുന്നു. മാസമുറക്കാലത്ത് വൃത്തിയില്ലാതെയിരുന്നാൽ പെട്ടെന്ന് അണുബാധ വരും.

**മറ്റു കാരണങ്ങൾ :**

1). ഗർഭാവസ്ഥയിലും പ്രസവിച്ച ശേഷവും അണുബാധയുണ്ടാകാനുള്ള സാധ്യത കൂടുതലാണ്.

2). പ്രമേഹരോഗികളിൽ അടിക്കടി മൂത്രമൊഴിക്കുന്നതും മൂത്രത്തിൽ പഞ്ചസാരയുടെ അംശം ഉണ്ടാകുന്നതും അണുക്കൾക്ക് കടന്നു കയറാനുള്ള സാധ്യത കൂടും.

3).. മൂത്രാശയത്തിലോ വൃക്കയിലോ ഉണ്ടാകുന്ന കല്ലുകൊണ്ടോ (Stone), മറ്റു വളർച്ചകൾകൊണ്ടോ (Growth) ഉണ്ടാകുന്ന മൂത്രതടസ്സം അണുബാധയ്ക്ക് കാരണമാകും.

4). കത്തീറ്റർ ഇടേണ്ടി വരുമ്പോൾ അണുബാധ വരാൻ സാധ്യത കൂടുതലാണ്.





5). ലൈംഗിക ബന്ധത്തിൽ ഏർപ്പെടുമ്പോഴുള്ള വൃത്തിഹീനത അണുബാധയുണ്ടാക്കും.

6). യഥാസമയം മൂത്രമൊഴിക്കാതെ പിടിച്ചു നിർത്തുന്നത് മൂത്രാശയത്തിൽ അണുബാധ വരുത്താൻ കാരണമാകും.

7). ഇതിനെല്ലാം പുറമേ വൃത്തിയില്ലാത്ത വെള്ളത്താൽ ശൗച്യം ചെയ്യുന്നതും കഴുകുന്നതും അണുബാധയുണ്ടാക്കും. നമുക്ക് ലഭിക്കുന്ന ടാപ്പ് വെള്ളത്തിൽ ഇ-കോളി ബാക്ടീരിയ സുലഭമാണെന്ന് കേട്ടിട്ടുണ്ട്.

8). പ്രതിരോധ ശേഷി കുറഞ്ഞിരിക്കുമ്പോൾ അണുബാധ പെട്ടെന്ന് വരാം. അതാണ് ഗർഭിണികളിലും പ്രമേഹരോഗികളിലും സംഭവിക്കുന്നത്. ഒരു തവണ വന്നാൽ മുഴുവനായി ചികിത്സിച്ചു മാറ്റിയില്ലെങ്കിൽ അണുക്കൾ വീണ്ടും പെരുകി ഒന്നു രണ്ട് മാസത്തിനുള്ളിൽ വീണ്ടും ഗൗരവമുള്ള അണുബാധയുണ്ടാകും.

**പ്രധാന ലക്ഷണങ്ങൾ എന്തെല്ലാമാണ്**

1). ഇടയ്ക്കിടെ മൂത്രമൊഴിക്കണമെന്ന് തോന്നുക

2.). അടിവയറിലും നടുവിനും വേദന

3). മൂത്രമൊഴിക്കുമ്പോൾ പുകച്ചിൽ, കടച്ചിൽ

4). വിറയലോടു കൂടിയ പനി

5). ഛർദ്ദിക്കാൻ (ഓക്കാനം) വരിക

ചിലപ്പോൾ എല്ലാ ലക്ഷണങ്ങളും കാണണമെന്നില്ല. ലക്ഷണങ്ങൾ കണ്ടില്ലെങ്കിലും പരിശോധനയിൽ അണുബാധയുണ്ടെങ്കിൽ ചികിത്സിക്കണം.

6). മൂത്രത്തിൽ നിറവ്യത്യാസം, ദുർഗന്ധം

**എങ്ങിനെ കണ്ടുപിടിക്കാം, പരിശോധിച്ചറിയാം :**

മേൽപറഞ്ഞ ചിലതെങ്കിലും കാണുകയാണെങ്കിൽ വൈദ്യനിർദ്ദേശത്തിന് മടിക്കരുത്. സാധാരണ അണുബാധ ഉറപ്പുവരുത്തുന്നതിനായി യൂറിൻ മൈക്രോസ്കോപ്പിൽ പരിശോധന, യൂറിൻ കൾച്ചർ എന്നിവ ചെയ്യും. മരുന്നു കഴിച്ചതിനുശേഷം ഡോക്ടറുടെ നിർദ്ദേശാനുസരണം അണുബാധ മാറി എന്ന് ഉറപ്പു വരുത്തണം. അല്ലെങ്കിൽ ചിലപ്പോൾ വീണ്ടും അസുഖം വരാനുള്ള സാധ്യതയുണ്ട്.

**വരാതിരിക്കാനും വന്നു കഴിഞ്ഞാലും എന്തൊക്കെ ചെയ്യണം.**

ധാരാളം വെള്ളം കുടിക്കണം എന്നത് പറയേണ്ടതില്ലല്ലോ. ശുചിമുറിയിൽ പോയി വന്നശേഷം കൈകൾ വൃത്തിയായി കഴുകണം. വ്യക്തി ശുചിത്വം അത്യാവശ്യമാണ്. അടിവസ്ത്രങ്ങൾ ദിവസവും മാറ്റുകയും നല്ലപോലെ വെയിലത്തിട്ട് ഉണക്കുകയും വേണം. വൃത്തിയുള്ള വെള്ളത്തിൽ മാത്രം സ്വകാര്യ ഭാഗങ്ങൾ കഴുകണം.

മൂത്രം കഴിവതും പിടിച്ചു വെയ്ക്കാതിരിക്കുക. അതു മൂത്രക്കടച്ചിലിനും ക്രമേണ പുകച്ചിലിനും അണുബാധയ്ക്കും കാരണമാകുന്നു. ലൈംഗിക ശുചിത്വം വളരെ പ്രധാനമാണ്. സ്വകാര്യ ഭാഗങ്ങൾ കഴുകുന്നത് മുന്നിൽ നിന്നും പിന്നോട്ട് ആയിരിക്കണം. (പ്രത്യേകിച്ച് സ്ത്രീകളിൽ) ഡയപ്പർ ഉപയോഗിക്കുന്നവർ കൃത്യമായി ശുചിത്വം പാലിക്കുക. അണുബാധ വന്നു കഴിഞ്ഞാൽ കൃത്യമായി ഔഷധസേവ നിർബന്ധമാണ്. തനിയെ അണുബാധ മാറില്ല. ആന്റിബയോട്ടിക്കുകൾ കഴിക്കുമ്പോൾ വൈദ്യനിർദ്ദേശാനുസരണം കഴിക്കണം.

**മൂത്രക്കടച്ചിലിനും പുകച്ചിലിനും :**

ഞെരിഞ്ഞിൽ പച്ചമരുന്നു കടകളിൽ കിട്ടും. പൊടിയായി മാർക്കറ്റിൽ ലഭിക്കും. ഞെരിഞ്ഞിൽ ഇട്ട് തിളപ്പിച്ച വെള്ളം ഇടയ്ക്കിടക്ക് കുടിക്കുന്നത് മൂത്രക്കടച്ചിൽ, പുകച്ചിൽ എന്നിവ കുറയ്ക്കും. ത്രിഫല (കടുക്ക, നെല്ലിക്ക, താന്നിക്ക) പൊടി ചൂടുവെള്ളത്തിൽ തിളപ്പിച്ച് ഊറ്റി സ്വകാര്യഭാഗങ്ങൾ കഴുകുന്നത് അണുബാധയെ അകറ്റും. നോമ്പുകാലത്ത് മൂത്രത്തിൽ അണുബാധ കൂടുതലായി കാണാറുണ്ട്. ശരിയായ രീതിയിലും അളവിലും വെള്ളം കുടിക്കാത്തതു തന്നെയാണ് ഇതിന് കാരണം. വെള്ളം കുടിച്ചാൽ മാത്രം പോര, കൃത്യമായ ഇടവേളകളിൽ മൂത്രമൊഴിക്കുകയും വേണം. വികസിത രാജ്യങ്ങളിലെല്ലാം ബസ്സുകളിൽ ടോയ്‌ലറ്റ് (ശുചിമുറി) നിർബന്ധമാണ്. നോമ്പ് കാലത്തും വേനൽക്കാലത്തും കൂടുതൽ ജലാംശമുള്ള പഴങ്ങൾ കഴിക്കുന്നത് നല്ലതാണ്. മുന്തിരി, തണ്ണീർമത്തൻ, പൈനാപ്പിൾ എന്നിവയിൽ കൂടുതൽ ജലാംശമുണ്ട്. പുറത്ത് വെയിലത്ത് പോയി വന്നാൽ മോരോ നാരങ്ങവെള്ളമോ കുടിക്കുക, ഒരു ശീലമാക്കുക. ദിവസേന കഴിക്കുന്ന ഭക്ഷണത്തിൽ പഴവർഗ്ഗങ്ങൾ ഉൾപ്പെടുത്തുക. പ്രമേഹ രോഗമുള്ളവർ രാത്രിയിൽ ഇടയ്ക്കിടെ മൂത്രമൊഴിക്കാൻ എണീക്കാനുള്ള ബുദ്ധിമുട്ട് കാരണം വൈകുന്നേരത്തിന് ശേഷം വെള്ളം കുടിക്കുന്നത് കുറയ്ക്കാറുണ്ട്. ഇത് ശരിയല്ല, വെള്ളം നല്ല പോലെ കുടിക്കണം.

ഓർക്കുക മൂത്രക്കടച്ചിലും മൂത്രത്തിൽ അണുബാധയും നിസ്സാരമാക്കി കളയരുത്. ചികിത്സിച്ചില്ലെങ്കിൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളിലേക്ക് ഇത് കാരണമാകും.

# മഴയും മണ്ണും മനുഷ്യരും

**ജി. മാധവൻ നായർ**

മലഞ്ചെരുവിൽ ഉയർന്ന ഭാഗത്തുള്ള വീടിന്റെ കോലായിലിരുന്ന് അയാൾ പുറത്തേക്ക് നോക്കി. മഴ അങ്ങിനെ തിമിർത്തു പെയ്യുന്നു. തലേന്നു തുടങ്ങിയതാണ്. നിർത്താതെയുള്ള ഈ വൃഷ്ടി എപ്പോഴാണൊന്നു നിലക്കുക. വൃക്ഷങ്ങളൊക്കെ കാറ്റിലുലഞ്ഞ് ചാഞ്ഞു ചരിയുന്നു. ചെറു ഇനത്തിൽ പെട്ട ചിലതൊക്കെ കടപുഴകി വീണിട്ടുണ്ട്. ഇതിങ്ങനെ പോയാൽ വൻ വൃക്ഷങ്ങളും നിലം പതിയും. കാരണം മലയുടെ മാറാത്ത മണ്ണു മിക്കവാറും ഒലിച്ചുപോയി കഴിഞ്ഞിരിക്കുന്നു.

വളരെ അകലെയുള്ള ജന്മസ്ഥലത്ത് നിന്ന് ഇവിടെയെത്തിച്ചേർന്നത് പല മോഹങ്ങളുമായിട്ടാണ്. കുറച്ചു മുൻപ് വന്നവർ അവർക്കുണ്ടായ ജീവിതാനുഭവങ്ങളെ പറ്റി പറഞ്ഞു കേട്ടതോടെ അയാൾ പ്രലോഭനങ്ങളിൽ വീണു പോയി. ഉള്ള വസ്തുക്കൾ വലിയ ലാഭമൊന്നുമില്ലാതെ തന്നെ വിറ്റ്, കുറച്ചത്യാവശ്യ സാധനങ്ങൾ പെറുക്കി കൂട്ടി നാടു വിടുകയായിരുന്നു. ഭാര്യയ്ക്കും മക്കൾക്കും അത്രയ്ക്കങ്ങ് തൃപ്തിയുണ്ടായിരുന്നില്ല. എങ്കിലും ദൈനംദിന കാര്യങ്ങൾ നന്നേ ബുദ്ധിമുട്ടിലായി പോയതിനാൽ ഒരു പരീക്ഷണത്തിനു വിധേയരാകാൻ മനസ്സില്ലാമനസ്സോടെ ഒരുങ്ങി.

പൊട്ടക്കുന്നും, കൊടുംകാടുമായിട്ടുള്ള വിസ്തൃത സ്ഥലം ജന്മിയിൽ നിന്നും വാങ്ങുമ്പോൾ മനസ്സിലാകെ പൂത്തിരി കത്തി. ഇനി ഇവിടം മുഴുവൻ കൃഷി ഭൂമിയാക്കണം. പലതും നട്ടു പിടിപ്പിക്കണം. ഇപ്പോൾ കേറി കിടക്കാൻ ഒരു ചെറിയ കുടിൽ, കാലക്രമേണ പൊളിച്ചു കളഞ്ഞ് ഒരു വീടാക്കണം. ചെയ്തു തീർക്കേണ്ട ഓരോന്നിനും പദ്ധതികൾ മെനഞ്ഞു. കുറച്ചകലെയുള്ള സർക്കാർ സ്കൂളിൽ മക്കളെ ചേർത്തു. പഠിപ്പിൽ അത്രകേമന്മാരല്ലെങ്കിൽ കൂടി ഇനിയുള്ള കാലം വിദ്യാഭ്യാസത്തിന്റെ പ്രസക്തി, അതൊട്ടും തന്നെയില്ലാത്ത അയാൾക്ക് നല്ലവണ്ണമറിയാമായിരുന്നു. ആ ഒരു വിഷയത്തിൽ കുറച്ചു കൂടി പഠന യോഗ്യതയുള്ള പത്നിയുടെ പൂർണ്ണ പിന്തുണ ഉണ്ടായിരുന്നു. കഷ്ടപ്പാടിന്റേതായ കാർഷിക വൃത്തി ഉൾക്കൊള്ളാൻ ഒരു പക്ഷേ പുതിയ തലമുറ, തയ്യാറാകണമെന്നില്ല. അതുകൊണ്ടു തന്നെ 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്നത് മനസ്സിലാക്കിയിട്ടുള്ള ആ വീട്ടമ്മ മക്കളുടെ പഠിപ്പിൽ ഏറെ ശ്രദ്ധിച്ചു.

ഇടനാടുകളിൽ നിന്നുള്ള ജനപ്രവാഹത്തോടെ വെറും കുന്നും, കാടുമായി പരന്നു കിടന്നിരുന്ന ഭൂപ്രദേശം മനുഷ്യപ്രയത്നത്താൽ കൃഷിക്ക് ഉപയുക്തമാക്കി. കുടിയേറ്റക്കാരിൽ ഏറെ പേരും ഒരു പ്രത്യേക സമുദായത്തിൽ പെട്ടവരായിരുന്നു എന്നുള്ളത് ഔദ്യോഗിക രേഖകൾ സൂചിപ്പിച്ചു. തുടർന്ന് പ്രാർത്ഥനാലയങ്ങൾ വരുവാൻ ഒട്ടും താമസമുണ്ടായില്ല. അച്ചടക്കത്തോടും ചിട്ടയോടും കൂടിയ മതാനുഷ്ഠാനങ്ങൾ നടത്തുന്നതിലേക്ക് പൗരോഹിത്യത്തിന്റെ കർശനമായ പ്രവർത്തനം സജീവമായി.

പാഠശാലകളും, നിത്യോപയോഗ സാധനങ്ങൾകൊണ്ട് നിറച്ച കടകളും, പോസ്റ്റാഫീസ്സും, ബാങ്കിന്റെ ശാഖയും, നിരവധി ചായക്കടകളുമെല്ലാം താമസമില്ലാതെ വന്നു ചേർന്നു. ഭൂമിയിടപാടുകൾ വർദ്ധിച്ചതോടെ രജിസ്റ്റർ ഓഫീസ്സും സ്ഥാപിക്കപ്പെട്ടു. വസ്തുവകകളുടെ കാര്യത്തിൽ ഉയർന്നു വന്ന തർക്കങ്ങളും, അളവും, വ്യാപ്തിയുമെല്ലാം പുന:പരിശോധനയ്ക്ക് വിധേയമാക്കണമെന്നുള്ള ആവശ്യതകൾ വർദ്ധിച്ചു. തങ്ങളുടെ ജോലിക്കനുസൃതമായ ഇടപെടലുകൾക്ക് സാദ്ധ്യത കണ്ടതോടെ, കറുത്ത കോട്ടുകാർ എവിടെ നിന്നന്നറിയില്ല, പ്രത്യക്ഷമായി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിരഞ്ഞെടുപ്പു പ്രഖ്യാപിച്ച മുറയ്ക്ക് അതിനുവേണ്ടി രാഷ്ട്രീയത്തിന്റെ മറയിൽ സ്ഥാനാർത്ഥികൾ രംഗപ്രവേശനം ചെയ്തു. വലിയ പങ്കപ്പാടൊന്നും കൂടാതെ നല്ല സൗഹൃദത്തിൽ കഴിഞ്ഞിരുന്ന നാട്ടുകാർ അതോടെ പല ചേരികളിലായി തിരിഞ്ഞു. പാർട്ടിയും ജാതിയുടെ പേരുമൊക്കെ പറഞ്ഞ് സാധുജനത്തെ ഭിന്നിപ്പിക്കാൻ അവസരമുണ്ടാക്കി. കലുഷിതമായ ഒരന്തരീക്ഷത്തിലാണ് തിരഞ്ഞെടുപ്പു നടന്നത്. വിജയിച്ചു വന്നവർ പിന്നീടു സ്വാർത്ഥ ലാഭത്തിനു വേണ്ടി നേരും നെറിയും ലവലേശമില്ലാതെ പല കാര്യങ്ങളും വഴിവിട്ടു ചെയ്തു. ശാന്തിയോടും, സമാധാനത്തോടും ജീവിച്ചു വന്നിരുന്ന ഗ്രാമവാസികളുടെ ഇടയിൽ സ്പർദ്ധയും വിദ്വേഷവും വളർത്തുവാൻ പല വമ്പന്മാർക്കും സാധിച്ചു.

വികസനപ്രക്രിയകളിലൂടെ നാടിന്റെ മുഖഛായ മാറുവാൻ ഒരളവു വരെ സ്വയം ഭരണസ്ഥാപനങ്ങൾക്ക് സാധിച്ചു. അവിഹിത ധനസമ്പാദനമാർഗ്ഗങ്ങളിലൂടെ തങ്ങളുടെ ജീവിതശൈലി മാറ്റി മറിച്ചു പല ഇടപാടുകളിലും അഴിമതിയുടെ കറ പുരണ്ടിരുന്നു. കോടികൾ മതിക്കുന്ന കോൺക്രീറ്റ് കൊട്ടാരങ്ങളും പലയിടത്തുമായി വാങ്ങി കൂട്ടിയ ഭൂമികളും പുതിയ തലമുറയിലെ പുതുപുത്തൻ വാഹനങ്ങളും സ്വന്തമാക്കാത്തവർ നന്നേ ചുരുക്കമായിരുന്നു. നിസ്വാർത്ഥമായി നാടിന്റെ നന്മയെമാത്രം ലാക്കാക്കി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു വംശപരമ്പര അമ്പേ, അപ്രത്യക്ഷമായി എന്നു തോന്നുന്നു.

കാടുകൾ വെട്ടിത്തെളിച്ച് കൃഷികൾ ആരംഭിച്ച കാലങ്ങളിൽ എല്ലാം പ്രകൃതി കനിഞ്ഞനുഗ്രഹിച്ച നല്ല കാലാവസ്ഥയായിരുന്നു. പിന്നീട് വർഷങ്ങൾ പിന്നിടുമ്പോൾ വൃഷ്ടിയുടെ സാന്നിദ്ധ്യവും അളവും നന്നേ കുറഞ്ഞു തുടങ്ങി. ആഹാരയോഗ്യമായ വിളവുകളുടെ കൃഷിക്കുറവുകൊണ്ട് പണം ഉടൻ വന്നു ചേരുന്ന നാണ്യവിളകളിലേക്ക് മിക്കവരുടെയും ശ്രദ്ധ തിരിഞ്ഞു പോയി. നെൽകൃഷി മിക്കവാറും അവഗണിച്ച മട്ടിലായി. കൂട്ടത്തിൽ പരമ്പരാഗതമായി ചെയ്തു വന്നിരുന്ന സസ്യസംരക്ഷണ പ്രവർത്തനങ്ങൾക്ക് വിഘാതം വന്നു. അതോടെ തൊട്ടടുത്ത സംസ്ഥാനങ്ങൾ അരിയും പച്ചക്കറികളുമായി ധൃതഗതിയിൽ കടന്നു വന്നു. നിലയ്ക്കാത്ത ആ പ്രവാഹം അവസാനിപ്പിക്കുവാൻ നമ്മുടെ സംസ്ഥാനത്തിനു തുടർന്നും സാധിച്ചിട്ടില്ല.

മലഞ്ചെരിവുകളെല്ലാം ഇടിച്ചു നിരത്തി രമ്യഹർമ്മ്യങ്ങൾ പണിതുയർത്തി. കുന്നുകളുടെ ശിരസ്സിൽ കൂറ്റൻ ജലസംഭരണികൾ നിർമ്മിക്കുവാനും സ്ഥലവാസികൾ തയ്യാറായി. അതോടെ വൃക്ഷങ്ങളുടേയും തണൽക്കാടുകളുടേയും വള്ളിപ്പടർപ്പുകളുടേയും സാന്നിദ്ധ്യം മിക്കവാറും അപ്രത്യക്ഷമായി. ചെറുസസ്യങ്ങളും അതുപോലെ, മനുഷ്യ നിർമ്മിതമായ പൂന്തോട്ടങ്ങളും മാത്രമായി പച്ചപ്പിന്റെ അവശിഷ്ടം.

നല്ല നിലനില്പ്പുള്ള നിരത്തുകളും അതിനരികിൽ കടകമ്പോളങ്ങളുമുയർന്നു വന്നു. ചുരുങ്ങിയ ഒരു കാലം കൊണ്ട് കാടും പടലുമായി കിടന്നിരുന്ന സ്ഥലം നാനാമുഖമായി വികസിച്ച ഒരു ഗ്രാമമായി വളർന്നു. ആതുരാലയങ്ങളും ആഫീസ്സ് കെട്ടിടങ്ങളും ആർഭാടപൂർണ്ണമായ ഭക്ഷണശാലകളും, ആലങ്കാരിക മികവോടെയുള്ള സിനിമാശാലകളും എല്ലാം നിറഞ്ഞുകൊണ്ട് മലമ്പ്രദേശം മനോഹരമായി.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളുമായി ബന്ധിക്കപ്പെടുന്ന പൊതു വാഹന സൗകര്യങ്ങൾ വന്നതോടെ വിനോദസഞ്ചാരികളുടെ ഒരു പ്രധാന സന്ദർശനപ്രദേശമായി പരിഗണിക്കപ്പെട്ടു ഇവിടം. അങ്ങിനെ ഗ്രാമമെന്നറിഞ്ഞിരുന്ന ആ ഭൂവിഭാഗം ചെറുപട്ടണമായി മാറി. വിവിധ സർക്കാർ സ്ഥാപനങ്ങളുടെ ബഹുമുഖ പ്രവർത്തന ബാഹുല്യത്താൽ, വികസനത്തിന്റെ പാരമ്യതയിലെത്തി ചേർന്നു. ചുരുങ്ങിയ ഒരു കാലത്തിനകം ആളോഹരി വരുമാനത്തിന്റെ തോത് ക്രമാതീതമായി വർദ്ധിച്ചു. എല്ലാം കൊണ്ടും തദ്ദേശവാസികൾക്ക് പുഷ്ക്കല കാലമായി. ആവശ്യത്തേക്കാൾ ആഡംബരത്തിന്റെ ആക്കം ഏറെയായി.

തുടർച്ചയായി വൃഷ്ടിയുടെ വരവ് നന്നേ കുറഞ്ഞു. കൃഷിയുടെയും മറ്റനുബന്ധ വിളകളുടേയും വളർച്ച മുരടിച്ചു. ഉയർന്ന തോതിൽ പൊയ്ക്കൊണ്ടിരുന്ന സാമ്പത്തിക സ്ഥിതിക്ക് ഇടിച്ചിൽ സംഭവിച്ചു. സമീപപ്രദേശത്തു തന്നെയുള്ള അണക്കെട്ടിലെ ജലനിരപ്പ് താഴ്ന്നു പോയതിനാൽ വൈദ്യുതി ഉല്പാദനത്തിനേയും ബാധിച്ചു. ആകെ കൂടി മനുഷ്യജീവിതം ദുസ്സഹമാക്കുന്ന ഒരു സ്ഥിതി വിശേഷം സംജാതമായി.

മഴദൈവങ്ങൾ മനുഷ്യരുടെ പ്രാർത്ഥന മാനിച്ചില്ല. കൊടുംചൂടിൽ ആ പ്രദേശമാകെ വെന്തുരുകി. ചെറുചെടികളെല്ലാം പാടേ കരിഞ്ഞുണങ്ങി. നല്ല സാമ്പത്തിക ലാഭം കൊണ്ടു വന്നിരുന്ന നാണ്യവിളകളുടെ ഉല്പാദനത്തിൽ വന്ന ഇടിവ് സാധാരണ മനുഷ്യരുടെ ജീവിതത്തെ സാരമായി ബാധിച്ചു. ദാരിദ്ര്യത്തിന്റെയും പട്ടിണിയുടേയും വികൃതമുഖങ്ങൾ പൊന്തി വന്നു.

പള്ളികളിലും ക്ഷേത്രങ്ങളിലും മറ്റു ദേവാലയങ്ങളിലുമെല്ലാം വർഷപാതത്തിനു വേണ്ടി പ്രാർത്ഥനകൾ നടന്നു. കുളങ്ങളിലേയും, കിണറുകളിലേയും ജലസ്രോതസ്സുകൾ അപ്രത്യക്ഷമായി തുടങ്ങി. കുടിവെള്ളത്തിനു വേണ്ടി ജനം നെട്ടോട്ടമോടി. ഒരിറ്റു തുള്ളിക്കു വേണ്ടി ഉയരങ്ങളിലെ മേഘങ്ങളിലേക്ക് ദൃഷ്ടി പായിച്ചു കേണു. കാർമേഘത്തിന്റെയോ, കാലവർഷത്തിന്റെയോ ലാഛന പോലും ആകാശത്തുണ്ടായില്ല.

കൂടുതലൊന്നും സംഭവിക്കാതെ ആ വർഷമങ്ങിനെ കടന്നു പോയി. പണം അല്ലെങ്കിൽ ക്ഷാമം എന്നുള്ള വാക്കിന്റെ ശരിയായ അർത്ഥമെന്താണെന്ന് ആ ഗ്രാമവാസികൾ മനസ്സിലാക്കി. തലമുറകളായി താമസിക്കുന്ന തദ്ദേശവാസികൾ, ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ വീണുപോയതോടെ സമ്പദ്ഘടനയാകെ താറുമാറായി വായ്പാസൗകര്യങ്ങൾ ഒരുക്കിയിരുന്ന ധനകാര്യസ്ഥാപനങ്ങൾ ജാമ്യവ്യവസ്ഥകൾ കഠിനമാക്കി. തിരിച്ചടവിനു മുടക്കം വരുത്തിയവരുടെ പേരിൽ കർശന നടപടികൾ സ്വീകരിച്ചു. ജീവിതം മുന്നോട്ടു കൊണ്ടുപോകുവാൻ സാധ്യമാകാതെ വന്നപ്പോൾ മാനസിക സംഘർഷം വർദ്ധിച്ചു. തുടർന്നു കർഷകരുടെ ഇടയിൽ നിന്ന് രണ്ട് ആത്മഹത്യകളുമുണ്ടായി. ഇനിയുമീനില തുടർന്നാൽ കൂടുതൽ പേർ സാഹസങ്ങൾക്കൊരുമ്പെട്ടേക്കാമെന്നുള്ള ശ്രുതി പരന്നു.

എങ്ങിനെയാണെന്നറിയില്ല. പിരിമുറുക്കങ്ങൾക്കൊരയവു വരുത്തികൊണ്ട് ആ പ്രദേശത്ത് ഒരു മാറ്റം വന്നു. ഏതൊരവസ്ഥയിലും അതിജീവനത്തിനു വേണ്ടി, ശക്തമായി പൊരുതുമെന്നുള്ളത് യാഥാർത്ഥ്യമാക്കിക്കൊണ്ട് ആ കൊച്ചു ഗ്രാമത്തെ ജനസമൂഹം സടകുടഞ്ഞെഴുന്നേറ്റു. പഴയ പടിയിലേക്കല്ലെങ്കിലും മിതമായ ജീവിത

സൗകര്യങ്ങൾ ഒരുക്കുന്നതിലേക്ക് കഠിനാദ്ധ്വാനം തന്നെ വേണ്ടി വന്നു. അങ്ങിനെ ഭേദപ്പെട്ട ഒരവസ്ഥയിലേക്കു നീങ്ങി തുടങ്ങിയതോടെ തെക്കൻ കാലവർഷത്തിന്റെ പടഹധ്വനി മുഴങ്ങി തുടങ്ങി.

ആദ്യമാദ്യം വളരെ ചെറിയ തോതിലായിരുന്നു മഴ പെയ്തത്, പിന്നീടങ്ങോട്ട് തുടർച്ചയായി നിർത്താതെയുള്ള ഘോരപ്രവാഹമായി. അതോടെ മണ്ണിടിച്ചിലുകളും, ഉരുൾപൊട്ടലുകളുമെല്ലാമുണ്ടായി. അണക്കെട്ടുകൾ ഏതാണ്ട് നിറഞ്ഞു കവിയാനുള്ള സമയമാഗതമായി. പരമാവധി ജലം, സുരക്ഷിതമായി സൂക്ഷിക്കാവുന്നതിന്റെ അളവ് ഏതാണ്ട് കടക്കുമെന്നുള്ള നിലയായപ്പോൾ, അധികാരികൾ ഷട്ടറുകൾ മെല്ലെ ഉയർത്തുവാൻ തുടങ്ങി.

വെള്ളപ്പാച്ചിലിനോടൊപ്പം മഴ കൂടി കനത്തപ്പോൾ നദിയോരമെല്ലാം കവിഞ്ഞ് ഗ്രാമപ്രദേശങ്ങളുടെ ഹൃദയഭാഗത്തേക്ക് ഒഴുക്ക് ഇരച്ചു കയറി. പല കെട്ടിടങ്ങളും വെള്ളത്തിൽ മുങ്ങി പോയി. ജനം പ്രാണരക്ഷാർത്ഥം രക്ഷാസങ്കേതങ്ങൾക്കു വേണ്ടി അധികാരികളെ കാത്തു നിന്നു. ഒന്നുമറിയാതെ, ഒന്നും ചെയ്യാനാവാതെ പല നിസ്സഹായർ കുത്തൊഴുക്കിൽ പതിച്ച് ജീവൻ, വെടിയേണ്ടതായി വന്നു.

ഈ സമയമെല്ലാം അയാളും കുടുംബവും ആ മലയോരത്തു തന്നെ കഴിയുകയായിരുന്നു. തൊട്ടടുത്ത കുന്നിൻ ചരിവിൽ മണ്ണൊലിപ്പുണ്ടായ വാർത്തയറിഞ്ഞപ്പോൾ അല്പം ചില അത്യാവശ്യ സാധനങ്ങൾ മാത്രം എടുത്ത്, മറ്റേതെല്ലാം ഉപേക്ഷിച്ച് അയാൾ ഭാര്യയോടും കുട്ടികളോടും ഒപ്പം മലയിറങ്ങി. അടുത്ത ടൗണിലെ സ്കൂൾ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന അഭയാർത്ഥി ക്യാമ്പിലേക്ക് പാഞ്ഞു. വീട്ടു മൃഗങ്ങളിൽ നായയെ ഒഴിച്ച് ബാക്കിയെല്ലാവരേയും കയറൂരി വിട്ടു. വിശ്വസ്തനായ കുടുംബ സ്നേഹിയെ കൂടെ കൂട്ടി.

വിസ്തൃതമായ പാഠശാല പറമ്പിലെ ഉപയോഗശൂന്യമായി കിടന്നിരുന്ന ഷെഡ്ഡിന്റെ വരാന്തയിൽ അവനെ ബന്ധനസ്ഥനാക്കി. സുഹൃത്തുക്കളായ കുറച്ചു ശ്വാനന്മാർ ഹൃദയവായ്പോടെ അവനെ സ്വീകരിച്ചു. വർഗ്ഗസ്വഭാവമൊന്നും കാട്ടാതെ നിശബ്ദരായി അവർ പരസ്പരം നോക്കി നിന്നു.

കനത്ത മഴയിൽ നനഞ്ഞു കുളിച്ചു വന്ന മനുഷ്യരും, മൃഗങ്ങളുമെല്ലാം വിശപ്പും ദാഹവും കൊണ്ട് പിടയുകയായിരുന്നു. വലിപ്പ ചെറുപ്പമില്ലാതെ അവിടെ എത്തിയവരെല്ലാം സാഹോദര്യത്തോടെ സ്നേഹബുദ്ധ്യാ അച്ചടക്കത്തോടെ പെരുമാറി. പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനും മറ്റും ഒരുക്കിയിട്ടുള്ള മിതമായ ശൗചസൗകര്യങ്ങൾ ശുചിത്വ ബോധത്തോടെ തന്നെ ഉപയോഗിച്ചു. സ്വതവേ കലഹസ്വഭാവം കാണിക്കുന്നവർ പോലും അത് വെടിഞ്ഞു. ഭക്ഷണ സമയത്ത് തിക്കും, തിരക്കും കൂടാതെ വരിവരിയായി നിന്ന് തളികകളിൽ ആഹാരം വാങ്ങി ഒട്ടും ബാക്കി വയ്ക്കാതെ കഴിച്ച് അത് തിരികെ കഴുകി വൃത്തിയാക്കി വച്ചു. ആധികാരികൾക്ക് ഒട്ടും ബുദ്ധിമുട്ടുണ്ടാക്കാതെ സ്വയം ശിക്ഷണബോധം ഓരോരുത്തരും പ്രകടമാക്കി.

പരിസരപ്രദേശത്തും വീടുകളിലുമെല്ലാം കയറിയ വെള്ളം ഇനി ഇറങ്ങി പോകുവാൻ ദിവസങ്ങൾ പിടിച്ചേക്കാം. നിലവിലുള്ള ജംഗമസ്വത്തുക്കളുടെ നിലനില്പറിയണമെങ്കിൽ തിരികെ വീടുകളിൽ ചെല്ലണം.

അധികൃതരുടെ അറിയിപ്പിൽ നിന്ന് അത്രയ്ക്ക് പ്രതീക്ഷ നൽകുന്ന സന്ദേശങ്ങളല്ല ലഭിക്കുന്നത്. ഏതായാലും ജീവൻ തിരികെ കിട്ടിയ സ്ഥിതിക്ക് ഇനി കാത്തിരുന്നു കാണാനേ പറ്റൂ. അയാൾ നെടുവീർപ്പോടെ പ്രപഞ്ചാധിപനോട് നെഞ്ചുരുകി പ്രാർത്ഥിച്ചു.

മഴ തോരാനും പ്രളയ ജലമിറങ്ങി പോകാനും ഏതാണ്ട് മൂന്നാഴ്ചയോളമെടുത്തു. ക്യാമ്പിലെ ജീവിതം പലർക്കും ദുസ്സഹമായി തുടങ്ങി. എങ്ങിനെയെങ്കിലും സ്വന്തം മണ്ണിൽ തിരിച്ചെത്തിയാൽ മതി എന്നുള്ള ചിന്ത ഓരോരുത്തരിലും വന്നു തുടങ്ങി. അങ്ങിനെ അധികാരികൾ അനുഭവിച്ച മുറയ്ക്ക് തങ്ങളുടെ വീടുകൾ ഉൾക്കൊള്ളുന്ന പ്രദേശത്തേക്ക് അവരുടെ മടക്കയാത്രയാരംഭിച്ചു. അവിടെ ചെന്ന് പരിസരം കണ്ട ഏവരും സ്തബ്ധരായി. ചെടികളും ചെറുവൃക്ഷങ്ങളുമെല്ലാം വെള്ളത്തിൽ നിലം പതിച്ചിരിക്കുന്നു. വീടിനകം മുഴുവൻ രണ്ടു മൂന്നടി പൊക്കത്തിൽ ചെളിയടിഞ്ഞ് നാശമായിരിക്കുന്നു. കസേരകളും കട്ടിലും മേശകളുമെല്ലാം വെള്ളത്തിൽ കുതിർന്ന് ഉപയോഗശൂന്യമായിരിക്കുന്നു. വൈദ്യുത ഉപകരണങ്ങൾ ആകെ തുരുമ്പു പിടിച്ച് ദ്രവിച്ചു പോയി. അടുക്കളയിലെ പാത്രങ്ങളും മറ്റുപകരണങ്ങളും ഇനി ഉപയോഗിക്കുവാൻ പറ്റുമെന്നു തോന്നുന്നില്ല.

പുരയിടമൊക്കെ എക്കലും മണ്ണും അടിഞ്ഞ് മൂടപ്പെട്ടിരിക്കുന്നു. ചെറു ചെടികളും കൃഷി ചെയ്തിരുന്ന പച്ചക്കറി വർഗ്ഗങ്ങളുമെല്ലാം പട്ടു പോയി. മനോഹരമായി നിർമ്മിച്ചിരുന്ന പൂന്തോട്ടം അപ്പാടെ അപ്രത്യക്ഷമായി.

ഈ പ്രളയം മൂലം ഉണ്ടായ സാമ്പത്തിക നഷ്ടം ഏറെയാണ്. താങ്ങാൻ സാധിക്കുകയില്ല. ഇതിനു വേണ്ടുന്ന സാമ്പത്തിക സഹായം ആരിൽ നിന്നാണ് ലഭിക്കുക. അയാൾ നീറുന്ന മനസ്സുമായി ചെളി നിറഞ്ഞ് കിടക്കുന്ന വീടിന്റെ മുകളിലേക്കുള്ള പടികൾ കയറി മട്ടുപ്പാവിലൂടെ നടന്നു. അവിടെ നിന്നും സ്വന്തം തട്ടകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു ഒന്നു കണ്ണോടിച്ചു. എല്ലായിടത്തും നാശ നഷ്ടത്തിന്റെ ലക്ഷണം മാത്രം. പക്ഷേ ഇതിൽ നിന്ന് മോചനം തേടി പൂർവ്വസ്ഥിതി കൈവരിക്കണമല്ലോ! ഒരു ദൃഢപ്രതിജ്ഞയോടെ ഈ നഷ്ടങ്ങളെല്ലാം വരുത്തി വച്ച പ്രകൃതീശ്വരനെ തന്നെ വിളിച്ചു പ്രാർത്ഥിച്ചുകൊണ്ടയാൾ താഴേക്കിറങ്ങി.







# വിവേകാനന്ദന്റെ മൂന്നു സുപ്രധാന പ്രവചനങ്ങൾ

**വടക്കൂട്ട് രാധാകൃഷ്ണമേനോൻ ഫോൺ : 9446503160**

ഭാരതത്തിന്റെ ഭാവിയെ സംബന്ധിച്ച് രണ്ടും, യൂറോപ്പിലെ വിപ്ലവത്തെക്കുറിച്ച് ഒന്നും അങ്ങനെ മൂന്നു സുപ്രധാന സംഭവങ്ങൾ വിവേകാനന്ദ സ്വാമികൾ അദ്ദേഹത്തിന്റെ ഹ്രസ്വമായ ജീവിതകാലത്തിനിടയിൽ (1863-1902) പ്രവചിച്ചിരുന്നു

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ (1890 കളിൽ) വിവേകാനന്ദൻ ഇപ്രകാരം പ്രസ്താവിച്ചു വരുവാൻ പോകുന്ന 50 വർഷങ്ങൾക്കുള്ളിൽ മുൻകൂട്ടി കാണപ്പെടാൻ കഴിയാത്ത സാഹചര്യങ്ങളിൽ ഭാരതം ഒരു സ്വതന്ത്രരാഷ്ട്രമായിതിരും അക്കാലത്തെ ജനങ്ങളാരും ഈ പ്രസ്താവന കാര്യമായി ഗൗനിച്ചില്ല. മാത്രമല്ല അതിന് വലിയ പ്രാധാന്യം കല്പിച്ചതുമില്ല. കാരണം ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ ബഹുഭൂരിപക്ഷം ഭാരതിയരും സംതൃപ്തരായിരുന്നു

പതിനെട്ടാം നൂറ്റാണ്ടിലെ ഇംഗ്ലിഷുകാരുടെ അധിനിവേശത്തിനുമുമ്പു ശതാബ്ദങ്ങളായി രാജ്യമുടനീളം നടമാടിയിരുന്ന അരാജകത്വവും, നാട്ടുരാജ്യങ്ങൾ തമ്മിലുള്ള സ്പർദ്ധയും യുദ്ധങ്ങളും മുഗൾചക്രവർത്തിമാരുടെ ഭരണകാലത്തുണ്ടായിരുന്ന മതവിദ്വേഷവും നിർബന്ധ മതംമാറ്റത്തിന്റെയും ഫലമായി ശാന്തിയും സമാധാനവും നഷ്ടപ്പെട്ടിരുന്നു. ബ്രിട്ടീഷ് ഭരണം തുടങ്ങിയതോടെ രാജ്യത്ത് ഒട്ടാകെ ഒരു ഏകോപന മന:സ്ഥിതി വിശേഷം സംജാതമായി. അതിനു വഴിതെളിയിച്ചത് ബ്രിട്ടീഷുകാർ ഏർപ്പെടുത്തിയ ഭരണസമ്പ്രദായമായിരുന്നു. ജനങ്ങളെ ഇംഗ്ലിഷ് പഠിപ്പിക്കുവാനും അതുവഴി അങ്ങോളം ഇങ്ങോളം ഒരുവിധ സമ്പർക്കവും ഇല്ലാതിരുന്ന പല ഭാഷകളും അതാതു ദേശങ്ങളെ അനുസരിച്ച് സംസാരിക്കുന്നവരും വിവിധ ജീവിത രീതികളെ ആശ്രയിച്ചിരുന്നവരുമായ നാട്ടുകാർ തമ്മിൽ ആശയവിനിമയം നടത്തുവാനും ഇടയായി.

ഈവക കാരണങ്ങളാൽ സമത്വത്തിന്റെയും നീതിയുടെയും വാഴ്ചയായിട്ടാണ് അന്നത്തെ ജനങ്ങൾ ബ്രിട്ടീഷ് ഭരണത്തെ വീക്ഷിച്ചത്. എന്നാൽ രാഷ്ട്രമീമാംസയെക്കുറിച്ചോ രാഷ്ട്രതന്ത്രത്തെക്കുറിച്ചോ അവർ ബോധവാന്മാരായിരുന്നില്ല . അങ്ങനെയുള്ള ജനങ്ങൾക്കിടയിൽ ബുദ്ധിശക്തിയുള്ളവരും അവരിൽ തന്നെ ഒരു ചെറിയ വിഭാഗം മാത്രം അഭ്യസ്തവിദ്യരുമായിരുന്നവർ അവരുടെ പൊതുവായ ആവശ്യങ്ങളോ പോരായ്മകളോ എന്തൊക്കെയാണെന്നു ചിന്തിക്കുവാനോ വിശകലനം ചെയ്യുവാനോ ശ്രമിച്ചില്ല. അന്നത്തെ അഭ്യസ്ത വിദ്യരിൽ ചിലർക്ക് മാത്രം ലഭ്യമായിരുന്ന ബ്രിട്ടിഷ് സർക്കാരിൻ കീഴിൽ ഏറ്റവും താഴത്തേ നിലകളിലോ ചുരുക്കംപേർക്ക് മാത്രം കിട്ടിയിരുന്ന മദ്ധ്യനിലകളിലോ ഉദ്യോഗം വഹിച്ച് സന്തുഷ്ടരായി കഴിയുവാനാണ് ഇഷ്ടപ്പെട്ടത്. ഒരു സ്വതന്ത്രഭാരതം എന്ന ആശയം വിഭാവനം ചെയ്യുവാനോ ഉൾക്കൊള്ളുവാനോ അവർക്ക് കഴിഞ്ഞില്ല. മാത്രമല്ല ബഹുഭൂരിപക്ഷം ജനങ്ങളും ബ്രിട്ടീഷ്ഭരണം കഴിഞ്ഞുപോയകാലങ്ങളെ അപേക്ഷിച്ച് ഒരു അനുഗ്രഹമായിട്ടാണു വിലയിരുത്തിയത് അതുകൊണ്ടുതന്നെ ഇംഗ്ലിഷുകാരുടെ ഭരണം രാജ്യത്തിന്റെ പുരോഗതിക്കും സമാധാനത്തിനും വേണ്ടി നിലനിന്നു പോകണമെന്ന് അവർ ആഗ്രഹിച്ചു. ഈ പശ്ചാത്തലത്തിലാണു വിവേകാനന്ദ സ്വാമികൾ ഭാരതത്തിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ച് പ്രവചിച്ചത്.

1902 ൽ സ്വാമിജിയുടെ സമാധിക്കുശേഷം,അതായത് 20ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഭാരത ജനത വിദേശീയരുടെ ഭരണത്തിൻ കീഴിൽ അനുഭ

വിച്ചുകൊണ്ടിരുന്ന യാതനകളെയും അടിമത്വത്തെയും അസമത്വത്തെയും കുറിച്ച് ചിന്തിക്കുവാൻ തുടങ്ങി. ഗോപാലകൃഷ്ണഗോഖലെ, ബാലഗംഗാധരതിലകൻ, ലാലാലജ്പത് റായ് തുടങ്ങി അന്നത്തെ മുതിർന്നവരും അഭ്യസ്തവിദ്യരും രാജ്യതന്ത്രജ്ഞരുമായിരുന്ന മഹാന്മാർ സ്വാതന്ത്ര്യത്തെ ക്കുറിച്ച് സംസാരിക്കുവാനും എഴുതുവാനും തുടങ്ങി. അവരെ അനുകരിച്ച് അന്നത്തെ യുവ തലമുറയിലെ ദേശസ്നേഹികളായിരുന്ന മോഹൻദാസ്കരംചന്ദ്ഗാന്ധി, ജവഹർലാൽ നെഹ്റു, സർദാർ പട്ടേൽ, രാജഗോപാലാചാരി (രാജേന്ദ്ര പ്രസാദ്, ജയപ്രകാശ് നാരായണൻ,ഖാൻ അബ്ദുൾ ഗാഫർ ഖാൻ, സുഭാഷ് ചന്ദ്രബോസ് ,തുടങ്ങി മറ്റനേകം നേതാക്കൾ സ്വാതന്ത്ര്യത്തെക്കുറിച്ച് ചർച്ച ചെയ്യുവാനും എഴുതുവാനും സംസാരിക്കുവാനും, അവരുടെ ജീവിതത്തിലെ എല്ലാ സുഖഭോഗങ്ങളെയു ത്യജിച്ച് ഭാരതത്തിന്റെ സ്വാതന്ത്ര്യം മാത്രം ലക്ഷ്യംവച്ച് പ്രവർത്തിച്ചതിന്റെയും ഫലമായി വിവേകാനന്ദസ്വാമികൾ ഏതാണ്ട് 1897 ൽ പ്രവചിച്ച ഭാരതത്തിന്റെ സ്വാതന്ത്ര്യം 1947ൽ യാഥാർത്ഥ്യമായി.

സ്വതന്ത്ര്യസമരത്തെ നയിച്ച നേതാക്കന്മാരിൽ മിക്കവരും അവരിൽ ആവേശം ചെലുത്തിയത്,വിവേകാനന്ദൻ അമേരിക്ക,ബ്രിട്ടൻ,സിലോൺ (ശ്രീലങ്ക) എന്നീ രാജ്യങ്ങളിലും, മാതൃരാജ്യമായ ഭാരതത്തിൽ ഉടനീളം ഹിമാലയം (കാശ്മിർ) മുതൽ കന്യാകുമാരി (ദക്ഷിണഭാരതം) വരെയും ഗോകർണ്ണം (ഗോവ) മുതൽ ഗൌഹാതി

(അസ്സാം) വരെയും ചെയ്ത പ്രഭാഷണങ്ങളും പ്രവർത്തനങ്ങളും ലേഖനങ്ങളും ആയിരുന്നുവെന്നു അവർ സ്വാമിജിയെക്കുറിച്ച് എഴുതിയ പ്രസ്താവനങ്ങളും അനുസ്മരണക്കുറിപ്പുകളും സാക്ഷ്യം വഹിക്കുന്നുണ്ട്.

വിവേകാനന്ദന്റെ രണ്ടാമത്തെ പ്രവചനം യൂറോപ്പിലെ തൊഴിലാളി ജനവിഭാഗത്തിന്റെ വിപ്ലവത്തെ (Proletarit Revolution) സംബന്ധിച്ചായിരുന്നു.അതു റഷ്യയിൽ സംഭവിക്കുമെന്ന് പ്രവചിച്ചു. അക്കാലത്തെ യുറോപ്പിലെ ഭരണാധികാരികളാരും അതു റഷ്യയിൽ സംഭവിക്കുമെന്ന് സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല.കാരണം വർക്കിംഗ് ക്ലാസ് അഥവാ തൊഴിലാളിവർഗ്ഗ സിദ്ധാന്തത്തിന്റെ ചിന്തകനും വക്താവുമായിരുന്ന കാറൽ മാർക്സ് പ്രസ്താവിച്ചത്. ട്രേഡ് യൂണിയൻ മൂവ്മെന്റ് എവിടെയാണോ ശക്തിപ്പെടുന്നത് അവിടെ നിശ്ചയമായും രക്തപങ്കിലമായ വിപ്ലവം പൊട്ടിപുറപ്പെടുമെന്നായിരുന്നു അക്കാലത്ത് ജർമനിയിലാണ് ട്രേഡ് യുണിയൻ പ്രവർത്തനം ശക്തിപ്പെട്ടിരുന്നത് അതുകൊണ്ട് ആ രാജ്യത്തിലായിരിക്കും വിപ്ലവത്തിനു സാധ്യതയെന്ന് കാറൽമാർക്സ് അഭിപ്രായപ്പെട്ടിരുന്നു.

പക്ഷെ വിപ്ലവം സംഭവിച്ചത് 1917 ഫെബ്രുവരിയിൽ റഷ്യയിലായിരുന്നു ആ കാലഘട്ടത്തിൽ സാർ ചക്രവർത്തിമാരുടെ ഭരണകാലത്ത് റഷ്യ മിക്കവാറും ഒരു കാർഷിക രാജ്യമായിരുന്നു ജർമനിയാകട്ടെ ഒരു വ്യവസായികരാജ്യവും .ഈ സ്ഥിതിവിശേഷത്തിൽ സ്വാമിജിയുടെ പ്രവചനപ്രകാരം വിപ്ലവം കൃത്യമായി റഷ്യയിൽ സംഭവിച്ചത് ഒരു അത്ഭുതമോ, അതിശയമോ ആയി തോന്നിയേക്കാം. സ്വാമിജി, വിദ്യാർത്ഥി ജീവിതകാലത്ത് ആർജ്ജിച്ച ചരിത്ര പാണ്ഡിത്യവും ദീർഘ വീക്ഷണവും എല്ലാറ്റിലുമുപരിയായി അദ്ദേഹത്തിന്റെ ഗുരുഭക്തിയിൽ നിന്ന് ഉത്ഭവിച്ച ഉൾക്കാഴ്ച ശക്തികൊണ്ടാണ് കൃത്യമായ പ്രവചനം ചെയ്യുവാൻ സാധിച്ചത് മൂന്നാമത്തെ പ്രവചനം മാതൃരാജ്യത്തിന്റെ ഭാവിയെ സംബന്ധിച്ചായിരുന്നു. ഭാരതം വരുംകാലങ്ങളിൽ ലോകരാഷ്ട്രങ്ങൾക്കിടയിൽ തലഉയർത്തിപ്പിടിച്ച് ഒരുവൻ ശക്തികേന്ദ്രമായി മാറുമെന്നാണു ഈ മാറ്റം ഭൂതകാലത്തെ അപേക്ഷിച്ച് ഗംഭീരവും ശ്ലാഘനീയവുമായിരിക്കുമെന്നു പ്രവചിച്ചു

20–ാം നുറ്റണ്ടിന്റെ അവസാനത്തിലും 21–ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും രാജ്യത്താകമാനം നടമാടിക്കൊണ്ടിരിക്കുന്ന സ്ഥിതിഗതികൾ വീക്ഷിക്കുമ്പോൾ സ്വാമിജിയുടെ മൂന്നാമത്തെ പ്രവചനം സംശയകരമായി തോന്നിയേക്കാം . പക്ഷെ കഴിഞ്ഞ എട്ടുപത്തുവർഷങ്ങളായി സംസ്കാരിക ശാസ്ത്രീയ സാമൂഹ്യ വ്യാവസായികമണ്ഡലങ്ങളിൽ കലങ്ങിമറിഞ്ഞുകൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾ അഥവാ രാഷട്രീയ തിരമാലകൾ അടുത്ത ഒന്നു രണ്ടു ദശാബ്ദങ്ങളിൽ പൂർണ്ണമായി തെളിഞ്ഞ് ഈ പ്രവചനവും പൂവണിയുമെന്ന് പ്രതീക്ഷിക്കാം.

രാമകൃഷ്ണ മിഷനിലെ മുതിർന്ന സന്യാസിവര്യനും ആദരണീയനുമായ ലോകേശ്വരാനന്ദ സ്വാമികൾ രചിച്ച 'വിവേകാനന്ദസ്വാമികളുടെ സന്ദേശം' എന്ന ഇംഗ്ലിഷ് പ്രബന്ധമാണ് ഈ ലേഖനത്തിന്റെ ആദ്യഭാഗങ്ങളിലെ വസ്തുതകൾക്ക് ആധാരം.



കരയോഗ സൗഹൃദം 1195 ധനു

# നമ്മളിലെ എനർജിയും നമ്മൾ പ്രയോഗിക്കുന്ന എനർജിയും

വി. കെ. വേണുഗോപാൽ ഫോൺ : 9287349876

സൃഷ്ടിയും സ്ഥിതിയും സംഹാരവും നടന്നുകൊണ്ടിരിക്കുന്ന ഒരു ലോകത്തിലേക്കാണ് നാം വന്നിട്ടുള്ളത്. ഇവയെല്ലാം നമുക്കും നമ്മുടെ കൂടെയുള്ളവർക്കും കൂടി ബാധകമാണെന്നറിഞ്ഞു വേണം നാം ജീവിക്കുവാൻ, സൃഷ്ടിയെയും സ്ഥിതിയെയും നാം അംഗീകരിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നു. എന്നാൽ സംഹാരത്തെ അഥവാ വിനാശത്തെ നാം അംഗീകരിക്കുകയോ ഇഷ്ടപ്പെടുകയോ ചെയ്യുന്നില്ല. അതിന്റെ ഫലമായി വിനാശം നമ്മളിൽ ഭയവും ദു:ഖവും ഉണ്ടാക്കുന്നു. പോസിറ്റീവ് എനർജി ഓരോന്നിനെയും സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുമ്പോൾ നെഗറ്റീവ് എനർജി വിനാശത്തെ ഉണ്ടാക്കുന്നു. പോസിറ്റീവും നെഗറ്റീവും ഒരു നാണയത്തിന്റെ രണ്ടു വശം പോലെയാണ്. രണ്ടും ആപേക്ഷികവുമാണ്. പോസിറ്റീവ് ആയിട്ടുള്ള ചിന്തയും സംസാരവും പ്രവർത്തിയും നമ്മുടെ മനസ്സിനെയും ശരീരത്തെയും പുഷ്ടിപ്പെടുത്തുന്നതിനോടൊപ്പം നാം ഇടപെടുന്ന മറ്റുള്ളവരെയും ശാന്തിയിലേക്കും സമാധാനത്തിലേക്കും നന്മയിലേക്കും നയിക്കുന്നു. ആയതിനാൽ നമ്മളിലെ എനർജിയെപ്പറ്റിയും നാം മറ്റുള്ളവരിലേക്ക് പ്രയോഗിക്കുന്ന എനർജിയെപ്പറ്റിയും നമുക്ക് ശരിയായ അറിവ് ഉണ്ടായിരിക്കേണ്ടതുണ്ട്. എനർജി ഊർജ്ജമാണ്. പോസിറ്റീവ് എനർജിയുടെ അഭാവവും നെഗറ്റീവ് എനർജിയുടെ സാന്നിദ്ധ്യവും വിനാശം ഉണ്ടാക്കുന്നു. നമ്മുടെ ശരീരം ഊർജ്ജ്യത്താൽ പ്രവർത്തിക്കപ്പെടുന്ന ഭൗതിക വസ്തു മാത്രമാണ്. ആനന്ദം, സ്നേഹം, കരുണ, നന്ദി, വിശ്വാസം, ശുഭചിന്തകൾ, ധൈര്യം മുതലായവ പോസിറ്റീവ് എനർജിയും അസൂയ, വൈരാഗ്യം, നിരാശ, ഭയം, കുറ്റബോധം, ദു:ഖം, അഹങ്കാരം, പാപ ചിന്തകൾ, അത്യാഗ്രഹം, കോപം, കളവ് മുതലായവ നെഗറ്റീവ് എനർജിയുമാണ്. നെഗറ്റീവ് എനർജി ഒരാളെ പിന്നോട്ടോ താഴേക്കോ വലിച്ചുകൊണ്ടിരിക്കും. നെഗറ്റീവ് എനർജി അയാളെയും അത് ആരോടു പ്രയോഗിക്കുന്നുവോ അയാളെയും അപമാനപ്പെടുത്തുകയും ചെയ്യും. ചെറിയ അപമാനം മുതൽ വളരെ വലിയ അപമാനം വരെ സൃഷ്ടിക്കാൻ നെഗറ്റീവ് എനർജിക്കു സാധിക്കും. വാഹനം ഓടിച്ചു കൊണ്ടിരുന്ന ഡ്രൈവറിൽ നെഗറ്റീവ് എനർജി ഉണ്ടായാലും ചെറുതും വലുതുമായ പല അപകടങ്ങൾക്കും അത് കാരണമാകും.

നാം മറ്റുള്ളവരിലേക്കു പ്രയോഗിക്കുന്ന എനർജി നമ്മളിലേക്കു തന്നെ തിരിച്ചു വരും എന്നാണ് ശാസ്ത്രീയമായി തെളിഞ്ഞിട്ടുള്ളത്. തന്നിലുള്ള നെഗറ്റീവ് എനർജിയാണ് തന്നെ പിന്നോട്ടു വലിക്കുന്നതെന്നും തന്നെ അപമാനപ്പെടുത്തുന്നതെന്നും അറിയാത്തവരാണ് മിക്കവരും. പാപി ചെല്ലുന്നിടം എല്ലാം പാതാളം എന്ന സ്ഥിതി വരുന്നത് ഇതുകൊണ്ടാണ്. വിമർശന ബുദ്ധിയോടെ ആത്മപരിശോധന നടത്തിയാലും മറ്റുള്ളവരിൽ നിന്നും വരുന്ന വിമർശനം കണക്കിലെടുത്താലും ഒരാളുടെ കഷ്ടതകൾക്ക് അയാൾ തന്നെയാണ് കാരണക്കാരൻ എന്ന് അറിയാൻ പറ്റും. നിരന്തരമായ ആത്മപരിശോധനയിലൂടെ ഒരാളിലെ ഈ ദോഷത്തെ അയാൾക്ക് ഇല്ലാതാക്കാനും സാധിക്കും. വയലുകളിലെ കളപറിച്ചുകളയുന്നതുപോലെ നമ്മിലെ നെഗറ്റീവ് എനർജി ഇല്ലാതാക്കി പോസീറ്റീവ് എനർജിയെ സ്ഥാപിക്കാൻ നമുക്കു സാധിക്കും. നമുക്കു മാത്രമായി നന്മ ഉണ്ടാകില്ല. കാരണം മറ്റുള്ളവരിലെ നന്മയും തിന്മയും നമ്മളെയും ബാധിക്കും. നമ്മുടെ 80% രോഗങ്ങൾ പോലും നെഗറ്റീവ് ഇമോഷൻസ് മൂലമാണ് ഉണ്ടാകുന്നതെന്നാണ് കണ്ടെത്തിയിട്ടുള്ളത്. പോസിറ്റീവ് ഇമോഷന് രോഗത്തെ ഇല്ലാതാക്കാൻ സാധിക്കുമെന്നും കണ്ടെത്തിയിട്ടുണ്ട്. നാം നമ്മുടെ വാക്കുകൾ കൊണ്ട് ആവർത്തിച്ച് ആവശ്യപ്പെടുന്നത് നമ്മുടെ ഉപബോധമനസ്സ് നമ്മളിൽ നടപ്പിലാക്കും. അതുകൊണ്ടാണ് ഈശ്വരൻ നമ്മളിലുണ്ട് എന്നു പറയുന്നത്. നാം മറ്റുള്ളവർക്കു

നന്മ ചെയ്താൽ നമ്മളിലേക്ക് നന്മ വരുമെന്നും നാം മറ്റുള്ളവർക്ക് തിന്മ ചെയ്താൽ നമ്മളിലേക്ക് തിന്മ വരുമെന്നും ശാസ്ത്രീയമായി തെളിഞ്ഞിട്ടുണ്ട്.

നാം മറ്റുള്ള ആരിൽ നിന്നും മോശം ഇമോഷൻസ് സ്വീകരിക്കാത്തവരും ആകണം. മറ്റുള്ളവരിൽ നിന്ന് നമ്മളിൽ പ്രവേശിക്കുന്ന മോശം ഇമോഷൻസിന് നമ്മുടെ ശരീരത്തിന്റെ പ്രവർത്തനത്തെ മോശമാക്കുന്നതിലൂടെ രോഗത്തെ സൃഷ്ടിക്കാനും സാധിക്കും. മോശം ഇമോഷൻസ് നമ്മളിലേക്ക് ചൊരിയുന്നവരെ നാം ദൂരെ നിർത്തണം. ദുഷ്ടസംസർഗ്ഗം വരാതെയായീടണമെന്നാണ് നാം പ്രാർത്ഥിക്കാറുള്ളത്.

മരിച്ചവരോട് ഡിറ്റാച്ച്മെന്റ് വേണമെന്നാണ് ശാസ്ത്രം പറയുന്നത്. മരിച്ചവരിൽ ചിലർ നെഗറ്റീവ് എനർജി കൂടുതലുണ്ടായിരുന്നവരായിരിക്കാം. മരിച്ചവരുടെ ആത്മാവിന്റെ മോക്ഷത്തിനു വേണ്ടി ചെയ്യാവുന്നതെല്ലാം ചെയ്യേണ്ടവരാണ് നമ്മൾ. പിതൃക്കൾ ജീവിച്ചിരിക്കുമ്പോഴും അവരുടെ നന്മക്കു വേണ്ടതെല്ലാം ചെയ്താലെ നമുക്കു നല്ല ജീവിതം ഉണ്ടാവുകയുള്ളു. പിതൃക്കളുടെ അനുഗ്രഹമില്ലാതെ വന്നാൽ എന്തെല്ലാം നേടിയാലും ജീവിതം ദുരിത പൂർണ്ണമായിരിക്കും. പോസിറ്റീവ് എനർജി നമ്മുടെ മനസ്സിലും ശരീരത്തിലും ഉണ്ടായാൽ മാത്രം പോരാ നാം താമസിക്കുന്ന വീട്ടിലും വീടിരിക്കുന്ന സ്ഥലത്തും കൂടി അതുണ്ടായിരിക്കണം. അതുകൊണ്ടാണ് ജോത്സ്യന്മാരും വാസ്തുശാസ്ത്രം അറിയാവുന്നവരും പറയുന്നത് വീടും വീടിരിക്കുന്ന സ്ഥലവും പോസിറ്റീവ് എനർജി ഉള്ളതാക്കണമെന്ന്. അങ്ങനെ നോക്കുമ്പോൾ വീടിന്റെ പരിസരത്ത് മരിച്ചവരെ ദഹിപ്പിക്കുന്നത് തെറ്റു തന്നെയാണ്. ചില സ്ഥലങ്ങളിൽ ഹിന്ദുക്കൾ അങ്ങനെ ചെയ്യാറുണ്ട്. അതേ സമയം ക്രിസ്തു മതത്തിൽപ്പെട്ടവരും ഇസ്ലാം മതത്തിൽ പെട്ടവരും പള്ളികളുടെ ശ്മശാനങ്ങളിൽ മാത്രമേ മരിച്ചവരെ അടക്കം ചെയ്യാറുള്ളു. അതിന്റെ ഗുണം അവർക്ക് കിട്ടുന്നുമുണ്ട്. സ്വന്തം സ്ഥലത്ത് ദഹിപ്പിക്കുന്നതിനേക്കാൾ പൊതുസ്ഥലത്ത് ദഹിപ്പിക്കുന്നതിന് ചെലവും ബുദ്ധിമുട്ടുകളും കുറവുമാണ്. ജോത്സ്യന്മാരും വാസ്തു ശാസ്ത്രം അറിയാവുന്നവരും ഒരാളെ ദഹിപ്പിച്ച സ്ഥലത്ത് വീട് പണിയാൻ അനുവദിക്കാൻ ഇടയില്ല. നെഗറ്റീവ് എനർജി ഇല്ലാതാക്കിയാൽ പൂർണ്ണ ആരോഗ്യവാനാകാനും ഐശ്വര്യവും സമ്പത്തും നേടിയെടുക്കാനും സാധിക്കും.

സൂര്യപ്രകാശവും ശുദ്ധവായുവും പോസിറ്റീവ് എനർജിയോടു കൂടിയതാണ്. ഇവ ഏറ്റവും കൂടുതലുള്ളത് കടൽ തീരങ്ങളിലും മലകളുടെ മുകളിലുമാണ്. ഇങ്ങനെയുള്ള സ്ഥലങ്ങളിലെ ക്ഷേത്രങ്ങളിലും പള്ളികളിലും ഈശ്വര ചൈതന്യം ധാരാളമായി ഉണ്ടാകാറുമുണ്ട്. എന്തിനെയും പോസിറ്റീവായി എടുത്ത് അവയെ നമ്മുടെ ഉയരങ്ങളിലേക്കുള്ള ചവിട്ടുപടിയാക്കുകയാണ് നാം ചെയ്യേണ്ടത്.


## 2019 ഡിസംബർ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**എ. സുധാകര മേനോൻ**
L/0565, 24/17 ബി
Opp. ചേർത്തല റെയിൽവേ
സ്റ്റേഷൻ, ആലപ്പുഴ - 688524



**കെ.ജി. മോഹൻദാസ്**
L/4177, കമലദളം, PSARA-80
Nr. ഗവൺമെന്റ് യു.പി. സ്കൂൾ
പടമുഗൾ, കാക്കനാട് - 682030



**ശ്രീധരമേനോൻ**
L/0602, പൊയ്ബ്ലാശ്ശേരി
39/3962, ആലപ്പാട്ട് ക്രോസ്
റോഡ്, രവിപുരം - 682016



**ശാരദാമ്മ**
L/3000, H. N-o. 22
ഗാന്ധിനഗർ, ഉദയ കോളനി
കൊച്ചി- 682020





# ചായയിൽ ചാരാതെ!

**രഘുരാജ് രാജേന്ദ്രൻ. ഐ.എ. എസ്**

രാവിലെ 6 മണിക്ക് ഡൽഹിയിലെ ലോധി ഗാർഡൻ സന്ദർശിക്കുന്നവർക്ക് അവിടെ കാണാനാകുന്നത് മനോഹരമായ ഒരു കാഴ്ചയാണ് ! ചെറുതും വലുതുമായ മറ്റു പാർക്കുകളുടെ കാര്യവും അങ്ങനെ തന്നെ. അതിരാവിലെ തന്നെ ചില കായിക വിനോദങ്ങളിൽ ഏർപ്പെട്ട് ഫിറ്റ് ഇന്ത്യയുടെ സന്ദേശം നൽകിക്കൊണ്ട് ആരോഗ്യത്തെപ്പറ്റി ബോധവാന്മാരായ കുലീനർ അവിടെ എത്തിച്ചേരുന്നു.

ഇത്തരം കായികപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരിൽ ഭൂരിപക്ഷവും അതിൽ നിന്നുള്ള ഫലത്തിൽ തൃപ്തരാണോ എന്നു ഞാൻ സംശയിക്കുന്നു. പ്രഭാത സവാരി നവോന്മേഷം പകരുന്നതാണെന്നതിൽ തർക്കമില്ല. എങ്കിലും അടിഞ്ഞു കൂടിയ കൊഴുപ്പ് ശരീരത്തിൽ നിന്നു വിട്ടുമാറാൻ കൂട്ടാക്കുന്നില്ല. ഒരു മാന്യൻ പറയുക തന്നെ ചെയ്തു - പ്രാൺ ജായേ, പർ വജൻ ന ജായേ ! (പ്രാണൻ പോകുന്നു, പക്ഷേ ഭാരം പോകുന്നില്ല). ശരീരം ഉചിതമായ ആകൃതി കൈവരിക്കാതിരുന്നിട്ടും,ക്ഷതമേറ്റു വിട്ടുനിൽക്കേണ്ടി വന്നിട്ടും, പലരും മടങ്ങിയെത്തി വർദ്ധിതവീര്യത്തോടെ വ്യായാമം ചെയ്യാൻ പരിശ്രമിക്കുന്നതും കാണാം.

പ്രഭാത വ്യായാമത്തിൽ നിന്ന് മെച്ചപ്പെട്ട ഫലം ലഭിക്കുന്നതിന് ഒന്നോ രണ്ടോ ലളിതമായ കാര്യങ്ങൾ നിങ്ങൾക്കു ശ്രമിച്ചു നോക്കാവുന്നതാണ്.

ആദ്യത്തേത്, നിങ്ങളുടെ പ്രഭാതവ്യായാമത്തിനു മുമ്പ് ചായയോ ഇൻസുലിൻ ഉത്തേജിപ്പിക്കുന്ന മറ്റു പാനീയമോ ലഘുഭക്ഷണമോ ഒഴിവാക്കുക!

‘അതെന്തിനാ? എന്റെ പ്രഭാതങ്ങൾക്ക് ഊർജ്ജം പകരുന്നത് ചായയാണല്ലോ’?

സംഗതി അല്പം വിശദീകരിക്കാം! മനുഷ്യന് ഊർജ്ജം പകരാൻ രണ്ടു തരത്തിലുള്ള സംവിധാനം ശരീരത്തിലുണ്ട്. ഒന്ന്, ഭക്ഷണത്തിൽ നിന്നു ലഭിക്കുന്ന ഗ്ലൂക്കോസ്. രണ്ട്, നമ്മുടെ ശരീരത്തിലെ കൊഴുപ്പ്. നമുക്ക് ഇതിനെ നമ്മുടെ പഴ്സിലെ ക്യാഷിനോടും, ബാങ്കിലെ ഫിക്സഡ് ഡപ്പോസിറ്റിനോടും താരതമ്യം ചെയ്യാം. നമ്മുടെ കയ്യിൽ അത്യാവശ്യ ചിലവിന് ക്യാഷ് ഉള്ളപ്പോൾ ആരും ഫിക്സഡ് ഡപ്പോസിറ്റ് ഉപയോഗിക്കാത്തതു പോലെ തന്നെ, ഗ്ലൂക്കോസ് ശരീരത്തിൽ ഉള്ളപ്പോൾ കൊഴുപ്പ് ഊർജ്ജത്തിനായി ഉപയോഗിക്കപ്പെടുന്നില്ല. ഗ്ലൂക്കോസ് തീർന്നു കഴിഞ്ഞാലും, അത് ഉയർത്തുന്ന ഇൻസുലിൻ നിലവാരം താഴുന്നതു വരെ കൊഴുപ്പ് ഉപയോഗിക്കപ്പെടുന്നില്ല.

പ്രഭാത വ്യായാമത്തിനു മുൻപ് നിങ്ങൾ പഞ്ചസാരയോ പാലോ ചേർത്ത ചായ കുടിക്കുമ്പോൾ, ശരീരത്തിൽ ഇൻസുലിൻ സ്രവത്തിന്റെ വേഗത വർദ്ധിക്കുന്നു. ഇൻസുലിൻ രണ്ട് കർത്തവ്യങ്ങളാണ് നിർവ്വഹിക്കുന്നത്. അധികമുള്ള ഗ്ലൂക്കോസിനെ അത് ഗ്ലൈക്കോജൻ ആക്കി മാറ്റും. അതോടൊപ്പം, തല്ക്കാലം ഗ്ലൂക്കോസ് ലഭ്യമായതിനാൽ നിങ്ങളിപ്പോൾ കത്തിത്തീരേണ്ട എന്നൊരു അറിയിപ്പ് അതു കൊഴുപ്പിനു നല്കും.

രാവിലത്തെ ചായ കുടിക്കുമ്പോൾ, രാത്രി മുഴുവനും നീണ്ട ഉപവാസത്തിനുശേഷം രക്താമ്ലതയുടെ (കീറ്റോസിസിന്റെ) സ്ഥിതിയിലേക്ക് കടക്കാൻ ഒരുങ്ങുകയായിരുന്ന ശരീരം തിരികെ ഗ്ലൂക്കോസ് അവസ്ഥയിലേക്ക് മടങ്ങുന്നു. മറ്റൊരു ദിവസത്തേക്ക് കൂടി കൊഴുപ്പിന് ആയുസ്സ് നീട്ടിക്കിട്ടുന്നു.

രാവിലെ അത്തരത്തിലുള്ള ഇൻസുലിൻ ഉയർത്തൽ ഒഴിവാക്കിയാൽ, നിങ്ങളുടെ കൊഴുപ്പ് നിക്ഷേപം കുറയ്ക്കാൻ പ്രഭാത വ്യായാമത്തിനു കഴിയും. അത് കായിക പ്രവർത്തനങ്ങൾക്ക് വേണ്ടി കാലും കൈയും കൂടുതൽ നീട്ടാനുള്ള നിങ്ങളുടെ ശേഷി മെച്ചപ്പെടുത്തും. അങ്ങനെ ക്രമേണ നിങ്ങൾക്ക് ശരിയായ തൂക്കത്തിലേക്കു മാറാൻ കഴിയും.

നിങ്ങൾ വ്യായാമത്തിലേർപ്പെടുമ്പോൾ അത് എന്തു ലക്ഷ്യത്തോടെയാണെന്ന കൃത്യമായ ധാരണ ഉണ്ടായിരിക്കണം. നിങ്ങൾക്ക് അമിതഭാരമുണ്ടെങ്കിൽ നിങ്ങൾ പരിശ്രമിക്കുന്നത് കൊഴുപ്പ് കുറയ്ക്കാനോ അതോ ഭാരം കുറയ്ക്കാനോ ? അതോ നിങ്ങൾ സ്വന്തം മെയ്‌വഴക്കം മെച്ചപ്പെടുത്താനാണോ ശ്രമിക്കുന്നത്? അതല്ലെങ്കിൽ പേശികൾക്ക് ബലം കൂട്ടാനാണോ നിങ്ങൾ പരിശ്രമിക്കുന്നത്? നിങ്ങളുടെ ലക്ഷ്യമാണ് നിങ്ങളെ സംബന്ധിച്ച് മികച്ച വ്യായാമം ഏതു തരത്തിലുള്ളതാണെന്ന് തീരുമാനിക്കുക.

ലക്ഷ്യം തൂക്കം കുറയ്ക്കലാണെങ്കിൽ , ഏറോബിക് (പ്രാണവായു വർദ്ധിപ്പിക്കുന്ന) വ്യായാമമാണ് ചെയ്യേണ്ടത്. പേശികൾ ബലപ്പെടുത്തുന്നതിന്, അനിയോർബിക് (വായു കുറഞ്ഞ) വ്യായാമമാണ് ചെയ്യേണ്ടത്. അനേക വർഷങ്ങളായി തങ്ങളുടെ കുടവയറുമായി വിയർത്തു കുളിച്ച് കോർട്ടിൽ മൂന്ന് ഗെയിമുകളും പൂർത്തിയാക്കുന്ന പല അമചർ ബാഡ്മിന്റൻ കളിക്കാരെയും നിങ്ങൾക്ക് പരിചയമുണ്ടാകുമല്ലോ! നിങ്ങളുടെ ഉദരത്തിലെ കൊഴുപ്പ് കത്തിച്ചു ചുരുക്കുന്നതിന്, ഇൻസുലിൻ വർദ്ധന തടസ്സം നിൽക്കാത്ത വിധം കീറ്റോസിസിന്റെ അവസ്ഥയിൽ നിങ്ങൾക്ക് എത്തേണ്ടി വരും. വേഗത്തിലുള്ള നടത്തമോ ജോഗിംഗോ പോലെയുള്ള ഏറോബിക് വ്യായാമവും ആവശ്യമായി വരും. ബാഡ്മിന്റൻ ഗെയിമിനു വേണ്ടി കോർട്ടിലേക്ക് ഇറങ്ങുന്നതിനു മുമ്പ് (നിങ്ങൾക്ക് അമിത തൂക്കമുണ്ടെങ്കിൽ) നിങ്ങളുടെ തൂക്കം കുറച്ച് ശരിയായ ആകൃതിയിൽ എത്തിച്ചേരേണ്ടത് വളരെ പ്രധാനമാണ്. എന്തെങ്കിലും ആരോഗ്യപ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ആളാണ് നിങ്ങളെങ്കിൽ, തീർച്ചയായും സ്വന്തം ഡോക്ടറുടെ ഉപദേശം തേടി ഉചിത വ്യായാമം കണ്ടെത്തണം.

അടുത്തതായി രാവിലെ 6 മണിക്ക് കീറ്റോസിസിന്റെ അവസ്ഥയിൽ എത്തുന്നതിന്, വ്യായാമത്തിനു മുമ്പ് ചായ കുടിക്കുന്നത് ഒഴിവാക്കുന്നതിനു പുറമേ, നിങ്ങൾ സ്വന്തം ശരീരത്തോട് മറ്റൊരു ഉപകാരം കൂടി ചെയ്യണം. ഗഹനത്തിന് അത്ര മികച്ച സമയമല്ലാത്ത രാത്രിയിൽ ഉദരത്തിലേക്ക് ആഹാരം കടത്തി വിടരുത് ! ഇൻസുലിൻ ഒരു നിശ്ചിത അടിസ്ഥാന തോതിലാണ് സ്രവിക്കപ്പെടുന്നത്. ഭക്ഷണം കഴിക്കുമ്പോൾ ഉണ്ടാവുന്ന അധിക ഇൻസുലിൻ ശരീരത്തിൽ നിന്നു മാറാൻ ഏകദേശം 12 മണിക്കൂർ നേരത്തെ ഇടവേള അതിന് അനുവദിക്കണം. ദിവസത്തിലെ അവസാന ഭക്ഷണവും അടുത്ത ദിവസത്തെ ആദ്യത്തെ ഭക്ഷണവും തമ്മിൽ 12 മണിക്കൂറിന്റെ വ്യത്യാസം പാലിക്കുന്നത് അമിതവണ്ണം കുറയാൻ ആവശ്യമാണ്. ശരീരത്തിൽ അടിഞ്ഞു കൂടിയിരിക്കുന്ന ദുർമേദസ്സ് (കൊഴുപ്പ്) കുറയ്ക്കണമെന്നാണ് ആഗ്രഹമെങ്കിൽ സൂര്യാസ്തമനത്തിനുശേഷം ഭക്ഷണം കഴിക്കുന്നത് വിപരീത ഫലമുണ്ടാക്കുമെന്ന് മനസ്സിലാക്കണം. സ്ഥിരനിക്ഷേപത്തിന്മേൽ കൈ വയ്ക്കുന്നതിനു മുമ്പ് കൈവശമുള്ള രൊക്കം സംഖ്യ മുഴുവനും ചെലവാക്കേണ്ടി വരും എന്നു ശരീരം നിങ്ങളോടു പറയുന്നതു പോലുള്ള സ്ഥിതിയാണത്. അത് യുക്തിയുക്തം മാത്രമാണ്. ഇനി ദിവസത്തിലെ അവസാന ഭക്ഷണം നേര ത്തെയാക്കാൻ നിങ്ങൾക്കു കഴിഞ്ഞാൽ, മെച്ചപ്പെട്ട ഉറക്കം ലഭിക്കുന്നതിനും അതു സഹായിക്കും. കണ്ണുകൾ അടച്ചു വിശ്രമിക്കു ന്നതും ഉറങ്ങുന്നതും രണ്ടാണ്. നല്ല ഉറക്കത്തിന് ശരീരത്തെ ദഹനക്രിയയിൽ നിന്ന് മോചിപ്പിക്കേണ്ടത് ആവശ്യമാണ് ! ഉറങ്ങുന്ന സമയത്ത് നമ്മുടെ ശരീരത്തെ പുനർജ്ജീവിപ്പിക്കുന്ന ഒരു ഹോർമോൺ ആണ് മെലറ്റോനിൻ. സൂര്യന്റെ കിരണങ്ങളിൽ ഉള്ള സമ്പൂർണ്ണ വർണ്ണരാജിയടങ്ങുന്ന പ്രകാശം മാഞ്ഞതിനുശേഷം ഏകദേശം മൂന്നു നാലു മണിക്കൂറിൽ അത് പ്രവർത്തനം ആരംഭി ക്കുന്നു. അപ്പോഴാണ് നമുക്ക് ഉറക്കം വരുന്നത്. മെലറ്റോനിൻ അതിന്റെ ജോലി ഏകദേശം അഞ്ചു മണിക്കൂറിൽ പൂർത്തിയാക്കുന്നു!

ഇവിടെയും, സമയം രാത്രി ഒൻപതു മണിയാകുമ്പോഴും സ്ക്രീനുകളിൽ- മൊബൈൽ അല്ലെങ്കിൽ ടിവി- നിന്നുള്ള പ്രകാശത്തിന്റെ വർണ്ണരാജി നമ്മുടെ ശരീരത്തോടു പറയുന്നത് അപ്പോഴും പകലാണെന്നാണ്. ഇത് നമ്മുടെ ശരീരത്തിന്റെ കേടുപാടുകൾ പോകുന്നതും അതിന് വിശ്രമം നൽകുന്നതുമായ മെലറ്റോനിൻ സ്രവം വൈകിപ്പിക്കുന്നു. രാവിലെ നവോന്മേഷത്തോടെ എഴുന്നേൽക്കാൻ കഴിയുന്നതിന് ഈ വിശ്രമം നിർണ്ണായകമാണ്. പക്ഷേ കഷ്ടമെന്നു പറയട്ടെ, നല്ല കുട്ടികൾ ആകുന്നതിന് വേണ്ടി പ്രഭാതത്തിൽ നമ്മുടെ ശരീരത്തെ നിർബന്ധിച്ച് കിടക്കയിൽ നിന്ന് എഴുന്നേല്ക്കാൻ പ്രേരിപ്പിക്കുകയും അതിന്റെ ഫലമായി പ്രഭാതത്തിൽ ഉത്സാഹരാഹിത്യം അനുഭവപ്പെടുകയും ചെയ്യുന്നു! നേരത്തെ കിടക്കാൻ പോകുകയും നേരത്തെ എഴുന്നേൽക്കുകയും എന്നതായിരുന്നു നമ്മുടെ രീതി. എന്നാൽ ഇതിൽ ആദ്യത്തെ ഭാഗം നമ്മൾ നഷ്ടപ്പെടുത്തിയിരിക്കുന്നതായി തോന്നുന്നു! പ്രൈം ടൈം ടിവി അല്ലെങ്കിൽ പ്രൈം ടൈം ഉറക്കം- ഇക്കാര്യത്തിൽ ഏതെങ്കിലും ഒന്നേ നമുക്ക് സ്വീകരിക്കാനാവൂ.

സൂര്യപ്രകാശത്തിലേക്ക് ഇറങ്ങുന്നത് നമ്മുടെ ശരീരത്തെ സജീവമാക്കാനുള്ള സന്ദേശം നൽകും. രാവിലെ 6 മണിക്കായാലും വൈകുന്നേരം 4 മണിക്കായാലും ഇത് വാസ്തവമാണ്. അതിനാൽ ചായയും (പഞ്ചസാരയും) നമ്മുടെ ദിവസത്തിൽ നിന്നു പുറത്താക്കാൻ സൂര്യൻ സഹായിച്ചേക്കാം. അങ്ങനെ ചായയിൽ ചാരാതെ നമുക്ക് ഒരു ഭേദപ്പെട്ട ദിനം കരസ്ഥമാക്കാം.





# ജ്യോതിഷത്തിലെ നിഴൽഗ്രഹങ്ങൾ

**ഡോ. കെ. ഹരിഹരൻ ഫോൺ : 9847313322**

ഈ പ്രപഞ്ചം അത്ഭുതങ്ങളുടെ ഒരു മായാവലയമാണ്. അനന്തവിശാലമായ ആകാശവീഥിയും അവയിൽ വിഹരിക്കുന്ന കോടാനുകോടി നക്ഷത്രങ്ങളും, ആദിത്യൻ, ചന്ദ്രൻ തുടങ്ങിയ ഗ്രഹങ്ങളും അവയുടെ മുറയും സ്ഥാനവും തെറ്റാതെയുള്ള ഉദയാസ്തമനങ്ങളും കാണുമ്പോൾ നാം കൂടുതൽ കൂടുതൽ അത്ഭുതപരതന്ത്രരായിത്തീരും. ഈ നക്ഷത്ര ങ്ങൾക്കും ഗ്രഹങ്ങൾക്കും നാം അധിവസിക്കുന്ന ഈ ഭൂമിയിലെ സർവ്വചരാചരങ്ങളുമായി വിട്ടുപിരിയാൻ സാധിക്കാത്തതുപോലെയുള്ള ആകർഷണവും, വശീകരണവും, ബന്ധവും ഉണ്ട് എന്നുള്ളത് തികച്ചും പരമാർത്ഥമാണ്. ലോകാരംഭം മുതൽ ആ ഗ്രഹങ്ങളും നക്ഷത്രസമൂഹങ്ങളും ആകാശത്തിൽ അങ്ങനെ നില്ക്കുകയാണ്. അവ താഴെ വീണിട്ടില്ല, വീഴുകയുമില്ല. ആ നിലയ്ക്ക് അദൃശ്യമായ ഏതോ ഒരു ദിവ്യശക്തി ഇവയ്ക്കെല്ലാം ആധാരമായി പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് നിസ്തർക്കമായ ഒരു വസ്തുതയാണ്.

സൂര്യൻ, ചന്ദ്രൻ, കുജൻ, ബുധൻ, വ്യാഴം, ശുക്രൻ, ശനി എന്നീ ഏഴു ഗ്രഹങ്ങളേയും ചേർത്താണ് ജ്യോതിഷത്തിൽ സപ്തഗ്രഹങ്ങൾ എന്നു പറയുന്നത്. ഇവയിൽ സൂര്യനൊഴിച്ചു ബാക്കി ആറു ഗ്രഹങ്ങളും സ്വയം പ്രകാശിക്കുന്നവയല്ലെങ്കിലും സൂര്യന്റെ പ്രകാശം ആഗിരണം ചെയ്ത് പ്രോജ്ജ്വലിക്കുന്നവകളാണ്. നവഗ്രഹങ്ങളുടെ കൂട്ടത്തിൽ രാഹുകേതുക്കൾ ഉൾപ്പെടുത്തില്ല. അവ തമോഗ്രഹങ്ങളാണ്. സൂര്യരശ്മി തട്ടിയാലും പ്രകാശിക്കുകയില്ല. കട്ടിപിടിച്ച പുകയാൽ സമാവൃതമായതുപോലെയുള്ള രണ്ടു ധൂമഗോളങ്ങൾ മാത്രമാണവ. ഇവയെ നിഴൽ ഗ്രഹങ്ങളെന്നും വിളിക്കും. എന്തുകൊണ്ടെന്നാൽ അവ വെറും നിഴലുകൾ മാത്രമാണ്, പദാർത്ഥപരങ്ങളല്ല. കാർമേഘങ്ങളില്ലാത്ത രാത്രിയിൽ ആകാശത്തേക്കു നോക്കിയാൽ അനേകായിരം നക്ഷത്രങ്ങളെ കാണാം. ആകാശം അർദ്ധ ഗോളാകൃതിയിൽ നമുക്ക് ദൃശ്യമാകുന്നു. ഇതുപോലെ മറ്റൊരു അർദ്ധഗോളം ഭൂമിക്കു താഴെയും ഉണ്ട്. ഈ രണ്ട് അർദ്ധഗോളങ്ങളും കൂടിയാൽ ഒരു ഗോളമായി. ഈ പൂർണഗോള ത്തെയാണ് ഖഗോളം എന്നു പറയുന്നത്. ഇതിന്റെ കേന്ദ്രം ഭൂമിയുടെ കേന്ദ്രം തന്നെയാണ്. എന്നാൽ ഖഗോളത്തിന്റെ വ്യാസം അനന്തമാണ്. ഈ ഖഗോളത്തിന്റെ ഉപരിതലത്തിൽ കൂടിയാണ് പ്രകാശഗ്രഹ ങ്ങളായ സൂര്യചന്ദ്രന്മാരും പഞ്ചതാരഗ്രഹ ങ്ങളായ കുജൻ, ബുധൻ,ഗുരു, ശുക്രൻ, ശനി എന്നിവയും ദിവസേന കിഴക്ക് ഉദിച്ച് പടിഞ്ഞാറ് അസ്തമിക്കുന്നതായി നാം കരുതുന്നത്. ഭൂമിക്ക് ദിനചലനം, വാർഷിക ചലനം, അയനചലനം എന്നീ മൂന്നു വിധത്തിലുള്ള ചലനങ്ങളുണ്ട്. ഭൂമിയുടെ പടിഞ്ഞാറു നിന്നും കിഴക്കോട്ടുള്ള ഭ്രമണം മൂലം ഖഗോളം ഒന്നാകെ അതിൽ സ്ഥിതി ചെയ്യുന്ന നക്ഷത്രാദികളേയും വഹിച്ചുകൊണ്ട് പടിഞ്ഞാറു ദിക്കിലേക്ക് കറങ്ങുന്നതുപോലെ നമ്മൾക്കനുഭവപ്പെടുന്നു. ഈ ചലനത്തെയാണ് ദിനചലനം എന്നു വിശേഷിപ്പിക്കുന്നത്. സൂര്യനെ ചുറ്റി ഭൂമി സഞ്ചരിക്കുന്നതിനെ വാർഷിക ചലനമെന്നു പറയുന്നു. ഇതിന് മുന്നൂറ്റി അറുപത്തഞ്ചേകാൽ ദിവസങ്ങൾ വേണ്ടി വരുന്നു. ഭൂമി അതിന്റെ അച്ചുതണ്ടിൽ നിന്നുകൊണ്ട് സ്വയം കറങ്ങുന്നതിനൊപ്പം ഒരു ആട്ടവും (Spin) കൂടി ഉണ്ടാകുന്നു. ഈ ആട്ടത്തെയാണ് അയനചലനമെന്നു പറയുന്നത്.

സൂര്യന്റെ ഗതി പരിശോധിച്ചാൽ ഖഗോളത്തിൽ നക്ഷത്രസമൂഹങ്ങളിൽ കൂടി കിഴക്കു പടിഞ്ഞാറു സ്ഥിതി ചെയ്യുന്ന ഒരു മഹാവൃത്തത്തിൽ കൂടിയാണ് എന്ന് മനസ്സി ലാക്കാം. ആ മഹാവൃത്തത്തെ ക്രാന്തി വൃത്തം എന്നു പറയുന്നു. ചന്ദ്രനും കുജാദി ഗ്രഹങ്ങളും ഖഗോളത്തിൽ കൂടിയുള്ള സഞ്ചാരപഥങ്ങളും ക്രാന്തിവൃത്തത്തോടടുത്താ ണെങ്കിലും അതിനോട് കുറച്ചു ചരിഞ്ഞാണിരിക്കുന്നത്. ഗ്രഹങ്ങളുടെ സഞ്ചാരപഥങ്ങൾ ക്രാന്തി വൃത്തത്തെ രണ്ടു സ്ഥലത്ത് ഖണ്ഡിക്കുന്നു. ഈ സന്ധികൾക്ക് അതതു ഗ്രഹങ്ങളുടെ പാതകൾ എന്നു പറയാം. ക്രാന്തിവൃത്തത്തിന്റെ രണ്ടു വശത്തും അതിന് ഏകദേശം ഏഴര ഡിഗ്രി അകലത്തിൽ അതിനു സമാന്തരമായി രണ്ടു ലഘുവൃത്തങ്ങൾ സങ്കല്പിച്ചാൽ അവ രണ്ടിനും ഉള്ളിലായി ഒരു ബെൽറ്റിന്റെ ആകൃതിയിലുള്ള ഭാഗത്തിനുള്ളിലായിരിക്കും സൂര്യചന്ദ്രന്മാരും മറ്റു ഗ്രഹങ്ങളും സ്ഥിതി ചെയ്യുന്നത്. സൂര്യൻ രാശിചക്രത്തിന്റെ മദ്ധ്യത്തിൽ കൂടി ആയിരിക്കും എപ്പോഴും സഞ്ചരിക്കുന്നത്.

ഭൂമിയുടെ അച്ചു തണ്ട് ഇരുവശത്തോട്ടും വള

രെ ദൂരം നീട്ടിയാൽ അത് ഖഗോള ഉപരിതലത്തിൽ ചെന്നു മുട്ടും. ഇതാണ് ഖഗോള ധ്രുവങ്ങൾ. ഈ ഖഗോളധ്രുവങ്ങൾ യോജിപ്പിച്ചാൽ അത് ഖഗോളത്തിന്റെ അച്ചു തണ്ടാകും. ഭൂമിയുടെ ഉപരിതലത്തിൽ ഒരാൾ നില്ക്കുന്ന സ്ഥലത്തെ സമതലം ചുറ്റും അനന്തമായി വ്യാപിച്ചു കിടക്കുന്നതായി സങ്കല്പിച്ചാൽ അത് ഖഗോള ഉപരിതലത്തിൽ ചെന്നു മുട്ടുന്ന സ്ഥാനം ഒരു മഹാവൃത്താകൃതിയിൽ ഭൂമിയെ ചുറ്റി കിടക്കുന്നതായി തോന്നും. ഈ വൃത്തത്തിന് ചക്രവാളം എന്നു പറയും. ചക്രവാളം ഖഗോളത്തെ ദൃശ്യാർദ്ധം എന്നും അദൃശ്യാർദ്ധമെന്നും രണ്ട് അർദ്ധ ഗോളങ്ങളായി വേർതിരിക്കുന്നു. ദൃശ്യാർദ്ധം മുകൾഭാഗവും അദൃശ്യാർദ്ധം കീഴ്ഭാഗവുമായിരിക്കും. ഖഗോളമദ്ധ്യരേഖ ചക്രവാളവുമായി സന്ധിക്കുന്ന സ്ഥാനങ്ങളാണ് കിഴക്കും പടിഞ്ഞാറും. സൂര്യനെ ആദ്യമായി കാണുന്ന സ്ഥലത്ത് സന്ധിക്കുന്ന കേന്ദ്രം കിഴക്കും സൂര്യൻ അസ്തമിക്കുന്ന കേന്ദ്രം പടിഞ്ഞാറും (പശ്ചിമ ബിന്ദു) ആകുന്നു.

സൂര്യൻ ക്രാന്തിവൃത്തത്തിൽ കൂടി പടിഞ്ഞാറു നിന്നും കിഴക്കോട്ടു സഞ്ചരിക്കുമ്പോൾ ഖഗോളമദ്ധ്യരേഖയുടെ തെക്കു ഭാഗത്തു നിന്നും വടക്കു ഭാഗത്തേക്കു കടക്കുമ്പോൾ മദ്ധ്യരേഖയെ സന്ധിക്കുന്ന സ്ഥാനത്ത് സായനമേഷസന്ധി എന്നും വടക്കു നിന്നും തെക്കോട്ടു കടക്കുന്ന സന്ധിക്ക് സായനതുലാസന്ധിയെന്നും പറയുന്നു.

സൂര്യന്റേയും ചന്ദ്രന്റെയും സഞ്ചാരപഥങ്ങൾ അഞ്ചു ഡിഗ്രി ചരിഞ്ഞാണ് ഇരിക്കുന്നത്. ചന്ദ്രൻ ദക്ഷിണാർദ്ധ ഗോളത്തിൽ നിന്നും ഉത്തരാർദ്ധഗോളത്തിലേക്ക് കടക്കുമ്പോൾ ക്രാന്തിവൃത്തത്തെ ഖണ്ഡിക്കുന്ന ബിന്ദുവിനെയാണ് 'രാഹു' എന്നു പറയുന്നത്. ചന്ദ്രൻ ഉത്തരാർദ്ധഗോളത്തിൽ നിന്നും ദക്ഷിണാർദ്ധ ഗോളത്തിലേക്കു കടക്കുമ്പോൾ ക്രാന്തിവൃത്തത്തെ ഖണ്ഡിക്കുന്ന ബിന്ദുവിനെ 'കേതു' എന്നും പറയുന്നു. രാഹു കേതുക്കൾ യഥാർത്ഥത്തിൽ ഗ്രഹങ്ങളല്ല. അതിനാൽ അവയെ തമോഗ്രഹങ്ങൾ എന്നു വിശേഷിപ്പിക്കുന്നു. മറ്റുള്ള എല്ലാ ഗ്രഹങ്ങളുടെയും ഗതി മുമ്പോട്ടാണെങ്കിൽ രാഹുകേതുക്കളുടെ ഗതി പിറകോട്ടാണ് പ്രതിലോമപരമായിട്ടാണ് അവ സൂര്യനെ പ്രദക്ഷിണം ചെയ്യുന്നത്. അവർ രണ്ടുപേരുടെയും ഗ്രഹപഥം ഒന്നു തന്നെയാണ്. രാഹുകേതുക്കൾ അവരുടെ ഗ്രഹപഥത്തിൽ നേർക്കു നേരെ തുല്യഅകലത്തിൽ നിന്നുകൊണ്ട് പിന്നോട്ടുള്ള ഗതി തുടരുന്നു. രാഹു ഒരു ഡിഗ്രി പിറകോട്ടു നീങ്ങിയാൽ കേതുവും അതോടൊപ്പം ഒരു ഡിഗ്രി പിറകോട്ടു നീങ്ങും.

രാഹു കേതുക്കൾ രണ്ടാണെങ്കിലും അവയുടെ ഗ്രഹപഥം ശനിപഥത്തിനും വ്യാഴപഥത്തിനും ഇടയിലാണുള്ളത്. സൂര്യനെ ഒരു തവണ പ്രദക്ഷിണം ചെയ്യുന്നതിനവർക്ക് ശരാശരി പതിനെട്ടു വർഷം വേണം. ആ കണക്കിന്, ഒരു രാശിയിൽ അവർ സഞ്ചരിക്കുന്ന കാലം ശരാശരി ഒന്നര വർഷമാണ്.

**രാഹു – പുരാണത്തിൽ**

വിപ്ര ചിത്തി മഹർഷിയുടെയും സിംഹികയുടെയും പുത്രനായിരുന്നു സൈഹികേയൻ എന്ന അസുരൻ. പാലാഴിമഥനത്തിനുശേഷം അസുരന്മാർ അമൃതകുംഭം തട്ടിയെടുക്കുകയും വിഷ്ണു മോഹിനിവേഷം കെട്ടി അവരെ കബളിപ്പിച്ച് അമൃത് കൈക്കലാക്കി ദേവന്മാർക്ക് കൊടുക്കുകയും ചെയ്തു. ആ ഊട്ടുപുരയിൽ വൃദ്ധബ്രാഹ്മണ വേഷത്തിൽ സൈഹികേയനും കയറിപ്പറ്റി അമൃത് കഴിക്കുകയും ചെയ്തു. ദ്വാരപാലകന്മാരായി അവിടെ കാവൽ നിന്നിരുന്ന സൂര്യചന്ദ്രന്മാർ ഈ വൃദ്ധബ്രാഹ്മണന്റെ തനിസ്വരൂപം മനസ്സിലാക്കി വിഷ്ണുവിനെ ധരിപ്പിച്ചു. വിഷ്ണു തന്റെ ചക്രായുധം കൊണ്ട് സൈഹികേയന്റെ തലയറുത്തു. എന്നാൽ അസുരൻ വിഴുങ്ങിയ അമൃതിന്റെ പകുതി കണ്ഠത്തിനു മുകളിലും പകുതി കഴുത്തിനു താഴെയുമായി തങ്ങി നില്ക്കാൻ ഇടയായതിനാൽ ഉടലും തലയും വേർപ്പെട്ടിട്ടും അവ ജീവനുള്ളതായി തന്നെ തുടർന്നു. ഇതിൽ ശിരോഭാഗം രാഹുവെന്നും, അധോഭാഗം കേതുവെന്നും അറിയപ്പെട്ടു. രാഹുവിന് കഴുത്തിനു താഴെ സർപ്പാകൃതിയുണ്ട്. കേതുവിന് കഴുത്തിനു മുകളിൽ സർപ്പശിരസ്സും. രാഹുവിനെ ഇക്കാരണത്താൽ സർപ്പി എന്നു വിളിക്കുന്നു. ഗ്രഹനിലയിലെ 'സ' എന്ന ചുരുക്കെഴുത്ത് രാഹുവിനെ കുറിക്കുന്നതാണ്.

രാഹുവിന് നീലിമയാർന്ന ശരീരം, പുകപടലം പോലത്തെ ആകാരം, ദീർഘമായ ഉടൽ വനത്തിൽ താമസം, വാതപ്രകൃതി, അസത്യം പറയുക, കള്ളത്തരം കാണിക്കുക തുടങ്ങിയ പരുക്കൻ സ്വഭാവം, കാര്യങ്ങളുടെ മറുപുറത്തോ എന്തിന്റെയും എതിർവശത്തോ നില, ഭയം ജ്വലിപ്പിക്കുന്ന ശീലം, രോഗഗ്രസ്തത, തമസഗുണം തുടങ്ങിയവയാണ് രാഹുവിന്റെ രൂപഭാവങ്ങൾ. (എസ് ശ്രീനിവാസ അയ്യരുടെ, ജ്യോതിഷഗുരുനാഥൻ എന്ന പുസ്തകത്തിൽ നിന്നും)

**രാഹുവിന്റെ കാരക ധർമ്മങ്ങൾ**

രാജചിഹ്നങ്ങളായ കുട, തഴ, ചാമരം, പിതാമഹൻ, ഗംഗാസ്നാനം, കാട്ടാള ജാതികൾ, ദുർഗ്ഗാദേവി, ദുർഗ്ഗാപൂജ, നിര്യാതികോൺ, സാംക്രമിക രോഗങ്ങൾ, മിശ്രവിവാഹം, പാതാളം, ചിലന്തി, പട്ടി, പാമ്പുപിടുത്തക്കാരൻ, ഉഴുന്ന്, ത്വക് രോഗം, കുഷ്ഠം, മയക്കുമരുന്നുകൾ, ചീട്ടുകളി, താഴോട്ടുള്ള നോട്ടം, വനപർവ്വത വാസം, ചെപ്പടി വിദ്യ, ഔഷധപ്രയോഗം, സർപ്പങ്ങൾ, കൈവിഷം, കയർ, ചൂരൽ, ചരട്, ആത്മഹത്യ, പാമ്പുകടി,, കുറുക്കൻ, ചിലന്തികൾ, അട്ട, ചിലന്തി, പാണൻ, പഴുതാര, സർപ്പക്കാവ്, നായാടി, നീചവാസസ്ഥലങ്ങൾ, നാഗയക്ഷികൾ, സർപ്പബലി, കാപട്യം തുടങ്ങിയവയാണ് രാഹുവിന്റെ കാരക ധർമ്മങ്ങൾ.

**കേതു – പുരാണത്തിൽ :**

രാഹുവിനെക്കുറിച്ചുള്ള കഥയിൽ കേതുവിന്റെ ഉല്പത്തിയുമുണ്ട്. പരസ്പര പൂരക വ്യക്തിത്വമുള്ളവയാണ് ഈ ഗ്രഹങ്ങൾ. ഗ്രഹനിലയിൽ 'ശി' എന്ന അക്ഷരം കൊണ്ടാണ് കേതുവിനെ കുറിക്കുന്നത്. ശിഖി എന്നതിന്റെ ചുരുക്കെഴുത്താണ്.

രക്തത്തിൻ നിറമായുള്ളോൻ ഉഗ്രനേത്ര
ങ്ങളുള്ളവൻ
ഉയർന്ന ദേഹമായുള്ളോൻ,
വാക്കെല്ലാം വിഷമായവൻ
ജാതിഭ്രഷ്ടു ഭവിച്ചുള്ളോൻ,
ആയുധങ്ങൾ ധരിച്ചവൻ
നീലരത്നം നിറം ചേർന്നാൽ
എല്ലായ്പ്പോഴും പുകഞ്ഞവൻ
വണ്ണമേറ്റം കുറഞ്ഞുള്ളോൻ
വ്രണം തലയിലുള്ളവൻ
ജന്തുഹിംസകൾ ചെയ്യുന്നോൻ മൺപാത്രം
കൈയ്യിലുള്ളവൻ
പല വർണ്ണങ്ങൾ ചിത്രങ്ങൾ ചേർന്ന
വസ്ത്രമുടുത്തവൻ
ഇങ്ങനെയുള്ളതൊക്കെയും കേതുലക്ഷണമായിടും.

പുകപടലം പോലത്തെ ആകൃതി, വനജീവിതം, ഭീഷണമായ പ്രകൃതം, ചുവപ്പു കലർന്ന കണ്ണുകൾ , ഉഗ്രനോട്ടം, വലിയ ശരീരം, വിഷം വമിക്കുന്ന ആയുധങ്ങൾ ധരിച്ചിരിക്കുന്നു. കറുപ്പും ചുവപ്പുമാർന്ന നിറം, ദേഹത്തിൽ നിറയെ വ്രണങ്ങൾ, ക്രൂരത മുറ്റിയ പെരുമാറ്റം. ഇവയൊക്കെയാണ് കേതുവിന്റെ രൂപവർണ്ണനകൾ.

**കേതുവിന്റെ കാരകധർമ്മങ്ങൾ:**

അഗ്നിജ്വാലകൽ, മുള്ളാണി, മൊട്ടുസൂചി, തലയോട്, ഭസ്മം, കോഴിമുട്ട, ചിരട്ട, മിന്നാമിനുങ്ങുകൾ, പേൻ, ഈച്ച, കാരമുള്ള്, കരിക്കട്ട, ക്ഷുദ്രയന്ത്രങ്ങൾ, ക്ഷുദ്രജന്തുക്കൾ, പാവകൾ, മദ്യം,ആഭിചാര പ്രവർത്തികൾ, ഉച്ചാടനാദി തന്ത്രങ്ങൾ, ദുർമൂർത്തികൾ, ക്ഷുദ്രകർമ്മങ്ങൾ, ബലിപൂജകൾ, ഗർഭഛിദ്രം, വെടിക്കെട്ട്, കല്ലേറ് ,തല്ല്, വീരഭദ്രൻ, ഭൈരവാദികൾ, ക്രൂരകൃത്യങ്ങൾ, ഈയപാത്രം, മൺപാത്രം, ജീർണ്ണവസ്ത്രം, ക്രിമിനൽ കുറ്റം, പുൽക്കൊടിമാതാമഹൻ, വിശപ്പ്, വ്രണങ്ങൾ, ശ്മശാനം, കഴുകൻ, പാമ്പ്, ഭൂതകാലം, പാറ്റ, പഴുതാര, ക്ഷയം, കുഷ്ഠം, പൂർവ്വജന്മം, ഗണപതി, രക്തചാമുണ്ഡി, കാലവൈരഭൻ തുടങ്ങിയവയെല്ലാം കേതുവിന്റെ കാരക ധർമ്മങ്ങളിൽ പെടുന്നവയാണ്.

# 1-ാം ചരമവാർഷികം

**15.01.2020**



**പി. എൻ. നാരായണകുറുപ്പ്**
**സ്വാതി, 39/5644**
**ടെമ്പിൾ ലെയ്ൻ**
**രവിപുരം, കൊച്ചിൻ 682015**


**കുഞ്ഞിക്കാലും കരത്താർകളുമണിമുഖവും**
**കണ്ണിലെക്കണ്ണെഴുത്തും**
**കിഞ്ചില്പോന്നങ്കുരിക്കും ദശനമുകുളവും**
**കൃഷ്ണ ! ചെഞ്ചോരി വായും**
**പഞ്ചത്വം വന്നടുക്കുമ്പോഴതു മതിമറ-**
**ന്നങ്ങു വീണിടുമപ്പോ**
**ളെഞ്ചിത്തേ പോന്നുദിച്ചീടുക തവ തിരുമെ-**
**യ്ക്കുള്ള കോപ്പും മുരാരേ.**

*– പൂന്താനം. ശ്രീകൃഷ്ണകർണ്ണാമൃതം*

*ഭഗവാനേ, ഉണ്ണിക്കൃഷ്ണാ, മരണം അടുത്ത്, ബുദ്ധി മങ്ങി ഞാൻ കിടക്കുന്ന സമയത്ത് അങ്ങയുടെ കുഞ്ഞിക്കാലും പൂവുപോലുള്ള കൈകളും മനോബരമായ മുഖവും കണ്ണിലെ മഷിയെഴുത്തും ചെറുതായി മുളച്ചുവരുന്ന പല്ലിൻമൊട്ടും ചുവന്ന ചുണ്ടും ശരീരത്തിലണിഞ്ഞിരിക്കുന്ന ആഭരണങ്ങളും എന്റെ മനസ്സിൽ കാണപ്പെടണം.*

## 1-ാം ചരമവാർഷികം


13.01.2020



**വി. വേണുഗോപാലൻ**
**(റിട്ട. ചീഫ്എഞ്ചിനിയർ (K.W.A)**
പൊതുവാൾ അമ്പാടി
വാരിയം റോഡ്
കൊച്ചി – 682016

## 14-ാം ചരമവാർഷികം

22.01.2020



**രവീന്ദ്രൻ വി. പി.**
ആനന്ദ്, താന്നിക്കൽ
കീർത്തി നഗർറോഡ്
എളമക്കര

## 26-ാം ചരമവാർഷികം


21.01.2020



**മേലങ്ങത്ത് ഗോവിന്ദൻകുട്ടി മേനോൻ**
മേലങ്ങത്ത്
ആലപ്പാട്ട് റോഡ്
രവിപുരം, കൊച്ചി – 682016

## 6-ാം ചരമവാർഷികം

19.01.2020




**പി. എ. നാരായണ പിള്ള**
പേരേപറമ്പിൽ
വട്ടേക്കുന്നം, ഇടപ്പള്ളി നോർത്ത്
കൊച്ചി– 682024



കരയോഗ സൗഹൃദം
1195 ധനു

# 17-ാം ചരമവാർഷികം

## 06.01.2020



# കെ. സി. ഗോപിനാഥ മേനോൻ

**ദു:ഖസ്മരണകളോടെ**
**ഭാര്യയും, മക്കളും, മരുമക്കളും, പേരക്കുട്ടികളും**



**ഓം നമഃ ശിവായ**

# എറണാകുളം ശിവക്ഷേത്ര ഉത്സവം 2020

**ജനുവരി 30 വ്യാഴാഴ്ച മുതൽ ഫെബ്രുവരി 6 വ്യാഴാഴ്ച വരെ**

**(1195 മകരം 16 മുതൽ 23 വരെ)**

**ദ്രവ്യകലശാഭിഷേക പൂജ ജനുവരി 28, 29 തീയതികളിൽ, 30–ാം തീയതി ബ്രഹ്മകലശം**

**ഒന്നാം ദിവസം 30.01.2020 വ്യാഴാഴ്ച (1195 മകരം 16)**

രാവിലെ 8.00 ന് : ശീവേലി,
വൈകുന്നേരം 6.00 ന് : ഭജന (ചിന്മയ സ്കൂൾ വിദ്യാർത്ഥികൾ)
വൈകുന്നേരം 7.00 ന് : കൊടിയേറ്റം, കൂട്ടവെടി
വൈകുന്നേരം 7.30 മുതൽ : ക്ലാസ്സിക്കൽ ഡാൻസ്
രാത്രി 8.00 ന് : തായമ്പക – ശ്രീ അങ്ങാടിപ്പുറം രഞ്ജിത്ത്
രാത്രി 8.30 ന് : കർണാട്ടിക് സംഗീതകച്ചേരി

**രണ്ടാം ദിവസം 31.01.2020 വെള്ളിയാഴ്ച (1195 മകരം 17)**

രാവിലെ 8.00 മുതൽ : ശീവേലി,
വൈകുന്നേരം : കാഴ്ചശീവേലി, മേളം. പ്രമാണം : ചെറുശ്ശേരി കുട്ടൻ മാരാർ
രാത്രി 7.30 ന് : സംഗീതമേള (ഡർബാർ ഹാൾ മൈതാനം)
രാത്രി 8.30 മുതൽ തായമ്പക : ശ്രീ തൃക്കൂർ അശോക് ജി മാരാർ
രാത്രി 9.30 ന് : മേജർ സെറ്റ് കഥകളി : എറണാകുളം കരയോഗം കഥകളി ക്ലബ്ബ്

**മൂന്നാം ദിവസം 01.02.2020 ശനിയാഴ്ച (1195 മകരം 18)**

രാവിലെ 8.00 മുതൽ : ശീവേലി,
വൈകുന്നേരം : കാഴ്ചശീവേലി, മേളം : പ്രമാണം : പെരുവനം സതീശൻ മാരാർ
വൈകിട്ട് 6.00 ന് : എറണാകുളത്തപ്പൻ ദേശീയനൃത്തോത്സവം
രാത്രി 9.30 ന് : മേജർ സെറ്റ് കഥകളി : എറണാകുളം കരയോഗം കഥകളി ക്ലബ്ബ്

**നാലാം ദിവസം 02.02.2020 ഞായറാഴ്ച (1195 മകരം 19)**

രാവിലെ 8.00 മുതൽ : ശീവേലി,
വൈകുന്നേരം : കാഴ്ചശീവേലി, മേളം : പ്രമാണം : ചെറുശ്ശേരി കുട്ടൻ മാരാർ
രാത്രി 7.00 മുതൽ : മെഗാ സംഗീത മേള
രാത്രി 7.30 ന് : ഭക്തിഗാന തരംഗിണി (ക്ഷേത്രത്തിനു പുറത്ത് വടക്കുവശത്ത്)

**അഞ്ചാം ദിവസം 03.02.2020 തിങ്കളാഴ്ച (1195 മകരം 20)**

രാവിലെ 8.00 മുതൽ : ശീവേലി, പ്രമാണം പഴുവിൽ രഘുമാരാർ
വൈകിട്ട് കാഴ്ചശീവേലി, മേളം : പ്രമാണം പത്മശ്രീ. പെരുവനം കുട്ടൻ മാരാർ
വൈകുന്നേരം 6 മുതൽ : എറണാകുളത്തപ്പൻ ദേശീയനൃത്തോത്സവം
രാത്രി 7.30 ന് : കർണാട്ടിക് സംഗീത കച്ചേരി
രാത്രി 9.00 മുതൽ : നൃത്തനൃത്യങ്ങൾ

**ആറാം ദിവസം 04.02.2020 ചൊവ്വാഴ്ച (1195 മകരം 21) : ചെറിയ വിളക്ക്**

രാവിലെ 6 മുതൽ : സമ്പൂർണ്ണനാരായണീയ പാരായണം
രാവിലെ 7.30 മുതൽ : ശീവേലി, മേളം. പ്രമാണം : ചൊവ്വല്ലൂർ സുനിൽ നായർ
10.30 മുതൽ : ഉത്സവബലി ആരംഭം : തുടർന്ന് ഉത്സവബലിദർശനം, കൂട്ടവെടി





രാത്രി 8.30 ന് : ഡബിൾ തായമ്പക
വൈകുന്നേരം 7.30 ന് : മെഗാ ഗാനമേള
രാത്രി 11.00 ന് : ചെറിയ വിളക്ക് (ക്ഷേത്രമതിൽക്കകത്ത്)

**ഏഴാം ദിവസം 05.02.2020 ബുധനാഴ്ച (1195 മകരം 22) : വലിയ വിളക്ക്**

രാവിലെ 8.00 ന് : ശീവേലി, മേളം : പ്രമാണം : തിരുവല്ല രാധാകൃഷ്ണൻ മാരാർ
വൈകുന്നേരം 3.00 ന് : പകൽപ്പൂരം, മേജർസെറ്റ് പഞ്ചവാദ്യം
കരിയന്നൂർ നാരായണൻ നമ്പൂതിരിയും സംഘവും
വൈകുന്നേരം 6.00 ന് : പകൽപ്പൂരം അണിനിരക്കൽ (ഡി. എച്ച് ഗ്രൗണ്ട്)
തങ്കകുടത്തിൽ കാണിക്കയിടൽ തുടർന്ന് ഗംഭീര പാണ്ടിമേളം : പെരുവനം കുട്ടൻ മാരാർ
7.00 ന് : കൂട്ടവെടി (ഡർബാർ ഹാൾ റോഡ്)
രാത്രി 7.30 ന് : ശാസ്ത്രീയ സംഗീതം
8.30 ന് : കരിമരുന്നു പ്രയോഗം
രാത്രി 9.00 ന് : മെഗാ നൃത്തനാടകം – 'ശിവകാമിയം'
രാത്രി 11.00 മുതൽ : വലിയ വിളക്ക്, പള്ളിവേട്ട, പള്ളിനിദ്ര

**എട്ടാം ദിവസം 06.02.2020 വ്യാഴാഴ്ച (1195 മകരം 23) : ആറാട്ട്**

രാത്രി 7.30 ന് : കൊടിയിറക്കൽ, ആറാട്ട് പുറപ്പാട്
രാവിലെ 9.00 ന് : ശീവേലി മേളം ശ്രീ.പെരുവനം പ്രകാശൻ മാരാർ
വൈകുന്നേരം 7.30 ന് : ആനന്ദനടനം
7.30 ന് : കൊടിയിറക്കൽ, ആറാട്ട് പുറപ്പാട്, വെടിക്കെട്ട്

**വെളുപ്പിന് 3.00 മുതൽ ഡി. എച്ച് ഗ്രൗണ്ടിൽ ആറാട്ട് എതിരേൽപ് തുടർന്ന് വെടിക്കെട്ട്.**

**കാരുണ്യാപാംഗലീലാ പരിഹൃതവിനതാ–**
**ശേഷസന്താപജാല**
**ലാവണ്യസ്യേകശാലാ ത്രിഭുവനരചനാ–**
**രക്ഷണാപായമൂലാ**
**സംസാരാംഭോധിവേലാ സ്മരമഥനമനോ–**
**ഹാരിശൃംഗാരഹേലാ**
**ലോകാംബാ പുണ്യശീലാ ഭവതു മമ സദാ**
**വാഞ്ഛിതാർത്ഥാനുകൂലാ**

*– കടത്തനാട്ടു വാസുനമ്പി*

കാരുണ്യം നിറഞ്ഞ കടാക്ഷങ്ങൾകൊണ്ട്, തന്നെ നമിച്ചവരുടെ എല്ലാ സന്താപങ്ങളെയും പരിഹരിച്ചവളും സൗന്ദര്യത്തിന്റെ ഒരേയൊരു ഭവനവും മൂന്നുലോകത്തിന്റെയും സൃഷ്ടിസ്ഥിതി സംഹാരങ്ങൾക്കു കാരണവും സംസാരസാഗരത്തിന്റെ മറുകരയും (തരണം ചെയ്യാൻ സഹായിക്കുന്നവളും) കാമനെ ദഹിപ്പിച്ചവ (ശിവ) ന്റെ മനസ്സിനെ ആകർഷിക്കുന്ന ശൃംഗാരഭാവങ്ങളോടു കൂടയവളും ലോകമാതാവും പുണ്യശീലയുമായ ദേവി എപ്പോഴും എന്റെ ആഗ്രഹങ്ങൾ സാധിച്ചുതരട്ടെ.

*കവിത*

# വിളിക്കുന്നു നിങ്ങളെ !

**പി. ഐ. ശങ്കരനാരായണൻ**

ഉറങ്ങും പാണ്ഡവന്മാരേ
ഉണരൂ, കർമ്മവില്ലുടൻ
എടുക്കൂ കൈകളിൽ ധർമ്മ
ശരവും രണധീരരേ !
വിളിപ്പൂ സത്യമാം കൃഷ്ണൻ
തെളിപ്പൂ കാലമാം രഥം
കഥിപ്പൂ ഗീതയായ് വിശ്വ-
സ്നേഹവും ശാന്തിയും മുദാ.
ത്യജിക്കൂ വ്യഥകൾ നിങ്ങൾ
ഭയവും ലജ്ജയും ക്ഷണം:
സഹനം സംശയം ജീവ-
പ്രണയം ധനമോഹവും.
കണ്ടില്ലേ നിങ്ങളീ നാട്ടിൽ
അലസർ ജനമൊക്കെയും
സസുഖം സാർത്ഥതാല്പര്യ-
വ്രതരായ് കഴിയുന്നിതേ
കണ്ടില്ലേ നിങ്ങളീ നാട്ടിൽ
നല്ലവർക്കതി പീഡനം ?

കുമ്പിടാ ദുഷ്ടരേയെങ്കിൽ
ജീവിതം യാതനാമയം
കണ്ടില്ലേ നിങ്ങളീ നാട്ടിൽ
മതജാതി വിചിന്തനം
മനുഷ്യത്വം മറന്നേ പോം
സർവ്വനാശ പ്രവർത്തനം ?
അനീതി വിളയാടുന്നു
സർവ്വമണ്ഡല വാസിയായ്
ഹനനം ലോകനന്മയ്ക്കായ്
വരികിൽ, പാപമല്ലിനി.
ജയിക്കൂ, ദുഷ്ടരെക്കൊന്ന്
ഭരിക്കൂ, സജ്ജന പ്രിയം.
നമിക്കൂ ദൈവപാദത്തിൽ
ജ്വലിക്കൂ ചിത്ത ശുദ്ധിയിൽ
ഉണരൂ പാണ്ഡവന്മാരേ,
ധരിക്കൂ കർമ്മവില്ല്, തിൽ
തൊടുക്കൂ ധർമ്മമാം ബാണം,
ജയിക്കൂ യുദ്ധമൊക്കെയും !

## അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

*ജനറൽ സെക്രട്ടറി*

**എരിയും കഠിനാതപം നര-**
**ക്കുരുതാപത്തെയണയ്ക്കുമെങ്കിലും**
**അതിശീതള വർഷധാരകൾ-**
**ക്കതുതാൻ കാരണമായിടുന്നിതേ.**
*-പുതുപ്പള്ളി പി. കെ. പണിക്കർ*

→ എരിയുന്ന കഠിനമായ വെയിൽ (വേനൽ) മനുഷ്യർക്ക് വളരെ ദു:ഖം ഉണ്ടാക്കുമെങ്കിലും അതു തന്നെയാണ് ശീതളമായ വർഷധാരകൾക്കു കാരണമാകുന്നത്. നമ്മുടെ കഷ്ടപ്പാടുകൾക്ക് ഇതുപോലെ പ്രയോജനകരമായ ഒരു വശവും ഉണ്ടാകാം.





മകരം

ഓം


ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

# മാസഫലം

**2020 ജനുവരി 15 മുതൽ ഫെബ്രുവരി 15 വരെ**

Tel : TDM -2361160,
Mob : 96456 83491

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**




**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)ഃ** കർമ്മങ്ങൾക്ക് ഫലസിദ്ധി സാഹിത്യ എഴുത്ത് ചിത്രരചന എന്നിവയിൽ വിജയമുണ്ടാകും. തീരുമാനങ്ങൾ എടുക്കുവാൻ സാധിക്കാതെ മനസ്സ് അസ്വസ്ഥമാവും. ത്വക്ക് സംബന്ധമായും രക്ത സംബന്ധമായും രോഗസാധ്യതകൾ അനുഭവപ്പെടും. സഹായികൾ സഹോദരസ്ഥാനിയർ എന്നിവരുമായി അഭിപ്രായ വ്യത്യാസം വരുവാനും അതു നിമിത്തം കലഹവും മനോദു:ഖവും ഉണ്ടാകും. ദോഷങ്ങൾക്ക് പരിഹാരമായി ഭദ്രകാളി ക്ഷേത്ര ദർശ്ശനം നടത്തി കൂട്ട് പായസ നേദ്യം കഴിക്കുകയും ചെയ്യുക.



**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2)ഃ** വിദ്യാർത്ഥികൾക്ക് അലസതകൊണ്ടും പനി മുതലായ രോഗങ്ങൾ കൊണ്ടും വിദ്യാതടസ്സം നേരിടും. പരിശ്രമത്തിന് ഒത്ത ഫലം ലഭിക്കുവാൻ കഠിന പരിശ്രമം നടത്തുക. വിവാഹത്തിന് ശ്രമിക്കുന്നവർക്ക് തടസ്സവും ദമ്പതികൾക്ക് ദാമ്പത്യ സുഖാനുഭവമില്ലായ്കയും സംഭവിക്കും. തൊഴിലന്വേഷിക്കുന്നവർക്ക് തൊഴിൽ ലഭിക്കുമെങ്കിലും ഉദ്ദേശിച്ച സാമ്പത്തിക ഗുണം ലഭിക്കാനിടയില്ല. ലക്ഷ്മി ഗണപതി ഹോമം നടത്തി ദോഷപരിഹാരം വരുത്തുക.



**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4)ഃ** അപകട സാധ്യതയും അനാരോഗ്യവും ഉണ്ടാകാം. കലഹവും അപമാനവും വാതരോഗവും ശിരോരോഗവും അസ്വാരസ്യവും അനുഭവപ്പെടാം. ദാമ്പത്യ ബന്ധത്തിൽ സമ്മിശ്ര അനുഭവങ്ങളായിരിക്കും. കർമ്മരംഗത്ത് പ്രശ്നങ്ങൾ അനുഭവപ്പെടും. പല പ്രധാന വിഷയങ്ങളിലും തീരുമാനം എടുക്കാൻ പറ്റാതെ വരും. ഭദ്രകാളി സർപ്പക്ഷേത്ര ദർശ്ശനങ്ങളും യഥാശക്തി വഴിപാടുകൾ നടത്തുകയും ദേവീ പ്രാധാന്യങ്ങൾ ആയ മന്ത്രങ്ങൾ ജപിക്കുകയും ചെയ്യുക.



**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)ഃ** കർക്കിടക്കൂറുകാർക്ക് പങ്കാളിയിൽ നിന്നും സാമ്പത്തിക സാമൂഹിക രംഗങ്ങളിൽ നിന്നും ഗുണമുണ്ടാകും. ഗൃഹോപകരണലാഭം ഉണ്ടാകും. അധികം യാത്ര ചെയ്യേണ്ടി വരിക ശത്രു ഭയവും സന്താനങ്ങളെ കൊണ്ട് മനപ്രയാസവും ബന്ധുകലഹവും എന്തൊക്കെയുണ്ടായാലുംസുഖഹാനി അനുഭവപ്പെടുകയും ചെയ്യും. ഹൃദ്രോഗമോ നെഞ്ച് സംബന്ധമായ അസ്വസ്ഥത അനുഭവപ്പെടുകയോ ഉണ്ടാവാം. ദേവികവച മന്ത്രാർച്ചനയും ക്ഷേത്ര ദർശ്ശനവും നടത്തി ദോഷശാന്തി വരുത്തുക.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4 )ഃ** സ്ഥാനം അർത്ഥം ഇവയുടെ ലാഭം പുത്ര സുഖം നവീന ഗൃഹലാഭം മനസന്തോഷം എവിടെയും കാര്യവിജയം സന്തോഷം ശത്രു വിജയം ഊർജസ്വലത ധനലാഭം എന്നീ ഗുണഫലങ്ങളും വിദ്യാഭ്യാസ മൗഢ്യവും ബന്ധുക്കളുമായി പൊരുത്തക്കേടും അനുഭവപ്പെടും. രക്ത സംബന്ധമായും ഉദരസംബന്ധമായും അസുഖങ്ങൾക്കു സാധ്യത ഉണ്ടെങ്കിലും രോഗപ്രതിരോധശക്തി ഉണ്ടാകുക നിമിത്തം ഗുരുതരമാകില്ല. ശിവക്ഷേത്ര ദർശ്ശനവും രോഗ ശാന്തി മന്ത്രാർച്ചനയും നടത്തുക.



**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)ഃ** അനുകൂലമായ സ്ഥിരോത്സാഹം സൂക്ഷ്മമായ ഊഹകച്ചവടം ധാതുദ്രവ്യ പ്രാപ്തി ദൈവാധീനം ശത്രുനാശം സഹായികളിൽ നിന്നും അനുകൂലത ബിസിനസ്സിൽ കൂടുതൽ ശ്രദ്ധ എന്നീഗുണഫലങ്ങൾക്കൊപ്പം ഭക്ഷണത്തിലെ ശ്രദ്ധകുറവുമൂലം അനാരോഗ്യം നടുവേദന അലർജി സംബന്ധമായ അസ്വസ്ഥത അകാരണമായ നെഞ്ചിടിപ്പ് തുടങ്ങിയ പ്രശ്നങ്ങൾ കൂടി അഭിമുഖീകരിക്കേണ്ടി വരും. ദേവിക്ഷേത്ര ദർശ്ശനവും അർച്ചനകളും നടത്തുക.



**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4)ഃ** ശത്രുക്കളിൽ നിന്നും ഉപദ്രവവും മനപ്രയാസവും അനുഭവപ്പെടും. ഗൃഹത്തിൽ അഗ്നി ബാധയ്ക്ക് സാധ്യത ഉള്ളതിനാൽ അഗ്നിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യണം. വാക്ക് കലഹങ്ങൾക്ക് ഇടവരുത്തും. അതിനാൽ മദ്ധ്യസ്ഥ ശ്രമങ്ങളിൽ നിന്നും വിട്ടു നിൽക്കുക. വിദ്യാർത്ഥിക്ക് പഠിത്തത്തിൽ അനുകൂലത ഉണ്ടാകും. ശ്രീകൃഷ്ണ ക്ഷേത്ര ദർശ്ശനവും പ്രാർത്ഥനകളും ദോഷത്തിന് പരിഹാരമാകും.



**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട)ഃ** ധനലാഭം വിദ്യാലാഭം കുടുംബസുഖം ഭാര്യാസുഖം ആരോഗ്യവും അഭിഷ്ടകാര്യസിദ്ധിയും ഭൂമിയിൽ നിന്നും വസ്തുവകകളിൽ നിന്നും ധനലാഭം ഗൃഹം മോടിപിടിപ്പിക്കുവാൻ ശ്രമിക്കുക. വാഹനം വാങ്ങുവാൻ സാധിക്കുക. ആരോഗ്യം അഭിഷ്ട കാര്യസിദ്ധി എന്നീ ഗുണഫലങ്ങൾക്കൊപ്പം സ്ഥാന ചലനം കുടുംബ കലഹം വലത്തേ കണ്ണിന് രോഗസാധ്യത എന്നീ ദോഷഫലങ്ങളും കൂടി അനുഭവിക്കേണ്ടതായി വരും. ശൈവ ശാക്തേയ വൈഷ്ണവ പ്രീതികരമായതും സർപ്പപ്രീതികരവും ആയ വഴിപാടുകൾ നടത്തുക.



**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം1/4)ഃ** സ്വകർമ്മ സിദ്ധിയും സകല കാര്യവിജയവും ദേഹസുഖവും ധനലാഭവും ഗുണാനുഭവങ്ങളായും ബന്ധു വിരോധം ദൂരദേശ ഗമനം ദാമ്പത്യസുഖഹാനി സ്ത്രീകൾ നിമിത്തം കലഹം അപമാനം ശിരോ രോഗം ഉദരരോഗം നടുവേദന തുടങ്ങിയ രോഗങ്ങൾക്ക് സാധ്യത കാണുന്നതിനാൽ നവഗ്രഹക്ഷേത്രത്തിൽ നവഗ്രഹ ഹോമം നടത്തുന്നത് നല്ലതാണ്. കൂടാതെ വിഷ്ണു ക്ഷേത്ര ദർശനം നടത്തുകയും ലക്ഷ്മി നാരായണ പൂജ നടത്തുകയും ചെയ്താൽ ദോഷഫലങ്ങൾക്ക് ശമനവും ഗുണഫലങ്ങൾക്ക് മേന്മയും ലഭിക്കും.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)ഃ** അഭിഷ്ട കാര്യസിദ്ധിയും ധനലാഭവും ഉയർന്ന സ്ഥാന പ്രാപ്തിയും മനസന്തോഷവും എന്നീ ഗുണങ്ങളും ഉദരസംബന്ധമായതും അലർജി സംബന്ധമായതും ആയ പ്രശ്നങ്ങൾ അലട്ടും. ചില ബന്ധങ്ങൾ ദാമ്പത്യ കലഹത്തിന് കാരണമാകുവാൻ സാധ്യതയുള്ളതിനാൽ അത്തരം ബന്ധങ്ങളിൽ നിന്നും വിട്ടു നിൽക്കുവാൻ ശ്രമിക്കുക. ശനിഗ്രഹദോഷ ശാന്തി അർച്ചന സർപ്പകപ്രീതികരങ്ങളായ വഴിപാടുകളും നടത്തി ദോഷപരിഹാരം വരുത്തുക.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4)ഃ** ഭക്ഷണസൗഖ്യം വസ്ത്ര ലാഭം സ്ത്രീ സുഖം തുടങ്ങിയ ഗുണാനുഭവങ്ങളും തുല്യമായി തന്നെ ദോഷഫലാനുഭവങ്ങളും ചേർന്ന സമ്മിശ്ര ഫലങ്ങളായിരിക്കും അനുഭവപ്പെടുക. സർക്കാരിന്റെ ഭാഗത്ത് നിന്ന് ചില പ്രതികൂല നടപടികൾ ഉണ്ടാകും. ഭയം രോഗം ചൊറി ചിരങ്ങ് മുതലായ ത്വക്ക് രോഗ സംബന്ധമായതും രക്തസംബന്ധമായതുമായ ബുദ്ധിമുട്ട് എന്നിവ അനുഭവിക്കാൻ സാധ്യതയുള്ളതിനാൽ ശിവപാർവ്വതി ക്ഷേത്രദർശനവും പ്രാർത്ഥനയും നടത്തുക.



**മീനക്കൂറ്(പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി)ഃ** രോഗപ്രതിരോധ ശക്തി വർദ്ധിക്കും. ഊർജസ്വലതയും ഉത്സാഹവും അനുഭവപ്പെടും. യാത്രകൾ ചെയ്യും. സാമ്പത്തിക പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരമാകും. ദാമ്പത്യ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാവും. കർമ്മരംഗത്ത് കടുത്ത സംഘർഷങ്ങൾ അനുഭവപ്പെടുമെങ്കിലും ചില ഭാഗ്യാനുഭവങ്ങളും കൂടി പ്രതീക്ഷിക്കാം. ശനി കേതു രാഹു ഗ്രഹദോഷശാന്തി അർച്ചനകൾ നടത്തുകയും പഞ്ചാക്ഷരി ജപം നടത്തുകയും ചെയ്യുക.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*


**തിങ്കൾ, വ്യാഴം, ശനി ദിവസങ്ങളിൽ 9.30 am to 1.30 pm വരെ ജ്യോതിഷാചര്യന്റെ സേവനം ലഭ്യമാണ്**

# MANGALYAM MATRIMONIAL




## വരനെ ആവശ്യമുണ്ട്

Nair Girl,26,165cm(5'5"),Aswathy (Dosha Jathakam),Fair, BBM, MBA, working in Infopark,Pref: B.Tech/ M.Tech/MBA/ MCA,Well placed Boys, Preferably from Ernakulam & Trichur Dist, Mob: 7736204738/ 9847980211 Reg.No. 22364
Email:anithatn77@gmail.com
Date of Birth:15-6-1993(1.26pm)
Sishta Dasa:Ketu :4-7-11





Contact Address:
MR.K.KRISHNAKUMAR
VYSHNAVAM
ARUVI NAGAR
PUTHIYA ROAD,EROOR(N)
TRIPUNITHURA
ERNAKULAM - 682306

Nair Girl,26/163cm, Makayiram, Brown, Bachelor of Veteeinary Science and Animal Husbandry, pursuing Post Graduation (MVSC), Pref: Educated, good family open minded ,Mob:9495194855, Reg.No.22373
Email:ajaysnair1989@gmail.com
Date of Birth:23-05-1993(4.20am)
Sishta Dasa:Kuja:6-4-14





Contact Address:
MR.R. SASIDHARAN NAIR
PULINJAPPALLIL HOUSE
VADUTHALA JETTY P O
CHERTHALA
ALAPPUZHA - 688535

Nair Girl, 26 / 5'5", Uthram,Fair, PG Student in Neuro Surgery, Bangalore, Pref: Medical Professional,Ph: 0484-2538321,Mob: 9447817793, Reg.No. 22375
Email:sobhaasuresh@gmail.com
Date of Birth:9-3-1993(1.05am)
Sishta Dasa:Sun :4-4-1





Contact Address:
MR.SURESH P R
WESTERN KOCHUMADHOM
PERANOOR BRIDGE ROAD
ELAMAKKARA
COCHIN - 682026

Nair Girl,24/5'5"(165cm),Uthram, Fair, M.Tech,Student,Pref:B.Tech/ MBA/MCA/M.Tech,Manager/Officer Professional,Mob:9142185601/ 9447605901,Reg.No.22376
Email:akathootviswan63@gmail.com
Date of Birth:4-7-1995(4.10pm)
Sishta Dasa:




Contact Address:
MR.P.P.VISWANATHAN
PANTHAPPILLY AKATHOOT
PIDAVOOR
PALLARIMANGALAM P O
MUVATTUPUZHA
ERNAKULAM - 686671

Nair Girl, 26/164, Avittam, Fair, MCA, Looking for New Job, Pref : Degree, Mob : 9567496784, Reg No: 22378
Email:shilparaj93@gmail.com
Date of Birth:24.01.1993 (10.55am)
Sishta Dasa:Chovva : 5.3.16




Contact Address:
MR. K. RAJ KUMAR
NARAYANALAYAM
S P W ROAD
THAIKKATTUKARA. P.O
ALUVA
ERNAKULAM - 683106


**THOTTEKKATT DIWAN'S MEMMORIAL HALL**

**ERNAKULAM KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com







# MANGALYAM MATRIMONIAL




## വധുവിനെ ആവശ്യമുണ്ട്

Nair Boy, 27/182, Karthika, Fair, Chief Officer Certificate of competency, 2nd Officer Merchant Navy, Pref : Ernakulam Based or Trichur, Working girl prefered, Ph: 0484 2343784, Mob: 9497023610, 9846096800, Reg No: 22276
Email:soniakartha00@gmail.com
Date of Birth:19.12.1991 (9.52.42am)
Sishta Dasa:Aadithya : 3.6.30





Contact Address:
MR. SREEKUMAR M KARTHA
KEERTHANA
ST. MARTIN ROAD
PALARIVATTOM
COCHIN -682025

Nair Boy,27/175cm,Chothi,Tan colour, B.Tech(Electroics),Embeded Software Engineer(Robert Bosch at Bangalore), Pref: Professionaly qualified, Abroad settled girls are also preferred, Mob:9846729131, +61430067374 Reg.No.22342
Email:deeptisooraj07@gmail.com
Date of Birth:21-03-1992(7.20am)
Sishta Dasa:Rahu :16-7-10





Contact Address:
MR.P. R. RAMESAN NAIR
PAYATTUMPARAMBIL HOUSE
KAKKANAD P. O
COCHIN - 682030

Hindu,Saiva Vellala Pillai Boy, 28/ 178cm, Chithira (Kannirasi), Fair, Masters Degree in Computer Engineering,Senior Engineer in Accenture,Canada,Pref: Good looking & Educated girls, Mob:8129433166/ 9447150059,Reg.No.22345
Email:sudharman60@gmail.com
Date of Birth:31-3-1991(10.15am
Sishta Dasa:





Contact Address:
MR.SATHISH V. R
DIVYASREE
THOTTAKOM P. O
VIAKOM
KOTTAYAM - 686607

Nair Boy, 30/172cm, Pururuttathi, Wheatish,B.Tech(Automobile),Quality Control Officer,MNC (Skoda Auto Volkswagen India Ltd, Aurangabad), Pref:B.Tech/PG, working girls preferred from Ekm, Trichur Districts, single child not preferred, Mob: 9544113858, Reg.No.22349
Email:ushabhaskaran76@gmail.com
Date of Birth:13-10-1989(11.28am)
Sishta Dasa:Guru:0-0-6





Contact Address:
SMT.USHA BHASKARAN
FLAT.NO.1A,
INFRA SPLENDOUR APARTMENTS
NEAR ANCHUMANA TEMPLE
SURABHI ROAD, EDAPALLY
KOCHI - 682024

Nair Boy,30/168cm,Bharani, Medium, BBM+ PostGraduation, Financial Executive, Bangalore,Pref: Graduation, Mob:9447465755,Reg.No.22350
Email:mnprabhakaran57@gmail.com
Date of Birth:2-6-1989(6.57am)
Sishta Dasa:




Contact Address:
MR.PRABHAKARAN
MALIYAKKAL HOUSE
KANGARAPPILLY P O
MULANTHURUTHY
ERNAKULAM - 682314

Nair Boy, 40/172cm, Uthradom, Fair, Left hand growth till elbow by birth, M.Com, Manager,Geogit Securities, EKM, Pref: Employed /Second marriage without liability, Horoscope matching is not important, Mob:8547000499/ 9495126766, Reg.No.22353
Email:mgtsreejith@gmail.com
Date of Birth:18-01-1980(2.30am)
Sishta Dasa:Surya :3-0-24




Contact Address:
MR.BABY.M
XI/410(I),KILUTHATTIL HOUSE
QUARTERS ROAD
NEAR PUMP JUNCTION
ALUVA
ERNAKULAM - 683101

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 27/6ft,Chothi, Fair, BE, MS, Mechanical Engineer,Pref: well educated girls from aristrocratic nair family, Districts Ekm and northern side of kerala,Mob:9495922142, Reg.No.22370

Email:pkd_61@live.com
Date of Birth:5-8-1992(6.40pm)
Sishta Dasa:Rahu :0-4-9

| | | | | | |
|---|---|---|---|---|---|
| | ച | കു | ശു സ | | |
| | | | കു | ശി | |
| മാ | | ഗ്രഹനില & അംശകം | | ര ബു | ല മ |
| | മ | | | ഗു ശു | |
| ര | ല സ | | ച മാ | | |
| | | ബു ശി | ഗു | | |

Contact Address:
DR.PREM KUMAR
NO.15, SOLOK
SRISIANTIAN - 33
TAMAN ANDALAS
KLANG
MALAYSIA - 41200

Nair Boy, 30/183cm, Pooram, Wheatish,BBA-MBA (Marketing), Business Development Executive, Pref: Graduation, Mob:9447092020, Reg.No.22371

Email:menon@noorasis.net
Date of Birth:04-08-1889(9.36pm)
Sishta Dasa:Sukra:11-0-21-0

| | | | | | |
|---|---|---|---|---|---|
| | | ശി | ബു | കു | |
| | | | | ഗു | |
| | സ | ഗ്രഹനില & അംശകം | | ര | |
| | | | | ച ബു ശു കു മാ ശി | മ |
| ര ഗു | മ | ല | | | ച ശു |
| | | ല മാ | സ | | |

Contact Address:
HARIDAS V K
SOBHA NILAYAM
TRIKKADEERI P O
VIA - OTTAPPALAM
PALAKKAD - 679502

Nair Boy, 36/5'7",Avittom, Fair, B.Tech, Asst Consultant,Tata Consultancy Services, Singapore, Pref:Graduate, Ph: 0484-2371243, Mob:9446091243, Reg.No.22374

Email:pratibhalayam@gmail.com
Date of Birth:22-08-1983(10.55pm)
Sishta Dasa:Kuja:5-9-18

| | | | | | |
|---|---|---|---|---|---|
| | ശി | | ര | ശു | |
| | മാ | ല | സ | | |
| | | ഗ്രഹനില & അംശകം | | കു | |
| ബു | ച | | | ര ശു | ച |
| | | ഗു ശി | മ | ബു | ല ഗു |
| | | മ മാ | കു | സ | |

Contact Address:
ADV .R RAGHUNATH
40/270
PUNNAKKAL
ELAMAKKARA
COCHIN - 682026

Nair Boy, 29/5'8",Avittam, Wheatish B.Tech, Software Engineer,Speridian Technology, Technopark, Tvm, Pref: B.Tech / Post Graduation/ Job at Tvm/ Preferable Technopark, Nonvegetarian prefered, Mob: 9446742826/ 9496281406, Reg.No.22377

Email:silajat@gmail.com
Date of Birth:7-8-1990(6.32am)
Sishta Dasa:Kuja:5-10-10.30

| | | | | | |
|---|---|---|---|---|---|
| | | സ | | ശു | |
| | | കു | | ശു | |
| | | ഗ്രഹനില & അംശകം | | ര ഗു ശി ല | |
| ര | സ ച | | | ബു | ഗു ച |
| | മ | മാ | | | ബു മാ |
| | | മ | ല കു ശി | | |

Contact Address:
MR.SREEKUMAR N
INDEEVARAM, 1842 - B
POOTHANAPILLY ROAD
VYTTILA,
KOCHI - 682019

**ഒരു നിശ്ചയവുമില്ലൊന്നിനും**
**വരുമോരോ ദശ വന്നപോലെ പോം.**
**വിരയുന്നു മനുഷ്യനേതിനോ,**
**തിരിയാ ലോകരഹസ്യമാർക്കുമേ.**

*കുമാരനാശാൻ,*
*ചിന്താവിഷ്ടയായ സീത, പദ്യം 11*

സീതയുടെ ചിന്തയിൽ ഒരു ഭാഗം -

ഒന്നിനും ഒരു നിശ്ചയവുമില്ല. ഓരോ അവസ്ഥ വരും, വന്നപോലെ പോകും. മനുഷ്യൻ എന്തിനോവേണ്ടി അന്വേഷിച്ചു നടക്കുന്നു. ലോകത്തിന്റെ യഥാർത്ഥരഹസ്യം ആർക്കും മനസ്സിലാവുകയില്ല.





## എറണാകുളം കരയോഗത്തിന്റെ 33-ാമത്

# ശ്രീമദ് ഭാഗവത സപ്താഹജ്ഞാന യജ്ഞം

**2020 ഫെബ്രുവരി 16 ഞായറാഴ്ച മുതൽ 23 ഞായറാഴ്ച വരെ ടി ഡി എം ഹാളിൽ**



യജ്ഞാചാര്യൻ

ഭാഗവതസൂരി

ശ്രീ. അശോക് ബി. കടവൂർ

സഹ ആചാര്യന്മാർ:

ബ്രഹ്മശ്രീ രാജേഷ് ഇളയത്

ശ്രീ. അഭിലാഷ് കീഴൂട്ട്

## നാരായണീയ സർവ്വൈശ്വരപൂജ (വിളക്കുപൂജ)

**16-02-2020 ഞായറാഴ്ച രാവിലെ 8.00 ന്**





സംപൂജ്യ സ്വാമി ചിദാനന്ദപുരിയുടെ ടി ഡി എം ഹാളിൽ നടന്ന 8-ാമത് ഉപനിഷദ് വിചാരയജ്ഞത്തിൽ നിന്ന്

DATE OF PUBLICATION: 10-01-2020

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2018-20
LICENSE NO. KL/CR/EKM/WPP-15/2018-20
LICENSED TO POST WITHOUT PREPAYMENT

Volume No. 13 January 2020 Issue No. 1

## എറണാകുളം കരയോഗം കഥകളി ക്ലബ്ബ് പ്രതിമാസ കഥകളി




**28.01.2020 ചൊവ്വാഴ്ച**
**ടി.ഡി.എം.ഹാൾ ഗംഗ, 6.30 p.m.**

കഥ : **ദുര്യോധനവധം**

**വേഷം**

| | |
|---|---|
| ശ്രീകൃഷ്ണൻ | : ഡോ. രാജീവ് |
| ദ്രൗപതി | : ശ്രീമതി. സുമ വർമ്മ |
| ദുര്യോധനൻ | : ശ്രീമതി. പാർവ്വതി മേനോൻ |
| ദുശ്ശാസനൻ | : സദനം മോഹനൻ |
| രൗദ്രഭീമൻ | : ശ്രീമതി. ഗീത മധുസൂദനൻ |
| പാട്ട് | : കലാ. രാജേഷ്ബാബു, കലാ ശ്രീജിത്ത് |
| ചെണ്ട | : തൃപ്പൂണിത്തുറ ഗോപീകൃഷ്ണൻ തമ്പുരാൻ, അഭിഷേക് മാരാർ |
| മദ്ദളം | : കലാ. ശ്രീകുമാർ |
| ചുട്ടി | : കലാനിലയം വിഷ്ണു |
| അണിയറ | : ചേർത്തല രാമചന്ദ്രൻ, സുരേന്ദ്രൻ, അരുൺ |

**കഥാസാരം:** ദുര്യോധനൻ സഹോദരന്മാരോടൊപ്പം ഇന്ദ്രപ്രസ്ഥം കാണാൻ പോവുകയും അവിടെ വച്ച് സ്ഥലജല ഭ്രമത്താൽ ജലത്തിൽ വീഴുകയും അപമാനിതനാവുകയും ഉണ്ടായി. തത്സമയം പാഞ്ചാലി പുഞ്ചിരിക്കുകയും ഭീമൻ പരിഹസിക്കുകയും ചെയ്യുന്നു. അതിൽ ക്ഷുഭിതനായിത്തീരുന്ന ദുര്യോധനൻ മാതുലനായ ശകുനിയുടെ സഹായത്താൽ കള്ളച്ചൂതുകളിയിൽ പാണ്ഡവരെ തോല്പിച്ച് വനവാസത്തിനയ്ക്കുന്നു. വനവാസം കഴിഞ്ഞ പാണ്ഡവർ തങ്ങളുടെ ദൂതനായി കൃഷ്ണനെ കൗരവസഭയിലേക്ക് അയയ്ക്കുന്നു. ഇതറിയുന്ന പാഞ്ചാലി തന്റെ അഴിഞ്ഞുലഞ്ഞ കേശം കണ്ടു വേണം ദൂതിനു പോകാൻ എന്ന് കൃഷ്ണനോടപേക്ഷിക്കുകയും പാഞ്ചാലിയെ സമാധാനിപ്പിച്ച് ദൂതിനെത്തുന്ന കൃഷ്ണനെ അപമാനിക്കുക മാത്രമല്ല കയറാൽ ബന്ധിക്കാനും ശ്രമിക്കുന്ന ദുര്യോധനാദികൾ കൃഷ്ണന്റെ വിശ്വരൂപശോഭയിൽ മോഹാലസ്യപ്പെടുന്നു. അനിവാര്യമായ യുദ്ധത്തിൽ രൗദ്രഭീമനാൽ ദുശ്ശാസനൻ വധിക്കപ്പെടുന്നു.

## എറണാകുളം കരയോഗം സാംസ്കാരിക വേദി

### ‘അകായിലെ സംഗീതം’
### നാടക ഗാനങ്ങൾ

**2020 ജനുവരി 19 ഞായറാഴ്ച വൈകിട്ട് 4.30 ന്**

ബീം 2020 ജനുവരി മാസ പരിപാടി - പ്രോഗ്രാം **448**

**തിരുവനന്തപുരം സൗപർണ്ണിക അവതരിപ്പിക്കുന്ന നാടകം**




**29-01-2020 ബുധനാഴ്ച 6.30 p.m. • TDM ഹാൾ (a/c) എറണാകുളം**

**വില്യം ഷെയ്ക്സ്പിയറിന്റെ മഹത്തായ ജീവിത നാടക പ്രപഞ്ചത്തോടൊപ്പം ഒരു യാത്ര. പ്രൊഫഷണൽ നാടകരംഗത്ത് അടുത്തകാലത്തുണ്ടായ ഏറ്റവും ശ്രദ്ധേയമായ സൃഷ്ടിയെന്ന് നാടക നിരൂപകർ ഒരേ സ്വരത്തിൽ അഭിപ്രായപ്പെട്ട നാടകം.**



## എറണാകുളം കരയോഗം ഫിലിം ക്ലബ്ബ്

**2020 ജനുവരി 26, ഞായറാഴ്ച - വൈകീട്ട് 5.00ന് ടി.ഡി.എം. ഹാളിൽ**
**ഒരു സെറ്റിൽ 20 ദിവസംകൊണ്ട് പൂർത്തിയാക്കിയതും സിനിമയുടെ ദൈർഘ്യം 2 മണിക്കൂർ കൊണ്ട് ചുരുക്കുകയും ചെയ്ത ആദ്യചിത്രമെന്ന ബഹുമതി നേടിയ 1965 ലെ ചിത്രം.**

# ദാഹം




പ്രവേശനം സൗജന്യം

**സത്യൻ, കവിയൂർ പൊന്നമ്മ, കെ.പി. ഉമ്മർ, ഷീല എന്നിവർ താരങ്ങൾ. വയലാർ ദേവരാജൻ സംഗീതം.**

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.